VIII. റിപ്പോർട്ട് പരിഗണന

കാര്യോപദേശക സമിതിയുടെ ഇരുപത്തിനാലാമതു റിപ്പോർട്ട്

മുഖ്യമന്ത്രി *(ശ്രീ. ഉമ്മൻ ചാണ്ടി):* കാര്യോപദേശകസമിതിയുടെ 24-ാമത് റിപ്പോർട്ട് അംഗീകരിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി *(ശ്രീ. വി. കെ. ഇബ്രാഹിംകുഞ്ഞ്)* : സർ, ഞാൻ ഈ പ്രമേയത്തെ പിൻതാങ്ങുന്നു.

മി. സ്പീക്കർ : കാര്യോപദേശകസമിതിയുടെ 24-ാമത് റിപ്പോർട്ട് അംഗീകരിക്കപ്പെട്ടിരിക്കുന്നു.

IX. ധനകാര്യം

2005-06 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളിൻമേലുള്ള ചർച്ചയും വോട്ടെടുപ്പും

ധനാഭ്യർത്ഥന നമ്പർ XXXVII—വ്യവസായങ്ങൾ

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി *(ശ്രീ. വി. കെ. ഇബ്രാഹിംകുഞ്ഞ്):* വ്യവസായങ്ങൾ എന്ന XXXVII-ാം നമ്പർ ധനാഭ്യർത്ഥന യുടെ പേരിൽ കാര്യവിവര പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കുനേരേ 5-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2005-06 സാമ്പത്തികവർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദി ക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു. പ്രസ്തുത നയരേഖയും മേശപ്പുറത്തുവയ്ക്കുന്നു.

ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി *(ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ)* : സർ, ഞാൻ ഇതിനെ പിൻതാങ്ങുന്നു.

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി *(ശ്രീ. വക്കം പുരുഷോത്തമൻ)* : സർ, വ്യവസായങ്ങൾ എന്ന XXXVII-ാം നമ്പർ ധനാഭ്യർത്ഥനയെ സംബന്ധിക്കുന്ന ചട്ടം 236(3) അനുസരിച്ചുള്ള പ്രസ്താവന ഞാൻ മേശപ്പുറത്തു വയ്ക്കുന്നു. മുദ്രപ്പത്രങ്ങളും രജിസ്ട്രേഷനും എന്ന VII-ാം നമ്പർ ധനാഭ്യർത്ഥനയേയും പലവക സാമ്പത്തിക സർവ്വീസുകൾ എന്ന XXVIII-ാം നമ്പർ ധനാഭ്യർത്ഥനയേയും സംബന്ധിക്കുന്ന ചട്ടം 236(3) അനുസരിച്ചുള്ള പ്രസ്താവനയും ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ധനാഭ്യർത്ഥന നമ്പർ	ധനാഭ്യർത്ഥനയുടെ പേര്	ബഡ്ജറ്റ് എസ്റ്റിമേറ്റ് 2005-06		
		സഭയുടെ വോട്ടിന് സമർപ്പിക്കുന്ന ധനാഭ്യർത്ഥനയുടെ തുക		
		റവന്യൂ *(രൂപ)*	മൂലധനം *(രൂപ)*	ആകെ *(രൂപ)*
(1)	(2)	(3)	(4)	(5)
XXXVII	വ്യവസായങ്ങൾ	178,03,87,000	96,38,00,000	274,41,87,000
*I	സംസ്ഥാന നിയമസഭ	20,37,03,000	..	20,37,03,000
*IV	തെരഞ്ഞെടുപ്പുകൾ	51,29,64,000	..	51,29,64,000
*VII	മുദ്രപ്പത്രങ്ങളും രജിസ്ട്രേഷനും	55,42,55,000	..	55,42,55,000
*X	ട്രഷറികളും അക്കൗണ്ടുകൾ	60,51,97,000	..	60,51,97,000
*XVI	പെൻഷനും പലവകയും	3288,50,80,000	..	3288,50,80,000
*XXIII	വാർത്താവിതരണവും പ്രചരണവും	13,87,01,000	..	13,87,01,000
*XXVIII	പലവക സാമ്പത്തിക സർവ്വീസുകൾ	40,64,70,000	116,42,06,000	157,06,76,000
*XLV	പലവക വായ്പകളും മുൻകൂറുകളും	..	6,24,55,000	6,24,55,000

* ചർച്ച കൂടാതെ വോട്ടിനിടുന്നതാണ്

ധനാഭ്യർത്ഥന നമ്പർ XXXVII—വ്യവസായങ്ങൾ

നയനിരാകരണത്തിനുള്ള വെട്ടിക്കുറയ്ക്കൽ

ഡോ. തോമസ് ഐസക് : സർ, വ്യവസായങ്ങൾ എന്ന XXXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 274,41,87,000 ക. ഒരു ഉറുപ്പികയായി കുറവ് ചെയ്യേണ്ടതാണ്.

(നാടിന്റെ വികസനത്തിനും രൂക്ഷമായി വളർന്നുകൊണ്ടിരിക്കുന്ന തൊഴിലില്ലായ്മയ്ക്കും പട്ടിണിക്കും പരിഹാരമാകാത്തതായി പറയപ്പെടുന്ന വ്യവസായ നയം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ : സർ, വ്യവസായങ്ങൾ എന്ന XXXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 274,41,87,000 ക. ഒരു ഉറുപ്പിക യായി കുറവ് ചെയ്യേണ്ടതാണ്.

(സംസ്ഥാനത്തെ 50 ലക്ഷം തൊഴിലാളി കുടുംബങ്ങളെ നിരാലംബരായി മാറ്റി കൊണ്ടിരിക്കുന്നതായി പറയപ്പെടുന്ന വ്യവസായനയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. മഞ്ഞളാംകുഴി അലി : സർ, വ്യവസായങ്ങൾ എന്ന XXXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 274,41,87,000 ക. ഒരു ഉറുപ്പികയായി കുറവ് ചെയ്യേണ്ടതാണ്.

(നാല്പത് ലക്ഷംപേർ പണിയെടുക്കുന്ന പരമ്പരാഗത വ്യവസായ മേഖലയി ലുള്ളതായി പറയപ്പെടുന്ന തകർച്ചയെക്കുറിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : സർ, വ്യവസായങ്ങൾ എന്ന XXXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 274,41,87,000 ക. ഒരു ഉറുപ്പി കയായി കുറവ് ചെയ്യേണ്ടതാണ്.

(പരമ്പരാഗത വ്യവസായമേഖലയുടെ സംരക്ഷണത്തിന് നടപടികൾ സ്വീകരി ക്കാത്തതായി പറയപ്പെടുന്നത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. ടി. കെ. ബാലൻ : സർ, വ്യവസായങ്ങൾ എന്ന XXXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 274,41,87,000 ക. ഒരു ഉറുപ്പികയായി കുറവ് ചെയ്യേണ്ടതാണ്.

GPM. 2/256/2012—31

LIBRARY ARCHIVES Kerala Legislative Assembly

(കയറ്റുമതിക്കാരെ സഹായിക്കാൻ തൊഴിലാളികളെയും ഉല്പാദകരെയും ദ്രോഹിക്കുന്നതായി പറയപ്പെടുന്ന നയം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എ. കെ. ബാലൻ : സർ, വ്യവസായങ്ങൾ എന്ന XXXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 274,41,87,000 ക. ഒരു ഉറുപ്പികയായി കുറവ് ചെയ്യേണ്ടതാണ്.

(പരമ്പരാഗത മേഖലയിൽ പട്ടിണിമരണങ്ങളും ആത്മഹത്യകളും വർദ്ധിച്ച് കൊണ്ടിരിക്കുന്നതായി പറയപ്പെടുന്നത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. വി. കെ. ചന്ദ്രൻ : സർ, വ്യവസായങ്ങൾ എന്ന XXXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 274,41,87,000 ക. ഒരു ഉറുപ്പികയായി കുറവ് ചെയ്യേണ്ടതാണ്.

(പതിറ്റാണ്ടുകളിലെ പരിശ്രമഫലമായി നേടിയെടുത്ത നിയമപരമായ കൂലി അവകാശങ്ങൾ നിഷേധിക്കാൻ കൂട്ടുനില്ക്കുന്നതായി പറയപ്പെടുന്നത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. വി. ചെന്താമരാക്ഷൻ : സർ, വ്യവസായങ്ങൾ എന്ന XXXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 274,41,87,000 ക. ഒരു ഉറുപ്പികയായി കുറവ് ചെയ്യേണ്ടതാണ്.

(പൊതുമേഖലാ സ്ഥാപനങ്ങൾ അടച്ചുപൂട്ടാനും ആസ്തികൾ വില്ക്കാനും ഉള്ളതായി പറയപ്പെടുന്ന നീക്കം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. ടി. കെ. ദേവകുമാർ : സർ, വ്യവസായങ്ങൾ എന്ന XXXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 274,41,87,000 ക. ഒരു ഉറുപ്പികയായി കുറവ് ചെയ്യേണ്ടതാണ്.

(കേരളത്തിലെ പൊതുമേഖലാ സ്ഥാപനങ്ങൾ ഘട്ടം ഘട്ടമായി അടച്ചു പൂട്ടാനും സ്വകാര്യവൽക്കരിക്കാനും നടത്തുന്നതായി പറയപ്പെടുന്ന നീക്കം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീമതി ഗിരിജാ സുരേന്ദ്രൻ : സർ, വ്യവസായങ്ങൾ എന്ന XXXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 274,41,87,000 ക. ഒരു ഉറുപ്പികയായി കുറവ് ചെയ്യേണ്ടതാണ്.

LIBRARY ARCHIVES Kerala Legislative Assembly

(പൊതുമേഖലയിൽ ഗവൺമെന്റിന്റെ മൂലധന നിക്ഷേപം കുറഞ്ഞുകൊണ്ടിരിക്കുന്നതായി പറയപ്പെടുന്ന സ്ഥിതിവിശേഷം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ : സർ, വ്യവസായങ്ങൾ എന്ന XXXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 274,41,87,000 രൂ. ഒരു ഉറുപ്പികയായി കുറവ് ചെയ്യേണ്ടതാണ്.

(സ്വകാര്യ സംരംഭകർക്ക് താത്പര്യമില്ലാത്ത മേഖലയിൽ മാത്രം പൊതുമേഖല പ്രവർത്തിച്ചാൽ മതിയെന്ന സമീപനം ഉള്ളതായി പറയപ്പെടുന്നത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. കെ. കെ. ജയചന്ദ്രൻ : സർ, വ്യവസായങ്ങൾ എന്ന XXXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 274,41,87,000 രൂ. ഒരു ഉറുപ്പികയായി കുറവ് ചെയ്യേണ്ടതാണ്.

(കേന്ദ്ര പദ്ധതികൾ നേടിയെടുക്കുന്നതിൽ ഉള്ളതായി പറയപ്പെടുന്ന വീഴ്ചകൾ സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എം. വി. ജയരാജൻ : സർ, വ്യവസായങ്ങൾ എന്ന XXXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 274,41,87,000 രൂ. ഒരു ഉറുപ്പികയായി കുറവ് ചെയ്യേണ്ടതാണ്.

(കേരളത്തിന്റെ സാമൂഹ്യ സാമ്പത്തിക ഘടനയെക്കുറിച്ച് വ്യക്തമായ ധാരണയില്ലാതെ മുതലാളിമാരുടെയും ഉദ്യോഗസ്ഥന്മാരുടെയും ഉപദേശങ്ങൾക്ക് കീഴടങ്ങുന്നതായി പറയപ്പെടുന്ന സമീപനം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. കെ. വി. കുഞ്ഞിരാമൻ : സർ, വ്യവസായങ്ങൾ എന്ന XXXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 274,41,87,000 രൂ. ഒരു ഉറുപ്പികയായി കുറവ് ചെയ്യേണ്ടതാണ്.

(കാർഷിക സബ്സിഡിയും പരമ്പരാഗത വ്യവസായ സംരക്ഷണവും ഉപേക്ഷിച്ച് പകരം കയറ്റുമതി പ്രോത്സാഹനത്തിനും നികുതി ഇളവുകൾക്കും പ്രാധാന്യം നൽകുന്നതായി പറയപ്പെടുന്നത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. വി. കെ. സി. മമ്മത്കോയ : സർ, വ്യവസായങ്ങൾ എന്ന XXXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 274,41,87,000 രൂ. ഒരു ഉറുപ്പികയായി കുറവ് ചെയ്യേണ്ടതാണ്.

LIBRARY ARCHIVES Kerala Legislative Assembly

(കൈത്തറിക്ക് നല്കിവന്നിരുന്ന സഹായ പദ്ധതികളെല്ലാം നിർത്തലാക്കിയതായും ഉൽപന്ന വികസനത്തിനും, വൈവിധ്യവൽക്കരണത്തിനും നവീകരണത്തിനും വിപണനത്തിനും യാതൊരു സഹായവും നൽകാതിരിക്കുന്നതായും പറയപ്പെടുന്നത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. മത്തായി ചാക്കോ : സർ, വ്യവസായങ്ങൾ എന്ന XXXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 274,41,87,000 ക. ഒരു ഉറുപ്പികയായി കുറവ് ചെയ്യേണ്ടതാണ്.

(നാല് ലക്ഷം തൊഴിലാളികളും അരലക്ഷം ചെറുകിട ഉല്പാദകരും ജീവസന്ധാരണത്തിനാശ്രയിക്കുന്ന കയർ മേഖലയെ പൂർണ്ണമായും അവഗണിക്കുന്നതായി പറയപ്പെടുന്നത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പിരപ്പൻകോട് മുരളി : സർ, വ്യവസായങ്ങൾ എന്ന XXXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 274,41,87,000 ക. ഒരു ഉറുപ്പികയായി കുറവ് ചെയ്യേണ്ടതാണ്.

(കശുവണ്ടി വ്യവസായ മേഖലയിൽ തൊഴിലാളികൾ പട്ടിണിയിലും ദാരിദ്ര്യത്തിലും കഴിയുന്നതായി പറയപ്പെടുന്ന സ്ഥിതി വിശേഷം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. കെ. രാധാകൃഷ്ണൻ : സർ, വ്യവസായങ്ങൾ എന്ന XXXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 274,41,87,000 ക. ഒരു ഉറുപ്പികയായി കുറവ് ചെയ്യേണ്ടതാണ്.

(വ്യവസായ മേഖലയിലെ സംസ്ഥാന ഗവൺമെന്റിന്റെ നിക്ഷേപം പത്താം പദ്ധതിയുടെ ഓരോ വാർഷിക പദ്ധതിയിലും കുറഞ്ഞുകൊണ്ടിരിക്കുന്നതായി പറയപ്പെടുന്ന സ്ഥിതി വിശേഷം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. രാജു എബ്രഹാം : സർ, വ്യവസായങ്ങൾ എന്ന XXXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 274,41,87,000 ക. ഒരു ഉറുപ്പികയായി കുറവ് ചെയ്യേണ്ടതാണ്.

('ജിമ്മി'ൽ ധാരണാപത്രത്തിലൊപ്പുവച്ച പദ്ധതികളിൽ 95%-വും നടപ്പിൽ വരാതിരുന്നതായി പറയപ്പെടുന്നതിനെക്കുറിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. പി. രാമകൃഷ്ണൻ : സർ, വ്യവസായങ്ങൾ എന്ന XXXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 274,41,87,000 രൂ. ഒരു ഉറുപ്പിക യായി കുറവ് ചെയ്യേണ്ടതാണ്.

(വ്യവസായ വകുപ്പിന്റെ കീഴിൽ ഉള്ള വ്യവസായ സ്ഥാപനങ്ങളിൽ നടക്കുന്നതായി പറയപ്പെടുന്ന വഴിവിട്ട നിയമനങ്ങളിലും കരാറുകളിലും മറ്റ് ഇടപാടുകളിലും ഉള്ളതായി പറയപ്പെടുന്ന അഴിമതികൾ സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. സാജു പോൾ : സർ, വ്യവസായങ്ങൾ എന്ന XXXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 274,41,87,000 രൂ. ഒരു ഉറുപ്പികയായി കുറവ് ചെയ്യേണ്ടതാണ്.

(അടഞ്ഞുകിടക്കുന്ന വ്യവസായ സ്ഥാപനങ്ങൾ തുറന്ന് പ്രവർത്തിപ്പിക്കാൻ യാതൊരു താത്പര്യവും കാണിക്കാത്തതായി പറയപ്പെടുന്ന സമീപനം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. കെ. പി. സതീശ് ചന്ദ്രൻ : സർ, വ്യവസായങ്ങൾ എന്ന XXXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 274,41,87,000 രൂ. ഒരു ഉറുപ്പി കയായി കുറവ് ചെയ്യേണ്ടതാണ്.

(ദിനംപ്രതിയെന്നോണം തൊഴിൽ നഷ്ടപ്പെട്ട് പട്ടിണിയിലായിക്കൊണ്ടിരിക്കുന്ന തൊഴിലാളികൾക്ക് സംരക്ഷണം നൽകാൻ ഒന്നും ചെയ്യാതിരിക്കുന്നതായി പറയപ്പെടുന്ന നയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എ. സി. മൊയ്തീൻ : സർ, വ്യവസായങ്ങൾ എന്ന XXXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 274,41,87,000 രൂ. ഒരു ഉറുപ്പികയായി കുറവ് ചെയ്യേണ്ടതാണ്.

(ബഡ്ജറ്റ് നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നതിന് യാതൊരു ആത്മാർത്ഥയും കാണിക്കാത്തതായി പറയപ്പെടുന്ന സമീപനം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. കെ. പി. രാജേന്ദ്രൻ : സർ, വ്യവസായങ്ങൾ എന്ന XXXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 274,41,87,000 രൂ. ഒരു ഉറുപ്പികയായി കുറവ് ചെയ്യേണ്ടതാണ്.

(സംസ്ഥാനത്ത് പ്രവർത്തിക്കുന്ന കേന്ദ്ര പൊതുമേഖലാസ്ഥാപനങ്ങളുടെ വികസനത്തിനും സംരക്ഷണത്തിനും വേണ്ടിയുള്ള പദ്ധതികൾ ആവിഷ്ക്കരിച്ചു

LIBRARY ARCHIVES Kerala Legislative Assembly

സമർപ്പിക്കുന്നതിൽ പരാജയപ്പെട്ടതായി പറയപ്പെടുന്ന നയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. ബിനോയ് വിശ്വം : സർ, വ്യവസായങ്ങൾ എന്ന XXXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 274,41,87,000 ക. ഒരു ഉറുപ്പികയായി കുറവ് ചെയ്യേണ്ടതാണ്.

(സംസ്ഥാനത്തുള്ള വ്യവസായസ്ഥാപനങ്ങളെ മലിനീകരണ വിമുക്തമാക്കുന്നതിനുള്ള പദ്ധതികൾക്ക് രൂപം നൽകാതിരിക്കുന്നതായി പറയപ്പെടുന്ന നയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പി. എസ്. സുപാൽ : സർ, വ്യവസായങ്ങൾ എന്ന XXXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 274,41,87,000 ക. ഒരു ഉറുപ്പികയായി കുറവ് ചെയ്യേണ്ടതാണ്.

(വിദേശ മലയാളികളുടെ സഹായത്തോടുകൂടി സംസ്ഥാനത്ത് വ്യവസായങ്ങൾ ആരംഭിക്കുമെന്ന പ്രഖ്യാപനം പരാജയപ്പെട്ടതായി പറയപ്പെടുന്നതിനെക്കുറിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എൻ. രാജൻ : സർ, വ്യവസായങ്ങൾ എന്ന XXXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 274,41,87,000 ക. ഒരു ഉറുപ്പികയായി കുറവ് ചെയ്യേണ്ടതാണ്.

(സംസ്ഥാനത്തുള്ള പരമ്പരാഗത വ്യവസായങ്ങൾ സംരക്ഷിക്കുന്നതിൽ പരാജയപ്പെട്ടതായി പറയപ്പെടുന്ന നയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പി. നാരായണൻ : സർ, വ്യവസായങ്ങൾ എന്ന XXXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 274,41,87,000 ക. ഒരു ഉറുപ്പികയായി കുറവ് ചെയ്യേണ്ടതാണ്.

(സംസ്ഥാനത്ത് വ്യവസായ നിക്ഷേപം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾക്ക് രൂപം നൽകാതിരിക്കുന്നതായി പറയപ്പെടുന്ന നയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എം. കുമാരൻ : സർ, വ്യവസായങ്ങൾ എന്ന XXXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 274,41,87,000 ക. ഒരു ഉറുപ്പികയായി കുറവ് ചെയ്യേണ്ടതാണ്.

(എന്റർപ്രൈസസ് റിഫോംസ് കമ്മിറ്റിയുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിൽ പരാജയപ്പെട്ടതായി പറയപ്പെടുന്ന നയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. മാങ്കോട് രാധാകൃഷ്ണൻ : സർ, വ്യവസായങ്ങൾ എന്ന XXXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 274,41,87,000 ക. ഒരു ഉറുപ്പികയായി കുറവ് ചെയ്യേണ്ടതാണ്.

LIBRARY ARCHIVES Kerala Legislative Assembly

(വ്യവസായ നയത്തിന്റെ ഭാഗമായി തിരുവനന്തപുരം-കൊച്ചി-കോഴിക്കോട്-പാലക്കാട് എന്നിവിടങ്ങളിൽ വ്യവസായ വികസന മേഖലകൾ സ്ഥാപിക്കുമെന്ന പ്രഖ്യാപനം നടപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാതിരിക്കുന്നതായി പറയപ്പെടുന്ന നയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എ. എ. അസീസ് : സർ, വ്യവസായങ്ങൾ എന്ന XXXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 274,41,87,000 കയിൽനിന്ന് ഒരു നൂറു ഉറുപ്പിക കുറവ് ചെയ്യേണ്ടതാണ്.

(പൊതുവായി ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. കോവൂർ കുഞ്ഞുമോൻ : സർ, വ്യവസായങ്ങൾ എന്ന XXXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 274,41,87,000 കയിൽനിന്ന് ഒരു നൂറു ഉറുപ്പിക കുറവ് ചെയ്യേണ്ടതാണ്.

(പൊതുവായി ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എ. സി. ഷണ്മുഖദാസ് : സർ, വ്യവസായങ്ങൾ എന്ന XXXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 274,41,87,000 കയിൽനിന്ന് ഒരു നൂറു ഉറുപ്പിക കുറവ് ചെയ്യേണ്ടതാണ്.

(പൊതുവായി ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. കെ. പി. മോഹനൻ : സർ, വ്യവസായങ്ങൾ എന്ന XXXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 274,41,87,000 കയിൽനിന്ന് ഒരു നൂറു ഉറുപ്പിക കുറവ് ചെയ്യേണ്ടതാണ്.

(പൊതുവായി ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ഡോ. കെ. സി. ജോസഫ് : സർ, വ്യവസായങ്ങൾ എന്ന XXXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 274,41,87,000 കയിൽനിന്ന് ഒരു നൂറു ഉറുപ്പിക കുറവ് ചെയ്യേണ്ടതാണ്.

(പൊതുവായി ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സി. കെ. നാണു : സർ, വ്യവസായങ്ങൾ എന്ന XXXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 274,41,87,000 കയിൽനിന്ന് ഒരു നൂറു ഉറുപ്പിക കുറവ് ചെയ്യേണ്ടതാണ്.

(പൊതുവായി ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ഡോ. എ. നീലലോഹിതദാസൻ നാടാർ : സർ, വ്യവസായങ്ങൾ എന്ന XXXVII-ാം നമ്പർ. ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 274,41,87,000 കയിൽ നിന്ന് ഒരു നൂറു ഉറുപ്പിക കുറവ് ചെയ്യേണ്ടതാണ്.

(പൊതുവായി ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

[ചെയറിൽ മി. ഡെപ്യൂട്ടി സ്പീക്കർ]

ശ്രീ. വി. കെ. സി. മമ്മത്കോയ : സർ, ഈ ധനാഭ്യർത്ഥനയെ ഞാൻ എതിർക്കുകയാണ്. യു. ഡി. എഫ്. സർക്കാർ ശ്രീ. എ. കെ. ആന്റണിയുടെയും ശ്രീ. ഉമ്മൻചാണ്ടിയുടെയും നേതൃത്വത്തിൽ ഭരണം തുടങ്ങിയിട്ട് നാലു വർഷം ആകുന്നു. ഈ നാലുവർഷം കൊണ്ട് വ്യവസായ രംഗത്ത് ഒരു നേട്ടവും ഉണ്ടാക്കാൻ ഈ ഗവൺമെന്റിന് കഴിഞ്ഞിട്ടില്ല എന്നു മാത്രമല്ല ഉള്ള വ്യവസായങ്ങൾ പൂട്ടി. കയർ, കശുവണ്ടി, ചെത്ത്, തോട്ടം, ബീഡി മേഖലകളിൽ ഇരുപതുലക്ഷത്തിലധികം തൊഴിലാളികളാണ് തൊഴിൽ നഷ്ടപ്പെട്ട് വഴിയാധാരമായത്. യു. ഡി. എഫ്. ഗവൺമെന്റ് കേരളത്തെ വ്യവസായങ്ങളുടെ ശവപ്പറമ്പായി മാറ്റിയിരിക്കുകയാണ്. യു. ഡി. എഫ്. സർക്കാർ അധികാരത്തിൽ വന്നതുമുതൽ പരമ്പരാഗത വ്യവസായ മേഖലയ്ക്ക് ലഭിച്ചിരുന്ന സഹായങ്ങളും പൊതുമേഖലയ്ക്ക് നൽകിക്കൊണ്ടിരുന്ന സഹായങ്ങളും നിർത്തലാക്കി. പൊതുമേഖലാ വ്യവസായങ്ങളെപ്പറ്റി പഠിക്കാൻ നിശ്ചയിച്ച Enterprises Reforms Committee കൊടുത്ത സമീപനരേഖ സ്വകാര്യവത്ക്കരണവും അടച്ചുപൂട്ടലും പ്രോത്സാഹിപ്പിക്കുന്ന വ്യവസ്ഥകൾ ഉൾക്കൊള്ളുന്നവയായിരുന്നു. കേരളത്തിന്റെ നാനാഭാഗത്തുനിന്ന് തൊഴിലാളികളും ജനപ്രതിനിധികളും അടച്ചുപൂട്ടിയ വ്യവസായങ്ങളെപ്പറ്റിയും അടഞ്ഞുപോകാൻ സാധ്യതയുള്ള സ്ഥാപനങ്ങളെപ്പറ്റിയും സംസാരിച്ചാൽ ERC Report വരട്ടെ എന്ന ഒറ്റ മറുപടി ആയിരുന്നു നിങ്ങളുടെ നിലപാട്. വ്യവസായ തകർച്ചയുടെ ഭീകരമുഖം കാണാനോ കേൾക്കാനോ ശ്രമിക്കാതെ അതിൽ നിന്ന് മുഖം തിരിക്കുകയല്ലേ ഈ ഗവൺമെന്റ് ചെയ്തത്. ഈ നിലപാടല്ലേ കേരളത്തെ വ്യവസായങ്ങളുടെ ശ്മശാന ഭൂമിയാക്കിയത്.

LIBRARY ARCHIVES Kerala Legislative Assembly

ERC-യ്ക്കെതിരായി കേരളത്തിൽ അങ്ങോളമിങ്ങോളം പ്രക്ഷോഭങ്ങൾ കത്തിക്കയറി. അത് നിങ്ങൾ കണ്ടില്ലെന്ന് നടിച്ചു. ഗവൺമെന്റിന്റെ ബജറ്റ് പ്രസംഗത്തിലെ വ്യവസായങ്ങൾക്കുവേണ്ടിയുള്ള 2001-2002-ലെ പ്രഖ്യാപനം ഒന്നു പരിശോധിക്കാം. കോഴിക്കോട് 100 കോടി രൂപ ചെലവിൽ ഒരു ഹോളിസ്റ്റിക് ആരോഗ്യഗ്രാമം, വിദേശസഹായത്തോടെ 100 കോടി രൂപയുടെ സാനിറ്ററിവെയർ പദ്ധതി, 1500 കോടി രൂപയുടെ കൊച്ചി-മംഗലാപുരം ഗ്യാസ് പൈപ്പ് ലൈൻ, 7000 കോടി രൂപയുടെ പെട്രോകെമിക്കൽ വ്യവസായം,. കാസർകോഡ് ബയോടെക്നോളജി പാർക്കുകൾ, കെ.എഫ്.സി. വഴി 48000 പുതിയ തൊഴിലവസരങ്ങൾ. 2002-2003-ൽ നാലു വ്യവസായ കേന്ദ്രങ്ങൾ, അരൂരിൽ പണി ആയുധ പരിശീലന കേന്ദ്രം സ്ഥാപിക്കും, Intellectual Property Facilitation Center സ്ഥാപിക്കും. 2003-2004 പഴം, പച്ചക്കറി, സംസ്ക്കരിച്ച ഭക്ഷ്യവസ്തുക്കൾ ഇവയുടെ transshipment കേന്ദ്രം സ്ഥാപിക്കും, ഭക്ഷ്യ ഔഷധ പാർക്കുകൾ സ്ഥാപിക്കും, പൊതുമേഖലാസ്ഥാപനങ്ങളുടെ പുനഃസംഘടന Industries Resource Locator Scheme, പരമ്പരാഗത വ്യവസായങ്ങളുടെ പുനരുദ്ധാരണ നിധി 500 കോടി, സഹകരണ സ്പിന്നിംഗ് മില്ലുകൾ പുനരുദ്ധരിക്കാൻ ഫണ്ട് അനുവദിക്കും. 2004-2005 GIM വഴി വന്ന 10000 കോടിയിൽപരം രൂപയുടെ പദ്ധതികൾ നടപ്പിലാക്കും. പൊതുമേഖലാ നവീകരണം 75 കോടി, Business promotion cell-കൾ ജില്ലാതലത്തിൽ, തൊഴിൽ ഉറപ്പാക്കൽ പദ്ധതിയിൽ പരമ്പരാഗത വ്യവസായങ്ങൾക്ക് സഹായനിധി വീണ്ടും 50 കോടി. ഇത്തരത്തിൽ കഴിഞ്ഞ നാലു ബജറ്റിലായി ഇരുപത്തഞ്ചോളം പ്രമുഖ പദ്ധതികൾ പ്രഖ്യാപിച്ചുവെങ്കിലും ഒന്നും നടപ്പിലാക്കിയിട്ടില്ല. പദ്ധതികൾ പ്രഖ്യാപിച്ച് കൈയ്യടി വാങ്ങുന്നതിനപ്പുറത്ത് ഒന്നും നടക്കുന്നില്ല. വ്യവസായങ്ങൾ പ്രഖ്യാപിച്ചുകൊണ്ട് എന്തെല്ലാം പ്രചാരണങ്ങൾ സഭയിലും പുറത്തും നടത്തുകയുണ്ടായി. ഇതിന്റെയെല്ലാം മറവിൽ വിറ്റുതുലയ്ക്കലും കൊള്ളയടിക്കലും സ്വന്തക്കാരെ കൊഴുപ്പിക്കലുമല്ലാതെ സാധാരണക്കാരന്റെ ജീവിതത്തിൽ എന്തെങ്കിലും മാറ്റം ഉണ്ടാക്കാൻ കഴിഞ്ഞോ? ഈ നാലുവർഷം കൊണ്ട് നൂറുകണക്കിന് വ്യവസായങ്ങളെ അടച്ചുപൂട്ടാനല്ലാതെ ഏതെങ്കിലും ഒരു വ്യവസായ സ്ഥാപനം തുറന്നു പ്രവർത്തിപ്പിക്കാൻ സാധിച്ചോ? തൊഴിലാളികൾ ജോലി നഷ്ടപ്പെട്ട് കൂടുതൽ ദരിദ്രരായിക്കൊണ്ടിരിക്കുകയല്ലാതെ ഒരു തൊഴിലാളിയെയെങ്കിലും പുനരുദ്ധരിക്കാൻ കഴിഞ്ഞോ? നിക്ഷേപം വരാത്തതിന്റെ പഴി തൊഴിലാളികളുടെ തലയിൽ വച്ചുകെട്ടി തൊഴിലാളികൾക്കെതിരെ കള്ളക്കഥകൾ പ്രചരിപ്പിക്കുകയല്ലേ നിങ്ങൾ ചെയ്തത്. ഒരു രൂപയുടെ വിദേശനിക്ഷേപം ഇവിടെ കൊണ്ടുവരാൻ കഴിഞ്ഞോ, ഇനിയെങ്കിലും വാചകമടി നിർത്തി യാഥാർത്ഥ്യത്തിലേക്ക് മടങ്ങിവന്ന് നമ്മുടെ

LIBRARY ARCHIVES Kerala Legislative Assembly

നാട്ടിലെ സാധാരണക്കാരുടെ വികാരം മനസ്സിലാക്കിയുള്ള സമീപനങ്ങൾ നിങ്ങൾ സ്വീകരിക്കണം. 1991-1996 കാലത്തെ യു.ഡി.എഫ്. 870 കോടിയാണ് വ്യവസായ രംഗത്ത് ചെലവഴിച്ചതെങ്കിൽ 1996-2001 കാലത്ത് എൽ.ഡി.എഫ്. 1481 കോടി രൂപ വ്യവസായത്തിനുവേണ്ടി ചെലവഴിച്ചു. 2001-2005 കാലത്ത് 1091 കോടി രൂപ മാത്രമാണ് ചെലവഴിച്ചത്. ഒൻപതാം പഞ്ചവത്സര പദ്ധതിയുടെ അവസാന വാർഷിക പദ്ധതിയിൽ വെട്ടിക്കുറവുവരുത്തി. ഒൻപതാംപദ്ധതി പ്രഖ്യാപനം 1125.86 കോടി രൂപ ആയിരുന്നു. അതിൽ 1078.64 കോടി രൂപ മാത്രമാണ് ചെലവഴിച്ചത്. ഒൻപതാം പദ്ധതിയുടെ ഒന്നാം വർഷം 8.34 ശതമാനം ചെലവഴിച്ചപ്പോൾ അവസാന വാർഷിക പദ്ധതി നിങ്ങൾ അധികാരത്തിൽ വന്നപ്പോൾ അത് 4.91 ശതമാനം ആയി കുറഞ്ഞു. ഒൻപതാം പദ്ധതിയിൽ 1999-2000-ൽ 235.66 കോടി രൂപ, 2000-2001-ൽ 182.78 കോടി രൂപ, 2001-2002-ൽ 140.17 കോടി രൂപ, ഈ സഹിതിയിലാണ് നിങ്ങളുപയോഗിച്ചത് എങ്കിൽ പത്താം പദ്ധതിയിലും വ്യവസായത്തിന്റെ കാര്യത്തിൽ പാടെ പരാജയമായിരിക്കും. 2001 മെയ് മുതൽ ഇതേവരെ വികസനത്തിനായി യു. ഡി. എഫ്. സർക്കാർ ചെലവാക്കിയത് 1091 കോടി രൂപ മാത്രമാണ്. ഇതിൽ പകുതിയോളം ചെലവഴിച്ചത് അറുപത്തിയാറോളം വരുന്ന KSIDC പദ്ധതികൾക്ക്. ഇതുവഴി ലഭിച്ച പുതിയ തൊഴിൽ 4356 മാത്രം. ഇതെല്ലാം കാണിക്കുന്നത് തൊഴിൽ രഹിത വ്യവസായ വളർച്ചയാണ്. തൊഴിൽ രഹിത വ്യവസായ വളർച്ചയല്ല നമുക്കാവശ്യം, നിക്ഷേപം വർദ്ധിപ്പിക്കുമ്പോൾ തൊഴിൽ സാധ്യത പതിൻമടങ്ങ് വർദ്ധിക്കും. ആ വഴിയ്ക്കുള്ള ചിന്ത നിങ്ങളെ നയിക്കുന്നില്ല. ആഭ്യന്തരവും അന്തർദേശീയവുമായ വിപണികളിൽ നിന്ന് കേരളത്തിലെ ചെറുകിട വ്യവസായ ഉൽപന്നങ്ങൾ പുറന്തള്ളപ്പെട്ടുകൊണ്ടിരിക്കുകയാണ്. ഇത്തരം വ്യവസായങ്ങൾക്ക് ലോക വിപണിയിൽ മത്സരിക്കാൻ എന്തു സഹായമാണ് സർക്കാർ നൽകുന്നത്. ഒന്നും നൽകുന്നില്ല. അതല്ലേ സ്ഥിതി. ഇതിന്റെയെല്ലാം ഫലമായി തൊഴിലില്ലായ്മ വർദ്ധിച്ചുവരികയാണ്. നാളിതുവരെ തൊഴിൽ ലഭിച്ചിട്ടില്ലാത്തവരും ഉള്ള തൊഴിൽ നഷ്ടപ്പെട്ടവരും അടങ്ങുന്നതാണ് കേരളത്തിലെ തൊഴിലില്ലാപ്പട. സംസ്ഥാനത്തെ വ്യവസായങ്ങൾ മിക്കവാറും ഇതിനകം താറുമാറായിക്കഴിഞ്ഞു. ഇത് ജനജീവിതത്തെ കടന്നാക്രമിക്കുന്ന നിലയിൽ എത്തിയിരിക്കുകയാണ്. കേരളത്തിൽ ജിം നടത്താൻ 10 കോടിയോളം രൂപ ഖജനാവിൽ നിന്നും ചെലവായില്ലേ? 50,000 കോടി രൂപയുടെ നിക്ഷേപം വരുമെന്നല്ലേ ആദ്യം നിങ്ങൾ പ്രചരിപ്പിച്ചത്? പിന്നീട് അത് 26,000 കോടി രൂപയായി നിങ്ങൾ തന്നെ തിരുത്തിയില്ലേ? ഒടുവിൽ ധാരണാപത്രത്തിൽ ഒപ്പിട്ടത് 11,000 കോടി രൂപയുടേതായിരുന്നില്ലേ? അതിലേറെയും കേന്ദ്രം കേരളത്തിന് വർഷങ്ങളായി പറഞ്ഞുകൊണ്ടിരുന്ന പദ്ധതികളാണ്. ധാരണാപത്രങ്ങളുടെ

LIBRARY ARCHIVES Kerala Legislative Assembly

കാലാവധി കഴിഞ്ഞില്ലേ? പകുതിയിലേറെയും പുതുക്കുകയുണ്ടായില്ല. യഥാർത്ഥത്തിൽ ജിം വഴി വന്ന പദ്ധതികളിൽ ഇതിനകം 150 കോടി രൂപയുടെ പദ്ധതികൾ മാത്രമാണ് ഫലവത്തായത്. ജിമ്മിനുമുമ്പ് കേരളത്തിൽ രജിസ്റ്റർ ചെയ്യപ്പെട്ട അത്രയും സ്ഥാപനങ്ങൾപോലും ജിമ്മിനുശേഷം സംസ്ഥാനത്തുണ്ടായില്ല എന്ന വസ്തുതയിലേക്കാണ് കമ്പനീസ് രജിസ്ട്രാർമാരുടെ അതുസംബന്ധമായ റിപ്പോർട്ടുകൾ വിരൽ ചൂണ്ടുന്നത്. യഥാർത്ഥത്തിൽ ജിമ്മിന്റെ മറവിൽ പ്രകൃതി വിഭവങ്ങൾ, കരിമണൽ, കുടിവെള്ളം, കടൽമണൽ, വനം, പൊതുമേഖലയുടെ കണ്ണായ സ്ഥലങ്ങൾ ഇതെല്ലാം അടിച്ചുമാറ്റാനുള്ള ഗൂഢാലോചനയല്ലാതെ മറ്റൊന്നും നിങ്ങൾക്കുണ്ടായിരുന്നില്ല, അതല്ലേ സത്യം? വിലപ്പെട്ട നാലു വർഷം ഇ. ആർ. സി. യും ചൗധരിയുടെ റിപ്പോർട്ടുമായി കഴിഞ്ഞു. വ്യവസായ രംഗത്ത് നഷ്ടം വിതച്ച നാലുവർഷത്തിൽ ഇ. ആർ. സി. റിപ്പോർട്ട് ചവറ്റുകുട്ടയിൽ നിക്ഷേപിക്കാൻ തീരുമാനിച്ചിരിക്കുകയാണ്. ഇനി ഒരു വർഷം മാത്രമാണ് സർക്കാരിന് ബാക്കിയുള്ളത്. കേരളത്തിലെ തൊഴിലാളികൾ പ്രക്ഷോഭത്തിന്റെ വഴിയിലാണ്. തൊഴിൽ നഷ്ടപ്പെട്ട് പട്ടിണിയിലായ തൊഴിലാളികൾ ആത്മഹത്യചെയ്ത സംഭവങ്ങളും കുറവല്ല. ജൂൺ രണ്ടിന് സംസ്ഥാനത്ത് പൊതുപണിമുടക്ക് പ്രഖ്യാപിച്ചിരിക്കുകയാണ്. ഇതൊഴിവാക്കാൻ വ്യവസായ വകുപ്പുമന്ത്രി ഇപ്പോൾ തുടങ്ങിവച്ചതായ അടഞ്ഞുകിടക്കുന്ന പൊതുമേഖലാ വ്യവസായങ്ങൾ തുറന്നു പ്രവർത്തിപ്പിക്കാനുള്ള ചർച്ചകൾക്ക് വേഗം കൂട്ടുകയും അതിനാവശ്യമായ തുക കണ്ടെത്തുകയും ചെയ്യണം. സംസ്ഥാനത്തെ തൊഴിലാളി നേതാക്കന്മാരുമായി ചർച്ച നടത്തി ഇനിയെങ്കിലും പ്രശ്നത്തിന് പരിഹാരം കാണണം. കേരളത്തിൽ പ്രബുദ്ധരായ ജനതയും പ്രബുദ്ധരായ തൊഴിലാളികളുമാണുള്ളത്. തൊഴിലാളികളുടെ പ്രബുദ്ധതയിൽ അഭിമാനം കൊള്ളുന്ന ഭരണാധികാരികളും പ്രബുദ്ധരായ കഴിവുള്ള തൊഴിലാളികളെ പ്രയോജനപ്പെടുത്താൻ പറ്റുന്ന നയസമീപനവും സർക്കാരിനുണ്ടാകണം. ഇവിടെ അത്യാവശ്യ കാര്യങ്ങൾ നടക്കണമെങ്കിൽ 1300 കോടി രൂപ ഗവൺമെന്റിന്റെ കണക്കുപ്രകാരം പറയുന്നുണ്ട്. 1300 കോടി രൂപ ആവശ്യമുള്ളപ്പോൾ ഇന്ന് നമ്മൾ വച്ചിരിക്കുന്നത് 2,74,41,87,000 രൂപ മാത്രമാണ്. ഇങ്ങനെയാണെങ്കിൽ ഈ വരുന്ന വർഷവും നമുക്കിവിടെ ഇങ്ങനെ പ്രസംഗിക്കാനും പറയാനും മീറ്റിംഗ് കൂടാനുമല്ലാതെ പറയത്തക്ക ഒരു പുരോഗതിയും വ്യവസായമേഖലയിലുണ്ടാക്കാൻ കഴിയില്ല എന്നുള്ളതാണ് സത്യം. നമ്മുടെ വ്യവസായ വകുപ്പുമന്ത്രി ഫലപ്രദമായി ഇത് കൊണ്ടുപോകണമെന്ന് ആഗ്രഹിക്കുന്നുണ്ട് എന്ന് അടുത്തകാലത്തു നടത്തിയ ചർച്ചകളിൽ നമുക്ക് ബോദ്ധ്യപ്പെടാൻ സാധിച്ചുവെങ്കിലും ഇതിങ്ങനെ ചർച്ച നടത്തിയതുകൊണ്ട് എന്തു ഫലമാണ്? പണം വേണ്ടേ? ഇതിനാവശ്യമായ തുക അനുവദിക്കുന്നതിനുവേണ്ടി ഒരു നടപടിയും ഇതിൽ കാണുന്നില്ല. അപ്പോൾ

LIBRARY ARCHIVES Kerala Legislative Assembly

നമുക്കാവശ്യമായ വ്യവസായ പുരോഗതിക്ക്, വ്യവസായ നവീകരണത്തിനാവശ്യമായ ഫണ്ട് ലഭിക്കുന്നതിനുള്ള പ്രവർത്തനം ഉണ്ടാകണം. അതുപോലെ കോഴിക്കോടിന്റെ കാര്യം ഞാൻ മുമ്പ് ഒരു ശ്രദ്ധക്ഷണിക്കലിലൂടെ ഇവിടെ ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തിയതാണ്. കോഴിക്കോട് ജില്ല ഇന്ന് വ്യവസായങ്ങളുടെ ഒരു ശ്മാശന ഭൂമിയാണെന്ന് നേരത്തേ ഇവിടെ പറഞ്ഞതാണ്. എല്ലാ വ്യവസായങ്ങളും അടച്ചുപൂട്ടി വ്യവസായങ്ങളില്ലാത്ത ഒരു സ്ഥിതിയിലേക്ക് ആ സ്ഥലം മാറിയിരിക്കുകയാണ്. ഓട് വ്യവസായത്തിന്റെ നവീകരണത്തിനു വേണ്ടി നേരത്തേ പ്രവർത്തനം നടത്തിയെന്ന് നമ്മുടെ റിപ്പോർട്ടിൽ പറയുന്നുണ്ട്. പക്ഷേ കോഴിക്കോട് ജില്ലയിൽ ഓടു വ്യവസായങ്ങൾ ഓരോന്നായി അടച്ചുകൊണ്ടിരിക്കുകയാണ്. അവിടെയിപ്പോൾ 9 പ്രമുഖ ഓടുവ്യവസായങ്ങളിൽ ഇന്ന് മൂന്നെണ്ണം മാത്രമാണ്. നാമമാത്രമായി പ്രവർത്തിക്കുന്ന സ്ഥിതിവിശേഷമുള്ളത്. അതുപോലെതന്നെ അവിടെയുള്ള എഞ്ചിനീയറിംഗ് വ്യവസായങ്ങൾ, പ്ലൈവുഡ്, കട്ട തുടങ്ങിയ വ്യവസായങ്ങളും അടച്ചു പൂട്ടിയ സ്ഥിതിയാണ്. അതുകൊണ്ട് കോഴിക്കോട് ജില്ലയെ സംരക്ഷിക്കുന്നതിനു ആവശ്യമായ ഏതെങ്കിലും പ്രവർത്തനം വേണം. ഗ്വാളിയർ റയോൺസ് അടച്ചുപൂട്ടിയതുകാരണം ആ ഗ്രാമം തന്നെ ഇന്ന് ഒരു നിർജ്ജീവാവസ്ഥയിലാണ്. അവിടെ 400 ഏക്കർ ഭൂമി സർക്കാർ വ്യവസായ ആവശ്യത്തിനുവേണ്ടി അവർക്ക് ചുരുങ്ങിയവിലയ്ക്ക് വാങ്ങിക്കൊടുത്തു. വളരെ നിസ്സാരമായ വിലയ്ക്കാണ് അന്ന് ഭൂമി വാങ്ങിക്കൊടുത്തത്. ആ ഭൂമി ഏറ്റെടുത്ത് അവിടെ വ്യവസായം നടത്തണം. നമ്മുടെ നൂതന സാങ്കേതിക വിദ്യ ഉപയോഗിച്ച് കൊണ്ട് അവിടെ വ്യവസായങ്ങൾ തുടങ്ങാൻ ആവശ്യമായ നടപടികൾ സ്വീകരിക്കണം. അങ്ങനെ കോഴിക്കോടിനെ രക്ഷിക്കാനാവശ്യമായ പ്രവർത്തനം ഇതിന്റെ ഭാഗമായി ഉണ്ടാകണം. അതുകൊണ്ട് മാവൂരിലെ പ്രശ്നം അതിഗൗരവമായി പരിഗണിക്കണമെന്ന് ഞാൻ വിനയപൂർവ്വം അഭ്യർത്ഥിക്കുകയാണ്. അതുപോലെതന്നെ അടച്ചിട്ട പെരുമ്പാവൂർ ട്രാവൻകൂർ യൂണിറ്റ്സിനെ സംബന്ധിച്ച് ചർച്ച നടത്താമെന്നുപറഞ്ഞിട്ട് ഇതുവരെ അതിന്റെ ചർച്ച നടന്നിട്ടില്ല. പലപ്പോഴും ഇങ്ങനെ നവീകരിക്കുന്നതു സംബന്ധിച്ചും പുരോഗതിയെപ്പറ്റിയും സംസാരിച്ചു കൊണ്ടിരിക്കുന്നതല്ലാതെ അതിനാവശ്യമായ പ്രവർത്തനവുമായി മുന്നോട്ട് പോകുന്നില്ല. അതുകൊണ്ട് അടിയന്തിരമായി അടച്ചിട്ട വ്യവസായങ്ങളെ സംബന്ധിക്കുന്ന പ്രശ്നങ്ങൾ ചർച്ച ചെയ്യണം. കോഴിക്കോട്ടുള്ള തിരുവണ്ണൂർ കോട്ടൺ മിൽ, കേരള സോപ്സ് ആൻഡ് ഓയിൽസ്, സ്റ്റീൽ കോംപ്ലക്സ് എന്നിവയുടെയൊക്കെ പ്രശ്നങ്ങൾ ചർച്ച ചെയ്തതുപോലെ അടിയന്തിരമായി ഇതുപോലുള്ള വ്യവസായങ്ങളുടെ പ്രശ്നങ്ങൾ ചർച്ച ചെയ്ത് പരിഹാരം കാണാനാവശ്യമായ നടപടിയുണ്ടാകണമെന്ന് വിനയപൂർവ്വം അഭ്യർത്ഥിക്കുകയാണ്. നമുക്ക്

LIBRARY ARCHIVES Kerala Legislative Assembly

കൃാപിറ്റൽ ഇൻവെസ്റ്റുമെന്റില്ലാതെ തന്നെ 1300 കോടി രൂപ വേണം. 1300 കോടി രൂപ വേണ്ട സ്ഥാനത്ത് 274 കോടി രൂപമാത്രമാണുള്ളത്. അതുവച്ച് നമുക്ക് വ്യവസായ മേഖലയിൽ എന്തു പുരോഗതിയാണ്, എന്തുതരത്തിലുള്ള പ്രവർത്തനമാണ് നടത്താൻ സാധിക്കുക? വളരെ നിസ്സാരമായിട്ടുള്ള തുക മാത്രമാണ് നമുക്ക് കിട്ടിയിട്ടുള്ളത്. ഇന്ന് കേരളത്തിന്റെ സ്ഥിതി പരിശോധിക്കുമ്പോൾ ആ വ്യവസായ മേഖലയെ സംരക്ഷിക്കണമെങ്കിൽ വളരെ പ്രധാനപ്പെട്ട ഒരു വിഷയമെന്നുള്ള നിലയിൽ ഇതിനാവശ്യമായ തുക അനുവദിക്കാൻ ഗവൺമെന്റ് തയ്യാറാകണം. നമുക്കിവിടെ നല്ല പ്രമുഖനായ സ്പീക്കർ നഷ്ടപ്പെട്ടിട്ട് ഒരു പിശുക്കനായ ധനകാര്യ വകുപ്പുമന്ത്രിയെയാണ് പകരം ലഭിച്ചത്. നമ്മുടെ വ്യവസായത്തിനാവശ്യമായ പണം ലഭിക്കാനുള്ള പ്രവർത്തനമുണ്ടാകണം.

ശ്രീ. ടി. പി. രാമകൃഷ്ണൻ: സർ, അങ്ങ് തൊഴിൽ സാധ്യതകളെക്കുറിച്ച് പറയുമ്പോൾ പരമ്പരാഗത വ്യവസായങ്ങളുടെ പ്രത്യേകതകളെക്കുറിച്ച് അങ്ങയുടെ പ്രസംഗത്തിൽ പറയുകയുണ്ടായി. ഇപ്പോൾ വിഷു സന്ദർഭമാണ്. വിഷുവുമായി ബന്ധപ്പെട്ടുകൊണ്ട് ഹാൻഡ്ലൂം മേഖലയിൽ റിബേറ്റ് പ്രഖ്യാപിക്കേണ്ട സന്ദർഭമാണിത്. സാധാരണ നിലയിൽ ഏപ്രിൽ ഒന്നുമുതൽ 14 വരെയുള്ള ദിവസങ്ങളിൽ റിബേറ്റ് നൽകേണ്ടതാണ്. കൈത്തറിമേഖലയിലെ തൊഴിലാളികളുടെ സ്ഥിതി വളരെ പരിതാപകരമാണ്. ഈ റിബേറ്റിന്റെ സന്ദർഭത്തിലാണ് കൈത്തറി ഉല്പന്നങ്ങളുടെ വിപണനം നടത്താൻ കഴിയുന്നത്. ഈ സന്ദർഭത്തിൽ ഗവൺമെന്റ് ഒരു തീരുമാനമെടുത്തില്ല എന്നുള്ള കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ, എന്താണ് അതുസംബന്ധിച്ചുള്ള അങ്ങയുടെ നിലപാട്?

ശ്രീ. വി. കെ. സി. മമ്മത്കോയ: അത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടെന്നു മാത്രമല്ല, രണ്ടുലക്ഷം ബീഡി തൊഴിലാളികൾ നമ്മുടെ കേരളത്തിലുണ്ട്. നമ്മുടെ വ്യവസായ മേഖല ഇറക്കിയ ഒരു പേപ്പറിലും ബീഡിത്തൊഴിലാളികളുടെ കാര്യം എവിടേയും പരാമർശിച്ചിട്ടില്ല. ഇത് വളരെ സങ്കടകരമാണ്. ബീഡിത്തൊഴിലാളികളുടെ പ്രശ്നവും കൈത്തറി തൊഴിലാളികളുടെ പ്രശ്നവും പരിഹരിക്കാനാവശ്യമായ നടപടിയുണ്ടാകണം. അതിനാവശ്യമായ തുകയില്ലാത്തതുകൊണ്ട് ഈ ബഡ്ജറ്റിനെ ഞാൻ ശക്തമായി എതിർക്കുന്നു.

ശ്രീ. പി. ജെ. ജോയി: സർ, ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രി അവതരിപ്പിച്ച ഈ ധനാഭ്യർത്ഥനയെ ഞാൻ അനുകൂലിക്കുകയാണ്. നമ്മുടെ സംസ്ഥാനത്ത് ഒരു പുതിയ വ്യവസായനയം പ്രഖ്യാപിച്ചുകൊണ്ടാണ് ശ്രീ. എ. കെ. ആന്റണി മുഖ്യമന്ത്രിയും ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി വ്യവസായ വകുപ്പുമന്ത്രിയുമായി ഈ ഗവൺമെന്റ് മുന്നോട്ടുവന്നതെന്ന് നമുക്കറിയാം.

LIBRARY ARCHIVES Kerala Legislative Assembly

വ്യവസായ രംഗത്ത് ഒരു വസന്തമെന്ന കാഴ്ചപ്പാടോടുകൂടിയാണ് യു.ഡി.എഫ്. ഗവൺമെന്റ് ആ നയം പ്രഖ്യാപിച്ച് മുന്നോട്ടുപോയത്. ഒട്ടേറെ കാര്യങ്ങൾ ആ നയത്തിന്റെ അടിസ്ഥാനത്തിൽ നമ്മുടെ സംസ്ഥാനത്ത് നടപ്പാക്കാൻ കഴിഞ്ഞു എന്നുള്ള അഭിമാനത്തോടുകൂടിയാണ് യു. ഡി. എഫ്. നിലകൊള്ളുന്നത്. ആ വ്യവസായ നയത്തിന്റെ ഭാഗമായി പൊതുമേഖലാ സംരംഭങ്ങൾ എങ്ങനെ മുന്നോട്ടു പോകണം, സ്വകാര്യ സംരംഭങ്ങൾ എങ്ങനെ മുന്നോട്ടുപോകണം, സമ്മിശ്ര-സാമ്പത്തിക വ്യവസ്ഥിതി നിലനിർത്തികൊണ്ടുള്ള കൂട്ടായ സംരംഭങ്ങൾ എങ്ങനെ മുന്നോട്ടുകൊണ്ടു പോകണമെന്നൊക്കെ വ്യവസ്ഥകളുണ്ടായിരുന്നു. അതിന്റെ അടിസ്ഥാനത്തിലാണ് കഴിഞ്ഞ നാലുവർഷക്കാലം ഓരോ സെക്ടറും വിലയിരുത്തി പരമ്പരാഗത വ്യവസായങ്ങൾ അടക്കം പ്രോത്സാഹിപ്പിക്കുന്ന നടപടികളുമായി ഗവൺമെന്റ് മുന്നോട്ടുപോയത്. ഇപ്പോഴത്തെ മന്ത്രി ശ്രീ. വി. കെ. ഇബ്രാഹിംകുഞ്ഞ് ചുമതല ഏറ്റെടുത്തിട്ട് ആറു മാസം ആകുന്നതേയുള്ളൂ. വളരെക്കാലത്തെ പരിചയം ഈ ജനാധിപത്യ സംവിധാനത്തിൽ ഇല്ലെങ്കിൽപ്പോലും, വളരെ പക്വതയോടെ ഈ വിഷയങ്ങൾ പഠിക്കാനും ഇവിടെ അവതരിപ്പിക്കാനും, ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി കൊണ്ടുവന്ന നയങ്ങൾ തുടർന്നു നടപ്പാക്കാനും അദ്ദേഹത്തിനു കഴിയുന്നു എന്നുള്ളത് വളരെ സന്തോഷകരമായ കാര്യമായി ഞാൻ കാണുകയാണ്. നമുക്കെല്ലാവർക്കും അറിയാവുന്ന ഒരു കാര്യമുണ്ട്. വ്യവസായരംഗം സമ്പുഷ്ടമാകണമെങ്കിൽ ഒട്ടേറെ കാര്യങ്ങൾ നടപ്പാക്കേണ്ടതുണ്ട്. വ്യവസായരംഗത്തെ വളർച്ചയ്ക്ക് അത്യന്താപേക്ഷിതമായ ഒരു കാര്യമാണ് സാമൂഹ്യ അവബോധം. സാമൂഹ്യ അവബോധത്തിന്റെ കുറവ് വ്യവസായരംഗത്ത് വളരെയധികം ദോഷം ഉണ്ടാക്കുന്നുണ്ട്. തൊഴിലില്ലാത്ത ചെറുപ്പക്കാരുടെ എണ്ണം വളരെയധികം വർദ്ധിക്കുന്നു. പക്ഷേ തൊഴിൽ ഇല്ലാഞ്ഞിട്ടാണോ? ഒട്ടേറെ തൊഴിലവസരങ്ങൾ ഉണ്ട്. കായികാദ്ധ്വാനശീലമുള്ള ആളുകളെ തമിഴ്നാട്ടിൽ നിന്നും ആന്ധ്രയിൽ നിന്നും കൊണ്ടുവരേണ്ട സ്ഥിതിയാണ് നമ്മുടെ സംസ്ഥാനത്തിനുള്ളത്. ആന്ധ്രാപ്രദേശ്, തമിഴ്നാട് മേഖലയിലെ ആളുകൾക്ക് കേരളം പലപ്പോഴും ഒരു ദുബായ് ആയോ സൗദി അറേബ്യ ആയോ ആണ് അനുഭവപ്പെടുക. അങ്ങനെ ആയിരക്കണക്കിന് തൊഴിലാളികൾ അന്യസംസ്ഥാനങ്ങളിൽ നിന്നും നമ്മുടെ സംസ്ഥാനത്ത് വന്ന് തൊഴിൽ ചെയ്യുന്നു. എന്തുകൊണ്ടാണ്? നമ്മുടെ സംസ്ഥാനത്ത് വിദ്യാഭ്യാസപരമായി ഉയർന്ന നിലവാരം വന്നതോടുകൂടി, നമ്മുടെ തൊഴിൽ മേഖലയിൽ ഒരു വൈറ്റ് കോളർ സിസ്റ്റം മാത്രമേ പാടുള്ളൂവെന്നുള്ള ചിന്ത വളരുന്നതിന്റെ അടിസ്ഥാനത്തിലാണ് അങ്ങനെയൊരു സാഹചര്യം ഉണ്ടായത്. വിദ്യാഭ്യാസ രംഗത്തെ വളർച്ച, അതുപോലെ തന്നെ മനുഷ്യ വിഭവം

LIBRARY ARCHIVES Kerala Legislative Assembly

ധാരാളമായി കൊടുക്കാൻ കഴിയുന്ന ഈ സംസ്ഥാനത്തിന്റെ സാഹചര്യം, ഈ സാഹചര്യങ്ങളൊക്കെ ഇന്നു അന്യരാജ്യക്കാർ മുതലെടുക്കുകയാണ്. നമ്മുടെ സംസ്ഥാനത്ത് എന്തു തൊഴിൽ ചെയ്യാനും തയ്യാറാകാത്ത ആളുകൾ, അന്യ രാജ്യങ്ങളിൽ പോയി എന്തു ജോലി ചെയ്യാനും തയ്യാറാകുന്നത് ഒരു വിരോധാഭാസമാണ്. ഇതിനൊരു മാറ്റം വരണം. വിദ്യാഭ്യാസ രംഗത്ത് ശരിയായ ഒരു മാറ്റം, ഒരു ജോബ് ഓറിയന്റഡായ വിദ്യാഭ്യാസ സമ്പ്രദായം നമ്മുടെ സംസ്ഥാനത്ത് വളർത്തിയെടുത്താൽ കുറെയൊക്കെ ആ പ്രശ്നങ്ങൾക്ക് പരിഹാരം ഉണ്ടാക്കാൻ കഴിയുമെന്നാണ് എനിക്കു തോന്നുന്നത്. ഇവിടത്തെ രാഷ്ട്രീയവൽക്കരണം, നമ്മുടെ വ്യവസായത്തിന്റെ പിന്നോക്കാവസ്ഥയ്ക്ക് സാഹചര്യമുണ്ടാക്കുന്നു. പക്ഷേ ആ രാഷ്ട്രീയ വൽക്കരണത്തേയും അതിജീവിച്ചുകൊണ്ട് മുന്നോട്ടു പോകാൻ നമ്മുടെ ഗവൺമെന്റിനു കഴിയണം. ഇപ്പോഴുണ്ടാകുന്ന ഹർത്താലുകളും ബന്ദുകളുമൊക്കെ നമ്മുടെ സംസ്ഥാനത്ത് വളരെയധികം പുതിയ വ്യവസായ സംരംഭകരെ പുറകോട്ട് അടുപ്പിക്കുന്നു എന്നുള്ളത് ഒരു യാഥാർത്ഥ്യമല്ലേ? ശ്രീ. വി. കെ. സി. മമ്മത്കോയ ഇവിടെ സൂചിപ്പിച്ചു. തൊഴിലാളികളുടെ പ്രശ്നം കൊണ്ടൊന്നും ഇവിടെ യാതൊരു വിധത്തിലുമുള്ള വ്യവസായ സംരംഭങ്ങളുടെ സ്തംഭനം ഉണ്ടായിട്ടില്ല എന്ന്. ഇതൊരു വസ്തുതയാണ്. പക്ഷേ മറിച്ച് ആരേയും കുറ്റപ്പെടുത്തുന്നില്ല. യു.ഡി.എഫ്.-ന്റെ ഭാഗത്തു നിന്നും അങ്ങനെയൊരു കുറ്റപ്പെടുത്തൽ ഉണ്ടായിട്ടില്ല. പക്ഷേ ഇവിടെയുണ്ടാകുന്നത്, ഹർത്താൽ, ബന്ദ് തുടങ്ങിയ ജനദ്രോഹകരങ്ങളായ സമരമുറകൾ, അതുപോലെത്തന്നെ ഒരു സ്ഥാപനം വരുമ്പോഴേയ്ക്കും പുതിയ തൊഴിലാളികളെ, തൊഴിലില്ലാത്തവരെ സംഘടിപ്പിച്ച്, തൊഴിലിനുവേണ്ടി കൊടി പിടിപ്പിക്കുന്ന അവസരങ്ങളാണ് പലപ്പോഴും വ്യവസായികളെ പുറകോട്ട് അടുപ്പിക്കുന്നത് എന്നുള്ള യാഥാർത്ഥ്യത്തിനു നേരെ കണ്ണടയ്ക്കുവാൻ നമുക്ക് കഴിയുമോ? പ്രതിപക്ഷത്തിന്റെ അത്തരമൊരു നയസമീപനമാണ്, നമ്മുടെ വ്യവസായ രംഗത്ത് വളരെയധികം പ്രതിസന്ധി സൃഷ്ടിക്കുന്നത് എന്നത് ഒരു യാഥാർത്ഥ്യമാണ്. ആ നിലയിൽ നമ്മുടെ സംസ്ഥാനത്തെ വ്യവസായ സംരംഭങ്ങളെ വളർത്തിക്കൊണ്ടുവരാൻ, ഒരു ബോധവൽക്കരണം കൊണ്ടു മാത്രം കഴിയുകയില്ല. അതിനു ശ്രീ. സാജുപോളിനെപ്പോലെയുള്ള ആളുകളുടെ മാനസികമായ മാറ്റം; അതാണുണ്ടാകേണ്ടത്. മാനസികമായി മാറി എല്ലാവരും കൂടി ഒത്തുകൊണ്ട്, വ്യവസായം വളരണമെന്ന ലക്ഷ്യത്തോടുകൂടി മുന്നോട്ടു പോയാൽ തീർച്ചയായും നമുക്ക് വലിയ നേട്ടങ്ങൾ ഈ രംഗത്ത് കൈവരിക്കാൻ കഴിയും എന്നുള്ള കാര്യത്തിൽ സംശയമില്ല. ശ്രീ. വി. കെ. സി. മമ്മത്കോയ ഇവിടെ പറഞ്ഞു, എല്ലാ വർഷവും ബഡ്ജറ്റ് അവതരിപ്പിക്കുന്നു, ഓരോ സംരംഭങ്ങൾ

LIBRARY ARCHIVES Kerala Legislative Assembly

പ്രഖ്യാപിക്കുന്നു എന്ന്. അങ്ങനെയാണോ? ആ പ്രഖ്യാപിക്കുന്നതിൽ എല്ലാം നടന്നു എന്നു ഞങ്ങൾ അവകാശപ്പെടുന്നില്ല എങ്കിലും ഒട്ടേറെ കാര്യങ്ങൾ സമയബന്ധിതമായി നടപ്പാക്കാൻ ഈ ഗവൺമെന്റിനു കഴിഞ്ഞിട്ടുണ്ട്. ഇവിടെ എന്തു നടന്നു എന്നു ചോദിക്കുമ്പോൾ, നമ്മൾ ഒരു കാര്യം മനസ്സിലാക്കണം. നമ്മുടെ വ്യവസായ രംഗത്ത് നിക്ഷേപം വളർത്തിയെടുക്കാൻ ഈ ഗവൺമെന്റ് നടത്തിയ വളരെ തീവ്രമായ ശ്രമം, ആ ശ്രമത്തിന്റെ ഫലമായിട്ട് ഇപ്പോൾ കാർ നിർമ്മാണ കമ്പനി വരെ നമ്മുടെ സംസ്ഥാനത്തുണ്ടാകാൻ പോകുന്നു. 2005 മേയ് മാസത്തിൽ അതിനൊരു തീരുമാനമുണ്ടാകുകയാണ്. അതുപോലെ തന്നെ ഇറ്റാലിയൻ ഫാഷൻ വില്ലേജ്, വസ്ത്ര നിർമ്മാണ രംഗത്ത് അഭൂതപൂർവ്വമായ ഒരു മുന്നേറ്റം സൃഷ്ടിക്കുന്ന ആ ഫാഷൻ വില്ലേജിന്റെ എം.ഒ.യു. സൈൻ ചെയ്തു കഴിഞ്ഞു. അതുപോലെ തന്നെ സ്മാർട്ടു സിറ്റി, ദുബായ് ഇന്റർനെറ്റ് സിറ്റി, കേരളാ ഗവൺമെന്റുമായി എം.ഒ.യു. സൈൻ ചെയ്യത്തക്ക വിധത്തിലുള്ള ചർച്ചകൾ നടന്നു കഴിഞ്ഞിരിക്കുകയാണ്. അതുപോലെ തന്നെ തുറമുഖാധിഷ്ഠിതമായ ഒട്ടേറെ വ്യവസായ സംരംഭങ്ങൾ നമ്മുടെ സംസ്ഥാനത്തു വരുന്നു. നമ്മുടെ പ്രധാനമന്ത്രി തന്നെ ശിലാസ്ഥാപന ചടങ്ങ് നിർവ്വഹിച്ച വല്ലാർപാടം കണ്ടെയ്നർ ടെർമിനൽ 2118 കോടി രൂപയുടെ ആ പദ്ധതി 2008-ഓടുകൂടി അതിന്റെ നിർമ്മാണം പൂർത്തീകരിക്കാൻ കഴിയും എന്ന് അർത്ഥശങ്കയ്ക്ക് ഇടയില്ലാത്ത വിധത്തിൽ പ്രധാനമന്ത്രി തന്നെ ഇവിടെ വന്നു പ്രഖ്യാപിച്ചു. LNG re-classification, ആ പദ്ധതിയും 2,500 കോടി രൂപയോളം മുതൽ മുടക്കി പൊതുമേഖലാ സ്ഥാപനമായ Petronet LNG ആണ് ഇവിടെ സ്ഥാപിക്കുന്നത്. അതൊരു സ്വകാര്യ സംരംഭമല്ല. അതും 2008-ഓടുകൂടി പൂർത്തീകരിക്കാൻ കഴിയും എന്ന് ന്യായമായും പ്രതീക്ഷിക്കുകയാണ്. അതുപോലെ സ്വതന്ത്ര വ്യാപാര മേഖല വികസിപ്പിക്കാൻ, നമ്മുടെ സംസ്ഥാനത്ത് ഈ സംരംഭങ്ങളൊക്കെ കൊണ്ടുവരുന്നതിന് നടത്തുന്ന തീവ്രമായ പരിശ്രമവും പങ്കാളിത്തവും അതല്ലെങ്കിൽ ഒരു മധ്യസ്ഥന്റെ റോൾ വഹിച്ചുകൊണ്ട് കെ.എസ്.ഐ.ഡി.സി.യും കിൻഫ്രയും നടത്തുന്ന പ്രവർത്തനങ്ങൾ, ഈ രണ്ടു പൊതുമേഖലാ സ്ഥാപനങ്ങളുമാണ് നമ്മുടെ സംസ്ഥാനത്തിന്റെ വ്യാവസായിക വളർച്ചയ്ക്ക് വളരെ കാര്യമായ സംഭാവന ചെയ്യുന്നത് എന്നുള്ള കാര്യം നമുക്കു മറക്കാൻ കഴിയില്ല. കിൻഫ്ര-റബ്ബർ പാർക്ക്, ആയുർവ്വേദ പാർക്ക്, ഫുഡ് പാർക്ക്, ഈ മൂന്നു സംവിധാനങ്ങൾ നമ്മുടെ സംസ്ഥാനത്ത് ഒരുക്കുന്നതിന് നിർണ്ണായകമായ പങ്കുവഹിച്ചു എന്നുള്ളതു അഭിമാനത്തോടുകൂടി പറയാൻ കഴിയില്ലേ? അതുപോലെ തന്നെ K-BIP-ന്റെ ആഭിമുഖ്യത്തിൽ Bamboo Mission നമ്മുടെ സംസ്ഥാനത്ത് രൂപീകരിക്കാൻ കഴിഞ്ഞു എന്നുള്ളത് വളരെ പ്രധാനപ്പെട്ട കാര്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly

കോടിക്കണക്കിനു രൂപയുടെ ഈറ്റ, മുള, ചൂരൽ തുടങ്ങി പരമ്പരാഗത വ്യവസായ തൊഴിലാളികൾക്ക് തൊഴിലവസരങ്ങൾ ഉണ്ടാക്കുന്ന വലിയ വൻകിട സംരംഭങ്ങൾ തുടങ്ങാൻ K-BIP വഴി നടത്തുന്ന ശ്രമം വളരെ ശ്ലാഘനീയമാണെന്ന് ഈ സന്ദർഭത്തിൽ പറയുവാൻ കഴിയും. കായംകുളം താപവൈദ്യുത നിലയത്തിന്റെ രണ്ടാം ഘട്ടം ഉൾപ്പെടെ ഒരുപാടു വികസന പദ്ധതികൾ കേന്ദ്ര നിക്ഷേപമായും സ്വകാര്യ നിക്ഷേപമായും നമ്മുടെ സംസ്ഥാനത്ത് കൊണ്ടു വരാൻ കഴിഞ്ഞു എന്നുള്ള കാര്യം അഭിമാനത്തോടുകൂടി, യു. ഡി. എഫ്.-ന് ആരുടെ മുമ്പിലും തലയുയർത്തി നിന്നു പറയാൻ സാധിക്കും. ആ നിലയിൽ നമ്മുടെ സംസ്ഥാനത്ത് വ്യവസായ സംരംഭത്തിനുള്ള അവസരങ്ങൾ ഒരുക്കാൻ യു. ഡി. എഫ്. ഗവൺമെന്റ് മുന്നോട്ടു വന്നതിനെ, ശ്രീ. എ. കെ. ആന്റണിയുടെ നേതൃത്വത്തിലുള്ള ഗവൺമെന്റിനേയും ശ്രീ. ഉമ്മൻചാണ്ടിയുടെ നേതൃത്വത്തിലുള്ള ഗവൺമെന്റിനേയും അന്നത്തെ വ്യവസായവകുപ്പു മന്ത്രിയായിരുന്ന ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടിയേയും ഇന്നത്തെ വ്യവസായ വകുപ്പുമന്ത്രി ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞിനേയും ഈ സന്ദർഭത്തിൽ ഞാൻ അഭിനന്ദിക്കുകയാണ്. നമ്മുടെ വ്യവസായവകുപ്പു മന്ത്രി പുതിയതായി തുടങ്ങിവച്ചിട്ടുള്ള ഒരു സംവിധാനമാണ് ക്ളസ്റ്റർ സംവിധാനം. ആ ക്ളസ്റ്റർ ഡെവലപ്മെന്റ് പ്രോഗ്രാം വളരെ നല്ല ഒരു ആശയമാണ്. ഒരു കൂട്ടായ്മ ഉറപ്പു വരുത്തുന്ന ആ ക്ലസ്റ്റർ ഡെവലപ്മെന്റ് സംവിധാനത്തെ കുറെക്കൂടി പ്രോൽസാഹിപ്പിക്കണം എന്നാണ് എനിക്കു ബഹുമാനപ്പെട്ട മന്ത്രിയോട് അഭ്യർത്ഥിക്കാനുള്ളത്. നമ്മുടെ വ്യവസായ മേഖലയിൽ, ഇന്ന് ഒട്ടേറെ സംരംഭങ്ങൾക്ക് നേതൃത്വം കൊടുക്കാൻ ബഹുമാനപ്പെട്ട മന്ത്രിക്ക് കഴിയുന്നുണ്ട്. വളരെ പുരോഗമനപരമായ ഒരു ആശയമായി കൊണ്ടു വന്നിട്ടുള്ളതാണ് ഇത്. അതിലെ അംഗങ്ങൾക്ക് ഈ ക്ലസ്റ്റർ സംവിധാനം വളരെയധികം പ്രയോജനം ചെയ്യും. അതിന്റെ മെറ്റീരിയൽസ് ഒന്നിച്ചെടുക്കാൻ കഴിയും. അതിനു വിപണി കണ്ടെത്താൻ കഴിയും. പരസ്പരം അതിനു ലോൺ എടുക്കാൻ കഴിയുന്ന ഒരു സംവിധാനം ഉണ്ടാക്കാൻ കഴിയും ഇതു ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി കൊണ്ടു വന്ന ആശയമാണ്. അതു ഈ വർഷമാണ് പ്രാവർത്തികമാക്കാൻ തുടങ്ങിയത്. അതു തുടങ്ങിയ സ്ഥലങ്ങളിൽ അതിനു വേണ്ടത്ര പ്രോൽസാഹനം കൊടുക്കാൻ ബഹുമാനപ്പെട്ട മന്ത്രി മുൻകൈ എടുക്കണം. അതിനു ഗ്രാന്റ് കൊടുക്കാൻ കഴിഞ്ഞിട്ടില്ല. അതു കൊടുക്കാനുള്ള ഒരു തീരുമാനമുണ്ടാകണം. നമ്മുടെ സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം നമുക്ക് വളരെയധികം അഭിമാനിക്കാൻ കഴിയുന്നതാണ് കൊച്ചിൻ ഇന്റർനാഷണൽ എയർപോർട്ട് ലിമിറ്റഡ് എന്ന സ്ഥാപനം. ആ സ്ഥാപനം ഇന്ന് നമ്മുടെ സംസ്ഥാനത്തിന് മാതൃകയാകേണ്ടതാണ്. ഒരു വ്യവസായ സംരംഭംപോലെ വളരെയധികം പ്രതീക്ഷയോടെ കൊണ്ടുവന്ന ആ സംരംഭം ഇന്ന് എത്രയോ

LIBRARY ARCHIVES Kerala Legislative Assembly

വിജയകരമായിരിക്കുന്നു. ഇതുപോലെ എല്ലാ സംരംഭങ്ങളും ജനപങ്കാളിത്ത ത്തോടെ നടപ്പിലാക്കാൻ നമുക്ക് കഴിയും. രാഷ്ട്രീയ ഇച്ഛാശക്തിയും ഉദ്യോഗസ്ഥൻമാരുടെ സാമർത്ഥ്യവും സഹകരണവും ഈ രംഗത്ത് വളരെ പ്രധാനപ്പെട്ട കാര്യങ്ങളാണ്. നല്ലൊരു managerial cadre നമുക്കുണ്ടാകണം. അതിന്റെ കുറവ് വളരെയേറെയാണ്. ഇതിനെ നമുക്ക് ചെറുതായി കാണാൻ കഴിയില്ല. ഓരോ സംരംഭവുമുണ്ടായി അതിന്റെ തലപ്പത്തിരിക്കുന്ന മാനേജിംഗ് ഡയറക്ടർമാർ ഉൾപ്പെടെയുള്ള ഒട്ടേറെ ഉദ്യോഗസ്ഥ പ്രമുഖരുടെ സാമർത്ഥ്യവും സഹകരണവും രാഷ്ട്രീയ ഇച്ഛാശക്തിയും കൊണ്ടാണ് കൊച്ചിൻ ഇന്റർനാഷണൽ എയർപോർട്ട് വളരെ മാതൃകാപരമായ ഒരു സ്ഥാപനമായി വളർന്നത്. 36 കോടി രൂപയാണ് ഏതാനും വർഷങ്ങൾക്കുള്ളിൽതന്നെ അതിന്റെ ഓഹരി ഉടമകൾക്ക് ലാഭവിഹിതമായി കൊടുത്തത്. എന്റെ നിയോജകമണ്ഡലവുമായി ബന്ധപ്പെട്ട ഒരു സ്ഥാപനമെന്ന നിലയിൽ അഭിമാനംകൊള്ളുന്ന ഒരു വ്യക്തിയാണ് ഞാൻ. എല്ലാപേർക്കും മാതൃകയായ ഒരു സ്ഥാപനമാണ് അത്. അവിടെ രാഷ്ട്രീയ ഇച്ഛാശക്തിയുണ്ടായി. കാലാകാലങ്ങളിൽ വന്ന മുഖ്യമന്ത്രിമാരുടെ സജീവമായ ശ്രദ്ധയുണ്ടായി. അതുപോലെതന്നെ മാനേജിംഗ് ഡയറക്ടർമാരുടെ ഇച്ഛാശക്തിയും ആ സ്ഥാപനത്തിനൊരു മാതൃകയാക്കിയെടുക്കാൻ കഴിയും. ഇന്ന് ഇപ്പോൾ 166 ഫ്ളൈറ്റുകളാണ് ഒരാഴ്ചയിൽ ഇവിടെനിന്നും പറക്കുന്നത്. ഇതൊരു ചെറിയ കാര്യമാണോ? Domestic and International Flights -ന്റെ എണ്ണം വളരെയധികം വർദ്ധിച്ചു. അതുപോലെതന്നെ 2002-ൽ നാലുലക്ഷത്തി ചിലാനം യാത്രക്കാരുണ്ടായിരുന്നത് ഇപ്പോൾ പതിമൂന്നു ലക്ഷത്തിൽപ്പരം യാത്രക്കാരുണ്ട്. ഞാൻ ഈ സംരംഭത്തെക്കുറിച്ച് ഇത്ര കാര്യമായി പറയുന്നതെന്താണെന്നുവച്ചാൽ അത്രമാത്രം അഭിവൃദ്ധിപ്പെട്ട ജനപങ്കാളിത്തത്തോടുകൂടി നടന്ന ഒരു സംരംഭത്തെ നമുക്ക് റിജയിപ്പിക്കുവാൻ കഴിഞ്ഞുവെങ്കിൽ എന്തുകൊണ്ട് നമുക്ക് ആ വ്യവസായ സംരംഭങ്ങളൊക്കെ ആ നിലയിൽ വിജയിപ്പിക്കുവാൻ കഴിയുന്നില്ല. രാഷ്ട്രീയ അതിപ്രസരമില്ലാത്ത ഒരു സ്ഥലംകൂടിയാണ് അത്. അങ്ങനെയുള്ള സംവിധാനങ്ങൾ കുറ്റമറ്റതാക്കാൻ കഴിയണം. പൊതുമേഖലാ സ്ഥാപനങ്ങളുടെ വളർച്ചയ്ക്കുവേണ്ടി ഒരുപാട് കാര്യങ്ങൾ ഈ ഗവൺമെന്റ് ചെയ്തു. ഗവൺമെന്റുതന്നെ പ്രഖ്യാപിച്ച one time settlement-ലൂടെ പല പൊതുമേഖലാ സ്ഥാപനങ്ങളേയും വളർത്തിയെടുക്കാൻ കഴിയുമെങ്കിൽ അതിനുള്ള സാമ്പത്തിക സഹായം കൊടുക്കുമെന്ന് ഗവൺമെന്റ് തീരുമാനിച്ചു. ടെൽക്കിന്റെ കാര്യം നമുക്കറിയാം. ബഹുമാനപ്പെട്ട പി. കെ. കുഞ്ഞാലിക്കുട്ടി സാഹിബ് ഇതിനെ പുനരുദ്ധരിക്കാൻവേണ്ടി ധാരാളം നടപടികൾ സ്വീകരിച്ചിട്ടുണ്ട്. 67 കോടി രൂപയുടെ accumulated loss കുറച്ചുകൊണ്ടുവരാൻ അദ്ദേഹത്തിന് കഴിഞ്ഞു.

LIBRARY ARCHIVES Kerala Legislative Assembly

ഇന്ന് 57 കോടി രൂപയായി കുറഞ്ഞു. കഴിഞ്ഞ മൂന്നുവർഷക്കാലമായി വളരെ ലാഭകരമായി പ്രവർത്തിക്കുന്ന ഒരു സ്ഥാപനമായി മാറി. Accumulated loss മാറിയിട്ടില്ല. അതുകൊണ്ടുതന്നെ ബി.ഐ.എഫ്.ആർ.-ന്റെ പരിധിയിൽ നിന്നും വിട്ടുകിട്ടിയിട്ടില്ല. ബി.ഐ.എഫ്.ആർ.-ന്റെ പരിധിയിൽ നിന്നും വിട്ടുകിട്ടാൻ ഗവൺമെന്റ് ഒരു one time settlement-ന് തയ്യാറായാൽ ആ കമ്പനിയെ രക്ഷിക്കാൻ കഴിയും. അതുപോലെതന്നെ ബാംബൂ കോർപ്പറേഷൻ. പരമ്പരാഗത തൊഴിലാളികൾക്ക് തൊഴിലവസരങ്ങളുണ്ടാക്കുന്ന ഒരു പൊതുമേഖലാ സ്ഥാപനമാണ്. തിരുവനന്തപുരം ജില്ലയിലെ ഏതാനും നിയോജകമണ്ഡലങ്ങളിലുള്ള എറണാകുളം ജില്ലയിലെ ഏതാനും നിയോജകമണ്ഡലങ്ങളിലുള്ള ലക്ഷക്കണക്കിന് തൊഴിലാളികൾക്ക് പ്രയോജനം കിട്ടുന്നതാണ് ബാംബൂ കോർപ്പറേഷൻ. ഇടത്തട്ടുകാരെ അവരുടെ പ്രവർത്തനങ്ങളിൽ നിന്നകറ്റി നിർത്താൻവേണ്ടി രൂപം കൊടുത്ത ബാംബൂ കോർപ്പറേഷൻ ഇന്ന് വലിയ നഷ്ടത്തിലാണ്. അവിടെ സ്വാഭാവികമായും ഗവേഷണം നടത്തി പുതിയ സംവിധാനമുണ്ടാക്കാനുള്ള ശ്രമങ്ങൾ എന്തുകൊണ്ട് നടത്തുന്നില്ല. റോഡ് വ്യവസായം നവീകരിക്കാൻവേണ്ടി ഗവേഷണം നടത്തി ഒരു പുതിയ സംരംഭമുണ്ടാക്കിയെടുക്കാൻ കഴിഞ്ഞു. Glazed tiles ഉണ്ടാക്കാൻ കഴിഞ്ഞു. ഇന്ന് ഈ മേഖല കുറെക്കൂടി സജീവമായി നിലകൊള്ളുന്നുണ്ട്. ഇതിനുവേണ്ടി പണം മുടക്കി ലബോറട്ടറിക്ക് പണം നൽകി ആ നിലയിലുള്ള ഗവേഷണങ്ങളിലൂടെ അതിനെ രക്ഷിക്കാൻ ശ്രമിച്ചു. ബഹുമാനപ്പെട്ട മന്ത്രിയോട് പറയാനുള്ളത് ബാംബൂ കോർപ്പറേഷന് Bamboo Ply, അതിനൊരു പുതിയ ഉൽപ്പന്നം കണ്ടെത്താനുള്ള ഗവേഷണത്തിന് പണം അനുവദിക്കണം. ആ നിലയിൽ അതിനെ വളർത്തിയെടുക്കാൻ കഴിയണം. ഇന്ന് ആസ്സാമിലെ Ply-യും ആസ്സാമിലെ പനമ്പുമൊക്കെ നമ്മുടെ സംസ്ഥാനത്ത് നിർബ്ബാധം വന്നുകൊണ്ടിരിക്കുകയാണ്. ആ രംഗത്ത് ഇന്ന് കൂടുതൽ സാധനങ്ങൾ വിറ്റഴിക്കാൻ കഴിയാത്ത ഒരു അവസ്ഥാവിശേഷമുണ്ട്. അതിലേക്ക് മൽസരിക്കേണ്ട ഒരു സ്ഥിതിയുണ്ട്. ഇവിടെ വാറ്റ് നിയമം വരുമ്പോൾ അതിന് വലിയ ടാക്സ് കൊടുക്കേണ്ട സാഹചര്യമുണ്ട്. ബാംബൂ ഉൽപ്പന്നങ്ങളെ ടാക്സിൽ നിന്നും ഒഴിവാക്കിയിട്ടുണ്ടെന്ന് ധനകാര്യ വകുപ്പുമന്ത്രി പറഞ്ഞിട്ടുണ്ടെങ്കിലും ബാംബൂ എന്നുള്ളതിനെ ടാക്സസ് ഡിപ്പാർട്ടുമെന്റ് വിശേഷിപ്പിക്കുന്നത് മുള ഉൽപ്പന്നത്തെ മാത്രമാണ്. ഈറ്റയാണ് ബാംബൂ കോർപ്പറേഷന്റെ ഏറ്റവും പ്രധാനപ്പെട്ട വസ്തു. വനം വകുപ്പ് ഇത് ഫ്രീയായിട്ട് നൽകുന്നു. ട്രാൻസ്പോർട്ടിംഗ് ചാർജ്ജ് മാത്രം ഈടാക്കിക്കൊണ്ട് ബാംബൂ കോർപ്പറേഷൻ എല്ലാ ഡിപ്പോകളിലും ഈറ്റ എത്തിച്ചുകൊടുക്കുന്നുണ്ട്. ആ ഈറ്റകൊണ്ടുണ്ടാക്കുന്ന ഉൽപ്പന്നത്തെ

LIBRARY ARCHIVES Kerala Legislative Assembly

ഇംഗ്ളീഷിൽ ബാംബൂ എന്ന് വ്യാഖ്യാനിക്കുന്നുണ്ടെങ്കിലും ആ ബാംബൂ ഉൽപ്പന്നത്തെക്കൂടി ഈ ടാക്സിൽ നിന്നും ഒഴിവാക്കുന്ന ഒരു സംവിധാനമുണ്ടാക്കാൻ ബഹുമാനപ്പെട്ട മന്ത്രി മുൻകൈയെടുക്കണം. ഇല്ലെങ്കിൽ ആ വ്യവസായ സംരംഭം വീണ്ടും താറുമാറാകുന്ന ഒരു സാഹചര്യമുണ്ടാകും. വളരെ നിർണ്ണായകമായ കാര്യങ്ങൾ പൊതുമേഖലാ സ്ഥാപനങ്ങളെ രക്ഷിക്കാൻ വേണ്ടി ഗവൺമെന്റ് ചെയ്യുന്നു. ശ്രീ. സാജുപോളിന്റെ നിയോജകമണ്ഡലത്തിലെ Travancore Rayons, അത് പൂട്ടപ്പെട്ടിട്ട് വർഷങ്ങളായി. ഇത് തുറക്കാൻ ഈ ഗവൺമെന്റ് എന്തെല്ലാം നടപടികൾ സ്വീകരിച്ചു. ആ നടപടി സ്വീകരിക്കുന്നതിന്റെ ഭാഗമായി ഒട്ടേറെ ചർച്ചകൾ ഇവിടെ നടന്നു. ബഹുമാനപ്പെട്ട എ. കെ. ആന്റണി മുഖ്യമന്ത്രിയായിരുന്ന സന്ദർഭത്തിൽ നടന്ന ചർച്ചകളിൽ ഒട്ടേറെ ആനുകൂല്യങ്ങൾ അത് നടത്താൻ വന്ന Promoter-ക്ക് നൽകാൻ തയ്യാറായി. ഓരോ പുതിയ പുതിയ ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ട് അതിനെ ചൂഷണം ചെയ്യാനാണ് Promoter തയ്യാറായത്. ഇപ്പോൾ ശ്രീ. വി. കെ. സി. ചർച്ചകൾ നടന്നിട്ടില്ലെന്നു പറഞ്ഞു. ഒട്ടേറെ ചർച്ചകൾ നടന്നു. ആ ചർച്ചകളിലൊക്കെ പുതിയ ഡിമാന്റുകളുമായി Promoter വരുമ്പോൾ തീർച്ചയായും ആ സംരംഭത്തെ നിലനിർത്തിക്കൊണ്ടുപോകാൻ അല്ലെങ്കിൽ അതിന് എം. ഒ. യു. വയ്ക്കാൻ സാധിക്കാത്ത സാഹചര്യമുണ്ട്. അതുപോലെ ഗവൺമെന്റ് മുൻകൈയെടുത്ത് ചർച്ചകളിലൂടെ പൂട്ടിക്കിടന്ന സ്ഥാപനങ്ങൾ തുറപ്പിക്കാൻ ഒട്ടേറെ സംരംഭങ്ങൾ നടത്തി. ടൈറ്റാനിയത്തിന്റെ സ്ഥിതിയെന്തായിരുന്നു? One time settlement-ലൂടെ അതിനെ ലാഭകരമായി മാറ്റാൻ കഴിഞ്ഞു. അതുപോലെതന്നെ കെൽട്രോൺ. ഇതൊന്നും പുതിയപുതിയ കാര്യങ്ങളല്ല. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം അത്തരം പൊതുമേഖലാ സ്ഥാപനങ്ങളെ നവീകരിക്കാനും അതിനെ ലാഭത്തിലാക്കാനും സാധിച്ചിട്ടുണ്ട്. T.C.C. (Travancore Cochin Chemicals Limited), അതിന്റെ സ്ഥിതി എന്തായിരുന്നു? One time settlement -ലൂടെ T.C.C-യെ ലാഭത്തിലാക്കാൻ കഴിഞ്ഞു. അത്തരം കാര്യങ്ങൾ കണ്ടില്ലെന്ന് നടിക്കരുത്. നല്ല കാര്യങ്ങൾ ചെയ്തതിന് ഗവൺമെന്റിനെ നന്ദിയോടെ കാണാൻ കഴിയണം. അതോടൊപ്പംതന്നെ പുതിയ പുതിയ കാര്യങ്ങൾ നേടിയെടുക്കാൻ കൂട്ടായ സഹകരണം ഉറപ്പുവരുത്താനും കഴിയണം. പ്രതിപക്ഷ സഹകരണം തീർച്ചയായും വ്യവസായ സംരംഭത്തിന് വളരെയധികം ആക്കം വർദ്ധിപ്പിക്കുമെന്ന കാര്യത്തിൽ സംശയമില്ല. പ്രതിപക്ഷ മെമ്പർമാരെ വിശ്വാസത്തിലെടുത്തുകൊണ്ട് എല്ലാ പ്രതിപക്ഷാംഗങ്ങളേയും വിളിച്ചുവരുത്തി ചർച്ച നടത്തി പൊതുമേഖലാ സ്ഥാപനങ്ങളെ രക്ഷിക്കാൻ ഗവൺമെന്റ് മുൻകൈയെടുക്കുന്നുണ്ട്. ഗവൺമെന്റിന്റെ ആ ശ്രമം തുടരണം.

LIBRARY ARCHIVES Kerala Legislative Assembly

പുതിയ മന്ത്രിക്ക് അത്തരം ശ്രമത്തിലൂടെ വ്യവസായത്തെ വളർത്തിക്കൊണ്ടുവരാൻ കഴിയട്ടെ എന്ന് പ്രാർത്ഥിച്ചുകൊണ്ട് ഞാൻ ഈ ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു.

ശ്രീ. മാങ്കോട് രാധാകൃഷ്ണൻ: സർ, ഞാൻ ഈ ധനാഭ്യർത്ഥനയെ എതിർക്കുകയാണ്. കേരളത്തിലെ വ്യവസായ മേഖല അതിന്റെ ചരിത്രത്തിലെ ഏറ്റവും ഗുരുതരമായ പ്രതിസന്ധിയെയാണ് നേരിടുന്നത്. ഭരണരംഗത്തെ അസ്ഥിരതയും കെടുകാര്യസ്ഥതയും അഴിമതിയും നിമിത്തം കേരളത്തിലെ വ്യവസായ സ്ഥാപനങ്ങൾ ശവപ്പറമ്പായി മാറുകയാണ്. ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ 111 പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങളിലായി ഒരുലക്ഷത്തി ഇരുപത്തയ്യായിരത്തോളം ആളുകളാണ് ജോലി ചെയ്തുകൊണ്ടിരുന്നത്. നാല് വർഷം കഴിയുമ്പോൾ ഇത് ഒരുലക്ഷത്തി പതിനാലായിരമായി ചുരുങ്ങിയിരിക്കുകയാണ്. പതിനൊന്നായിരം പേർക്ക് തൊഴിൽ നഷ്ടമായി. ഇപ്പോൾ ജോലി ചെയ്യുന്നതിൽത്തന്നെ 50 ശതമാനം പേർക്ക് കൃത്യമായി ശമ്പളം കിട്ടുന്നില്ല. ആറും എട്ടും മാസത്തിലൊരിക്കൽ ശമ്പളം പറ്റുന്ന ജീവനക്കാരുള്ള പൊതുമേഖലാ സ്ഥാപനങ്ങൾ കേരളത്തിൽ പ്രവർത്തിക്കുകയാണ്. പല പൊതുമേഖലാ സ്ഥാപനങ്ങളും അടച്ചുപൂട്ടലിന്റേയോ സ്വകാര്യവൽക്കരണത്തിന്റേയോ നിഴലിലാണ്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വ്യവസായ സ്ഥാപനങ്ങളുടെ പുനരുദ്ധാരണത്തെക്കുറിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ ആർ.സി. ചൗധരി ചെയർമാനായി ERC Committee രൂപീകരിച്ചു. ഭൂരിപക്ഷം വ്യവസായ സ്ഥാപനങ്ങളും സ്വകാര്യവൽക്കരിക്കണമെന്നുള്ള ശുപാർശയാണ് ഇ.ആർ.സി. നൽകിയത്. കേരളത്തിലെ വ്യവസായ സ്ഥാപനങ്ങളെ സ്നേഹിക്കുന്ന എല്ലാപേരും ഒറ്റക്കെട്ടായി ERC-യുടെ ശുപാർശയെ എതിർത്തു. അന്ന് ERC-യുടെ ശുപാർശയെ ന്യായീകരിക്കുകയാണ് വ്യവസായ വകുപ്പുമന്ത്രി ഉൾപ്പെടെയുള്ള ആളുകൾ ചെയ്തത്. എന്നാൽ ഉമ്മൻചാണ്ടി സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇ. ആർ. സി. പിരിച്ചുവിട്ടു; ശ്രീ. ചൗധരി ചെയർമാനായിട്ടുള്ള കമ്മിറ്റിയെ പിരിച്ചുവിട്ടു. പിരിച്ചുവിട്ടശേഷം ബഹുമാന്യനായ മുഖ്യമന്ത്രി ശ്രീ. ഉമ്മൻചാണ്ടി പ്രഖ്യാപിച്ചത് കേരളത്തിൽ ലാഭകരമായി പ്രവർത്തിക്കുന്ന വ്യവസായ സ്ഥാപനങ്ങൾ ഒന്നും തന്നെ സ്വകാര്യവൽക്കരിക്കാൻ പോകുന്നില്ല എന്ന് മാത്രമല്ല, ഇ. ആർ. സി. യെ സംബന്ധിച്ച ശുപാർശകളെക്കുറിച്ച് പഠിക്കുന്നതിനുവേണ്ടി ഒരു കൃാബിനറ്റ് സബ് കമ്മിറ്റിയെ ചുമതലപ്പെടുത്തി. എന്നിട്ട് മുഖ്യമന്ത്രി പറഞ്ഞത് one time help കൊണ്ട് രക്ഷപ്പെടാൻ സാദ്ധ്യതയുള്ള വ്യവസായ സ്ഥാപനങ്ങളെയെല്ലാം കേരളത്തിലെ

LIBRARY ARCHIVES Kerala Legislative Assembly

ഗവൺമെന്റ് മൂലധനം നൽകി സഹായിക്കും എന്നുള്ള ധീരോചിതമായ പ്രഖ്യാപനങ്ങളാണ് കേരളത്തിലെ മുഖ്യമന്ത്രി ശ്രീ. ഉമ്മൻചാണ്ടി നടത്തിയത്. നൂറ് ദിവസത്തെ പരിപാടി ഇപ്പോൾ കഴിഞ്ഞു. ആ നൂറുദിവസത്തെ പരിപാടിയിൽ ഇന്നത് ഇന്നത് എല്ലാം ചെയ്തു എന്ന് പ്രഖ്യാപിച്ചു നിങ്ങൾ വെല്ലുവിളി നടത്തി. എന്നാൽ വ്യവസായ വകുപ്പിൽ മാത്രം നൂറ് ദിവസത്തെ പരിപാടിയിൽ നിങ്ങൾ എന്തു ചെയ്തു? നിങ്ങൾ one time help കൊണ്ട് രക്ഷപ്പെടുന്ന വ്യവസായ സ്ഥാപനങ്ങളെ രക്ഷപ്പെടുത്തും എന്ന് പ്രഖ്യാപിച്ചിട്ട് കേരളത്തിൽ ഏതെങ്കിലും വ്യവസായ സ്ഥാപനത്തിന് അഞ്ചു നയാപൈസപോലും സഹായം നൽകാൻ നിങ്ങൾക്ക് കഴിഞ്ഞോ? സെക്രട്ടേറിയേറ്റിൽനിന്നും ഒരു വിളിപ്പാട് അകലെ തിരുവനന്തപുരത്തുള്ള കെൽട്രോൺ കൗണ്ടേഴ്സിലുള്ള തൊഴിലാളികൾ ഏഴ് മാസമായി സമരത്തിലാണ്. തൊഴിലാളികൾക്ക് മുഖ്യമന്ത്രി നൽകിയ ഉറപ്പ് എന്താണ്? മുഖ്യമന്ത്രി തൊഴിലാളികൾക്കു നൽകിയ ഉറപ്പ് ഇത് സ്വകാര്യവൽക്കരിക്കുന്ന പരിപാടിയില്ല. ഇതിനെ ഒരു പൊതുമേഖലാസ്ഥാപനമാക്കി തന്നെ നിലനിർത്തും എന്നാണ്. എത്ര മാസമായി സർക്കാർ ഈ പ്രഖ്യാപനം നടത്തിയിട്ട്? എന്തെങ്കിലും നിലപാട് സ്വീകരിച്ചോ? ഒരു നടപടിയും സ്വീകരിക്കുന്നില്ല. ഇപ്പോൾ നിങ്ങൾ പഴയ നിലയിൽ തന്നെയാണ്. വ്യവസായസ്ഥാപനങ്ങളെ നശിപ്പിക്കുന്ന, സ്വകാര്യ മേഖലയ്ക്ക് കൈമാറുന്ന അതേ നയത്തോടുകൂടി തന്നെ ഉമ്മൻചാണ്ടി സർക്കാർ മുന്നോട്ടുപോകുന്നു എന്നതിന്റെ ഏറ്റവും വലിയ സൂചനയാണ് ഇവിടെ കാണാൻ കഴിയുന്നത്. ലാഭകരമായി പ്രവർത്തിക്കുന്ന വ്യവസായസ്ഥാപനങ്ങളുടെ സ്ഥിതി എന്താണ്? ലാഭകരമായി പ്രവർത്തിക്കുന്ന വ്യവസായ സ്ഥാപനങ്ങളെയെല്ലാം രക്ഷപ്പെടുത്തും എന്നാണല്ലോ പ്രഖ്യാപനം? കേരളത്തിൽ എത്രയോ വർഷങ്ങളായി ലാഭകരമായി പ്രവർത്തിച്ചുകൊണ്ടിരുന്ന ഒരു സ്ഥാപനമാണ് മലബാർ സിമന്റ്സ്. കഴിഞ്ഞ ഇടതുപക്ഷ ജനാധിപത്യമുന്നണി നമ്മുടെ സംസ്ഥാനത്ത് അധികാരത്തിൽ ഇരിക്കുമ്പോൾ മലബാർ സിമന്റ്സിന്റെ ലാഭം 90 കോടി രൂപയായിരുന്നു. 90 കോടി രൂപ ലാഭം കൊയ്ത, ആ പൊന്നുകായ്ക്കുന്ന മരമായിരുന്ന മലബാർ സിമന്റ്സിന്റെ അവസ്ഥ ഇപ്പോൾ എന്താണ്? മലബാർ സിമന്റ്സിനെക്കുറിച്ച് എത്രയോ മാസങ്ങളായി കേരളത്തിലെ പത്രങ്ങളും മാധ്യമങ്ങളും എല്ലാം ഞെട്ടിപ്പിക്കുന്ന വിവരങ്ങൾ പുറത്തു പറഞ്ഞുകൊണ്ടിരിക്കുകയാണ്. അവിടെ മസ്ദൂർ നിയമനം നടന്നപ്പോൾ കേരളത്തിലെ എല്ലാ പത്രങ്ങളും എഴുതി. മാതൃഭൂമി എഡിറ്റോറിയൽ എഴുതി മലബാർ സിമന്റ്സിനെക്കുറിച്ച് അന്വേഷണം വേണമെന്ന്. മസ്ദൂർമാരുടെ നിയമനത്തിന് മൂന്നു ലക്ഷം രൂപ വീതം കോഴ പിരിക്കുന്നു എന്നാണ് അറിയുന്നത്. അതിൽ ഉന്നതരുടെ ഒത്താശയുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

അതുപോലെ എഞ്ചിനീയർമാരുടെ നിയമനത്തിലും കോഴ വാങ്ങി എന്നുള്ള ആക്ഷേപമാണ് മാതൃഭൂമി എഡിറ്റോറിയൽ എഴുതിയിരിക്കുന്നത്. മലബാർ സിമന്റ്സ് റിട്ടയർ ചെയ്ത ഉദ്യോഗസ്ഥൻമാരുടെ താവളമെന്നാണ് കേരള കൗമുദി എഴുതിയിരിക്കുന്നത്. കേരളത്തിലെ വർത്തമാനപത്രങ്ങളെല്ലാം ഈ ഞെട്ടിപ്പിക്കുന്ന അഴിമതിയെക്കുറിച്ച് എഴുതി. ഏറ്റവും അവസാനം കോടതിക്ക് ഇടപെടേണ്ടിവന്നു. ഹൈക്കോടതി ഇടപെട്ടാണ് നാടിനെ ഞെട്ടിപ്പിച്ച അഴിമതിക്ക് തടയിട്ടത്. നിയമനത്തെ സംബന്ധിച്ച് ഇത്രയും വിവാദം ഉണ്ടായിട്ടും ഇപ്പോഴും അവിടെ പിൻവാതിൽ നിയമനം തകൃതിയായി നടക്കുകയാണ്. അവിടെ എം. ഡി. ഉൾപ്പെടെയുള്ള എല്ലാ ഉദ്യോഗസ്ഥൻമാരും റിട്ടയർ ചെയ്ത ആളുകളാണ്. കേരളത്തിൽ ഏറ്റവും വലിയ ലാഭം കൊയ്തുകൊണ്ടിരിക്കുന്ന നൂറുകണക്കിന് ആളുകൾ പണിയെടുക്കുന്ന ഏറ്റവും വലിയ സ്ഥാപനത്തിലാണ് ഇത് നടക്കുന്നത് എന്നുള്ളത് കേരളത്തിലെ മുഖ്യമന്ത്രി ഗൗരവമായി കാണേണ്ട വിഷയമാണ്. ഇപ്പോൾ അവിടെ അൻപതോളം ആഫീസർമാരുടെ തസ്തിക സൃഷ്ടിച്ചിരിക്കുകയാണ്. എന്ന് മാത്രമല്ല ഈ നിയമനങ്ങൾ എങ്ങനെയാണ് നടത്തുന്നത് എന്നുള്ളത് ഈ ഗവൺമെന്റ് വളരെ ഗൗരവമായി പരിശോധിക്കണം. ഈ തസ്തികളിലെല്ലാം നടത്തുന്ന നിയമനം നടത്തുന്നത് ഡെപ്യൂട്ടേഷൻ വഴിയാണ്. ഡെപ്യൂട്ടേഷൻവഴി ഉയർന്ന തസ്തികകളിലേക്ക് നിയമനം നടത്തുകയാണ്. ഇപ്പോൾ ഏറ്റവും അവസാനമായി ഈ മാസം നടന്ന ചില വിവരങ്ങൾ പറയാം. ശ്രീ. വി. എ. മുഹമ്മദ് അഷറഫ് അദ്ദേഹം കൈരളി ഹാന്റി ക്രാഫ്റ്റ്സിലെ ഡിപ്പോ മാനേജർ ആയിരുന്നു. അദ്ദേഹത്തിന് അവിടെ പതിനൊന്നായിരത്തിൽ ചില്വാനം രൂപ ശമ്പളമുണ്ടായിരുന്നു. അദ്ദേഹത്തെ ഇപ്പോൾ മലബാർ സിമന്റ്സിൽ മാർക്കറ്റിംഗ് മാനേജരായി 24,994 രൂപ ശമ്പളത്തിൽ ജി.ഒ.എം.എസ്. 24/ഐ.ഡി./1-3-2005 നമ്പരായി നിയമിച്ചിരിക്കുന്നു. മറ്റൊരു ഞെട്ടിപ്പിക്കുന്ന വിവരമുണ്ട്. അഞ്ചു വർഷമായി തിരുവനന്തപുരം സ്പിന്നിംഗ് മിൽ അടഞ്ഞു കിടക്കുകയാണ്. അത് പഴയ വ്യവസായ വകുപ്പുമന്ത്രിക്കും ഇപ്പോഴത്തെ വ്യവസായ വകുപ്പുമന്ത്രിക്കും അറിയാവുന്നതാണ്. അവിടെ പ്രവർത്തനമില്ല, തൊഴിലാളികളില്ല. ആരുമില്ല. അടച്ചുപൂട്ടിയിട്ടിരിക്കുകയാണ്. അവിടെ നിന്നുള്ള ശ്രീ. ബാലചന്ദ്രൻ ഇപ്പോൾ ഡെപ്യൂട്ടേഷനിൽ തിരുവനന്തപരും സ്പിന്നിഗ് മില്ലിലെ ഉയർന്ന ഉദ്യോഗസ്ഥൻ എന്നുള്ള വ്യാജ രേഖ ചമച്ച് മലബാർ സിമന്റ്സിൽ ഡെപ്യൂട്ടി ഫൈനാൻസ് മാനേജറായി. അദ്ദേഹത്തിനെ അവിടെ 21,000 രൂപ ശമ്പളത്തിൽ ജി.ഒ.എം.എസ്. 23/ഐ.ഡി./1-3-2005 നമ്പരായി നിയമിച്ചിരിക്കുന്നു. ഇനിയുമുണ്ട്. കേരളാ സോപ്സിലെ അക്കൗണ്ടന്റായിട്ടുള്ള ശ്രീമതി രമാ തമ്പാട്ടിയെ അസിസ്റ്റന്റ് ഫൈനാൻസ്

LIBRARY ARCHIVES Kerala Legislative Assembly

മാനേജരായി നിയമിച്ചിരിക്കുന്നു. ഈ തസ്തികകളെല്ലാം പുതിയതായി സൃഷ്ടിച്ചതാണ്. 1-ാം തീയതി സെക്രട്ടേറിയറ്റിൽനിന്നും ഉത്തരവ് ഇറങ്ങുന്നു. 2-ാം തീയതി ഇവരെല്ലാം മലബാർ സിമന്റ്സിൽ ജോയിൻ ചെയ്യുന്നു. നിയമത്തേയും നീതിന്യായ വ്യവസ്ഥയേയും കാറ്റിൽ പറത്തിക്കൊണ്ടാണ് ആളുകളെ വയ്ക്കുന്നത്. മന്ത്രിയുടെ ഓഫീസ് അറിഞ്ഞുകൊണ്ട് ലക്ഷക്കണക്കിന് രൂപയുടെ അഴിമതിയാണ് നടന്നിരിക്കുന്നത്. ഇത് ഞാൻ അങ്ങേയ്ക്ക് എഴുതി തന്നിട്ടുണ്ട്. അതുകൊണ്ട് മലബാർ സിമന്റ്സിൽ നടക്കുന്ന അഴിമതിയെ സംബന്ധിച്ച് ജുഡീഷ്യൽ അന്വേഷണം നടത്തുവാൻ കേരളത്തിലെ ബഹുമാന്യനായ മുഖ്യമന്ത്രി തയ്യാറാകണം. ഞെട്ടിപ്പിക്കുന്ന വിവരങ്ങൾ പുറത്തു കൊണ്ടുവരാൻ സാധിക്കും. അതുപോലെ തിരുവനന്തപുരം ജില്ലയിലെ ഏറ്റവും വലിയ വ്യവസായ സ്ഥാപനങ്ങളായ കെൽട്രോണും ടൈറ്റാനിയവും ഉണ്ടായ കാലം മുതൽ ലാഭത്തിൽ പ്രവർത്തിച്ചിരുന്നതാണ്. പൊല്യൂഷൻ കൺട്രോൾ ബോർഡിന്റെ ഉത്തരവുകൊണ്ട് ടൈറ്റാനിയത്തിന്റെ പ്രവർത്തനം സ്തംഭിപ്പിക്കാൻ പോവുകയാണ്. 1100 തൊഴിലാളികൾ പണിയെടുക്കുന്ന ഒരു സ്ഥാപനമാണ്. മലിനീകരണ നിയന്ത്രണത്തിനുവേണ്ടിയുള്ള ഒരു പാക്കേജ് സമർപ്പിച്ചിട്ട് ഒരു നടപടിയും സ്വീകരിക്കുന്നില്ല. കെൽട്രോണിന് ആവശ്യമായ സാമ്പത്തിക സഹായം നൽകണം. One time settlement-ലൂടെ സർക്കാർ പ്രഖ്യാപിച്ചിരുന്ന 58 കോടി രൂപ കെൽട്രോണിന് നൽകാമെന്ന് പറഞ്ഞിട്ട് ഒരു നയാപൈസ പോലും നൽകിയിട്ടില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: പ്ലീസ് കൺക്ലൂഡ് .....

(മൈക്ക് ഓഫ് ചെയ്തു)

ശ്രീ. ഇസ്ഹാക് കുരിക്കൾ: സർ, ഞാൻ ബഹുമാനപ്പെട്ട വ്യവസായമന്ത്രി ഇബ്രാഹിം കുഞ്ഞ് അവതരിപ്പിച്ചിട്ടുള്ള ധനാഭ്യർത്ഥനയെ അനുകൂലിക്കുകയാണ്. മൈക്കിൽ കൂടി എന്തും പറയാം എന്ന സ്ഥിതി നമ്മുടെ സഭയിൽ 12.00 Noon] ഉണ്ടാകരുത്. ആരോപണങ്ങൾ ഉന്നയിക്കുമ്പോൾ അത് എഴുതി കൊടുക്കണമെന്നാണ് നിയമം. ജുഡീഷ്യൽ അന്വേഷണം നടത്തണമെങ്കിൽ ഇടതുപക്ഷം ഭരണം നടത്തിയ കാലഘട്ടത്തിലെ അഴിമതികളെ കുറിച്ച് അന്വേഷണം നടത്തണമെന്നാണ് എന്റെ ആവശ്യം. അതിന് ഈ ഗവൺമെന്റ് തയ്യാറാകുമോ? ഗവൺമെന്റിന് ആ അവകാശമുണ്ടോ, അതിന് വോട്ട് ചെയ്യാൻ നിങ്ങൾ ഉണ്ടോ? ഇടതുപക്ഷം ഭരണം നടത്തിയ കാലത്തെ അഴിമതികളെക്കുറിച്ച് അന്വേഷണം നടത്തണം എന്നതിനോട് ശ്രീ. മാങ്കോട് രാധാകൃഷ്ണൻ യോജിക്കുന്നുണ്ടോ? ജുഡീഷ്യൽ അന്വേഷണം കൊണ്ട് ഇതൊന്നും സാദ്ധ്യമാകുകയില്ല. രാജ്യത്തെ തൊഴിലില്ലാത്ത യുവതീ

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

യുവാക്കളുടെ പ്രതീക്ഷയും പ്രത്യാശയുമായ വ്യവസായവകുപ്പിലേക്ക് അവതരിപ്പിച്ചിട്ടുള്ള ധനാഭ്യർത്ഥനകളെ ഞാൻ സർവ്വാത്മനാ അനുകൂലിക്കുകയാണ്. ഒരു വർഷത്തെ കർമ്മ പരിപാടിയിൽ ഉൾപ്പെടുത്തി 30,000 കോടി രൂപയ്ക്ക് നിക്ഷേപം കേരളത്തിൽ നടപ്പാക്കി എന്ന മുഖ്യമന്ത്രിയുടെ പ്രസ്താവന കേരളത്തിൽ വളരെയധികം സന്തോഷമുണ്ടാക്കിയിട്ടുണ്ട്. 2000 കോടി രൂപയുടെ നിക്ഷേപം കേരളത്തിൽ നടത്തുമെന്നാണ് പ്രധാനമന്ത്രി ശ്രീ. മൻമോഹൻ സിംഗിന്റെ പ്രഖ്യാപനം. കേരളത്തിലെ ജനങ്ങളെ, തൊഴിലില്ലാത്തവരെ സംബന്ധിച്ചിടത്തോളം ഇതുപോലുള്ള പ്രസംഗമല്ല, പ്രവർത്തനമാണ് ആവശ്യം. ആ പ്രഖ്യാപനം ഈ രാജ്യത്തെ ജനങ്ങളെ സംബന്ധിച്ചിടത്തോളം വളരെയധികം ആഹ്ളാദകരമാക്കിയിട്ടുണ്ട്. ഇവിടെ എനിക്കുമുമ്പ് പ്രസംഗിച്ച ശ്രീ. മമ്മത്കോയ സാഹിബ് പറഞ്ഞു കേരളത്തെ ശ്മശാന ഭൂമിയാക്കിയിട്ടുണ്ട് എന്ന്. ഞാൻ അങ്ങയോട് ചോദിക്കട്ടെ, അങ്ങ് ഒരു വ്യവസായിയാണല്ലോ, അങ്ങയുടെ വ്യവസായം ഇവിടെ നടക്കുന്നല്ലോ, ശ്മശാന ഭൂമിയാണെന്ന് അവിടെപ്പോയി പറയാൻ അങ്ങേയ്ക്ക് ധൈര്യമുണ്ടോ? ഞാൻ അവിടെ നിന്ന് സാധനങ്ങൾ വാങ്ങുന്നതാണ്. ഇവിടെ എല്ലാവരും ആ പരസ്യങ്ങൾ കാണുന്നവരാണ്, വി.കെ.സി. ഹവായ്കൾ ഉപയോഗിക്കണമെന്ന് ടി.വി.യിലും പത്രങ്ങളിലുമൊക്കെ പരസ്യം വരുന്നു. അപ്പോൾ വ്യവസായങ്ങൾ ഇവിടെ നടക്കുന്നു എന്നതിന്റെ ഏറ്റവും വലിയ തെളിവാണ് അങ്ങയുടെ ഫാക്ടറി എന്ന് അഭിമാനത്തോടുകൂടി പറയാൻ ഞാൻ ഈ അവസരം വിനിയോഗിക്കുകയാണ്. നഷ്ടത്തിൽ ഓടിയ പൊതുമേഖലാ സ്ഥാപനങ്ങളിൽ പത്തെണ്ണം ഗവൺമെന്റ് ലാഭത്തിലാക്കിയിട്ടുണ്ട്. ഞാൻ അതിന്റെ പേരുകൾ വായിക്കാൻ ആഗ്രഹിക്കുന്നില്ല. അഞ്ച് പബ്ലിക് സെക്ടറുകൾ നഷ്ടത്തിൽ ഓടിയിരുന്നത് ഈ ഗവൺമെന്റ് വന്നതിനുശേഷം ലാഭത്തിലാക്കിയിട്ടുണ്ട്. അതിന്റെ പേര് വായിക്കുകയാണ്.

(1) Transformers and Electricals (Kerala) Limited

(2) Travancore Cochin Chemicals Limited

(3) Kerala Hi-tech Industries Limited

(4) Steel and Industrial Forgings Limited

(5) Foam Mattings (India) Limited

ആർക്കെങ്കിലും സംശയമുണ്ടെങ്കിൽ അതൊന്ന് പരിശോധിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്. നിങ്ങളുടെ കാലത്ത് നഷ്ടത്തിൽ ഓടിയത് ഈ

ഗവൺമെന്റ് വന്നതിനുശേഷം ലാഭത്തിലാക്കിയതാണെന്ന് അഭിമാനത്തോടുകൂടി പറയാൻ ഈ അവസരം ഉപയോഗിക്കുന്നു. സാമ്പത്തിക പ്രതിസന്ധി പരിഹരിക്കുന്നതിനായി സർക്കാർ പുനരുദ്ധാരണ പദ്ധതികൾ ആവിഷ്കരിക്കുകയും നടപ്പാക്കുകയും ചെയ്തുകൊണ്ടിരിക്കുന്നു. ഈ സ്ഥാപനത്തിനുവേണ്ടി ഓർഡറുകൾ വാങ്ങുന്നത് Industrial Revitalisation Fund കെൽട്രോണിനുവേണ്ടി ഉപയോഗിക്കുവാൻ നമ്മുടെ ഗവൺമെന്റിന് സാധിച്ചിട്ടുണ്ട്. പൂട്ടിക്കിടന്ന വ്യവസായങ്ങൾ തുറന്നു പ്രവർത്തിപ്പിക്കുവാൻ ഈ ഗവൺമെന്റ് അതിന്റെ മാക്സിമം കഴിവുകൾ പ്രയോഗിക്കുന്നുണ്ട്. വ്യവസായികൾക്ക് ലോണുകളല്ല ആവശ്യം, അവർക്ക് വ്യവസായങ്ങൾ തുടങ്ങാനുള്ള സൗകര്യങ്ങളും വ്യവസായ എസ്റ്റേറ്റുകളുമാണ് ആവശ്യം. കിൻഫ്ര വിവിധ വ്യവസായ മേഖലകളിൽ ഇതുപോലുള്ള എസ്റ്റേറ്റുകൾ സ്ഥാപിച്ചിട്ടുണ്ട്. ഞാൻ അതെല്ലാം ഇവിടെ വായിക്കണമെന്ന് ആഗ്രഹിക്കുന്നില്ല. ഒന്നുപറയാം. Food Processing Unit, Malappuram; Water Supply Scheme for Kinfra Techno Industrial Park, Kakkancherry; Food Processing Park, Adoor; Film and Video Park, Thiruvananthapuram; Apparel Park, Thiruvananthapuram; Export Promotion Industrial Park, Ernakulam ചെറുകിട വ്യവസായ പാർക്കുകൾ ഈ ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം ഏറ്റവും പ്രാധാന്യമുള്ളതാണ്.

ശ്രീ. കളത്തിൽ അബ്ദുള്ള: ബഹുമാനപ്പെട്ട ഇസ്ഹാക് കുരിക്കൾ ഇവിടെ കാര്യമാത്ര പ്രസക്തമായ ഒരു പ്രസംഗം ചെയ്യുകയാണ്. 1996-2001 വർഷക്കാലം യു. ഡി. എഫ്. ഗവൺമെന്റിന്റെ ഭരണകാലത്ത് നിയമിച്ച 27 ഓളം തൊഴിലാളികളെ ഇടതുപക്ഷ ഗവൺമെന്റ് നിർദ്ദാക്ഷിണ്യം പിരിച്ചുവിട്ടു. ബഹുമാനപ്പെട്ട പി. കെ. കുഞ്ഞാലിക്കുട്ടി അവരുടെ 1996-2001 പീരിയഡ് കാലത്തു നിയമിച്ച മുഴുവൻ ജീവനക്കാരെയും സ്ഥിരപ്പെടുത്തി, ഇപ്പോൾ അവിടെ പാലക്കാട് ജില്ലയിലെ പാവപ്പെട്ട തൊഴിൽരഹിതരായ ചെറുപ്പക്കാർക്ക് 40 കോടിയോളം രൂപ ലാഭമുള്ള മലബാർ സിമന്റ്സ് മോഡണൈസ് ചെയ്ത മലബാർ സിമെന്റ്സിൽ 100 ഓളം മസ്ദൂർമാരെ എടുക്കുന്നതിനായി ആ പാവപ്പെട്ട തൊഴിലാളികളുടെ കഞ്ഞിയിൽ പുഴുവാരിയിട്ടുകൊണ്ട് സമരം നടത്തുകയാണ് ശ്രീ. മാങ്കോട് രാധാകൃഷ്ണന്റെ പാർട്ടി എന്ന കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. ഇസ്ഹാക് കുരിക്കൾ: അങ്ങയുടെ ചോദ്യത്തിൽ സൂചിപ്പിച്ചതുപോലെ ഈ രാജ്യത്ത് പ്രസംഗിച്ചു നടക്കുകയല്ലാതെ പ്രാവർത്തിക രംഗത്ത് തൊഴിലാളി വർഗ്ഗത്തിന് ഇത്രയും അനുകൂലമായ നടപടി സ്വീകരിച്ച ഒരു കാലഘട്ടം എനിക്ക് ഓർമ്മയില്ല. പ്രസംഗിക്കാൻ എല്ലാവർക്കും കഴിയും, പ്രാവർത്തികമാക്കാനാണ്

LIBRARY ARCHIVES Kerala Legislative Assembly

പ്രയാസം. എനിക്ക് അഭിമാനത്തോടുകൂടി പറയാൻ സാധിക്കും വ്യവസായ രംഗത്ത് കൊച്ചി തുറമുഖത്ത് തുടങ്ങാനിരിക്കുന്ന വല്ലാർപാടം കണ്ടെയ്നർ ടെർമിനൽ ഇന്ന് വിദേശ കപ്പലുകൾ കണ്ടെയ്നർ ഇല്ലാത്തതിന്റെ ഫലമായി കൊളംബോയിൽ പോയി സാധനങ്ങൾ ഇറക്കി, അതുപോലെ സാധനങ്ങൾ കയറ്റി ഇങ്ങോട്ട് വരികയാണ്. വല്ലാർപാടം കണ്ടെയ്നർ ടെർമിനൽ വന്നാൽ കൊച്ചി തുറമുഖത്തെ ഒരു കാലഘട്ടത്തിൽ അറേബ്യൻ റാണി എന്ന് നമ്മൾ വിളിച്ചിരുന്നു എങ്കിൽ ഇനി കേരളത്തിന്റെ വ്യവസായ റാണി എന്ന് വിളിക്കുവാനുള്ള ഒരു സാഹചര്യം ഉണ്ടാകും. എന്റെ നേതാവ് ശ്രീ. കുഞ്ഞാലിക്കുട്ടി സാഹിബിന്റെ കാലഘട്ടത്തിൽ തുടങ്ങിയ ആ പ്രവർത്തനം ഇന്ന് ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് നമ്മുടെ രാജ്യത്ത് നടപ്പാക്കിക്കൊണ്ടിരിക്കുന്നു. വല്ലാർപാടം കണ്ടെയ്നർ ടെർമിനൽ വന്നാൽ വിദേശ കപ്പലുകൾ അവിടെ വരാനും നമ്മുടെ രാജ്യത്ത് ഉൽപ്പാദിപ്പിക്കുന്ന ഉൽപ്പന്നങ്ങൾ കൊണ്ടുപോകാനുമുള്ള സൗകര്യം കൂടുതൽ വർദ്ധിക്കും. അതിനുപുറമേ നമ്മുടെ എൽ.എൻ.ജി. ടെർമിനൽ ഗ്യാസ് ലൈൻ. അത് കപ്പലിൽ നിന്ന് ഗ്യാസ് വലിച്ചെടുക്കുവാനും ഗ്യാസുകൾ വിതരണം ചെയ്യുവാനുമുള്ള ഏറ്റവും വലിയ സൗകര്യമാണ്. ഗ്യാസ് കപ്പലിൽ കൊണ്ടുവന്ന് അത് വലിച്ചെടുക്കുവാനും ഗ്യാസ് വിതരണം ചെയ്യുവാനുമുള്ള എൽ.എൻ.ജി. ഗ്യാസ് ടെർമിനൽ നമ്മുടെ വ്യവസായ കേരളത്തെ സംബന്ധിച്ചിടത്തോളവും വ്യവസായികളെ സംബന്ധിച്ചിടത്തോളവും കേരളത്തിലെ ജനങ്ങളെ സംബന്ധിച്ചിടത്തോളവും ഏറ്റവും ഗുണകരമായ ഒരു കാര്യമാണ് എന്ന് ഞാൻ ഈ സന്ദർഭത്തിൽ സൂചിപ്പിക്കുകയാണ്. Functional Estate for Rubber Industries, Functional Estate for Wood Industries ഇതുപോലുള്ള വ്യവസായ എസ്റ്റേറ്റുകൾ തുടങ്ങുന്ന ഇബ്രാഹിം കുഞ്ഞ് സാഹിബിനോട് എനിക്ക് ഒരു അപേക്ഷയുണ്ട്, അങ്ങ് കൊച്ചിയിലും, എറണാകുളത്തും തിരുവനന്തപുരത്തും ഒക്കെ വ്യവസായങ്ങൾ ധാരാളം തുടങ്ങുന്നുണ്ട്. ഞാൻ അങ്ങയെ അഭിനന്ദിക്കുന്നു. മലപ്പുറം ജില്ലയിൽ വനിതാ വ്യവസായ വികസന കോർപ്പറേഷന്റെ ആഭിമുഖ്യത്തിലോ അല്ലെങ്കിൽ ഏതെങ്കിലും ഒരു ഇൻഡസ്ട്രിയൽ ഡിപ്പാർട്ടുമെന്റിന്റെ മിനി ഇൻഡസ്ട്രി തുടങ്ങിയിട്ട് Functional Estate for Women എന്നുപറഞ്ഞുകൊണ്ട് വനിതകൾക്കുവേണ്ടി വ്യവസായം തുടങ്ങുവാനുള്ള ഒരു സംരംഭം അങ്ങയുടെ കാലഘട്ടത്തിൽ ഉണ്ടാക്കണമെന്ന് ഞാൻ അപേക്ഷിക്കുകയാണ്. കുടുംബശ്രീ പദ്ധതിപ്രകാരവും, അതുപോലെ മറ്റു പദ്ധതികൾ പ്രകാരവും വനിതകൾ വ്യവസായ രംഗത്തേക്ക് മുന്നോട്ടുവരുന്ന ഈ കാലഘട്ടത്തിൽ വനിതാ വ്യവസായങ്ങൾക്ക് ഊന്നൽ നൽകിക്കൊണ്ട്, ഇൻഫ്രാസ്ട്രക്ചർ നൽകിക്കൊണ്ട്, അവിടെ വനിതാ വ്യവസായ എസ്റ്റേറ്റുകൾ

LIBRARY ARCHIVES Kerala Legislative Assembly

തുടങ്ങണം. ലോണുകൾ കൊടുക്കുന്നതല്ല വ്യവസായ വകുപ്പിന്റെ ജോലി. ബാങ്കുകളിൽ നിന്നും അതുപോലെ മറ്റു സ്ഥാപനങ്ങളിൽ നിന്നും ലോൺ കൊടുക്കും. വ്യവസായികൾക്ക് ഇൻഫ്രാസ്ട്രക്ചർ ഫെസിലിറ്റീസ് ഉണ്ടാക്കുന്നതാണ് ഏറ്റവും ഉപകാരം.

ശ്രീ. കെ. എൻ. എ. ഖാദർ: ശ്രീ. മാങ്കോട് രാധാകൃഷ്ണൻ ഇവിടെ സംസാരിച്ചപ്പോൾ മലബാർ സിമെന്റ്സിൽ ഡെപ്യൂട്ടേഷനിൽ വന്ന ആളുകളെ അബ്സോർബ് ചെയ്തു എന്നുള്ള ആക്ഷേപമാണ് പറഞ്ഞത്. കേരളത്തിൽ ഇടതുപക്ഷ ജനാധിപത്യമുന്നണി ഭരിക്കുന്ന കാലത്ത് ആ മലബാർ സിമെന്റ്സ് ഉൾപ്പെടെ അനേകം സ്ഥാപനങ്ങളിൽ ഡെപ്യൂട്ടേഷനിൽ വന്ന ആളുകളെ അതാതു ദിവസംതന്നെ 24 മണിക്കൂറിനുള്ളിൽ അബ്സോർബ് ചെയ്ത എത്രയോ സംഭവങ്ങളും കീഴ്വഴക്കങ്ങളും ഉള്ളതായിട്ട് ബഹുമാനപ്പെട്ട മെമ്പറുടെ ശ്രദ്ധയിൽപ്പെട്ടിട്ടില്ലേ?

ശ്രീ. ഇസ്ഹാക് കുരിക്കൾ: സർ, മലബാർ സിമെന്റ്സിൽ മാത്രമല്ല കേരളത്തിലെ പൊതുമേഖലാ സ്ഥാപനങ്ങളിൽ വിവിധ കാലഘട്ടങ്ങളിൽ അപ്പുറത്തിരിക്കുന്നവർ ഇപ്പുറത്തിരിക്കുമ്പോഴും, ഇപ്പുറത്തിരിക്കുന്നവർ അപ്പുറത്തിരിക്കുമ്പോഴും ജുഡീഷ്യൽ അന്വേഷണം നടത്തണമെന്ന് പറയുമ്പോൾ ആരും മുന്നോട്ട് വരാറില്ല. മാങ്കോട് രാധാകൃഷ്ണനോട് ഞാൻ ചോദിക്കട്ടെ, അങ്ങ് ഈ നിയമസഭയിൽ അംഗം ആയിട്ടുണ്ടല്ലോ, അങ്ങയുടെ പാർട്ടി അദ്ദേഹത്തിന്റെ പാർട്ടിക്കാരുണ്ടല്ലോ, അപ്പുറത്തിരിക്കുന്നവർ അധികാരത്തിലിരുന്നപ്പോൾ ജുഡീഷ്യൽ അന്വേഷണം വേണമെന്ന് പറയുകയില്ല. ജുഡീഷ്യൽ അന്വേഷണം നടത്താമോയെന്ന് ഇപ്പുറത്തിരിക്കുന്ന ഞങ്ങൾ ആവശ്യപ്പെടും. മലബാർ സിമെന്റ്സിലെ നിയമനങ്ങളെക്കുറിച്ച് അന്വേഷണം നടത്താൻ ഞാൻ ഈ നിയമസഭയിൽ ആവശ്യപ്പെട്ടിരുന്നു. അന്ന് അന്വേഷണം നടത്താൻ ആരുമില്ല. ഇപ്പോൾ അന്വേഷണം നടത്താൻ തയ്യാറാണോയെന്ന് ശ്രീ. രാധാകൃഷ്ണൻ ചോദിച്ചു, അത് പ്രായോഗികമല്ല. പ്രതിപക്ഷത്തിരിക്കുമ്പോൾ ജുഡീഷ്യൽ അന്വേഷണം നടത്തണമെന്നും ഭരണപക്ഷത്തിരിക്കുമ്പോൾ ജുഡീഷ്യൽ അന്വേഷണത്തെ വെറുക്കുകയും ചെയ്യുന്ന ആ വിരോധാഭാസം ഈ കേരളത്തെ സംബന്ധിച്ചിടത്തോളം അപകടകരമായ ഒരു അന്തരീക്ഷം സൃഷ്ടിക്കുമെന്ന് ഞാൻ സൂചിപ്പിക്കുകയാണ്. വല്ലാർപ്പാടം കണ്ടെയിനർ എൽ. എൻ. ജി. ഗ്യാസ് ടെർമിനൽ വരുമ്പോഴും കൊച്ചി നമ്മുടെ വ്യവസായ കേരളത്തിൽ വളരെയധികം മുന്നോട്ടുവരികയാണ്. ആ വ്യാവസായിക കേരളത്തിൽ കൊച്ചി വളർന്നുവികസിക്കാൻ തോളോടുതോൾ ചേർന്ന് അത്

LIBRARY ARCHIVES Kerala Legislative Assembly

വികസിപ്പിച്ച് എടുത്തുകൊണ്ട് ഈ രാജ്യത്തിലെ തൊഴിൽ ഇല്ലാത്ത യുവതീയുവാക്കൾക്ക് ജോലി നൽകാനുള്ള ആ കാര്യത്തിന് മുൻപന്തിയിൽ നിന്നുകൊണ്ട്, മമ്മത്കോയ സാഹിബിനെപ്പോലുള്ള വ്യവസായികൾ ഈ രാജ്യത്തിൽ വരണമെന്നും അത് ഈ രാജ്യത്തിന് ആവശ്യമാണെന്നും അഭിമാനത്തോടുകൂടി പറഞ്ഞുകൊണ്ട് ഈ രാജ്യത്ത് വ്യവസായങ്ങൾ വളരട്ടെ അതിൽ രാഷ്ട്രീയം പാടില്ല എന്നു പറയുകയാണ്. തൊഴിൽ എടുക്കാൻ തൊഴിലാളികൾക്ക് അവസരം ഉണ്ടാകട്ടെ എന്ന് ആശംസിച്ചുകൊണ്ട് വ്യവസായ കേരളത്തെ കെട്ടിപ്പടുക്കാൻ നമ്മുടെ വ്യവസായ വകുപ്പുമന്ത്രി ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് വളരെ ആത്മാർത്ഥതയോടുകൂടി, നിഷ്കളങ്കനായി ഒരു മൈതാനപ്രസംഗവും നടത്താതെ ഒരു അഴിമതിയും ചെയ്യാതെ വളരെ ആത്മാർത്ഥതയോടുകൂടി ഈ വകുപ്പ് കൈകാര്യം ചെയ്യുന്ന അദ്ദേഹത്തെ അഭിനന്ദിച്ചുകൊണ്ട് അദ്ദേഹം അവതരിപ്പിച്ച ഈ ധനാഭ്യർത്ഥനയെ ഞാൻ അനുകൂലിച്ചുകൊണ്ട് എന്റെ വാക്കുകൾ നിറുത്തുന്നു.

ശ്രീ. കെ. പി. മോഹനൻ: ഈ ധനാഭ്യർത്ഥനയെ ഞാൻ എതിർക്കുകയാണ്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എല്ലാ മേഖലകളിലും കൂടുതൽ വൻകിട കുത്തകകളെ സഹായിക്കുന്ന രീതിയാണുള്ളത്. ഞാൻ അത് കുറ്റമായിട്ടു പറയുകയല്ല. അവർക്ക് വേണ്ടിയാണല്ലോ ഭരിക്കുന്നത്. വോട്ട് ചെയ്ത് അധികാരത്തിലേറ്റിയ സാധാരണക്കാരായ ലക്ഷക്കണക്കിന് ആളുകളുടെ പരമ്പരാഗത വ്യവസായങ്ങളെക്കുറിച്ച് ഒന്നും ചിന്തിക്കുന്നില്ല. ആ മേഖലയിൽ എന്ത് സഹായമാണ് നൽകുന്നത്. ഐ. റ്റി. മേഖലയെ പ്രോൽസാഹിപ്പിക്കുന്നത് നല്ലതുതന്നെ. അതോടൊപ്പം നാൽപ്പതു ലക്ഷത്തിൽപ്പരം വരുന്ന പരമ്പരാഗത വ്യവസായ മേഖലയിൽ പ്രവർത്തിക്കുന്നവരെ സഹായിക്കണം. കൈത്തറി വ്യവസായം, കയർ വ്യവസായം, ബീഡി വ്യവസായം, ചുരുട്ട് തുടങ്ങിയ വ്യവസായ മേഖലയിലൊന്നുംതന്നെ ഇന്ന് സൗകര്യങ്ങളില്ല. അവരൊക്കെതന്നെ ഇന്ന് പട്ടിണിയിലാണ്. ഹാന്റ്ലൂം മേഖലയെക്കുറിച്ചു ഇവിടെ പറഞ്ഞു. ഹാന്റ്ലൂം മേഖലയിൽ ഇന്ന് കൈത്തറി വസ്ത്രങ്ങൾക്കൊക്കെത്തന്നെ ആഘോഷവേളകളിൽ റിബേറ്റ് നൽകുന്നുണ്ട്. ആ റിബേറ്റ് ഇപ്പോൾ കൃത്യസമയത്ത് നൽകുന്നില്ല. വിഷു അടുത്തു, അതുപോലെ ക്രിസ്തുമസ്, പെരുന്നാൾ, ഓണം ഈ അവസരങ്ങളിലൊക്കെത്തന്നെ വേണ്ട കാര്യങ്ങൾ ചെയ്തുകൊണ്ട് അവരെ സഹായിക്കണം. അവരുടെ ഉൽപ്പന്നങ്ങൾ കെട്ടിക്കിടക്കുകയാണ്. അതൊക്കെ വിറ്റഴിക്കാനുള്ള സൗകര്യങ്ങൾ ചെയ്തുകൊടുക്കണം. തെങ്ങിൽ നിന്നു കിട്ടുന്ന ഇളനീർ, അതുപോലെ തന്നെ

LIBRARY ARCHIVES Kerala Legislative Assembly

തൊണ്ട് അതുപോലെ മറ്റ് അസംസ്കൃത സാധനങ്ങൾ ഉപയോഗിച്ചുകൊണ്ട് ചക്കരചെത്ത്, അത്തരത്തിലുള്ള കാര്യങ്ങൾ നടത്തിക്കൊണ്ട് സാധാരണക്കാരെ സഹായിക്കാൻവേണ്ടി വ്യവസായങ്ങൾക്ക് സൗകര്യം ചെയ്തുകൊടുക്കണം. കൂടുതൽ വരുമാനം സാധാരണക്കാർക്ക് ഉണ്ടാക്കണം. ഈ മേഖലയിൽ ഇന്ന് പട്ടിണിമരണമാണ്. ആത്മഹത്യകൾ വർദ്ധിച്ചിരിക്കുകയാണ്. പൊതുമേഖലാ സ്ഥാപനങ്ങൾ അടച്ചുപൂട്ടുന്നു. ഞാൻ അതിലേയ്ക്കൊന്നും കടക്കുന്നില്ല. ചെറുകിട വ്യവസായങ്ങൾക്കുള്ള സബ്സിഡി നിർത്തലാക്കുകയാണ്. കണ്ണൂർ, കോഴിക്കോട്, മലപ്പുറം, ആലപ്പുഴ ജില്ലകളിൽ സ്ഥാപിച്ചുവരുന്ന വ്യവസായ വളർച്ചാകേന്ദ്രങ്ങൾ വികസിതവ്യവസായ സ്ഥലങ്ങളിൽ സംരംഭകർക്ക് നൽകിവരുന്നുണ്ടെന്ന് ബഹുമാനപ്പെട്ട മന്ത്രി നയരേഖയിൽ പറഞ്ഞിട്ടുണ്ട്. പക്ഷെ കൂത്തുപറമ്പിനടുത്ത് വലിയവെളിച്ചം വ്യവസായ കേന്ദ്രത്തിൽ അത്തരത്തിലുള്ള സൗകര്യങ്ങൾ ഒന്നുമില്ല. അടിസ്ഥാന സൗകര്യങ്ങളൊക്കെ വളരെ മോശമാണ്. ശുദ്ധജലം അതുപോലെതന്നെ വൈദ്യുതി ഈ രംഗങ്ങളിലൊക്കെ കൂടുതൽ സൗകര്യങ്ങൾ ചെയ്തുകൊടുക്കണം. അവിടെ റാൽകോയുടെ സൈക്കിൾ ടയർ ഫാക്ടറിയാണുള്ളത്. ശുദ്ധജലവും വൈദ്യുതിയും ലഭിക്കാത്തതിന്റെ പേരിൽ മറ്റ് കൂടുതൽ ആളുകൾ അവിടെ വരുന്നില്ല. ഇവിടെ ഇൻഡസ്ട്രിയൽ പാർക്കിനെക്കുറിച്ച് പറഞ്ഞിട്ടുണ്ട്. തലശ്ശേരിയിലെ പാലയാട് ഇൻഡസ്ട്രിയൽ പാർക്ക്—തലശ്ശേരിയിലെ ഇൻഡസ്ട്രിയൽ എസ്റ്റേറ്റിന് ഒരു സൗകര്യവുമില്ല—ചുറ്റുമതിലില്ല, ഒരു സെക്യൂരിറ്റിയുമില്ല; ഒരു സംരക്ഷണവുമില്ല. ലോകത്തിലെ ഏറ്റവും മേൽത്തരമായ ജെംപ്ലാസ്റ്റ് പ്ലാസ്റ്റിക് നിർമ്മാണം അവിടെയാണുള്ളത്. അവർ അവിടെനിന്ന് ഒഴിഞ്ഞുപോകാൻ നോക്കുകയാണ്. അവർക്ക് പട്ടയം നൽകിയിട്ടില്ല. അവർക്ക് സൗകര്യം ചെയ്തുകൊടുത്തിട്ടില്ല. അതുപോലെതന്നെ പഞ്ചായത്തുകളിൽ ചെറിയ വ്യവസായപാർക്കുകളുണ്ട്. ആ പാർക്കുകൾക്ക് കൂടുതൽ സൗകര്യം ചെയ്തുകൊടുത്തുകൊണ്ട് പഞ്ചായത്തുകളിൽ സാധാരണക്കാരന് വ്യവസായം തുടങ്ങാനുള്ള സൗകര്യം ചെയ്തുകൊടുക്കണം. മറ്റൊന്നുണ്ട്. ഈ ഗ്രീൻ ചാനലിലൂടെ സൗകര്യം ചെയ്തുകൊടുക്കുന്നുണ്ട്; അവർക്ക് ലൈസൻസും നൽകുന്നുണ്ട്. അതിനുവേണ്ടിയുള്ള അപേക്ഷ വരുമ്പോൾ അത് കൃത്യമായി പരിശോധിക്കാതെ ഏകജാലക സംവിധാനത്തിലൂടെ ഇവർക്ക് അനുമതി കൊടുക്കുന്നുണ്ട്. അത് തെറ്റായ രീതിയാണ്. കണ്ണൂരിലൊക്കെ ധാരാളം കൃത്രിമം നടക്കുന്നുണ്ട്. പൊല്യൂഷൻ കൺട്രോൾ ബോർഡ് ഇതിൽ അഴിമതി നടത്തിക്കൊണ്ടാണ് സൗകര്യങ്ങൾ ചെയ്തുകൊടുക്കുന്നത്. അതൊന്നും നടത്താതിരിക്കാനുള്ള നടപടികൾ ഉണ്ടാകണം. പഞ്ചായത്തുകളിൽ അപേക്ഷ

LIBRARY ARCHIVES Kerala Legislative Assembly

കൊടുത്തുകഴിഞ്ഞാൽ, ആക്ഷേപങ്ങൾ ഉണ്ടാകുകയാണെങ്കിൽ അത് നിരസിക്കുകയാണ് ചെയ്യുന്നത്. നിരസിച്ചുകഴിഞ്ഞാൽ ഗ്രീൻ ചാനലിലൂടെ ഇതിന് സൗകര്യം ചെയ്തുകൊടുക്കുന്നു. അപ്പോൾ പഞ്ചായത്തുമായി ആലോചിക്കാതെ ഈ പൊല്യൂഷൻ കൺട്രോൾ ബോർഡ് അവർക്ക് സൗകര്യം ചെയ്തുകൊടുക്കുന്ന രീതിയാണുള്ളത്. എന്റെ വീടിന്റെ അടുത്ത് ഒരു സ്ഥാപനമുണ്ട്. ഇതുപോലെ തുടങ്ങാൻ പോകുന്നു. അവർക്ക് ഇന്നോ നാളെയോ ലൈസൻസ് കിട്ടുമെന്നാണ് പറയുന്നത്, അവിടെ അവർ ഉപയോഗിക്കുന്ന ആസിഡുകളൊക്കെ ഒരു മീറ്റർ അകലെയുള്ള കിണറ്റിലേക്കാണ് പോകുന്നത്. അതിനുപോലും പൊല്യൂഷൻ കൺട്രോൾ ബോർഡ് ഇവർക്കൊക്കെ സൗകര്യം ചെയ്തുകൊടുക്കുന്ന രീതിയാണ്. അത്തരത്തിലുള്ള ക്രമക്കേടുകൾ ഒഴിവാക്കിക്കൊണ്ട് ഈ സംസ്ഥാനത്ത് നല്ല രീതിയിൽ വ്യവസായങ്ങളെ പ്രോൽസാഹിപ്പിക്കാനുള്ള സൗകര്യങ്ങൾ ചെയ്തുകൊടുക്കണം. ക്രമക്കേടുകൾ ഇല്ലാതിരിക്കണം. അത് നിർബന്ധമാക്കണം. പ്രത്യേകിച്ച് വ്യവസായരംഗത്ത് ഇത്തരത്തിൽ ക്രമക്കേടുകൾ ഉണ്ടായാൽ അത് പൊല്യൂഷൻ കൂടുതലാക്കുമെന്നുള്ള കാര്യത്തിൽ സംശയമില്ല. സാധാരണക്കാരെ സഹായിക്കാൻ വേണ്ടിയുള്ള ഒരുപാട് കാര്യങ്ങൾ ചെയ്തുകൊടുക്കണം. പഞ്ചായത്തിൽ ഇത്തരത്തിലുള്ള വ്യവസായപാർക്കുകൾ സ്ഥാപിക്കാനുള്ള സൗകര്യങ്ങൾ ചെയ്തുകൊടുക്കണം. ഇപ്പോൾ കുടുംബശ്രീ മുഖേനയുള്ള വ്യവസായ പാർക്കുകൾ ഉണ്ട്. അതിന് കൂടുതൽ സൗകര്യങ്ങൾ ചെയ്തുകൊടുക്കണം. സർക്കാരിന്റെ ഭാഗത്തുനിന്നും വ്യവസായ വകുപ്പിൽ നിന്നും ഈ കുടുംബശ്രീ മുഖേനയുള്ള പഞ്ചായത്തിലുള്ള വ്യവസായ പാർക്കുകൾക്ക് കൂടുതൽ സൗകര്യങ്ങൾ ചെയ്തുകൊടുക്കണം. അങ്ങനെ ചെയ്തുകൊടുത്തുകൊണ്ട് മുന്നോട്ടുപോകുന്ന രീതിയല്ല ഈ സർക്കാർ അവലംബിച്ചിരിക്കുന്നത്, ഈ ഡിമാന്റുകളെ ഞാൻ എതിർക്കുകയാണ്.

ശ്രീ. സ്റ്റീഫൻ ജോർജ്: സർ, ബഹുമാന്യനായ വ്യവസായ വകുപ്പുമന്ത്രി അവതരിപ്പിച്ച ധനാഭ്യർത്ഥനയെ ഞാൻ പിൻതാങ്ങുന്നു. Industrialise or perish, വ്യവസായവൽക്കരിക്കുക അല്ലെങ്കിൽ നശിക്കുക എന്ന മുദ്രാവാക്യത്തിന് വർത്തമാന കേരളത്തിലുള്ള പ്രസക്തി മറ്റൊരിടത്തും ഉണ്ടാകുമെന്നു തോന്നുന്നില്ല. 19-ാം നൂറ്റാണ്ടിലെ വ്യവസായ വിപ്ലവത്തിന്റെ അലയൊലികൾ ലോകത്തിന്റെ എല്ലാ മുക്കിലും മൂലയിലും ഗുണകരമായ പരിവർത്തനങ്ങൾക്ക് കാരണമായി. പക്ഷെ ആ സമയത്ത് ഏഷ്യൻകരയിലെ ഇൻഡ്യൻ ഉപഭൂഖണ്ഡത്തിലെ തെക്കേയറ്റത്തെ കേരളത്തിൽ മാത്രം യാതൊന്നും

LIBRARY ARCHIVES Kerala Legislative Assembly

മുൻകാലങ്ങളിൽ സംഭവിച്ചിട്ടില്ല. കേരളം ഒരു ഉപഭോക്തൃസംസ്ഥാനമാണെന്ന് നമുക്കറിയാം. ടൂത്ത്പേസ്റ്റിന്റെ കാര്യത്തിലായാലും സോപ്പിന്റെ കാര്യത്തിലായാലും കേരളത്തിൽ അന്യസംസ്ഥാനത്തെ ഉൽപ്പന്നങ്ങളെയാണ് നാം ആശ്രയിക്കുന്നത്. അന്യസംസ്ഥാനത്തെ സോപ്പ് കമ്പനികൾ പ്രതിവർഷം എത്ര കോടി രൂപയാണ് ഇവിടെനിന്നും കടത്തിക്കൊണ്ടുപോകുന്നത്? അതുപോലെ പേസ്റ്റിട്ട് നാം പല്ലുതേയ്ക്കുമ്പോൾ പുഞ്ചിരി വിരിയുന്നത് അന്യസംസ്ഥാനങ്ങളിലെ ഉൽപ്പാദകരുടെ ചുണ്ടിലാണ്. ഇതെല്ലാം മറ്റ് സംസ്ഥാനങ്ങളിലാണ് ഉൽപ്പാദിപ്പിക്കുന്നത്. കേരളത്തിൽ നിന്ന് ജനങ്ങൾ ജോലി തേടി ഗൾഫിലേക്കും വിദേശ നാടുകളിലേക്കും പോയില്ലായിരുന്നെങ്കിൽ കേരളം സോമാലിയേയോ അല്ലെങ്കിൽ എത്യോപ്യയേയോ വെല്ലുന്ന പട്ടിണി പ്രവിശ്യയായി മാറുമെന്നുള്ള കാര്യത്തിൽ സംശയമില്ല. ഈ യാഥാർത്ഥ്യം മനസ്സിലാക്കണം. കേരളത്തിൽ ഇടതുപക്ഷ മുന്നണി സ്നേഹിതൻമാരോട് എനിക്ക് അഭ്യർത്ഥിക്കാനുള്ളത് ഈ യാഥാർത്ഥ്യം മനസ്സിലാക്കിവേണം നിങ്ങൾ ഹൊറാവോയും, അക്രമ സമരങ്ങളും ഇവിടെ സംഘടിപ്പിക്കാൻ. പശ്ചിമബംഗാൾ സർക്കാർ ചെയ്തതുപോലെ എ. ഡി. ബി.യേയും മറ്റ് അന്താരാഷ്ട്ര സാമ്പത്തിക സ്ഥാപനങ്ങളേയുമൊക്കെ ആശ്രയിച്ച് ഇവിടെ പുതിയ വ്യവസായ സംരംഭങ്ങൾ തീർച്ചയായിട്ടും ആരംഭിക്കാൻ തയ്യാറാകണം. അതിനുള്ള അന്തരീക്ഷം ഉണ്ടാക്കേണ്ടത് എല്ലാപേരുംകൂടിയാണ്. ആ അന്തരീക്ഷം നശിപ്പിക്കുന്നത് ഇന്ന് കേരളത്തിന്റെ ശാപമായി മാറിയിട്ടുണ്ട്. പക്ഷെ ഭൂമിശാസ്ത്രപരമായി ഏറ്റവും അനുകൂലമായ അവസ്ഥയാണ് കേരളത്തിലുള്ളത്. നമ്മുടെ എല്ലാ നഗരങ്ങളും പോർട്ട് സിറ്റിയിലാണ്. വിഴിഞ്ഞം, കൊച്ചി, കോഴിക്കോട് തുടങ്ങിയ ഹാർബറുകൾ ഉണ്ട്, ഭൂമിശാസ്ത്രപരമായി വ്യവസായത്തിന് അനുകൂലമായ സാഹചര്യം കഴിഞ്ഞ അരനൂറ്റാണ്ടായി നമ്മുടെ കേരള സംസ്ഥാനത്ത് ഉപയോഗപ്പെടുത്താൻ കഴിഞ്ഞിട്ടില്ല. പക്ഷെ ഈ ഐക്യജനാധിപത്യ മുന്നണി ഗവൺമെന്റ് ബഹുമാന്യനായ കുഞ്ഞാലിക്കുട്ടിസാഹിബും അതുപോലെ ഇപ്പോഴത്തെ മന്ത്രി ശ്രീ. ഇബ്രാഹിം കുഞ്ഞും, എല്ലാം വളരെ ഭാവനാ സമ്പന്നമായി ചിന്തിച്ചതിന്റെ ഫലമായി പോർട്ടുകളെയെല്ലാം ഉപയോഗപ്പെടുത്തി വൻ വ്യവസായങ്ങൾ ആരംഭിക്കാനുള്ള സംരംഭം കേരളത്തിൽ ആരംഭിച്ചു എന്നുള്ളത് ഏറ്റവും ശ്രദ്ധേയമാണ്. കൊച്ചി തുറമുഖാധിഷ്ഠിതമായ പ്രത്യേക സാമ്പത്തിക മേഖലയായി പ്രഖ്യാപിച്ചതിന്റെ ഫലമായി കോടിക്കണക്കിന് രൂപ ഇൻവെസ്റ്റ് ചെയ്യുന്ന സാഹചര്യം ഇവിടെ ഉണ്ടായിരിക്കുകയാണ്. കൊച്ചിയിലെ അന്താരാഷ്ട്ര കണ്ടെയ്നർ ട്രാൻസ്ഷിപ്മെന്റ്

LIBRARY ARCHIVES Kerala Legislative Assembly

ടെർമിനൽ പ്രധാനമന്ത്രി വന്നാണ് തറക്കല്ലിട്ടത്. ബി. ഒ. ടി. അടിസ്ഥാനത്തിൽ ദുബായ് പോർട്ട് ഇന്റർനാഷണലിന് ഏകദേശം 2118 കോടി രൂപ മുതൽ മുടക്കാൻ വേണ്ടി തീരുമാനിച്ചിരിക്കുകയാണ്. നമ്മളെ സംബന്ധിച്ചിടത്തോളം യൂറോപ്പിലേക്കുള്ള യാത്രയുടെ ദൂരം 8 ദിവസം ലാഭകരമാകും. ഈ പ്രസ്ഥാനം 2008-ഓടുകൂടി പൂർത്തീകരിച്ചുവന്നാൽ പെട്രോനെറ്റ് എൽ. എൻ. ജി. എന്ന കേന്ദ്ര പൊതുമേഖലാ സ്ഥാപനമാണ് 2300 കോടി രൂപ മുതൽ മുടക്കി ആരംഭിക്കാൻ വേണ്ടി പോകുന്നു. ഇത്രയും വലിയ ഇൻവെസ്റ്റ്മെന്റ് കേരളത്തിൽ വിദേശകമ്പനികൾ നടത്താൻ ആവശ്യമായ സാഹചര്യം ഉണ്ടായത് ഐക്യജനാധിപത്യമുന്നണി ഗവണ്മെന്റ് കേരളത്തിൽ ഭരിക്കുന്നതുകൊണ്ടും ക്രിയാത്മകമായ ദീർഘവീക്ഷണത്തോടെയുള്ള സമീപനം സ്വീകരിച്ചതുകൊണ്ടുമാണ്. നമുക്ക് അനന്തമായ സാദ്ധ്യതകളുള്ള മേഖലയാണ് I.T. Enabling Service. ബോംബെ, ചെന്നൈ, ഡൽഹി മേഖലകളിലൊക്കെ ഉള്ളതുപോലെ കൊച്ചിയിലും Under Sea Cable Land ഉള്ളതുകൊണ്ട്, ഏറെ സാദ്ധ്യതയുള്ള മേഖലയാണ്, പതിനായിരക്കണക്കിന് ആളുകൾക്ക് ജോലി കൊടുക്കാൻ കഴിയും. ജനറൽ ഇലക്ട്രിക്കൽസ് പോലെയുള്ള യു. എസ്. കമ്പനികൾ ഡൽഹിയിലെ ഗുർഗാമിൽ ബിസിനസ് പ്രോസസ്സ് ഔട്സോഴ്സെന്ന് പറയുന്ന കോൾ സെന്റർ ആരംഭിച്ചിട്ടുണ്ട്. അവിടെ ആയിരക്കണക്കിന് ചെറുപ്പക്കാർ ജോലി ചെയ്യുന്നുണ്ട്. അതുപോലെ ഹൈദ്രാബാദിൽ ആരംഭിച്ചിട്ടുണ്ട്. മൂവായിരം ജോലിക്കാർ തൊഴിൽ ചെയ്യുന്നുണ്ട്. കേരളത്തിൽ ഇത് ആരംഭിക്കാൻ വേണ്ടി ശ്രമം നടത്തി. അതു മാത്രമല്ല, മറ്റൊരു കമ്പനി, വിപ്രോ സ്പെക്ട്രാമൈൻഡും ഇവിടെ ആരംഭിക്കുന്നതിനുള്ള ശ്രമം നടത്തി. കോൾ സെന്ററിനുണ്ടായ ബുദ്ധിമുട്ട്, ക്യാമ്പസുകളിൽ ഇന്റർവ്യൂ ചെയ്തപ്പോൾ ഭാഷാപരമായ പ്രശ്നം അവരെ ബുദ്ധിമുട്ടിലാക്കി. കേരളത്തിൽ വ്യവസായം ആരംഭിക്കണമോയെന്നതിനെക്കുറിച്ച് സംശയിച്ച് നിൽക്കുന്ന സന്ദർഭമാണുള്ളത്. നമ്മുടെ നാടൻഭാഷയിൽ വിദ്യാർത്ഥികൾ മംഗ്ലീഷാണ്. ഐ. ടി. ഭാഷയിൽ മല്ലു എന്നാണ് മലയാളികളെ വിളിക്കുന്നത്. മല്ലു സ്ലാംഗ് മാറ്റാതെ കേരളത്തിലെ ചെറുപ്പക്കാരെക്കൊണ്ട്, ഐ.ടി. പഠിച്ച ആളുകളെക്കൊണ്ട് ജോലി ചെയ്യിക്കാൻ കഴിയുന്നില്ല. ആ പ്രായോഗികമായ ബുദ്ധിമുട്ട് വളരെ വലുതായി നാം അനുഭവിച്ചുകൊണ്ടിരിക്കുകയാണ്. നമ്മുടെ വിദ്യാഭ്യാസ മേഖലയിൽ, ഇംഗ്ലീഷ് വിദ്യാഭ്യാസ രംഗത്ത് അടിസ്ഥാനപരമായ മാറ്റമുണ്ടാക്കിയാൽ മാത്രമേ ഇന്ന് കേരളം നേരിടുന്ന തൊഴിൽ പ്രശ്നത്തിന് ശാശ്വത പരിഹാരം ഉണ്ടാക്കാൻ കഴിയൂ. ഈ രംഗത്ത് കാൾ സെന്റേഴ്സ് ആരംഭിക്കാൻ ആവശ്യമായത് Plug and Play Built up Area -യാണ്. ബോംബെ, ഡൽഹി പോലെയുള്ള പ്രദേശങ്ങളുമായി താരതമ്യം

LIBRARY ARCHIVES Kerala Legislative Assembly

ചെയ്യുമ്പോൾ അവിടെ സ്ക്വയർ ഫീറ്റിന് അറുപതുരൂപയ്ക്ക് Plug and Play Built up ചെയ്യാൻ കിട്ടുമെങ്കിൽ കൊച്ചിയിൽ ഇരുപത് രൂപയ്ക്ക് കൊടുക്കാൻ കഴിയും. ഇത്രയും ലാഭകരമായി കമ്പനികൾ പ്രവർത്തിക്കാൻ മറ്റൊരു മേഖലയിലും കഴിയില്ല. അതുപോലെ പവർ, വാട്ടർ സപ്ലൈ ഇവയെല്ലാം ചെലവ് കുറഞ്ഞ രീതിയിൽ മറ്റു പ്രദേശങ്ങളുമായി ബന്ധപ്പെടുത്തി നോക്കുമ്പോൾ കൊടുക്കാൻ കഴിയുന്ന സാഹചര്യമെല്ലാമുണ്ടായിട്ടും അതുപയോഗിക്കാൻ നമുക്ക് കഴിയുന്നില്ല എന്നതിനെ ഏറ്റവും ശ്രദ്ധേയമായി ഞാൻ കാണുകയാണ്. ഈ രംഗത്ത് വലിയ മാറ്റമുണ്ടാക്കാൻ ബഹുമാനപ്പെട്ട മന്ത്രി പ്രത്യേക താൽപര്യം എടുത്ത് നടപടികൾ സ്വീകരിക്കണമെന്നാണ് എനിക്കഭ്യർത്ഥിക്കാനുള്ളത്. ഐക്യജനാധിപത്യമുന്നണി ഗവണ്മെന്റാണ് ഒരു വ്യവസായ നയം 2003-ൽ കേരളത്തിൽ ഉണ്ടാക്കിയത്. കേരളത്തിൽ വ്യവസായനയം രൂപീകരിച്ചതുകൊണ്ട് ധാരാളം ആളുകളേയും, വിദേശ കമ്പനികളേയും കേരളത്തിൽ ഇൻവെസ്റ്റ് ചെയ്യാൻ അനുകൂലമായ സാഹചര്യം നമുക്ക് നേടിയെടുക്കാൻ കഴിഞ്ഞിട്ടുണ്ട്. ഒരു കാലഘട്ടത്തിലും ഉണ്ടാകാത്ത വലിയ ഇൻവെസ്റ്റ്മെന്റ് കേരളത്തിൽ യു. ഡി.എഫ്.-ന്റെ കാലത്തുണ്ടായിട്ടുണ്ട് എന്നുള്ളത് ശ്രദ്ധേയമാണ്. എനിക്ക് പ്രതിപക്ഷാംഗങ്ങളോട് അഭ്യർത്ഥിക്കാനുള്ളത്, യൂണിയൻ പ്രവർത്തന ശൈലിയിൽ മാറ്റം വരുത്തണം. ജപ്പാനിലാണെങ്കിൽ യൂണിയൻ തൊഴിലാളികൾ സമരം ചെയ്യുന്നത് കൂടുതൽ ജോലി ചെയ്തുകൊണ്ടാണ്. ഇവിടെ സ്വയം തൊഴിൽ ചെയ്യുന്ന സ്ഥാപനംപോലും തല്ലിത്തകർത്ത് സമരം ചെയ്യുന്ന രാഷ്ട്രീയ സംസ്കാരം കേരളത്തിലുണ്ട്. അതുകൊണ്ടാണ് പലപ്പോഴും വിദേശ കമ്പനികൾ കേരളത്തിൽ വരാൻ മടിക്കുന്നത്. 1967-ൽ ഇ.എം.എസ്. മുഖ്യമന്ത്രിയായിരുന്ന മന്ത്രിസഭയിലെ വ്യവസായ വകുപ്പുമന്ത്രിയായിരുന്ന ടി. വി. തോമസിനെ വ്യവസായം കേരളത്തിലേയ്ക്ക് കൊണ്ടുവരുന്നതിനുവേണ്ടി ജപ്പാനിലേക്കയച്ചു. ആ കാലഘട്ടത്തിൽ അതിനെ ശക്തമായിട്ടെതിർത്തത് സി. പി. എം. ആയിരുന്നു. സി.പി.എം.-ന്റെ അന്നുമുതലുള്ള സമീപനം, കേരളത്തെ സംബന്ധിച്ച് ഇത്തരം വ്യവസായങ്ങൾ കേരളത്തിൽ വരാതിരിക്കാൻവേണ്ടിയുള്ള അന്തരീക്ഷം ഉണ്ടാക്കുക എന്ന ഉദ്ദേശത്തോടുകൂടിയുള്ള സമീപനമാണ് സി.പി.എം. എല്ലാക്കാലത്തും എടുത്തിട്ടുള്ളത്. ഈ നയംമൂലമാണ് കേരളം വ്യാവസായിക രംഗത്ത് കഴിഞ്ഞ കാലങ്ങളിൽ മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് പുറകോട്ടുപോയത്. ഇപ്പോഴാണ് അതിന് മാറ്റം വന്നിരിക്കുന്നത്. ബഹുമാനപ്പെട്ട മന്ത്രിയുടെ ദീർഘവീക്ഷണത്തോടുകൂടിയുള്ള സമീപനം ഈ രംഗത്ത് മാറ്റം വരുത്താൻ കാരണമായെന്ന് ഞാൻ കരുതുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

X. അറിയിപ്പ്

രാജ്യസഭാ ഉപാദ്ധ്യക്ഷൻ വി. ഐ. പി. ഗ്യാലറിയിൽ സന്നിഹിതനായത് സംബന്ധിച്ച്

മി. സ്പീക്കർ: രാജ്യസഭാ ഡെപ്യൂട്ടി ചെയർമാൻ ശ്രീ. കെ. റഹ്മാൻഖാൻ വിശിഷ്ടാതിഥികളുടെ ഗ്യാലറിയിൽ സന്നിഹിതനായിരിക്കുന്നു. Welcome to the Deputy Chairman of Rajya Sabha.

(രാജ്യസഭാ ഡെപ്യൂട്ടി ചെയർമാൻ സഭയെ വന്ദിച്ചു)

ധനകാര്യം *(തുടർച്ച)*

ശ്രീ. സ്റ്റീഫൻ ജോർജ് (തുടർച്ച): കേരളത്തിന്റെ വ്യാവസായിക ഉൽപാദനത്തിന്റെ ഉൽപാദക സൂചകം എൽ.ഡി.എഫ്. ഭരണകാലത്ത് 267.35 ആയി മുതലക്കുപ്പ് കുത്തിയത് യു.ഡി.എഫ്. ഭരണസമയത്ത് ആകമാനം മാറ്റമുണ്ടായി. വ്യവസായ ഉൽപാദക സൂചകം 302.29 ആയി വർദ്ധനവുണ്ടായി. അതൊരു വലിയ മാറ്റമാണ്. കേരളത്തിൽ 2003-2004 വർഷത്തിൽ വ്യാവസായികോൽപ്പന്ന കയറ്റുമതിയിൽ 9 ശതമാനം വർദ്ധനവുണ്ടാക്കാൻ കഴിഞ്ഞു. കേരളത്തിൽ അടിസ്ഥാനപരമായിട്ടുള്ള മാറ്റമാണ് വ്യാവസായിക രംഗത്തും കയറ്റുമതി രംഗത്തും കാണുന്ന വർദ്ധനവ് സൂചിപ്പിക്കുന്നതെന്നാണ് എനിക്ക് ഇത്തരുണത്തിൽ സൂചിപ്പിക്കാനുള്ളത്. 2004-ലെ എക്കണോമിക് റിവ്യൂവിൽ പറയുന്നത്, 2002-2003-ൽ പ്രവർത്തനരഹിതമായ ഫാക്ടറികളുടെ എണ്ണത്തിൽ വർദ്ധനവുണ്ടായി. 2002-ൽ ഏതാണ്ട് 18262 ഫാക്ടറികൾ ഉണ്ടായിരുന്നെങ്കിൽ 2003-ൽ അത് 18376 ആയി വർദ്ധിച്ചു. 2002-ൽ ആകെ ഫാക്ടറി തൊഴിലാളികളുടെ എണ്ണം 408813 ആയിരുന്നത് 2003 ആയപ്പോൾ 511749 ആയി വർദ്ധിച്ചു. ഇത് ഐക്യജനാധിപത്യ മുന്നണി ഗവണ്മെന്റിന്റെ ഭരണത്തിൻ കീഴിൽ വ്യാവസായിക രംഗത്തുണ്ടായ വർദ്ധനവായിട്ട് ഇതിനെ കണ്ടെത്താൻ കഴിയും എന്നതാണ് എനിക്ക് ഈ സന്ദർഭത്തിൽ സൂചിപ്പിക്കാനുള്ളത്. അതേ സമയം ഇടതുപക്ഷമുന്നണി കേരളം ഭരിച്ചിരുന്ന സമയത്ത് ഈ രംഗത്ത് നെഗറ്റീവ് ഗ്രോത്തായിരുന്നു എന്നത് ശ്രദ്ധിക്കണം. ഇടതുപക്ഷ ഗവണ്മെന്റിന്റെ കാലത്ത് തൊഴിലാളികളുടെ എണ്ണത്തിന്റെ കാര്യത്തിലും ഫാക്ടറികളുടെ പ്രവർത്തനക്ഷമതയുടെ കാര്യത്തിലും നെഗറ്റീവ് ഗ്രോത്തായിരുന്നു. അതുപോലെതന്നെ വ്യാവസായിക തർക്കങ്ങളിൽ ഗണ്യമായ മാറ്റമുണ്ടായി. 1999-ൽ പണിശാലകളിലെ പണിമുടക്കുകളുടെ എണ്ണം 540 ആയിരുന്നെങ്കിൽ 2003 ആയപ്പോൾ വളരെ വ്യതിയാനമുണ്ടായി. 244 ആയി കുറയ്ക്കാൻ കഴിഞ്ഞു. ഈ രംഗത്തുണ്ടായിട്ടുള്ളമാറ്റം തീർച്ചയായും ഗവണ്മെന്റെടുത്തിട്ടുള്ള നിശ്ചയദാർഢ്യത്തോടെയുള്ള

LIBRARY ARCHIVES Kerala Legislative Assembly

സമീപനംകൊണ്ടു മാത്രമാണ്. വി. കെ. സി.-യുടെ കാര്യം പറഞ്ഞു. അദ്ദേഹത്തിന്റെ കമ്പനി ലാഭകരമായി ഭംഗിയായി മുന്നോട്ടുപോകാൻ കാരണം ഈ ഗവണ്മെന്റ് ഭരിച്ചതുകൊണ്ടാണ്. അത് ബുദ്ധിമുട്ടില്ലാതെ ഭംഗിയായി മുന്നോട്ടു കൊണ്ടുപോകാൻ കഴിഞ്ഞത് ഏറ്റവും ശ്രദ്ധേയമായ കാര്യമായി ഞാൻ കരുതുകയാണ്. കൊച്ചിയിലെ നിർദ്ദിഷ്ട ഇലക്ട്രോണിക് പാർക്ക്, മലപ്പുറത്തെ ഫുഡ് പ്രോസസ്സിംഗ് ഇൻഡസ്ട്രി ഇതൊക്കെ കേരളത്തിലെ വ്യാവസായിക മേഖലയിൽ മാറ്റത്തിന് തുടക്കം കുറിച്ചിട്ടുള്ള കാര്യങ്ങളാണ്. 'ടൗൺസ് ഓഫ് എക്സലൻസ്' പദ്ധതി പ്രകാരം പട്ടണങ്ങളിലെ വ്യവസായങ്ങളെ പുനരുദ്ധരിപ്പിക്കാനും പുതിയ പുതിയ വ്യവസായങ്ങൾ കൊണ്ടുവരാനും വ്യാവസായിക മേഖലയെ ആകെ മാറ്റാനുമുള്ള ഗവണ്മെന്റ് തീരുമാനത്തിൽ ബഹുമാനപ്പെട്ട മന്ത്രിയെ അനുമോദിക്കാൻ ഞാൻ ഈ അവസരം വിനിയോഗിക്കുകയാണ്. കേരളത്തിലെ എല്ലാ ജില്ലകളിലും കിൻഫ്രയുടെ ആഭിമുഖ്യത്തിൽ വ്യവസായ പാർക്കുകൾ ആരംഭിക്കുമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും വ്യവസായ വകുപ്പുമന്ത്രിയും പ്രഖ്യാപിക്കുകയുണ്ടായി. എന്റെ നിയോജകമണ്ഡലത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി പ്രഖ്യാപനം നടത്തിയിട്ടുണ്ട്. കോട്ടയം ജില്ലയിൽ കിൻഫ്രയുടെ ആഭിമുഖ്യത്തിലുള്ള വ്യാവസായിക പാർക്ക് കിടങ്ങൂരിലാണ് പ്രൊപ്പോസ് ചെയ്തിട്ടുള്ളത്. അതിനാവശ്യമായ ഏക്കറുകണക്കിന് സ്ഥലം നൽകാൻ, അവിടത്തെ ആളുകൾ തയ്യാറായി നിൽക്കുകയാണ്. അതുകൊണ്ട് ദയവായി അങ്ങ് താൽപര്യം കാണിച്ച് കോട്ടയം ജില്ലയിലെ കിടങ്ങൂരിൽ അത് നടപ്പിലാക്കിത്തരാൻ നടപടികൾ സ്വീകരിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. കേരളത്തിനുവേണ്ടി Confederation of Indian Industries 2002-ൽ നടത്തിയ സ്റ്റഡി റിപ്പോർട്ട് എന്റെ പക്കലുണ്ട്. അതിൽ പറയുന്നത് Kerala offers numerous advantages to investors, a study conducted by Confederation of Indian Industries among 20 large States in India on the activeness of the States in attracting investments, rating Kerala as third best among the countries in overall ranking എന്നാണ്. വളരെ ശ്രദ്ധേയമായ കണക്കാണ് ഇവിടെ സൂചിപ്പിച്ചിട്ടുള്ളത്. 20 സംസ്ഥാനങ്ങളിൽ നടത്തിയ പഠനത്തിൽ ലാ ആന്റ് ഓർഡറിന്റെ കാര്യത്തിൽ കേരളം മുൻപന്തിയിലാണ്. ആകെ ബുദ്ധിമുട്ടുള്ള കാര്യം ഇൻവെസ്റ്റ്മെന്റ് ക്ലൈമറ്റാണ്. അതിനുകാരണം ഇടതുപക്ഷ മുന്നണിയുടെ അശാസ്ത്രീയമായ സമരമാണ്. കേരളത്തെ സംബന്ധിച്ചിടത്തോളം വ്യവസായ രംഗത്തെ സഹായിക്കാൻ നിങ്ങൾക്ക് കഴിയുന്ന കാര്യം നിർദ്ദേശിക്കാനുള്ളത്, ബഹുമാനപ്പെട്ട ഹൈക്കോടതി നിർദ്ദേശപ്രകാരം സമരവും ഹർത്താലും അവസാനിപ്പിക്കാൻ തയ്യാറായാൽ വൻ വ്യവസായികളെ കേരളത്തിൽ വരുത്തി ഇൻവെസ്റ്റുമെന്റ് നടത്തി അതിലൂടെ വലിയ മാറ്റം കേരളത്തിൽ അത് സംബന്ധിച്ച്

LIBRARY ARCHIVES Kerala Legislative Assembly

ഉണ്ടാക്കാനും സാധിക്കുമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. കേരളത്തിലെ മറ്റെല്ലാ മേഖലയിലും 2002-ലെ പഠനം വളരെ പ്രധാനപ്പെട്ടതാണ്. ലാ ആന്റ് ഓർഡറിന്റെ കാര്യത്തിൽ ഞാൻ മുമ്പ് സൂചിപ്പിച്ചതുപോലെ ഒന്നാമത് എഡ്യൂക്കേഷൻ ആന്റ് ഹെൽത്ത് എക്സ്പെന്റിച്ചറിന്റെ കാര്യത്തിൽ നാം ഒന്നാമതാണ്. സോഷ്യൽ സെക്ടറിൽ രണ്ടാമതാണ്. ഇൻഫ്രാസ്ട്രക്ചർ പെനിട്രേഷന്റെ കാര്യത്തിൽ അഞ്ചാമതാണ്. ഇൻവെസ്റ്റ്മെന്റ് അട്രാക്ടീവ്നസിന്റെ കാര്യത്തിൽ അഞ്ചാമതാണ്. ജനറൽ അചീവ്മെന്റിന്റെ കാര്യത്തിൽ ആറാമത്. ലേബറിൽ എട്ടാമത്. 20 സംസ്ഥാനങ്ങളിൽവച്ച് നമ്മൾ വളരെയേറെ ശ്രദ്ധേയമായ നിലയാണ് കേരളത്തിന് ഉള്ളത്. വ്യവസായ രംഗത്ത് കേരളത്തിന് വളരാൻ അനന്തമായ സാദ്ധ്യതകളുണ്ട്. ഇതുപയോഗപ്പെടുത്തി രാഷ്ട്രീയ കക്ഷികളുടെ കൺസെൻസസിൽക്കൂടി മുന്നോട്ടു പോയാൽ അനാവശ്യ സമരം ഒഴിവാക്കി വിദേശ കമ്പനികളെ കൊണ്ടുവരാൻ ആവശ്യമായ സാഹചര്യം ഉണ്ടാക്കാനും കഴിയും. കോടിക്കണക്കിന് രൂപയുടെ ഇൻവെസ്റ്റുമെന്റ് ഇവിടെ വരുത്താനും കഴിയും. ഇന്ന് നാം അഭിമുഖീകരിക്കുന്ന ചെറുപ്പക്കാരുടെ തൊഴിലില്ലായ്മ പ്രശ്നത്തിന് ഒരു പരിഹാരം ഉണ്ടാക്കാൻ കഴിയുന്ന സാഹചര്യമുണ്ടാകും. അതുകൊണ്ട് ഭാവനാത്കമായി മുന്നോട്ടു പോകുന്ന വ്യവസായ വകുപ്പുമന്ത്രിയെ ഒരിക്കൽക്കൂടി അനുമോദിച്ചുകൊണ്ട് ഈ ധനാഭ്യർത്ഥനകളെ ഞാൻ പിൻതാങ്ങുന്നു.

[ചെയറിൽ ശ്രീ. പി. കെ. കെ. ബാവ]

ശ്രീ. എ. എ. അസീസ്: സർ, ഞാൻ ഈ ധനാഭ്യർത്ഥനയെ എതിർക്കുകയാണ്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം പ്രഖ്യാപനങ്ങൾ നടത്തിയതല്ലാതെ ആ പ്രഖ്യാപനങ്ങളൊന്നും പ്രവൃത്തിയിൽ വരുത്തിയിട്ടില്ല. ഏറ്റവും കൂടുതൽ തൊഴിലവസരം നൽകുന്നതും തൊഴിലാളികൾ പണിയെടുക്കുന്നതുമായ പരമ്പരാഗത വ്യവസായമേഖലയിലെ കശുവണ്ടി, കയർ, കൈത്തറി, കരകൗശലം, ബീഡി, ഖാദി എന്നീ മേഖലകളിലെ തൊഴിലാളികൾ വിവിധങ്ങളായിട്ടുള്ള പ്രശ്നങ്ങളെ അഭിമുഖീകരിക്കുകയാണ്. എല്ലാ മേഖലകളിലും പ്രതിസന്ധിയാണ്. മുൻ ബഡ്ജറ്റുകളിലും നയപ്രഖ്യാപനങ്ങളിലും ഒട്ടേറെ കാര്യങ്ങൾ പറഞ്ഞിരുന്നു. പരമ്പരാഗത വ്യവസായമേഖലയുടെ സംരക്ഷണത്തിനുവേണ്ടി ഫണ്ട് സ്വരൂപിക്കുമെന്നാണ് ആദ്യബഡ്ജറ്റിൽ പറഞ്ഞത്. രണ്ടാമത്തെ ബഡ്ജറ്റിൽ പരമ്പരാഗത വ്യവസായങ്ങളെ സംരക്ഷിക്കുവാൻ മറ്റ് ചില പദ്ധതികൾ പറഞ്ഞു. ഒരു കാര്യവും ഈ നാല് കൊല്ലമാകുന്നതിനിടയിൽ ഈ ഗവൺമെന്റിന് ചെയ്യാൻ കഴിഞ്ഞിട്ടില്ല. ഇപ്പോഴത്തെ നയപ്രഖ്യാപനത്തിൽ നമ്മുടെ ഗവർണ്ണറെക്കൊണ്ട് പറയിപ്പിച്ച കാര്യം ഞാനൊന്ന്

LIBRARY ARCHIVES Kerala Legislative Assembly

ഓർമ്മപ്പെടുത്തുകയാണ്. "നമ്മുടെ ജനസംഖ്യയിൽ ഒരു വലിയ ശതമാനത്തിന്റെ ഉപജീവനത്തിന് അവലംബമായ പരമ്പരാഗത വ്യവസായങ്ങളുടെ വികസനത്തിന് എന്റെ സർക്കാർ പ്രതിജ്ഞാബദ്ധമാണ്. കേന്ദ്രത്തിൽ തുല്യ പ്രതിബദ്ധത യോടുകൂടിയ യു.പി.എ. സർക്കാർ അധികാരത്തിലുള്ളതുകൊണ്ട്, പദ്ധതികളുടെ ഏകോപനത്തിലൂടെയും നിലവിലുള്ള പദ്ധതികളുടെ മുൻഗണനാ പുനഃക്രമീകരണത്തിലൂടെയും പുതിയ പദ്ധതികൾ നടപ്പിലാക്കുന്നതിലൂടെയും ഈ മേഖലയിൽ ഒരു സമൂലമായ മാറ്റം വരുമെന്ന് എന്റെ സർക്കാരിന് ഉറച്ചവിശ്വാസമാണ്. കയർ, കശുവണ്ടി, ഖാദി, കൈത്തറി, കരകൗശലം അതുപോലെയുള്ള മറ്റ് പരമ്പരാഗത മേഖലകളിലും എന്റെ സഹോദരങ്ങൾക്ക് സമീപഭാവിയിൽ ശോഭനമായ ദിനങ്ങളുണ്ടാകുമെന്ന് എനിക്ക് ഉറപ്പുണ്ട്." എന്ത് ശോഭനമായ ഭാവിയാണ് ഈ നാല് കൊല്ലത്തിനിടയ്ക്ക് യു.ഡി.എഫ്. സർക്കാർ ഈ പാവങ്ങൾക്ക് വേണ്ടി നൽകാൻ കഴിഞ്ഞതെന്ന് ബഹുമാന്യനായ വ്യവസായ വകുപ്പുമന്ത്രി മറുപടി പറയുമ്പോഴെങ്കിലും ഒന്ന് പറഞ്ഞാൽ കൊള്ളാം. അതുപോലെതന്നെ മറ്റൊരു കാര്യം, പൊതുമേഖലാ സ്ഥാപനങ്ങളെ സംബന്ധിച്ച് ഗവർണ്ണറെക്കൊണ്ട് പറയിപ്പിച്ചത്, പൊതുമേഖലാ സ്ഥാപനങ്ങളെ സംബന്ധിച്ച് അദ്ദേഹം പറഞ്ഞ കാര്യം ഞാൻ നിങ്ങളുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. "പൊതുമേഖലാ സ്ഥാപനങ്ങൾ പുനഃസംഘടിപ്പിക്കുന്നതിനും പുനരവലോകനം ചെയ്യുന്നതിനുംവേണ്ടി ഒരു മന്ത്രിസഭാ ഉപസമിതി ഏർപ്പെടുത്തിയിട്ടുള്ളത് പരിഗണിച്ചുകൊണ്ട് ഇ.ആർ.സി.യുടെ പ്രവർത്തനം നിർത്തിവയ്ക്കുന്നതിനും പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ നടത്തികൊണ്ടുപോകുന്നതിന് ആവശ്യമായ ഫണ്ട് നൽകുന്നതിനും എന്റെ സർക്കാർ തീരുമാനിക്കുകയുണ്ടായി." അങ്ങനെ ആ പൊതുമേഖലാ സ്ഥാപനങ്ങളുടെ പുനരുദ്ധാരണത്തിന് വേണ്ടി ഏതെല്ലാം സ്ഥാപനങ്ങൾക്കാണ് ഫണ്ട് നൽകിയതെന്ന് പറഞ്ഞാൽ കൊള്ളാം. മദ്ധ്യതിരുവിതാംകൂറിലെ പ്രമുഖമായ ഒരു വ്യവസായമാണ് കശുവണ്ടി വ്യവസായം. കശുവണ്ടി വ്യവസായം കൈകാര്യം ചെയ്തിട്ടുള്ള നിരവധിയാളുകൾ ഈ മന്ത്രിസഭയിൽ തന്നെയുണ്ട്. ബഹുമാന്യയായ, ആദരണീയയായ ഗൗരിയമ്മ കൈകാര്യം ചെയ്ത ഒരു വകുപ്പാണ് കശുവണ്ടി വ്യവസായം. ശ്രീമാൻ കുഞ്ഞാലിക്കുട്ടി, യശശ്ശരീരനായ ടി. വി. തോമസ്, യശശ്ശരീരനായ പി. എസ്. ശ്രീനിവാസൻ എന്നിവർ കൈകാര്യം ചെയ്ത ഒരു വകുപ്പാണ്. കശുവണ്ടി എന്നുപറയുമ്പോൾ രണ്ടര ലക്ഷം തൊഴിലാളികളുടെ ഉപജീവനമാർഗ്ഗവും നമ്മുടെ രാജ്യത്തിന് വിദേശനാണ്യം ലഭിക്കുന്നതുമായ ഒരു വ്യവസായമാണ്. ഇന്നിപ്പോൾ കുടുംബശ്രീ യൂണിറ്റുകൾ വഴി സ്ത്രീകൾക്ക് തൊഴിൽ കണ്ടെത്തുവാനുള്ള ശ്രമം നടത്തുമ്പോൾ 95% സ്ത്രീകൾ പണിയെടുക്കുന്ന ഒരു വ്യവസായമാണിത്. കശുവണ്ടി വ്യവസായമേഖലയിലും അതുപോലെതന്നെ കയർ, കൈത്തറി മേഖലയിലും പരമ്പരാഗത വ്യവസായമേഖലയിൽ പണിയെടുക്കുന്നവരിൽ 40%-വും ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവരാണ്. ദാരിദ്ര്യരേഖയ്ക്ക് താഴെ എന്നുപറഞ്ഞാൽ ബി.പി.എൽ. ആരാണ് ബി.പി.എൽ? ഈ പരമ്പരാഗത വ്യവസായമേഖലകളിൽ

LIBRARY ARCHIVES Kerala Legislative Assembly

പണിയെടുക്കുന്നവരാണ് ഈ ബി.പി.എൽ. വിഭാഗം. ബി.പി.എൽ. വിഭാഗക്കാരായിട്ടുള്ള പരമ്പരാഗത തൊഴിലാളികളെ സമുദ്ധരിക്കുവാൻ, അവരെ എ.പി.എൽ. വിഭാഗത്തിലേക്ക് ഉയർത്തികൊണ്ടുവരുവാൻ എന്ത് നടപടികളാണ് ഈ പ്രഖ്യാപനങ്ങളല്ലാതെ നടത്തിയിട്ടുള്ളത്? ധാരാളം പ്രഖ്യാപനങ്ങൾ ഈ ഗവൺമെന്റിന്റെ കാലഘട്ടത്തിൽ നടന്നിട്ടുണ്ടെങ്കിലും എന്തെങ്കിലും കൊടുക്കാൻ നിങ്ങൾക്ക് കഴിഞ്ഞിട്ടുണ്ടോ? നിങ്ങൾ പറഞ്ഞു, കശുവണ്ടി വികസന കോർപ്പറേഷൻ 107 കോടി രൂപ കൊടുത്ത് ഞങ്ങൾ ഏറ്റെടുത്തു എന്നാണ്. എവിടെ ഏറ്റെടുത്തു? നിങ്ങൾ ഏറ്റെടുത്തതിന്റ കണക്കുകൾ എന്റെ കൈവശമുണ്ട്. കശുവണ്ടി വികസന കോർപ്പറേഷനിൽ ഈ നാല് കൊല്ലത്തെ തൊഴിൽ ദിവസം 61 ദിവസമാണ്. 20,000 തൊഴിലാളികൾക്ക് ജോലി നൽകുമെന്ന് മേനി പറഞ്ഞു. കാപ്പക്സ് എന്ന സ്ഥാപനത്തിൽ നാല് കൊല്ലം കൊണ്ട് 291 ദിവസമാണ് ജോലി നൽകിയത്. ശ്രീ. എഴുകോൺ നാരായണന്റെ മണ്ഡലത്തിലെ രണ്ട് കശുവണ്ടി ഓഫീസുകൾ അടഞ്ഞുകിടക്കുകയാണ്.

ശ്രീ. എഴുകോൺ നാരായണൻ: അങ്ങയുടെ ഗവൺമെന്റ് ഇറങ്ങിപോകുമ്പോൾ കശുവണ്ടി വികസന കോർപ്പറേഷനിൽ ഒരു കിലോ കശുവണ്ടി വാങ്ങാനുള്ള പൈസപോലും ഇല്ലായിരുന്നുവെന്ന കാര്യം അങ്ങേയ്ക്കറിയാമോ? കാപ്പക്സ് എന്ന പൊതുമേഖലാ സ്ഥാപനത്തിൽ നിങ്ങളുടെ ഭരണകാലത്ത് ഒരു ദിവസം പോലും ജോലി കൊടുക്കാൻ കഴിഞ്ഞില്ലെന്നുള്ള കാര്യം അങ്ങേയ്ക്കറിയാമോ?

ശ്രീ. എ. എ. അസീസ്: ബഹുമാനപ്പെട്ട എഴുകോൺ നാരായണൻ, നിങ്ങൾക്കറിയാമല്ലോ, ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റിന്റെ ഭരണകാലത്ത്, ഭരണത്തിൽ നിന്നും ഇറങ്ങിപോകുന്ന ദിവസം വരെ കശുവണ്ടി വികസന കോർപ്പറേഷനിലെ തൊഴിലാളികൾക്ക്, നിങ്ങളുടെ എഴുകോൺ ഫാക്ടറിയിലെ തൊഴിലാളികൾക്കുൾപ്പെടെ 225 ദിവസം ജോലി കൊടുത്ത കാര്യം അങ്ങേയ്ക്കറിയാമോ? ഇപ്പോൾ അങ്ങയുടെ മണ്ഡലത്തിലെ എഴുകോൺ ഫാക്ടറിയും നെടുവത്തൂർ ഫാക്ടറിയും മുതലാളിമാർ എടുത്തു കൊണ്ടുപോയില്ലേ? നിങ്ങൾക്ക് ആ ഫാക്ടറി സ്വകാര്യമേഖലയിൽ നിന്നും വീണ്ടെടുത്ത് കോർപ്പറേഷന്റെ കീഴിൽ കൊണ്ടുവരാനുള്ള എന്തെങ്കിലും നടപടി സ്വീകരിക്കാൻ കഴിയുമോ?

ശ്രീ. പി. എസ്. സുപാൽ: കോൺഗ്രസ് കശുവണ്ടി തൊഴിലാളികളുടെ കാര്യത്തിൽ വാഗ്ദാനങ്ങൾ മാത്രമേ നൽകിയിട്ടുള്ളൂ. തന്നെ ജയിപ്പിച്ചാൽ 300 ദിവസം കശുവണ്ടി തൊഴിലാളികൾക്ക് ജോലി നൽകാമെന്ന വാഗ്ദാനം നൽകിയ കൃഷ്ണകുമാർ കോൺഗ്രസ് വഴി ബി. ജെ. പി.യിലെത്തിയ കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ. എ. അസീസ്: കൃഷ്ണകുമാർ പറഞ്ഞത് ഒരു കൊല്ലം കൊണ്ട് 300 ദിവസം കൊടുക്കുമെന്നാണ്. 5 കൊല്ലമായിട്ടും കൃഷ്ണകുമാറിന് 300 ദിവസം കൊടുക്കാൻ കഴിഞ്ഞില്ല. ബഹുമാനപ്പെട്ട എഴുകോൺ നാരായണൻ, നിങ്ങളുടെ മണ്ഡലത്തിൽ ഇനി ഒരു കശുവണ്ടി ഫാക്ടറിയുണ്ട്. അവിടുത്തെ തൊഴിലാളികൾ നിങ്ങളോട് പകരം ചോദിക്കും. ആ സ്ഥിതി എത്തിയില്ലേ? നിങ്ങളുടെ മണ്ഡലത്തിലെ രണ്ട് കശുവണ്ടി ഓഫീസുകൾ അടഞ്ഞുകിടക്കുകയല്ലേ? ആ ഓഫീസുകൾ മുതലാളിമാർക്ക് വിറ്റ് കാശാക്കി. അത് തുറപ്പിക്കാൻ നിങ്ങളെക്കൊണ്ട് കഴിഞ്ഞോ? ഇല്ല. കശുവണ്ടി വികസന കോർപ്പറേഷന്റെ 34 ഫാക്ടറികളിൽ 30 എണ്ണം മാത്രമാണ് തുറന്നു പ്രവർത്തിക്കുന്നത്. എന്തിനാണ് ഈ പൊതുമേഖലാ സ്ഥാപനത്തെ തകർക്കുന്നത്? ആ ഫാക്ടറികളിൽ 30 എണ്ണം മാത്രമാണ് തുറന്നു പ്രവർത്തിക്കുന്നത്. കൊല്ലത്തെ കുത്തക മുതലാളിമാരെ സഹായിക്കുന്നതിനാണ് മറ്റ് ഫാക്ടറികൾ തുറക്കാതിരിക്കുന്നത്. ഈ ഗവൺമെന്റിന്റെ നയം അതാണ്. സ്വകാര്യകുത്തക മുതലാളിമാരെ സഹായിക്കാൻ കോർപ്പറേഷന്റെ ഫാക്ടറികൾ അടച്ചുപൂട്ടി. കാപ്പക്സിന്റെ ഫാക്ടറികൾ ഇപ്പോൾ ഊർദ്ധശ്വാസം വലിക്കുകയാണ്. കാപ്പക്സിന്റെ ഫാക്ടറിയിൽ ഇ. എസ്. ഐ, പി. എഫ്. ക്ഷേമനിധി എല്ലാം പിടിക്കുന്നുണ്ട്. പക്ഷേ അടയ്ക്കുന്നില്ല. ആ സ്ഥാപനം മുന്നോട്ട് നടത്തികൊണ്ടുപോകാൻ കഴിയുന്നില്ല. 2.5 കോടി രൂപ സാമ്പത്തിക സഹായം നൽകണം. ആ സാമ്പത്തിക സഹായം നൽകിയില്ലെങ്കിൽ കാപ്പെക്സ് അടച്ചുപൂട്ടും. കോർപ്പറേഷന് 107 കോടി രൂപയുടെ ബാദ്ധ്യതയുണ്ട്, ഞങ്ങൾ അത് ഏറ്റെടുക്കുമെന്ന് പല പ്രാവശ്യം പ്രഖ്യാപിച്ചതാണ്. അത് 5 തവണയായി കൊടുക്കുമെന്ന് പറഞ്ഞു. 31.5 കോടി രൂപ ഈ 31-ാം തീയതിക്കകം അടച്ചില്ലെങ്കിൽ ഈ കോർപ്പറേഷനും ഇപ്പോൾ അടയും. കഴിഞ്ഞ ദിവസം ഇക്കാര്യം ഉന്നയിച്ച് സബ്മിഷൻ അവതരിപ്പിച്ചപ്പോൾ മന്ത്രി ഒഴിഞ്ഞുമാറുകയാണ് ചെയ്തത്. 137 ദിവസം ജോലി കൊടുത്തത് ഞങ്ങളാണെന്ന് മേനി കാണിക്കുകയാണ് ചെയ്തത്. 225 ദിവസം വരെ ജോലി കൊടുത്ത സ്ഥാപനമാണ്. കോർപ്പറേഷനെ സംബന്ധിച്ച് മാത്രമല്ല, കയർ മേഖല കൈകാര്യം ചെയ്യുന്ന മന്ത്രി ഇവിടെയുണ്ട്. കയർ പിരി മേഖലയിൽ സ്വാശ്രയ സംഘങ്ങൾ രൂപീകരിച്ച് കയർപിരി മേഖലയിൽ പ്രവൃത്തിക്കുന്ന സംഘങ്ങളുടെ പ്രവർത്തനം അസാദ്ധ്യമായിരിക്കുകയാണ്. കൈത്തറിമേഖലയിലെ സംഘങ്ങൾക്ക് റിബേറ്റ് കൊടുത്തിട്ട് എത്ര കാലമായി? ആ റിബേറ്റ് കൊടുക്കാതെ എങ്ങനെ ആ സംഘങ്ങൾ പ്രവർത്തിക്കും? പരമ്പരാഗത വ്യവസായ മേഖലയെ തകർക്കുന്ന ഒരു നയമാണ് ഗവൺമെന്റ് സ്വീകരിച്ചിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

സംസ്ഥാനത്തൊട്ടാകെ പൊതുമേഖലയിലും സ്വകാര്യമേഖലയിലുമായി നിരവധി ഫാക്ടറികൾ അടച്ചുപൂട്ടി കിടക്കുകയാണ്. വ്യവസായ വകുപ്പും കേരളത്തിലെ തൊഴിൽ വകുപ്പും ആ ഫാക്ടറികൾ തുറക്കുന്നതിനു എന്തു നടപടി സ്വീകരിച്ചു. നിങ്ങൾ കൊട്ടിഘോഷിച്ച പഴയ ഒരു വ്യവസായ വകുപ്പുമന്ത്രി ചില ധാരണാപത്രങ്ങളിൽ ഒപ്പുവയ്ക്കുകയൊക്കെ ചെയ്തല്ലോ, പുനലൂർ പേപ്പർമിൽ തുറക്കാൻ പോകുന്നുവെന്നു പറഞ്ഞു. അതിന്റെ ഉടമയായ എൽ. എൽ. ഡാൽമിയയ്ക്ക് ധാരാളം സഹായങ്ങൾ ചെയ്ത പല ആളുകൾ കമ്മീഷൻ അടിച്ചു കൊണ്ടു പോകുകയും ചെയ്തു. പക്ഷേ പുനലൂർ പേപ്പർ മിൽ തുറന്നില്ല. പുനലൂർ പേപ്പർമില്ലിൽ സംഭവിച്ചത് എന്താണെന്നു ചോദിച്ചാൽ ഉണ്ടായിരുന്ന അവിടുത്തെ കെട്ടിടങ്ങൾ പോലും നാട്ടുകാർ പൊളിച്ചുകൊണ്ടു പോയി. അതിനുവേണ്ടി നിങ്ങൾ കരാറുണ്ടാക്കി, നടന്നില്ല. കുത്തകകളെ സഹായിക്കുന്ന നയമാണ് ഈ ഗവൺമെന്റ് സ്വീകരിക്കുന്നത്. അതുപോലെ സഹകരണ മേഖലയിൽ പ്രവർത്തിക്കുന്ന ടെക്സ്റ്റയിൽ മില്ലുകളുണ്ട്. അത് അടച്ചുപൂട്ടുന്നു. ചാത്തന്നൂർ സ്പിന്നിംഗ് മില്ലുണ്ട്. അതുപോലെ തിരുവനന്തപുരം സ്പിന്നിംഗ് മില്ലുണ്ട്. സഹകരണ മേഖലയിലും അല്ലാതെയും പ്രവർത്തിക്കുന്ന ഈ ടെക്സ്റ്റയിൽ മില്ലുകളുടെ പ്രവർത്തനത്തെ സംബന്ധിച്ച് എന്താണ് നിങ്ങൾക്ക് പറയാനുള്ളത്. നിങ്ങളുടെ ബഡ്ജറ്റിലും വ്യവസായ നയരേഖയിലും ഇതു സംബന്ധിച്ച് ഒന്നും പറയുന്നില്ല. ഇതിനകത്ത് വെളുത്ത മുണ്ടിനു തടുക്കിടുന്ന വെള്ളകോളർകാരെ സഹായിക്കുന്ന കുറെ കാര്യങ്ങൾ മാത്രമാണ് പറയുന്നത്. പരമ്പരാഗത വ്യവസായത്തെ സംബന്ധിച്ച് പറഞ്ഞിട്ടില്ല. ടെക്സ്റ്റയിൽ മേഖലയെക്കുറിച്ച് പറഞ്ഞിട്ടില്ല. അടഞ്ഞുകിടക്കുന്ന ഫാക്ടറികൾ തുറക്കുന്നതിനെ സംബന്ധിച്ച് പറഞ്ഞിട്ടില്ല. അതുകൊണ്ടാണ് നിങ്ങളുടെ ഈ ധനാഭ്യർത്ഥനയെ ഞാൻ ശക്തിയായി എതിർക്കുന്നത്.

ശ്രീ. ഷിബു ബേബിജോൺ : സർ, ഞാൻ ഈ ധനാഭ്യർത്ഥനയെ പിന്തുണയ്ക്കുകയാണ്. വ്യാവസായിക പുരോഗതിക്കുവേണ്ടി വളരെ ആത്മാർത്ഥമായി പരിശ്രമിച്ച ഒരു ഗവൺമെന്റാണിത്. ആ പരിശ്രമത്തിന്റെ ഭാഗമായിത്തന്നെ ഇവിടെ വല്ലാർപ്പാടം കണ്ടെയിനർ ടെർമിനൽ യാഥാർത്ഥ്യമാകാൻ പോകുന്നു. ബി. എം. ഡബ്ല്യു. കേരളത്തിൽ ഒരു കമ്പനി സ്ഥാപിക്കുമെന്നു കേട്ടിരുന്നു. സ്മാർട്ട് സിറ്റി യാഥാർത്ഥ്യമാകുമോ ഇല്ലയോയെന്നുള്ളത് ആശങ്കയിൽ കഴിയുന്നു. ഇതൊക്കെ നടന്നാലും ഇല്ലെങ്കിലും അതിൽ കുറ്റക്കാർ ഈ ഗവൺമെന്റാണെന്നു ഞാൻ വിശ്വസിക്കുന്നില്ല. കേരളത്തിലെ വ്യാവസായിക അന്തരീക്ഷത്തെ പ്രതികൂലമായി ബാധിക്കുന്ന പല കാര്യങ്ങളുണ്ട്. ഇവിടെ ബഹുമാനപ്പെട്ട പി. ജെ. ജോയി നേരത്തെ സംസാരിച്ചപ്പോൾ നമ്മുടെ വർക്ക് കൾച്ചറിൽ വന്ന മാറ്റത്തെക്കുറിച്ച്

LIBRARY ARCHIVES Kerala Legislative Assembly

പരാമർശിച്ചിരുന്നു. ഒരു വൈറ്റ് കോളർ സിസ്റ്റത്തിലേക്ക്, അത് ശരിയാണ്. കാർഷിക അടിസ്ഥാനത്തിൽ കഴിഞ്ഞിരുന്ന ഒരു സമൂഹം അതിൽനിന്നു മാറി സർക്കാർ ഉദ്യോഗത്തെ ആശ്രയിച്ച്, അതിൽ ഒരു സുരക്ഷിതത്വം കണ്ട് പ്രവർത്തിച്ചുവരികയാണ്. അതുവഴി പലപ്പോഴും മറ്റുള്ള പഴയ, കാർഷികാടിസ്ഥാനത്തിലുള്ള പണിക്ക് ആളെ കിട്ടാതായി. ഇപ്പോൾ നമ്മുടെ കേരളത്തിന്റെ സ്ഥിതി എന്നു പറയുന്നത് ഉമ്മയെ വിട്ട് പോവുകയും ചെയ്തു വാപ്പയുടെ അടുത്ത് എത്തിയതുമില്ല. കാരണം ഇന്ന് വൈറ്റ് കോളർ സംസ്ക്കാരത്തിനാവശ്യമായ, അല്ലെങ്കിൽ ഐ. ടി. അടക്കമുള്ള മേഖലയിൽ സ്മാർട്ട് സിറ്റി യാഥാർത്ഥ്യമാകാൻ പോകുന്നു എന്നു പറഞ്ഞു. യാഥാർത്ഥ്യമായില്ലെങ്കിലും എനിക്ക് വലിയ വിഷമമില്ല. കാരണം അവിടെ പണി എടുക്കാൻ പ്രാപ്തരായ ഒരു ലക്ഷം പേർക്ക് തൊഴിൽ കൊടുക്കുമെന്നു പറയുമ്പോൾ അവിടെ തൊഴിലെടുക്കാൻ പ്രാപ്തരായവർ ഇന്നു കേരളത്തിലില്ല. നമുക്ക് കിട്ടാൻ പോകുന്ന തൊഴിലവസരങ്ങൾ അവിടുത്തെ സ്വീപ്പറുടെയോ ഡ്രൈവറുടെയോ തൊഴിലവസരങ്ങളായിരിക്കും. ഐ. ടി. മേഖലയിൽ കഴിഞ്ഞ ദിവസം ഒരു ഇന്റർവ്യൂവിൽ അമേരിക്കയിൽ നിന്നുള്ള ഒരു കമ്പനി ഉടമ ഇവിടെ വന്നിട്ട് പറഞ്ഞത് കേരളത്തിൽ educated youth ഉണ്ട്, employable youth ഇല്ല എന്നുള്ളതാണ്. അതുകൊണ്ട് ഐ. ടി. മേഖലയിൽ ഇവിടെ പലരും പറഞ്ഞു. ഈ അടുത്തകാലത്ത് ശ്രീ. സ്റ്റീഫൻ ജോർജ് പറഞ്ഞു സമരങ്ങളുണ്ടായിയെന്ന്. ഞാൻ ചോദിക്കുന്നു തൊഴിലാളികളുടെ സമരമല്ല കേരളത്തിലെ വ്യവസായവൽക്കരണത്തിന് തടസ്സം, ഒരു വർക്ക് കൾച്ചറിന്റെ പ്രശ്നമുണ്ട്. ഒരു തർക്കവുമില്ല. ഒരു കാലഘട്ടത്തിൽ തൊഴിലാളികളോടൊപ്പം അവരുടെ കുടിലുകളിൽ അന്തിയുറങ്ങി അവർക്കൊപ്പം അവരുടെ ഭക്ഷണം കഴിച്ച് അവരുടെ യാതനകൾക്ക് പരിഹാരം കാണുക എന്നുള്ളത് യൂണിയൻ നേതാക്കളുടെ ഉത്തരവാദിത്വമായിരുന്നുവെങ്കിൽ ഇന്നത്തെ പലപ്പോഴും ഞാൻ അടക്കമുള്ള ട്രേഡ് യൂണിയൻ നേതാക്കന്മാർ തൊഴിലാളികൾക്കുവേണ്ടി വിയർപ്പൊഴുക്കുന്നത് ഇതുപോലെ എ. സി. ഇട്ട അസംബ്ളിമന്ദിരത്തിൽ വന്നിരിക്കുമ്പോൾ മാത്രമേയുള്ളു. ആ ഒരു വർക്ക് കൾച്ചറിൽ വന്നിട്ടുള്ള മാറ്റം. നമുക്ക് പരിഹരിക്കേണ്ടതുണ്ട്. വല്ലാർപ്പാടം കണ്ടെയിനർ ടെർമിനലിനെക്കുറിച്ച് പറയുന്നു. അതു വന്നു കഴിഞ്ഞാൽ ഒരു കണ്ടെയ്നർ കൊച്ചി നഗരത്തിൽക്കൂടി എങ്ങനെ ഈ വല്ലാർപ്പാടം ടെർമിനലിൽ എത്തും. അതിനുള്ള ഇൻഫ്രാസ്ട്രക്ച്ചർ ഡവലപ്മെന്റ് എന്നു തുടങ്ങി? കല്ലിട്ടു കഴിഞ്ഞ് രണ്ട് വർഷത്തിനകം യാഥാർത്ഥ്യമാകുമെന്നു പറയുന്നു. കൊച്ചിയിലെ നിലവിലുള്ള റോഡുകളിൽ എന്തെങ്കിലും വികസനം സാധ്യമാണോ? അവിടെ ഫ്ളൈ ഓവറുകൾ വേണ്ടേ? അതിനു സമാന്തര റോഡുകൾ വേണ്ടേ;

LIBRARY ARCHIVES Kerala Legislative Assembly

എക്സ്പ്രസ്സ് ഹൈവേ എങ്ങു എങ്ങും എത്താതെ നിൽക്കുന്നു. ഞാൻ പല പ്രാവശ്യം ഈ നിയമസഭയിൽ തന്നെ പറഞ്ഞിട്ടുള്ളതാണ്. കേരളത്തിന്റെ പുരോഗതിക്ക്, സാമ്പത്തികമായ പുരോഗതിക്ക് economic upliftment-ന്, എക്സ് പ്രസ്സ് ഹൈവേ അത്യാവശ്യമാണ്. കഴിഞ്ഞ ദിവസം സി.പി.ഐ.യിലെ നേതാവ് ശ്രീ. വെളിയം ഭാർഗ്ഗവന്റെ പ്രസ്താവന കണ്ടു, ഇടതുപക്ഷ ജനാധിപത്യ മുന്നണി യുടെ കാലഘട്ടത്തിലാണ് അതിനെക്കുറിച്ച് ആലോചിച്ചതെങ്കിലും ശ്രീ. പി. ജെ. ജോസഫ് ജനങ്ങൾക്ക് ഗുണകരമല്ലാത്ത പല കാര്യങ്ങൾ ചെയ്തതിന്റെ കൂട്ടത്തിൽ ഇതും ചെയ്തുവെന്നാണ് ശ്രീ. വെളിയം ഭാർഗ്ഗവന്റെ പ്രസ്താവനയിൽ പറയുന്നത്. ശ്രീ. പി. സി. ജോർജിനു ഇത് കേൾക്കുമ്പോൾ സന്തോഷമുണ്ടാ യിരിക്കാം. അതു വേറെ കാര്യം. ഇടതുപക്ഷമുന്നണിയുടെ കാലഘട്ടത്തിൽ ദീർഘവീക്ഷണത്തോടുകൂടി ഇത് ആവശ്യമാണെന്നു കണ്ടു കൊണ്ടുവന്നത് ഇന്നു യാഥാർത്ഥ്യമാക്കാൻ നമുക്ക് സാധിക്കുന്നില്ല. അതുകൊണ്ടു തന്നെ വല്ലാർപ്പാടം കണ്ടെയ്നർ ടെർമിനൽ കൊണ്ടുവന്നതുകൊണ്ട് നമുക്കിപ്പോൾ ഒരു പ്രയോജ നവും ഉണ്ടാകുമെന്നു ഞാൻ വിശ്വസിക്കുന്നില്ല. കാരണം പുതുതായി ഒരു കണ്ടെയ്നർ വരാനുള്ള അടിസ്ഥാന സൗകര്യം നമുക്കില്ല. പൊതുമേഖല ഇന്നൊരു വികാരമായി നിൽക്കുകയാണ്. കഴിഞ്ഞ ദിവസം എനിക്ക് വളരെ വിചിത്രമായി തോന്നി. കഴിഞ്ഞ തിങ്കളാഴ്ച ബംഗാൾ നിയമസഭയിൽ നിന്നു കോൺഗ്രസും ത്രിണമൂൽ കോൺഗ്രസും വാക്കൗട്ട് നടത്തി. കാരണം അവിടുത്തെ രണ്ടു പൊതുമേഖലാ സ്ഥാപനങ്ങൾ വിറ്റഴിച്ചതിനെതിരെയല്ല. തറവിലയ്ക്ക് വിറ്റതിനാണ്. അതിൽ പ്രതിഷേധിച്ച് കോൺഗ്രസും ത്രിണമൂൽ കോൺഗ്രസും വാക്കൗട്ട് നടത്തി. ഇവിടെ ഞാൻ വന്നപ്പോൾ കണ്ടത് പൊതുമേഖലയെ ക്കുറിച്ചുള്ള ചർച്ചയിൽ പൊതുമേഖല വിറ്റഴിക്കുന്നതിനെതിരെ ശക്തമായി പ്രതിപക്ഷവും അല്ലെങ്കിൽ അതിനെ അനുകൂലിച്ച് ഭരണപക്ഷവും എടുക്കുന്ന നിലപാടാണ്. ബംഗാളിൽ വിറ്റവർ ഇവിടെ വിൽക്കുന്നതിനെ എതിർക്കുന്നു. ബംഗാളിൽ വിൽപ്പനയെ എതിർക്കുന്നവർ ഇവിടെ വിൽപ്പനയെ അനുകൂലിക്കുന്നു. ഇതൊക്കെ എത്ര കാലം? അതൊക്കെ രാഷ്ട്രീയമാണ്. അതിലൊന്നും എനിക്ക് അഭിപ്രായ വ്യത്യാസമില്ല. എന്റെ രാഷ്ട്രീയ പ്രസ്ഥാനം ഉയർത്തുന്ന മുദ്രാവാക്യമാണ് പൊതുമേഖലയെ സംരക്ഷിക്കുകയെന്നുള്ളത്. പൊതുമേഖലയെ സംരക്ഷിക്കാൻ നമ്മൾ എന്ത് നടപടികളാണ് കൈക്കൊള്ളു ന്നത്. ഒന്നും കൈക്കൊള്ളുന്നില്ല. നമ്മൾ ഒരു മുദ്രാവാക്യത്തിൽ മാത്രം ഒതു ങ്ങുന്നു. കാലാകാലങ്ങളായി പൊതുമേഖലയ്ക്ക് സംഭവിച്ചിട്ടുള്ള അപചയങ്ങൾ ഒന്നും പരിഹരിക്കാതെ പോകുന്നു. പൊതുമേഖല ഇന്നത്തെ competitive യുഗത്തിൽ പൊതുമേഖലയെ സംരക്ഷിക്കണമെങ്കിൽ എല്ലാം ഗവൺമെന്റ്

LIBRARY ARCHIVES Kerala Legislative Assembly

കൺട്രോളിൽ നിർത്തിക്കൊണ്ട് നമ്മുടെ അധികാരം, രാഷ്ട്രീയ നേതൃത്വത്തിന്റെ അംഗീകാരം മൊത്തം നമ്മുടെ കൈയിൽ ഒതുക്കിക്കൊണ്ട് എങ്ങനെ പൊതുമേഖലയെ മറ്റുള്ളവരുമായി കോംപറ്റീറ്റിവായി പോകും. അവർക്ക് ഓട്ടോണമി കൊടുക്കണ്ടയോ? അതിന്റെ തലപ്പത്തുള്ളവർ, ഇന്ത്യാ രാജ്യത്ത് പല പൊതുമേഖലകളും, ഇന്ത്യാ ഗവൺമെന്റിന്റെ കീഴിലുള്ളത് മറ്റ് ഏതൊരു സ്വകാര്യ കമ്പനിയെപ്പോലെ അതുമായി കോംപീറ്റ് ചെയ്യുന്ന പൊതുമേഖലകളുണ്ട്. അവിടുത്തെ വർക്ക് കൾച്ചർ അവർക്കുള്ള ഓട്ടോണമി, ഓയിൽ കമ്പനീസ് ഒ.എൻ.ജി.സി. അടങ്ങുന്ന കമ്പനികൾ അവിടുത്തെ വർക്ക് കൾച്ചർ മറ്റുള്ളതിൽനിന്നു വ്യത്യസ്തമാണ്. അതിനെ നയിക്കുന്നത് അതാത് മേഖലകളിൽ അതിനെക്കുറിച്ച് അറിയാവുന്നവരാണ്, അതിന് പ്രാപ്തരായിട്ടുള്ളവരാണ്. നമ്മുടെ ഇവിടുത്തെ നിയമങ്ങൾ, ഇവിടെ നേരത്തെ തർക്കമുണ്ടായി. മലബാർ സിമന്റ്സിൽ കാലാകാലങ്ങളായി വരുന്ന ഗവൺമെന്റുകളും അല്ലെങ്കിൽ രാഷ്ട്രീയ പ്രസ്ഥാനങ്ങളും അവരുടെ ആൾക്കാർക്ക് നിയമനം കിട്ടുമോയെന്നു നോക്കും അത് സ്വാഭാവികമാണ്. അതിൽ നിന്നു വ്യത്യസ്തമായൊരു സമീപനം ഒരു രാഷ്ട്രീയ പ്രസ്ഥാനവും ഇവിടെ കൈക്കൊണ്ടിട്ടില്ല. പക്ഷേ അങ്ങനെ ചെയ്യുമ്പോഴൊക്കെ പൊതുമേഖലയുടെ ക്വാളിറ്റിയെ അത് അഫക്ട് ചെയ്യുന്നു. ഒരു കാലഘട്ടത്തിൽ മൊണോപ്പൊളി വ്യവസായമായി നിന്നപ്പോൾ, നമ്മുടെ ഉല്പന്നങ്ങളൊക്കെ മൊണോപ്പൊളി ബിസിനസ്സായിരുന്നപ്പോൾ പൊതുമേഖലയൊക്കെ ലാഭത്തിൽ പ്രവർത്തിച്ചു. ഇന്ന് competitive-വായി ആഗോളവൽക്കരണത്തിന്റെ കാലഘട്ടത്തിൽ ആയപ്പോൾ നമുക്ക് ഒരു തരത്തിലും ഇത് competitive-വായില്ലെങ്കിൽ, നിലനിർത്തിപോകാൻ പറ്റുന്നില്ല. ഒരു പൊതുമേഖലയിൽ ഒരു മൊട്ടുസൂചി വാങ്ങിക്കണമെങ്കിൽ അതിൽപോലും അഴിമതിയുണ്ട് എന്ന യാഥാർത്ഥ്യമുണ്ട്. നമ്മൾ എത്രയൊക്കെ തടസ്സം വയ്ക്കുന്നുവോ പലപല സിസ്റ്റമായി പലപല തടസ്സങ്ങളായി സ്റ്റെപ്പുകൾ നിൽക്കുന്ന ഓരോ സ്റ്റെപ്പും കടന്നുവരാനായിട്ടുള്ള തടസ്സവും, അവിടേയ്ക്ക് അഴിമതി വ്യാപിക്കുകയാണ്. അവർക്ക് ഓട്ടോണമി കൊടുക്കണം. ഒരു degree of autonomy വച്ചു അവർ പ്രവർത്തിക്കണം. They should be held liable. അവർ എന്നും ഗവൺമെന്റ് സപ്പോർട്ടോടുകൂടി, നമുക്ക് ഈ പണം കൊടുത്ത് എന്നും കൊണ്ടുപോകാൻ ഒക്കുകയില്ല. പൊതുമേഖലാ സ്ഥാപനങ്ങളുടെ സോഷ്യൽ കമ്മിറ്റ്മെന്റാണ്, നമ്മളെ അതിന് പ്രോൽസാഹിപ്പിക്കാൻ പ്രേരിപ്പിക്കുന്നത്. പക്ഷേ പലപ്പോഴും ഞാൻ കാണുന്നത്, പൊതുമേഖല സോഷ്യൽ കമിറ്റ്മെന്റ് മാറി പലപ്പോഴും ഒരു social menace ആയി ഒരു സാമൂഹിക വിപത്തായി മാറുന്ന കാഴ്ച നമുക്ക് കാണാൻ സാധിക്കുന്നുണ്ട്. ഏതെങ്കിലും സ്വകാര്യ കമ്പനി ഇന്ന് തിരുവനന്തപുരം ടി.ടി.പി. ചെയ്യുന്നതുപോലെ ചെയ്യാൻ

LIBRARY ARCHIVES Kerala Legislative Assembly

സാധിക്കുമോ? സൾഫ്യൂറിക്ക് ആസിഡ് കടലിലേയ്ക്ക് ഒഴുക്കിവിടുന്നത് ഏതെങ്കിലും സ്വകാര്യ കമ്പനി ചെയ്യുമോ? ചവറ കെ.എം.എം.എൽ.-ൽ അവിടുത്തെ effluents കടലിലേയ്ക്ക് ഒഴുക്കിവിടുമ്പോൾ ആ കടൽ ,ചെങ്കടലായി മാറുന്നു. അതിന്റെ പടം ഈ അടുത്ത ദിവസം പത്രങ്ങളിൽ വന്നതാണ്. നമ്മൾ പക്ഷേ സോഷ്യൽ കമിറ്റ്മെന്റിന്റെ പേരിൽ നിൽക്കുന്നു. ഇത് ഞാൻ രാഷ്ട്രീയമായി പറയുന്നതല്ല. നമുക്ക് ഇതൊന്നു തിരുത്താൻ സാധിക്കാതെ പൊതുമേഖലയെ ഒരു മുദ്രാവാക്യമായി മാത്രം നിലനിർത്തി നമ്മൾ പോവുകയാണെങ്കിൽ നമ്മൾ ഒരിടത്തും എത്തുകയില്ല. ഒരുകാലത്തും ഇതിനെ നമുക്ക് ലാഭകരമാക്കാൻ സാധിക്കുകയില്ല. ഏറ്റവും അടിസ്ഥാനപരമായ പ്രശ്നം നിൽക്കുന്നത് മാർക്കറ്റിംഗിലാണ്. മറ്റ് പല സംസ്ഥാനങ്ങളെയും നമ്മൾ മാതൃകയാക്കണം. മാർക്കറ്റിംഗിനാവശ്യമെങ്കിൽ ഒരു ജോയിന്റ് സെക്ടർ എന്ന നിലയിൽ സ്വകാര്യ കമ്പനികളെ പങ്കാളിയാക്കണം, പങ്കാളിയാക്കേണ്ടതുണ്ട്. അങ്ങനെ മാത്രമെ നമുക്ക് നമ്മുടെ ഉല്പന്നങ്ങൾ, ഇവിടെ നേരത്തെ ആരോ പറഞ്ഞതുകേട്ടു, നമ്മുടെ ഉല്പന്നങ്ങൾ വിറ്റഴിക്കാനുള്ള പാട്, ഇന്നത് യാഥാർത്ഥ്യമായിരിക്കുകയാണ്. ഈ കോംപറ്റിറ്റീവായിട്ടുള്ള ഈ യുഗത്തിൽ നമ്മുടെ ഉല്പന്നങ്ങൾ അതിനാവശ്യമായ ചെയിഞ്ചിംഗ് കാര്യങ്ങൾ നമുക്കില്ല. ഞാൻ പറഞ്ഞതുപോലെ മോഡണൈസേഷൻ അസാധ്യമാണ്. ഒരു പൊതുമേഖലയിൽ, അറിയാവുന്ന ഒരാൾ തലപ്പത്തുണ്ടെങ്കിൽ അദ്ദേഹവുമായിട്ടു ഒരു തീരുമാനമെടുത്ത് ഇന്ന ഡവലപ്മെന്റ് വേണം എന്നു പറഞ്ഞാൽ എത്ര വർഷം എടുക്കും. ഇത്, ഇവിടെ സെക്രട്ടേറിയറ്റിൽ ഫൈനാൻസിൽ വരുമ്പോൾ ഇതിന്റെ എ. ബി. സി. ഡി. അറിയാൻ വയ്യാത്ത ഒരു ഉദ്യോഗസ്ഥൻ അണ്ടർ സെക്രട്ടറിയായിരിക്കും വെട്ടിയങ്ങ് കളയും. നാല് കൊറിയിടും, തിരിച്ചുപോകും. എത്ര വർഷം കഴിഞ്ഞാണ് ഡവലപ്മെന്റ് യാഥാർത്ഥ്യമാകുന്നത്. അതുകൊണ്ട് പൊതുമേഖലയെ എങ്ങനെ സംരക്ഷിക്കാമെന്നുള്ളതിനെപ്പറ്റി ഗൗരവമായി നമ്മൾ ചർച്ച ചെയ്ത് ഒരു പരിഹാരം ഉണ്ടാക്കണം. പരമ്പരാഗത മേഖലയെ സംരക്ഷിക്കണം. യാതൊരു തർക്കവുമില്ല. കശുവണ്ടിയുടെ കാര്യത്തിൽ എനിക്ക് അഭിപ്രായ വ്യത്യാസമില്ല. കശുവണ്ടി മേഖലയിൽ വന്ന പരാജയം, ഈ നാല് വർഷംകൊണ്ട് വന്നതല്ല. കശുവണ്ടി മേഖലയിൽ പരാജയമുണ്ടെങ്കിൽ അതിന് ബഹുമാനപ്പെട്ട അസീസിനും എനിക്കും അല്ലെങ്കിൽ ആർ.എസ്.പി., എല്ലാ വിഭാഗങ്ങൾക്കും തുല്യപങ്കുണ്ട്. കാരണം കശുവണ്ടി തൊഴിലാളികളെ സംഘടിപ്പിച്ചതിലും അവരുടെ അവകാശ പോരാട്ടങ്ങൾക്കും നേതൃത്വം നല്കിയ ഒരു പ്രസ്ഥാനത്തിന്റെ പിൻഗാമികളാണ് ഞങ്ങൾ. ഒരു കാലഘട്ടത്തിൽ കശുവണ്ടി വ്യവസായം കേരളത്തിൽ നിന്നുമാറി. പകരമായി കശുവണ്ടി വികസന കോർപ്പറേഷൻ തൊഴിലാളികൾക്ക് തൊഴിൽ നല്കുമെന്ന്

LIBRARY ARCHIVES Kerala Legislative Assembly

നമ്മൾ പ്രതീക്ഷിച്ചിരുന്നു. പക്ഷേ കാലാകാലങ്ങളായി വന്നുചേർന്ന നഷ്ടം, പൊതുമേഖലയ്ക്കെല്ലാമുള്ള ഒരു inherent weakness കശുവണ്ടി വികസന കോർപ്പറേഷനും ഉണ്ടായിരുന്നു. അത് പരിഹരിക്കുവാൻ നമുക്ക് ഒരിക്കലും സാധിച്ചിട്ടില്ല. അതിനു മുദ്രാവാക്യമായി മാറിമാറി വരുന്ന ഗവൺമെന്റുകളെ പഴിചാരി പോകുകയല്ല വേണ്ടത്. ഫലപ്രദമായി ഇനിയെങ്കിലും അതിനു പരിഹാരം കാണണം. നാളികേരം അല്ലെങ്കിൽ കയർ വ്യവസായം, ബഹുമാനപ്പെട്ട ഗൗരിയമ്മ അവരുടെ എല്ലാ കഴിവും ഉപയോഗിച്ചുകൊണ്ട് ഇത് സംരക്ഷിക്കുവാനുള്ള എല്ലാ നടപടികളും കൈക്കൊണ്ടു. പക്ഷേ അതിനെതിരെ വ്യാപകമായ സമരം നടക്കുന്നു. പക്ഷേ യാഥാർത്ഥ്യം എന്താണ്? പണ്ട് നാളികേരം കേരളത്തിൽ മാത്രമായിരുന്നു ഉണ്ടായിരുന്നത്. തമിഴനും ആന്ധ്രാക്കാരനുമൊക്കെ കേരളത്തിൽ വന്ന് നാളികേരം ഒരു അത്ഭുത വസ്തുവായി കണ്ട് നോക്കിയിരുന്ന ആ ഒരു കാലഘട്ടത്തിൽനിന്നും മാറി ഇന്ന് നമ്മൾ ഉല്പാദിപ്പിക്കുന്നതിനേക്കാൾ കൂടുതൽ നാളികേരം അവർ ഉല്പാദിപ്പിക്കുകയാണ്. അതുകൊണ്ടുതന്നെ അവർ ആ ഉല്പാദനം വർദ്ധിപ്പിച്ചു മുന്നോട്ടു പോകുമ്പോൾ കേരവൃക്ഷവും നമ്മളും മണ്ഡരി ബാധിച്ചു പകച്ച് നില്ക്കുകയാണ്. തൊണ്ട് അവിടെ വെറുതേ കളയുന്നു. ഇപ്പോൾ പലരും കേരളത്തിൽനിന്നുള്ള കയർ വ്യവസായികൾ അങ്ങോട്ടു പോയി ചകിരികൊണ്ടു വരുന്ന നിലപാട് സ്വീകരിച്ചിട്ടുണ്ട്. സ്വാഭാവികമായി കേരളത്തിൽ വില കിട്ടുന്നില്ല. നമുക്ക് എത്രകാലം സബ്സിഡി കൊടുത്തുകൊണ്ട് മുന്നോട്ടു പോകുവാൻ സാധിക്കും. വ്യവസായം തുടങ്ങുന്ന ഏതെങ്കിലും വ്യവസായിയുടെ അടുത്ത് നിങ്ങൾ ഏറ്റവും കൂടിയ വിലയുള്ള, കേരളത്തിൽ നിന്നുള്ള തൊണ്ട് എടുക്കണമെന്നു പറഞ്ഞാൽ കശുവണ്ടിയുടെ സ്ഥിതി ആകുകയില്ലേ. അവരും കേരളം വിട്ട് പോകുകയില്ലേ? അതുകൊണ്ട് ഗവൺമെന്റു തന്നെ ഗവൺമെന്റിന്റെ പൊതുമേഖലാ സ്ഥാപനം തുടങ്ങിയാൽ ഇതിന് പരിഹാരമാർഗ്ഗം ആകുമെന്നു ഞാൻ പറയുന്നില്ല. പക്ഷേ മാതൃകാപരമായി നമ്മുടെ ഉല്പന്നങ്ങൾ വിറ്റഴിക്കുവാൻ അല്ലെങ്കിൽ അതിനാവശ്യമുള്ള value addition ഇന്ന് സഹകാര്യ കമ്പനികളൊക്കെ rubber based, കയർ റബ്ബറുമായിട്ട് മിക്സ് ചെയ്ത പ്രൊഡക്ട്സ് ഉണ്ടാക്കുന്നുണ്ട്. യൂറോപ്യൻ രാജ്യങ്ങളിൽ വലിയ ഡിമാന്റുള്ളതാണ്. ഇങ്ങനെയുള്ള സ്ഥാപനങ്ങൾ ആരംഭിക്കുവാൻ പ്രോത്സാഹിപ്പിക്കണം. അല്ലെങ്കിൽ ഇതിന് പ്രോപ്പറായിട്ടുള്ളവരെ പങ്കെടുപ്പിച്ചുകൊണ്ട് സഹകരണ അടിസ്ഥാനത്തിൽ അല്ലെങ്കിൽ ജോയിന്റ് സെക്ടറിൽ കയർ വ്യവസായത്തെ രക്ഷിക്കുവാനുള്ള നടപടി വേണം. അതിന് സമരംകൊണ്ട് ഒരു പരിഹാരമാകുകയില്ല. വളരെ ഗൗരവമേറിയ ചർച്ചയാണ് ഈ കാര്യത്തിൽ ആവശ്യമായിട്ടുള്ളത്. ഞാൻ ദീർഘിപ്പിക്കുന്നില്ല. പതിനൊന്നാം

LIBRARY ARCHIVES Kerala Legislative Assembly

നിയമസഭയുടെ ഈ സമ്മേളനം നാളെ തീരുകയാണെന്നാണ് പറയുന്നത്. അടുത്ത ഒരു സമ്മേളനം കൂടാനുള്ള സാഹചര്യം ഉണ്ടാകുമോ; കൂടിക്കഴിഞ്ഞാൽ ആരൊക്കെ എവിടെയൊക്കെ ഇരിക്കുമെന്നൊക്കെ അറിയാൻ വയ്യാത്ത സാഹചര്യമാണ്. അതുകൊണ്ട് സാർ മുൻകയ്യെടുത്ത് ഫോട്ടോ എടുപ്പുകൂടി കഴിഞ്ഞ് എല്ലാവരുംകൂടി പിരിയണമെന്നുള്ള അഭ്യർത്ഥനയുണ്ട്. ഒരിക്കൽക്കൂടി ഈ മേഖലയിൽ ആത്മാർത്ഥമായി ഈ വ്യവസായ പുരോഗതിക്കുവേണ്ടി പ്രവർത്തിക്കുന്ന, മുമ്പ് പ്രവർത്തിച്ചിരുന്ന ശ്രീ. കുഞ്ഞാലിക്കുട്ടിയേയും ഇപ്പോൾ അദ്ദേഹത്തിന്റെ പിൻഗാമിയായി വന്നിട്ടുള്ള ശ്രീ. ഇബ്രാഹിം കുഞ്ഞിനെയും അഭിനന്ദിച്ചുകൊണ്ട് ഒരിക്കൽക്കൂടി ഈ ധനാഭ്യർത്ഥനകളെ ഞാൻ പിൻതാങ്ങുകയാണ്.

ശ്രീ. എഴുകോൺ നാരായണൻ: സർ, ഞാൻ ഈ ധനാഭ്യർത്ഥനയെ അനുകൂലിക്കുകയാണ്. തികഞ്ഞ യാഥാർത്ഥ്യബോധത്തോടെ പ്രായോഗികമായ സമീപനം സ്വീകരിച്ചുകൊണ്ട് സംസ്ഥാനത്തെ വ്യാവസായിക രംഗത്തെ പ്രശ്നങ്ങൾ പരിഹരിക്കുവാനായിട്ടുള്ള ആത്മാർത്ഥമായ ശ്രമമാണ് സർക്കാരും വ്യവസായ വകുപ്പും നടത്തിക്കൊണ്ടിരിക്കുന്നത്. സംസ്ഥാനം അഭിമുഖീകരിച്ച ഏറ്റവും വലിയ വ്യാവസായിക പ്രതിസന്ധിയിൽ നിന്നും നമ്മുടെ സംസ്ഥാനത്തെ മുന്നോട്ടുകൊണ്ടു പോകുവാനും കേരളത്തിന്റെ വ്യാവസായിക പ്രശ്നങ്ങൾക്ക് പരിഹാരം ഉണ്ടാക്കുവാനും ദീർഘവീക്ഷണത്തോടെ മുന്നോട്ടുപോയ മുൻ മുഖ്യമന്ത്രി ശ്രീ. എ. കെ. ആന്റണിയേയും മുൻ വ്യവസായ വകുപ്പുമന്ത്രി ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി സാഹിബിനേയും ഞാൻ അഭിനന്ദിക്കുകയാണ്. മുൻ വ്യവസായ വകുപ്പുമന്ത്രി തുടങ്ങിവച്ച വ്യവസായ പുരോഗതിക്കുവേണ്ടിയുള്ള പ്രവർത്തനങ്ങൾ അതിവേഗം ബഹുദൂരം മുന്നോട്ടു കൊണ്ടു പോകുവാൻ വ്യവസായ വകുപ്പുമന്ത്രി ശ്രീ. ഇബ്രാഹിം കുഞ്ഞിന് കഴിയട്ടെ എന്ന് ഞാൻ ആശിക്കുകയാണ്. നമ്മുടെ സംസ്ഥാനത്തിന്റെ വ്യാവസായികമായ വളർച്ചയ്ക്ക് കൂടുതൽ മൂലധന നിക്ഷേപം ആകർഷിക്കേണ്ടതായിട്ടുണ്ട്. മൂലധന നിക്ഷേപം ആകർഷിക്കുവാനും പുതിയ വ്യവസായങ്ങൾ ആരംഭിക്കുവാനും ഇച്ഛാശക്തിയോടെ പ്രവർത്തിക്കുന്ന ഈ സർക്കാരിന് ഇക്കാര്യത്തിൽ കൂടുതൽ ശ്രദ്ധ ഉണ്ടാകണമെന്ന് ഞാൻ വിനയപൂർവ്വം അഭ്യർത്ഥിക്കുകയാണ്. ആശയ സമരങ്ങളുടെ നാടായ നമ്മുടെ സംസ്ഥാനത്ത് ഓരോ രാഷ്ട്രീയ പാർട്ടിയും കേരളത്തിലെ വ്യവസായ തകർച്ചയെപ്പറ്റി ഒരു തുറന്ന ചർച്ചയ്ക്ക് തയ്യാറാകണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. നമുക്കെല്ലാവർക്കും അറിയാവുന്നതുപോലെതന്നെ റിസർവ്വ് ബാങ്ക് പുറത്തിറക്കിയ ഒരു പ്രസിദ്ധീകരണത്തിൽ കഴിഞ്ഞ പത്തു വർഷത്തെ

LIBRARY ARCHIVES Kerala Legislative Assembly

പുതിയ സമ്പത്ക്രമത്തിൽ സംസ്ഥാനങ്ങളുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ട്. ഇന്ത്യയിൽ ഏറ്റവും കൂടുതൽ വളർച്ച നേടിയ സംസ്ഥാനമെന്നു പറയുന്നത് ഗുജറാത്താണ്. തുടർന്ന് മഹാരാഷ്ട്ര, കർണ്ണാടക, തമിഴ്നാട് എന്നീ സംസ്ഥാനങ്ങൾ ഇങ്ങനെ വരുകയാണ്. ഈ കാലയളവിൽ വിദേശ മൂലധന നിക്ഷേപം ഈ സംസ്ഥാനങ്ങളിൽ കൂടുതലായി എത്തി. കൂടുതൽ വികസന പ്രവർത്തനങ്ങൾ അവിടെ നടപ്പിലാക്കുവാൻ കഴിഞ്ഞു. വ്യവസായ വികസനത്തിന് ആവശ്യമായ മികച്ച തൊഴിൽ അന്തരീക്ഷം ഇവിടെയില്ല. മികച്ച തൊഴിൽ അന്തരീക്ഷം ഉൾപ്പെടെ മറ്റു പല സഹായങ്ങളും ഉറപ്പു വരുത്താൻ ആ സംസ്ഥാനങ്ങൾക്ക് കഴിഞ്ഞു എന്നുള്ളതുകൊണ്ടാണ് വമ്പിച്ച നേട്ടം ആ സംസ്ഥാനങ്ങൾക്ക് ഉണ്ടാക്കുവാൻ കഴിഞ്ഞത് എന്നുള്ള കാര്യം അപ്പുറത്തിരിക്കുന്നവരെ ഞാൻ ഓർമ്മിപ്പിക്കുകയാണ്. അതുപോലെതന്നെ 1970 കളിൽ ഇലക്ട്രോണിക് വ്യവസായത്തിന് മാതൃകയായി മറ്റ് സംസ്ഥാനങ്ങൾ കേരളത്തെ കണ്ടിരുന്നു. ഇന്ന് ഈ രംഗത്തുപോലും നമ്മുടെ സംസ്ഥാനം പിന്നോക്കം പോയി എന്നുള്ളത് ആശയ സമരങ്ങളുടെ നാട്ടിൽ ഇനിയെങ്കിലും ചർച്ചാ വിഷയമാകണമെന്ന് ഞാൻ വിനയപൂർവ്വം അപ്പുറത്തിരിക്കുന്നവരെ ഓർമിപ്പിക്കുവാൻ ആഗ്രഹിക്കുകയാണ്. ഇവിടെ എന്തിനേയും ഏതിനേയും എതിർക്കുന്ന പ്രതിപക്ഷ സമീപനം, അതിനു മാറ്റമുണ്ടാകണം. ഒരു ജനതയുടെ ആത്മാർത്ഥത നിലകൊള്ളുന്നത് നമ്മുടെ ഗ്രാമങ്ങളിലാണ്. നമ്മുടെ പരമ്പരാഗത വ്യവസായ മേഖല തകർച്ച നേരിട്ടപ്പോൾ ഈ മേഖലയിലെ ഗുണഭോക്താക്കളായ ഗ്രാമീണരും തളർന്നുപോയി. പരമ്പരാഗത വ്യവസായ മേഖലയിൽ പണിയെടുക്കുന്ന ബഹുഭൂരിപക്ഷവും പാവപ്പെട്ട തൊഴിലാളികളാണ്. പരമ്പരാഗത വ്യവസായ മേഖലയുടെ തകർച്ച നമ്മുടെ സംസ്ഥാനത്തിന്റെ സാമ്പത്തികമായ തകർച്ചയ്ക്ക് ആക്കംകൂട്ടി എന്നുള്ളതും നമ്മൾ കാണേണ്ടതുണ്ട്. നമ്മുടെ സംസ്ഥാനത്തെ കയർ, കശുവണ്ടി, കൈത്തറി, കരകൗശലം, മത്സ്യബന്ധനം, ഈറ്റ, ബീഡി തുടങ്ങിയ പരമ്പരാഗത വ്യവസായങ്ങളൊക്കെ കഴിഞ്ഞ ഒരു ദശാബ്ദക്കാലമായി അതീവ ഗുരുതരമായ പ്രതിസന്ധിയെ നേരിട്ടുകൊണ്ടിരിക്കുകയാണ്. അക്കാര്യം ഈ നാലു വർഷങ്ങൾകൊണ്ട് ഉണ്ടായ പ്രശ്നങ്ങളൊന്നുമല്ല. ഇവിടെ കൈത്തറി വ്യവസായ മേഖലയിൽ ഒരു ലക്ഷത്തി എഴുപത്തയ്യായിരത്തോളം തൊഴിലാളികൾ കയർ മേഖലയിൽ നാലു ലക്ഷത്തോളം തൊഴിലാളികൾ, ബീഡി മേഖലയിൽ നാല്പത്തിയൊമ്പതിനായിരത്തി മൂന്നൂറ്റി അറുപത്തിയഞ്ചോളം തൊഴിലാളികൾ. കശുവണ്ടി മേഖലയിൽ രണ്ടര ലക്ഷത്തോളം തൊഴിലാളികൾ ജോലിചെയ്ത കാലം കേരളത്തിൽ ഉണ്ടായിരുന്നു. ഇന്ന് ഈ മേഖലയിലെ ഭൂരിപക്ഷം തൊഴിലാളികളും തൊഴിലില്ലാത്തവരാണെന്ന് പറയാൻ എനിക്ക് ലേശവും മടിയില്ല.

LIBRARY ARCHIVES Kerala Legislative Assembly

ഇതിനു ഉത്തരവാദി എല്ലാവരുംകൂടിയാണ്. നമ്മുടെ സംസ്ഥാനത്ത് പരമ്പരാഗത വ്യവസായങ്ങൾ പുനരുദ്ധരിക്കുവാൻ വേണ്ടി സർക്കാർ പ്രഖ്യാപിച്ച അഞ്ഞൂറു കോടി രൂപ, അതിപ്പോൾ എവിടെയാണെന്ന് അറിയില്ല. അഞ്ഞൂറു കോടി രൂപയുടെ പദ്ധതി അടിയന്തിരമായി നടപ്പിലാക്കി പരമ്പരാഗത വ്യവസായങ്ങളെ സംരക്ഷിക്കുവാനും തൊഴിൽ നഷ്ടപ്പെട്ട തൊഴിലാളികൾക്ക് തൊഴിൽ നല്കുവാനും അടിയന്തിര നടപടികൾ ഈ ഗവൺമെന്റ് സ്വീകരിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. നമ്മുടെ രാജ്യത്തിന് വിദേശ നാണ്യം നേടിത്തരുന്ന കശുവണ്ടി വ്യവസായത്തിൽ പണിയെടുക്കുന്നവരിൽ ബഹുഭൂരിപക്ഷവും സ്ത്രീ തൊഴിലാളികളാണ്. കശുവണ്ടി വ്യവസായത്തിന്റെ അഭിവൃദ്ധിക്കുവേണ്ടി നിരവധി പദ്ധതികൾ ഈ സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്. ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം കശുവണ്ടി മേഖലയിൽ ഉല്പാദനം വർദ്ധിപ്പിക്കുവാനും കശുവണ്ടി കൃഷി ആധുനികവത്കരിക്കുവാനും ഒട്ടേറെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പുതിയ കേന്ദ്ര സർക്കാരിന്റെ പ്രഖ്യാപനം പ്രയോജനപ്പെടുത്തിക്കൊണ്ട് കശുമാവ് തോട്ടങ്ങൾ വികസിപ്പിച്ച് കശുവണ്ടിയുടെ ആഭ്യന്തര ഉല്പാദനം വർദ്ധിപ്പിക്കുകയും ചെയ്താൽ ഇറക്കുമതിയെ അധികം ആശ്രയിക്കേണ്ടതായി വരുകയില്ല. കശുവണ്ടി വ്യവസായത്തിന്റെ അഭിവൃദ്ധിക്കുവേണ്ടി കൊല്ലം കേന്ദ്രമാക്കി കാഷ്യൂ ബോർഡ് രൂപീകരിക്കുന്ന കാര്യം സംസ്ഥാന ഗവൺമെന്റ് കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. അക്കാര്യത്തിൽ കാലതാമസം ഒഴിവാക്കി കഴിവതും കൊല്ലം കേന്ദ്രമാക്കി കാഷ്യൂ ബോർഡ് രൂപീകരിക്കുന്നതിന് ഗവൺമെന്റ് ഊർജ്ജിതമായ നടപടികൾ സ്വീകരിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. കശുവണ്ടി വ്യവസായ മേഖലയിലെ കുത്തക മുതലാളിമാരുടെ ചൂഷണം അവസാനിപ്പിക്കുവാൻ വേണ്ടിയാണ് യു.ഡി.എഫ്. സർക്കാർ കശുവണ്ടി വികസന കോർപ്പറേഷൻ, കാപ്പക്സ് എന്നീ സ്ഥാപനങ്ങൾ ഉണ്ടാക്കിയത് എന്നകാര്യം ഓർമ്മിപ്പിക്കുകയാണ്. കെ.എസ്.സി.ഡി.സി.യും കാപ്പക്സും ഗുരുതരമായ സാമ്പത്തിക പ്രതിസന്ധിയെ നേരിട്ടുകൊണ്ടിരുന്ന സമയത്താണ് യു.ഡി.എഫ്. സർക്കാർ അധികാരത്തിൽ വന്നത്. ബാങ്കുകളിൽ കോടികളുടെ ബാദ്ധ്യത ഉള്ളതുമൂലം സാമ്പത്തിക സഹായം ലഭിക്കാതെ കോർപ്പറേഷൻ ഫാക്ടറികളുടെ പ്രവർത്തനം നിലച്ച സാഹചര്യത്തിലാണ് യു.ഡി.എഫ്. ഗവൺമെന്റ് അധികാരത്തിൽ വന്നത്. സംസ്ഥാനത്തെ പരമ്പരാഗത വ്യവസായങ്ങളിൽ പ്രധാനമായ കശുവണ്ടി വ്യവസായ മേഖലയുടെ അഭിവൃദ്ധി ലക്ഷ്യമാക്കിക്കൊണ്ട് ഈ സർക്കാർ പ്രവർത്തിക്കുകയാണ്. കെ.എസ്.സി.ഡി.സി.യുടെ ബാങ്ക് ബാദ്ധ്യതയെക്കുറിച്ച് ശ്രീ. എ. എ. അസീസ് പറഞ്ഞല്ലോ. ഈ ഗവൺമെന്റ്

LIBRARY ARCHIVES Kerala Legislative Assembly

വരുമ്പോൾ കെ.എസ്.സി.ഡി.സി. യുടെ ബാങ്ക് ബാദ്ധ്യത 107.57 കോടി രൂപയായിരുന്നു എന്ന കാര്യം മറക്കേണ്ട. സർക്കാരിന്റെ സഹായം കൊണ്ടുമാത്രം കേരളത്തിലെ കശുവണ്ടി വികസന കോർപ്പറേഷന്റെ എല്ലാ ഫാക്ടറികളും ഇപ്പോൾ പ്രവർത്തിച്ചുകൊണ്ടിരിക്കുകയാണ്. ഈ സർക്കാർ ആറര കോടിയോളം രൂപ ഇതിനകം കാപ്പക്സിന് കൊടുത്തു കഴിഞ്ഞു. എൽ.ഡി.എഫ്.-ന്റെ കാലത്ത് ഒരു ദിവസംപോലും കാപ്പക്സ് പ്രവർത്തിച്ചിട്ടില്ല എന്ന കാര്യം ഇവിടെ ഓർമ്മിപ്പിക്കേണ്ടതായിരുന്നു. എന്റെ നിയോജകമണ്ഡലത്തിൽപ്പെട്ട എഴുകോൺ നെടുവത്തൂർ കശുവണ്ടി ഫാക്ടറികൾ കോടതി വിധിയെത്തുടർന്ന് മുൻ ഉടമകൾക്ക് വിട്ടുകൊടുക്കുകയുണ്ടായി. അങ്ങനെ വിട്ടുകൊടുക്കുമ്പോൾ തൊഴിലാളികൾക്ക് തൊഴിലും നിയമാനുസൃതമായ ആനുകൂല്യങ്ങളും കൊടുക്കണമെന്ന് കോടതി ഉത്തരവിൽ പറഞ്ഞിരുന്നു. ഈ ഫാക്ടറികൾ വിട്ടുകൊടുത്ത് രണ്ടുവർഷം കഴിഞ്ഞിട്ടും അവിടത്തെ തൊഴിലാളികൾക്ക് തൊഴിലോ മറ്റ് ആനുകൂല്യങ്ങളോ കൊടുക്കാൻ മാനേജുമെന്റ് ഇതുവരെയും തയ്യാറായിട്ടില്ല. ഈ സാഹചര്യത്തിൽ ആ കശുവണ്ടി ഫാക്ടറികൾ സർക്കാർ ഏറ്റെടുത്ത് കെ.എസ്.സി.ഡി.സി.യെ ഏൽപ്പിക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തണമെന്ന് ഗവൺമെന്റിനോട് വിനയപൂർവ്വം അഭ്യർത്ഥിക്കുകയാണ്. മാറി മാറി വന്ന സർക്കാരുകൾ കോടിക്കണക്കിന് രൂപ വർഷന്തോറും നൽകി കെ.എസ്.സി.ഡി.സി.യും കാപ്പക്സും നടത്തിക്കൊണ്ടുപോകാൻ സഹായിച്ചുകൊണ്ടിരിക്കുകയാണ്. കെ.എസ്.സി.ഡി.സി. ക്കും കാപ്പക്സിനും ഇതുവരെ കോടിക്കണക്കിന് രൂപയുടെ നഷ്ടം എങ്ങനെ ഉണ്ടായി എന്നുള്ളതിനെ സംബന്ധിച്ച് സമഗ്രമായ അന്വേഷണം നടത്തണം. കാലാകാലങ്ങളിൽ വരുന്ന സർക്കാരുകൾ പരമ്പരാഗത വ്യവസായ മേഖലയെ പരിപോഷിപ്പിക്കാൻ വിവിധങ്ങളായ പദ്ധതികൾ ആവിഷ്ക്കരിക്കുന്നു. ആവശ്യമായ തുകയും അനുവദിച്ചുകൊണ്ടിരിക്കുകയാണ്. കഴിഞ്ഞ കാലത്തെ അനുഭവങ്ങൾ നോക്കിയാൽ പദ്ധതികളും പ്രഖ്യാപനങ്ങളും പരമ്പരാഗത വ്യവസായ മേഖലയുടെ പുരോഗതിക്ക് ഉതകുന്നതല്ല എന്ന വസ്തുത കാണാൻ കഴിയും. ഈ സാഹചര്യത്തിൽ പരമ്പരാഗത വ്യവസായങ്ങളെ സംരക്ഷിക്കാനും അഭിവൃദ്ധിപ്പെടുത്താനുംവേണ്ടി ഒരു പരമ്പരാഗത വ്യവസായ വകുപ്പ് രൂപീകരിക്കണം. സംസ്ഥാനത്തെ പരമ്പരാഗത വ്യവസായ മേഖലയുടെ പുരോഗതിക്കുവേണ്ടി പ്രവർത്തിക്കുന്ന വ്യവസായ വകുപ്പിന്റെ ധനാഭ്യർത്ഥനയെ ഒരിക്കൽക്കൂടി അനുകൂലിച്ചുകൊണ്ട് അവസാനിപ്പിക്കുന്നു.

[1 PM]

ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ: സർ, ധനാഭ്യർത്ഥനയെ ഞാൻ പൂർണ്ണമായും പിന്താങ്ങുകയാണ്. വിഷയത്തിലേക്ക് കടക്കുംമുമ്പ് വളരെ ഗൗരവമായ ഒരു

LIBRARY ARCHIVES Kerala Legislative Assembly

വിഷയമായതുകൊണ്ട് ഞാൻ മറ്റൊരു വിവരം പരാമർശിക്കുകയാണ്. ഒരിക്കൽ പോലീസ് നയത്തെ എതിർത്തുകൊണ്ട് നമ്മുടെ ബഹുമാന്യനായ മെമ്പറായിരുന്ന ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ ഇറാഖിലെ അബൂഗറേബ് ജയിലിൽ യാങ്കിപ്പട ഇറാഖികളോട് കാണിച്ചതിനേക്കാൾ ക്രൂരതയാണ് കിള്ളിയിൽ നമ്മുടെ പോലീസുകാർ നാട്ടുകാരോട് കാണിച്ചതെന്ന് പറഞ്ഞു. അതിനേക്കാൾ വളരെ ക്രൂരമായ അവസ്ഥയിലാണ് നമ്മുടെ വിദ്യാർത്ഥികൾ എത്തിച്ചേർന്നിരിക്കുന്നത്. എസ്.എസ്.എൽ.സി. പരീക്ഷയുടെ ചോദ്യപേപ്പർ അട്ടിമറിച്ചതുമൂലമാണ് അത് സംഭവിച്ചത്. എനിക്ക് പറയാൻ ധാർമ്മികമായ ഒരു അവകാശമുള്ളതുകൊണ്ടാണ് ഇത് ഇവിടെ പറയുന്നത്. 2004 ജനുവരി മാസം 19-ാം തീയതി ഞാൻ ഈ സഭയിൽ എസ്.എസ്.എൽ.സി. പരീക്ഷയ്ക്ക് ഗ്രേഡിംഗ് സമ്പ്രദായം ഏർപ്പെടുത്തുന്നതിനുള്ള നീക്കത്തെക്കുറിച്ച് ഒരു സബ്മിഷൻ അവതരിപ്പിച്ചിരുന്നു. അന്ന് ഞാൻ പറഞ്ഞിരുന്നു ഇപ്പോൾ ഇൻഡ്യയ്ക്ക് മാതൃകയായ തരത്തിൽ നടക്കുന്ന ഈ സമ്പ്രദായത്തെ മാറ്റുമ്പോൾ വറചട്ടിയിൽനിന്ന് എരിതീയിലേക്ക് തള്ളിവിടുന്ന തരത്തിൽ പ്രശ്നങ്ങളെ എത്തിക്കാതിരിക്കാനുള്ള മുൻകരുതലുകളെടുക്കണമെന്ന്. അതുപോലെ 2004 ജൂലൈ മാസം 12-ാം തീയതി വിദ്യാഭ്യാസ വകുപ്പിന്റെ ധനാഭ്യർത്ഥനകളെ പിന്താങ്ങിക്കൊണ്ട് ഗ്രേഡിംഗ് സമ്പ്രദായം ഏർപ്പെടുത്തുമ്പോൾ പരീക്ഷാവേളയിൽ അൺ എയ്ഡഡ് സ്കൂളുകളിൽ കുട്ടികളെ അവർ കൈവിട്ട് സഹായിക്കാനുള്ള സാധ്യതകൾ നിരീക്ഷിക്കണമെന്ന് ഞാൻ ആവശ്യപ്പെട്ടിരുന്നു. കാർഷികാദായ നികുതി, വിൽപ്പന നികുതി മുതലായ ബില്ലിനെക്കുറിച്ച് സംസാരിച്ചപ്പോഴും 2005 മാർച്ച് മാസം 16-ാം തീയതി ഇങ്ങനെ ഒരു അട്ടിമറിയുടെ സാധ്യതയെക്കുറിച്ച് ഞാൻ ആവർത്തിക്കുകയുണ്ടായി. ഈ സാഹചര്യത്തിൽ കേരളത്തിലെ ക്രൈംബ്രാഞ്ചിന്റെ അന്വേഷണത്തിന് ഉപരിയായി ഗൾഫിൽപ്പോലും പത്തും പതിനഞ്ചും സെന്ററുകളുള്ള സ്ഥിതിക്ക് സി.ബി.ഐ.യെ കൊണ്ട് ഇത് അന്വേഷിപ്പിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ഇനി വിഷയത്തിലേക്ക് കടക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. നമ്മുടെ സംസ്ഥാനത്ത് ഇന്ന് ഏറ്റവും കൂടുതൽ പ്രതീക്ഷ വച്ചുപുലർത്താൻ കഴിയുന്ന ഒരു രംഗമായി വ്യവസായ വകുപ്പ് മാറിക്കൊണ്ടിരിക്കുകയാണ്. വ്യവസായവൽക്കരിക്കുക അല്ലെങ്കിൽ നശിക്കുക എന്ന് ഭാരതത്തിലെ ജനങ്ങളോട് ആദ്യമായി ആഹ്വാനം ചെയ്തത് നമ്മുടെ രാഷ്ട്രശിൽപ്പിയായ പണ്ഡിറ്റ് ജവഹർലാൽ നെഹ്റു ആണ്. അദ്ദേഹത്തിന്റെ വാക്കുകൾ എത്രമാത്രം സാക്ഷാത്ക്കരിക്കാൻ നമുക്ക് കഴിഞ്ഞു എന്ന് ആത്മപരിശോധന നടത്തേണ്ടതാണ്. ശ്രീ. ഷിബു ബേബിജോൺ പറഞ്ഞതു പോലെ ഇല്ലത്തുനിന്ന് ഇറങ്ങുകയും ചെയ്തു അമ്മാത്ത് ഒട്ട് എത്തിയതുമില്ല എന്ന അവസ്ഥയിലാണ് നമ്മുടെ ഈ രംഗം ഇന്ന് നിൽക്കുന്നത്. അതു പോലെ ജവഹർലാൽ നെഹ്റുവിന് മുമ്പ് തന്നെ ശ്രീനാരായണഗുരു

LIBRARY ARCHIVES Kerala Legislative Assembly

ആധുനികവൽക്കരണത്തിന്റെ ആവശ്യകതയെക്കുറിച്ചും വ്യവസായവൽക്കരണത്തെക്കുറിച്ചും ഊന്നിപ്പറഞ്ഞിരുന്നു. അതിനുവേണ്ടി അദ്ദേഹം സ്ഥാപിച്ച ശിവഗിരി സ്കൂളിൽ കൃഷിശാസ്ത്രവും മെക്കാനിസവും കുട്ടികളെ പ്രത്യേകം പഠിപ്പിക്കാൻ ഏർപ്പാട് ചെയ്തത് വ്യവസായവൽക്കരണത്തെക്കുറിച്ചുള്ള അദ്ദേഹത്തിന്റെ കാഴ്ചപ്പാടിന്റെ സുവ്യക്തമായ ഉദാഹരണമാണ്. ഇന്ന് എല്ലാവരും സംസാരിക്കുന്നത് വ്യവസായത്തെക്കുറിച്ചാണ്. സ്വാശ്രയ കോളേജ് ഒരു വ്യവസായം, വിദ്യാഭ്യാസം ഒരു വ്യവസായം എല്ലാം ഇൻഡസ്ട്രി എന്നുള്ള തരത്തിലേക്ക് പോയിക്കൊണ്ടിരിക്കുന്നു. സംരംഭകരെ ആകർഷിക്കാൻ മാമാങ്കങ്ങൾ പലതും സംഘടിപ്പിച്ചു. പക്ഷേ എല്ലാവരുടേയും കണ്ണ് കമ്പോളത്തിൽ മാത്രമായിരുന്നോയെന്ന് സംശയിക്കേണ്ടിയിരിക്കുന്നു. ഐ. ടി. എന്നുപറഞ്ഞ് പരക്കം പായുകയാണ്. വിവര സാങ്കേതിക്വിദ്യ പുഷ്ടിപ്പെടുത്തേണ്ടത് തന്നെയാണ്. അതിൽ എനിക്ക് അഭിപ്രായവ്യത്യാസമില്ല. എന്നാൽ യൂറോപ്യൻ രാജ്യങ്ങളിലും അമേരിക്കയിലും ഐ. ടി. ഔട്ട് ഓഫ് ഡേറ്റായി. അതിനേക്കാൾ മോഡേണായ ടെക്നോളജികളും ഡിവൈസുകളും ആയിക്കഴിഞ്ഞു. എന്നാൽ ഒന്നാമത്തേയും പത്താമത്തേയും പരിഗണന ഐ.ടി.യ്ക്ക് മാത്രമായാലോ? എനിക്ക് തോന്നുന്നത് കേരളത്തിൽ ഐ.ടി. എന്നുള്ളതിന്റെ ഫുൾഫോം ഇന്നത്തെ താല്പര്യം എന്നുള്ള രീതിയിൽ കാര്യങ്ങളെ എത്തിക്കുകയാണ്. ഇന്നലെ പെയ്ത മഴയിൽ ഇന്ന് കിളിർത്ത തകരകളെ മാത്രം മുൻനിർത്തിയാകരുത് നമ്മുടെ സങ്കൽപ്പങ്ങളും സ്ഥാപനങ്ങളും എന്നാണ് പറയാനുള്ളത്. തദ്ദേശീയ ആവശ്യങ്ങളും ആഗോളചോദനകളും കണ്ടറിഞ്ഞ് അതിന് ലഭ്യമായ അസംസ്കൃത വസ്തുക്കളും അതുല്യമായ മനുഷ്യവിഭവശേഷിയും ഉപയോഗപ്പെടുത്തി വ്യവസായ കേരളം കെട്ടിപ്പടുക്കാനാണ് നാം ശ്രമിക്കേണ്ടത്. ഈ തിരക്കിനിടയിൽ എല്ലാവരും സൗകര്യപൂർവ്വം മറന്നുകളയുന്നത് പരമ്പരാഗത വ്യവസായങ്ങളെയാണ്. ഇവിടെ പലരും സൂചിപ്പിച്ചു, കയർ, കശുവണ്ടി, കൈത്തറി മേഖലകൾ കൊടുംപട്ടിണിയുടേയും ആത്മഹത്യയുടേയും പ്രേതഭൂമിയായി നിലനിർത്താൻ പാടില്ല. സത്യത്തിൽ ഈ വ്യവസായങ്ങളല്ലേ മുൻകാല കേരളീയ ശക്തിയുടെ സ്രോതസ്സ്? ഈ മേഖല കരുത്താർജ്ജിച്ചാൽ ആധുനികതയുടെ സൗകര്യങ്ങൾ ഉപയോഗിച്ച് പുനരുജ്ജീവിപ്പിച്ചാൽ നമ്മെ തോൽപ്പിക്കാൻ ആർക്കാണ് കഴിയുന്നത്? 'സൗന്ദര്യത്തിന്റെ പടയാളികൾ' എന്ന കവിതയിൽ തിരുനെല്ലൂർ കരുണാകരൻ ഇങ്ങനെയാണ് പാടിയത്;

മലവാരത്തോട്ടങ്ങളിൽ മലമ്പനിക്കാടുകളിൽ
മരണത്തോട് എതിരിട്ട് ജയിക്കുവോരും

LIBRARY ARCHIVES Kerala Legislative Assembly

കഠിനമാം കരിമ്പാറക്കുന്നുകളെ
കൈകളാലെ ഞൊടിക്കുള്ളിൽ ഉടച്ചാകെ മറിക്കുവോരും
പടിഞ്ഞാറെക്കടലിന്റെ അലറുന്ന തിരമാല
പടയോട് പകയോടെ പൊരുതുവോരും
ഒരുമിച്ച് നിന്നാൽ ആരുണ്ട് എതിർക്കുവാൻ
എതിർത്താലൊരു മാത്രകൊണ്ട് നമ്മൾ വിജയിക്കില്ലേ?

ഈ മേഖലയുടെ കരുത്ത് തകർത്തത് ആരാണ്? കേരളത്തിനൊത്ത് പുരോഗമിക്കുവാൻ ഈ വ്യവസായങ്ങളെ അനുവദിക്കാതെ എല്ലാ ആധുനികതയേയും എതിർത്ത സി.പി.എം.-ന് അല്ലാതെ മറ്റാർക്കും ഈ രക്തത്തിൽ പങ്കില്ല. ഉഴവ് യന്ത്രങ്ങൾ തല്ലിത്തകർത്തു, ട്രാക്ടറുകൾ കത്തിച്ചു, തൊണ്ടുതല്ല് മെഷീനുകൾ എറിഞ്ഞുടച്ചു, കമ്പ്യൂട്ടറുകളിൽ വൈറസ് കടത്തിവിട്ടു. കൃഷിപ്പാടങ്ങൾ വെട്ടിനിരത്തി. ഇങ്ങനെ കേരള ഭൂമിയിൽ സംഹാര താണ്ഡവമാടിയപ്പോൾ ഈ മുരാച്ചികൾ ചവിട്ടി മെതിച്ചത് ഒരു നാടിന്റെ വ്യവസായ സ്വപ്നങ്ങളെയാണ്. വ്യവസായത്തിനുള്ള എല്ലാ അടിത്തറകളേയും ഒരുക്കങ്ങളേയും തകർക്കാനാണ് നിരന്തരം ശ്രമിച്ചുകൊണ്ടിരിക്കുന്നത്. വ്യവസായ വികസനത്തിന്റെ വെളിച്ചം കടന്നുവരുന്ന എല്ലാ വാതിലുകളും മനഃപൂർവ്വം കൊട്ടിയടക്കാനാണ് ഇവർ ശ്രമിച്ചുകൊണ്ടിരിക്കുന്നത്. വന്ധ്യതകളുടേയും നിത്യദാരിദ്ര്യത്തിന്റേയും നാടായി കേരളം നിലനിന്നെങ്കിൽ മാത്രമല്ലേ ചുവന്ന കൊടിയേന്താൻ ആളുണ്ടാകൂ എന്നാണ് അവരുടെ ചിന്ത. ഒരു കാലത്ത് ആനന്ദൻമാരെന്ന പേര് ചേർക്കാറുള്ളത് ബുദ്ധഭിക്ഷുക്കൾക്കായിരുന്നു. ഇപ്പോൾ മാർക്സിസ്റ്റ് പാർട്ടിയുടെ നേതാക്കൻമാർക്കാണ് ആ പേര്. അച്ചുതാനന്ദൻ, ബാലാനന്ദൻ, ചന്ദ്രാനന്ദൻ, ആനത്തലവട്ടം ആനന്ദൻ അങ്ങനെ ആനന്ദൻമാരുടെ എല്ലാം ആനന്ദമെന്നുവച്ചാൽ ഈ രാജ്യത്ത് തൊഴിലില്ലായ്മയും ദാരിദ്ര്യവും പട്ടിണിയും ഒക്കെയാണ്. അങ്ങനെയായി എത്തിയിരിക്കുന്നു കാര്യങ്ങൾ. അതുകൊണ്ട് സർക്കാർ പിൻതിരിയാൻ പാടില്ല. മകൻ മരിച്ചാലും മരുമകളുടെ കണ്ണീർ കാണാൻ ആഗ്രഹിക്കുന്ന ഈ രാഷ്ട്രീയപ്പാർട്ടി യൂദാസുമാരുടെ ഉള്ള് തുറന്ന് കാട്ടുകയും പരാജയപ്പെടുത്തുകയും ചെയ്യേണ്ടത് നമ്മുടെ അടിയന്തിര ആവശ്യമായിരിക്കുന്നു. ഭാഷാപോഷിണിയിലെ 2005-ലെ ഫെബ്രുവരി ലക്കത്തിൽ ഡി. വിനയചന്ദ്രൻ അദ്ദേഹത്തിന്റെ ഏറ്റവും പുതിയ കവിതയിൽ പറഞ്ഞു

"കണ്ണിനെന്നപോലെ വാക്കിനും കണ്ണാടിക്കും വടിയും വേണ്ടിവരും.
പുതുമഴയുടെ മണത്തിന് ഗ്രീഷ്മം സഹിക്കേണ്ടതുണ്ട്.
വിത്തിന്റെ മണ്ണൊരുക്കം വിളയ്ക്കുള്ള തോൽപാവക്കൂത്ത്
മഞ്ഞുകാലത്തെ കിളിയുടെ ദേശാടനം"

LIBRARY ARCHIVES Kerala Legislative Assembly

ഈ തടസ്സപ്പെടുത്തൽ ഗ്രീഷ്മത്തെ പരാജയപ്പെടുത്തി തദ്ദേശസ്വയംഭരണ വകുപ്പിന്റേതായ പുതുമഴയുടേതായ മണം ഈ കേരള ഭൂമിയിലാകെ പരക്കേണ്ടിയിരിക്കുന്നു. കേരളത്തിലെ സമസ്ത മേഖലകളിലും ഒരു കുതിച്ചുചാട്ടം തന്നെ നടത്തിക്കൊണ്ടാണ് ശ്രീ. എ. കെ. ആന്റണി മുഖ്യമന്ത്രിയായി യു. ഡി. എഫ്. സർക്കാർ അധികാരത്തിൽ വന്നത്. രാഷ്ട്രീയ ചങ്ങലകളിൽനിന്ന് മുഖ്യമന്ത്രി സ്ഥാപനങ്ങളെ കെട്ടഴിച്ചുവിട്ടതിന്റെ ഗുണഫലം കേരളീയ സമൂഹം അനുഭവിച്ചു തുടങ്ങിയിരിക്കുകയാണ്. ഒരുകാലത്ത് വ്യവസായങ്ങളുടെ ശവപ്പറമ്പായിരുന്ന സംസ്ഥാനത്തെ 2003-ലെ വ്യവസായ നയം ഐ.ടി. പോളിസി, ബയോടെക്നോളജി പോളിസി എന്നിവയുടെ പ്രഖ്യാപനം വ്യവസായങ്ങളുടെ മണിയറയാക്കുവാൻ യു. ഡി. എഫ്. ഗവൺമെന്റിന് കഴിഞ്ഞിട്ടുണ്ട്. സംസ്ഥാനം ഇന്ന് നിക്ഷേപക സൗഹൃദ സംസ്ഥാനമാണ്. വ്യവസായികളുടെ സുരക്ഷിതസ്ഥലമായി ഉയർത്താൻ കേരളത്തിന് കഴിഞ്ഞിട്ടുണ്ട്. 2002-ൽ 18,266 വ്യവസായ ശാലകൾ സംസ്ഥാനത്ത് ഉണ്ടായിരുന്നത് 2003-2004-ൽ അവയുടെ എണ്ണം 18,376 ആയി വർദ്ധിച്ചു. അതായത് ഒരു വർഷത്തിനിടയ്ക്ക് 114 കമ്പനികളാണ് സംസ്ഥാനത്ത് പുതിയതായി രജിസ്റ്റർ ചെയ്തത്. 2002-ൽ ഫാക്ടറി തൊഴിലാളികളുടെ എണ്ണം 48,813 ആയിരുന്നെങ്കിൽ 2003-ൽ അത് 411,749 ആയി വർദ്ധിച്ചു. അതുപോലെതന്നെ കയറും കയർ ഉൽപന്നങ്ങളും റെഡിമേഡ് വസ്ത്രങ്ങളും കശുവണ്ടി മുതലാളിമാരുടെ കയറ്റുമതി വസ്ത്രങ്ങളും കശുവണ്ടി മുതലാളിമാരുടെ കയറ്റുമതിയും അതിൽനിന്നുള്ള വിദേശ നാണ്യവും വർദ്ധിച്ചതായി കാണാം. സംസ്ഥാനത്ത് യു.ഡി.എഫ്. ഗവൺമെന്റ് വന്നതിനുശേഷം lockout – ന്റെ എണ്ണത്തിൽ സാരമായ കുറവ് സംഭവിച്ചിട്ടുണ്ട്. 1999-ൽ സംസ്ഥാനത്ത് 28 സ്ട്രൈക്കുണ്ടായി. അതുമൂലം 1.05 ദശലക്ഷം തൊഴിൽ ദിനങ്ങൾ നഷ്ടപ്പെട്ടു. എന്നാൽ 2002-ൽ വെറും 7 സ്ട്രൈക്ക് മാത്രമാണ് ഉണ്ടായത്. അതാകട്ടെ തൊഴിൽ ദിനങ്ങളുടെ നഷ്ടം 0.09 ദശലക്ഷം മാത്രമായിരുന്നു. ആദ്യത്തെ പണിമുടക്കുമൂലമുള്ള തൊഴിൽദിനങ്ങളുടെ എണ്ണം കുറഞ്ഞുവെന്നർത്ഥം. 1999-ൽ 45 lockout ഉണ്ടായിരുന്നത് 2003-ൽ 35 ആയി കുറഞ്ഞിട്ടുണ്ട്. സംസ്ഥാനത്താകെ Foreign Direct Investment (FDI) ആകർഷിക്കുന്ന കാര്യത്തിൽ കാര്യമായ പുരോഗതി ഉണ്ടായിട്ടില്ല. നിക്ഷേപസൗഹൃദ സംസ്ഥാനമായി മാറിയ കാര്യം വിദേശ സംരംഭകർക്ക് അറിയാത്തതുകൊണ്ടോ അതോ അറിഞ്ഞിട്ടോ, ഭാവിയിൽ ഉണ്ടായേക്കാവുന്ന ഭവിഷ്യത്തുകൾ ഭയന്നോ ആണ് Foreign Direct Investment സംസ്ഥാനത്ത് എത്താത്തത്. കൊച്ചിയിൽ സ്ഥാപിക്കുന്ന Italian Fashion City ഇതിന് ഒരു വഴിത്തിരിവാകുമെന്ന് പ്രതീക്ഷിക്കാം. 450 കോടി രൂപ മുതൽമുടക്കി

LIBRARY ARCHIVES Kerala Legislative Assembly

30 റെഡിമേഡ് യൂണിറ്റുകൾ സ്ഥാപിക്കപ്പെടുമ്പോൾ ഇവിടെ നാലായിരം പേർക്ക് തൊഴിലവസരം ലഭിക്കും. കൂടുതൽ വിദേശ സംരംഭങ്ങൾ സംസ്ഥാനത്ത് എത്തിച്ചേരണം. അതിനുവേണ്ടി നമ്മൾ കണ്ണുംനട്ട് മാത്രം ഇരുന്നാൽ പോര. കാര്യമായ പ്രവർത്തനങ്ങൾ നടത്തണം. അതിനുവേണ്ടി 2002-2003-ൽ നമ്മൾ ഇവിടെ ജിം നടത്തി. അത് തുടക്കമായിരുന്നു. 2002-2003-ൽ 12817 ജോയിന്റ് സ്റ്റോക്ക് കമ്പനികളാണ് സംസ്ഥാനത്ത് രജിസ്റ്റർ ചെയ്തിട്ടുള്ളതെങ്കിലും 2004-ൽ ഇവയുടെ എണ്ണം 12,695 ആയി മാറി. കേരളത്തിന്റെ ശാപം ഇവിടുത്തെ പൊതുമേഖലാ സ്ഥാപനങ്ങളാണ്. ഇൻഡ്യയിലൊട്ടാകെ 1071 പൊതുമേഖലാ സ്ഥാപനങ്ങളുള്ളതിൽ 113-ഉം കേരളത്തിലാണ്. 10.64% ആണ് ഇതിന്റെ റേഷ്യോ. മുൻകാലത്ത് കൂടുതൽ തൊഴിൽനികുതി എന്ന ഉദ്ദേശത്തോടുകൂടി തൊട്ടതിനും പിടിച്ചതിനുമൊക്കെ പൊതുമേഖലാസ്ഥാപനങ്ങളുണ്ടാക്കി സമാന സ്വഭാവത്തോടുകൂടി ഒന്നിലധികം സ്ഥാപനം രൂപംകൊണ്ടു. നഷ്ടമായാലും ഇത്രപേർക്ക് തൊഴിൽ നൽകിയെന്ന് നമ്മൾ അഭിമാനിച്ചിരുന്നു. ഇന്ന് കാലം മാറി. ഇന്ന് കോലം മാറി. നഷ്ടമുണ്ടാകുന്നത് പൊതു ഖജനാവിൽ ആണെന്നും അത് പാതകം ആണെന്നുമുള്ള ചിന്താഗതി ഇപ്പോൾ നമുക്കുണ്ട്. പക്ഷേ വളരെ താമസിച്ചുപോയി. മാനുഷിക മൂല്യങ്ങൾക്ക് വളരെ മുൻഗണന നൽകേണ്ടതായി വരുന്നു. 2002-2003-ൽ 128021 പേർക്ക് പൊതുമേഖലാ സ്ഥാപനങ്ങൾ തൊഴിൽ നൽകിയെങ്കിൽ 2003-ൽ ഇത് 115690-ലേക്ക് കുറഞ്ഞു. 1,81,201 രൂപ മുതൽ മുടക്കിൽനിന്ന് 79 പൊതുമേഖലാ സ്ഥാപനങ്ങൾ. അത് മൊത്തം 2191 കോടി രൂപ നഷ്ടം വരുത്തിക്കഴിഞ്ഞു. ഇവയുടെ സഞ്ചിത നഷ്ടം ആകട്ടെ 4239 കോടി രൂപയാണ്. ഇൻഡസ്ട്രീസ് ഡിപ്പാർട്ടുമെന്റിന്റെ കീഴിൽ 49 പൊതുമേഖലാ സ്ഥാപനങ്ങളാണുള്ളത്. അത് 2002-2003, 2003-2004-ൽ 14 എണ്ണം ലാഭമുണ്ടാക്കി. 35 എണ്ണം നഷ്ടമുണ്ടാക്കി. ഈ വർഷം ആറ് സ്ഥാപനങ്ങൾകൂടി ലാഭമുണ്ടാക്കി. 2002-2003-ൽ 49 സ്ഥാപനങ്ങളുംകൂടി നഷ്ടം വരുത്തിയത് 6,478 ലക്ഷം രൂപയാണ്. ഇത് 2003-2004-ൽ നഷ്ടം 4842 ലക്ഷം കുറഞ്ഞു. 2002 മുതൽ 2004 വരെ 2348 പേരെ വോളന്ററി റിട്ടയർമെന്റ് സ്കീം പ്രകാരം പിരിച്ചയയ്ക്കുകയുണ്ടായി. അതിനായി 6402.75 ലക്ഷം രൂപ ചെലവായിട്ടുണ്ട്. ഇവിടെ സൂചിപ്പിക്കപ്പെട്ട വിഷയമാണ് ജില്ലാ പ്രൊഫഷണൽ മാനേജ്മെന്റ് റിദഗ്ദ്ധരെ പൊതുമേഖലാ സ്ഥാപനങ്ങളുടെ തലപ്പത്ത് കൊണ്ടുവരണം. ഇപ്പോൾ കൂടുതൽ ഭിക്ഷാംദേഹികളെ കുത്തിനിറച്ചുകൊണ്ട് ഇങ്ങനെയുള്ള അഴിമതിയെ പ്രോത്സാഹിപ്പിക്കുന്ന തരത്തിലുള്ള മറ്റ് പിന്നാമ്പുറം കഥകളും കൂടിയാകുമ്പോൾ പൊതുമേഖലാസ്ഥാപനങ്ങളുടെ നഷ്ടം കൂടിയില്ലെങ്കിലേ അൽഭുതമുള്ളൂ. കശുവണ്ടിയെക്കുറിച്ച് ശ്രീ. അസീസ് അടക്കമുള്ളവർ വിശേഷിപ്പിക്കുന്നത് കേട്ടു.

LIBRARY ARCHIVES Kerala Legislative Assembly

കശുവണ്ടി ഇറക്കുമതി ചെയ്യുന്നതിലുംമറ്റും കാലാകാലങ്ങളിൽ ഉണ്ടായിക്കൊണ്ടിരിക്കുന്ന കോടികളുടെ ഞെട്ടിപ്പിക്കുന്ന അഴിമതിക്കഥകൾ. ഇതൊക്കെയല്ലേ പൊതുമേഖലാ സ്ഥാപനങ്ങളെ നശിപ്പിച്ചുകൊണ്ടിരിക്കുന്നത്. ഇന്ന് വ്യവസായങ്ങൾ ഒഴുകിയൊഴുകി ബംഗാൾവരെ എത്തിയിരിക്കുകയാണ്. എന്തുകൊണ്ടാണ് ഈ വ്യവസായങ്ങൾ നമ്മുടെ നാട്ടിൽനിന്നും അന്യം നിന്നുപോകുന്നതെന്നതിനെക്കുറിച്ചും നമ്മൾ ആലോചിക്കണം. അതുകൊണ്ട് വ്യവസായത്തിന്റെ തലപ്പത്ത് എപ്പോഴും പ്രൊഫഷണലായി സ്കിൽഡ് പേഴ്സണാലിറ്റിക്കാരെ കൊണ്ടുവന്നാൽ നമുക്ക് ഈ വ്യവസായങ്ങളെ സംരക്ഷിക്കുവാൻ കഴിയും. അതുപോലെ ടെക്നോളജി ഞാൻ നേരത്തെ സൂചിപ്പിച്ചതുപോലെ obsolete ആയ ടെക്നോളജിയാണ് നമുക്ക് എന്നും ഉള്ളത്. ജാംബവാന്റെ കാലത്തുള്ള ടെക്നോളജിയാണെങ്കിൽ അത് തച്ചുടച്ച് അവയെയെല്ലാം ആധുനികവൽക്കരിക്കണം. എങ്കിൽ മാത്രമേ വ്യവസായങ്ങളെ ലാഭകരമാക്കുവാൻ കഴിയുകയുള്ളൂ. ആ വ്യവസായങ്ങൾക്ക് കറണ്ട് വളരെ കൂടുതലാണ്. ഇത്രയും എമൗണ്ട് വ്യവസായങ്ങൾ ചെലവഴിക്കുമ്പോൾ ആ ഫാക്ടറികളുണ്ടാക്കുന്ന നഷ്ടം ഇലക്ട്രിസിറ്റി ബോർഡിനും നഷ്ടം, മൊത്തത്തിൽ നഷ്ടം, നാടിനു നഷ്ടം. ആർക്കും ഗുണമില്ലാത്ത വിധത്തിലുള്ള വ്യവസായങ്ങളായി ആധുനികവൽക്കരണം ഇല്ലാത്തതുകൊണ്ട് പല വ്യവസായങ്ങളും മാറുന്നു. ഇവിടെ സ്ഥാപിക്കുന്ന വ്യവസായ സ്ഥാപനങ്ങളുടെ ഊർദ്ധശ്വാസം വലിപ്പിക്കുന്ന മറ്റൊരു സ്ഥാപനം ഫിനാൻഷ്യൽ കോർപ്പറേഷനാണ്. നമ്മുടെ ഫിനാൻഷ്യൽ കോർപ്പറേഷനിൽ ആരെങ്കിലും അൻപത് ലക്ഷത്തിൽ താഴെ ലോണെടുത്താൽ അവന്റെ കാര്യം കട്ടപ്പൊകയാണ്. അവന്റെ ഗ്രഹപ്പിഴ അവിടെത്തുടങ്ങും. ഒറ്റത്തവണ മുടക്കിയാൽ പലിശയും കൂട്ടുപലിശയും എല്ലാം നൽകണം. അവന്റെ കിടപ്പാടവും കഞ്ഞികുടിയും എല്ലാം മുട്ടും. അവസാനം ഒറ്റയ്ക്കോ കൂട്ടായോ ഉള്ള ആത്മഹത്യയിൽ അഭയം തേടും. എന്നാൽ കോടികൾ വായ്പയെടുക്കുന്നവരാകട്ടെ ലക്ഷംപോലും വിലയില്ലാത്ത ഭൂമി ഈടു നൽകും. മുതലില്ലാത്ത ഭൂമി ഈടു നൽകി മുതലും പലിശയും തിരിച്ചടയ്ക്കുകയില്ല. അവർക്ക് കെ.എഫ്.സി. ഉദ്യോഗസ്ഥൻമാർ കൂട്ടു നിന്നുകൊടുക്കുകയാണ് ചെയ്യുന്നത്. കെ.എഫ്.സി.യെക്കുറിച്ച് ഒരു ധവളപത്രം പുറത്തിറക്കണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്. ജിം-ന്റെ ഫലമായി നേരത്തെ സൂചിപ്പിച്ചതുപോലെ 77.25 കോടി രൂപ നിക്ഷേപമുള്ള അഞ്ച് പ്രോജക്ടുകൾ തുടങ്ങിക്കഴിഞ്ഞു. 142 കോടി രൂപ നിക്ഷേപം വരുന്ന 9 പ്രോജക്ടുകൾ പുരോഗമിച്ചുകൊണ്ടിരിക്കുന്നു. 599.50 കോടി രൂപയുള്ള 19 പദ്ധതികളുടെ പ്രവർത്തികൾ വിവിധ ഘട്ടങ്ങളിൽ തരണം ചെയ്യുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ആട്ടോമൊബൈൽ വ്യവസായത്തിലെ Bewerian Motor Works (BMW), German Company, അവർ നമ്മുടെ സംസ്ഥാനത്ത് പ്ലാന്റ് തുടങ്ങാൻ താൽപര്യം പ്രകടിപ്പിച്ചിട്ടുണ്ട്. വ്യവസായ വികസനത്തിനുവേണ്ടി ഇൻഡസ്ട്രിയൽ പാർക്കുകൾ, ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകൾ, Development Areas, Special Economic Zone എന്നിവ രൂപം കൊള്ളുന്നു. Export Promotion, Industrial Park, International Apparel Park, Small Industrial Park, Food Processing Park, Sea-food Park, Rubber Park .....തുടങ്ങിയ 9 വ്യവസായ പാർക്കുകൾ കഴിഞ്ഞ വർഷം തന്നെ ആരംഭിച്ചു. Bio-technology Park, Herbal Village, Centre for Animation Films മുതലായ പല പദ്ധതികളും അണിയറയിൽ അണിഞ്ഞൊരുങ്ങുകയാണ്. 2002-2003-ൽ 10,056.62 കോടി രൂപയുടെ കയറ്റുമതിയാണ് നടന്നതെങ്കിൽ 2003-2004-ൽ അത് 14,003.09 കോടിയായി ഉയർന്നു. അരൂരിൽ ചെമ്മീനും കണ്ണൂരിൽ കൈത്തറിയും ഉള്ള Town of Excellence എന്ന രണ്ട് സ്ഥാപനങ്ങൾക്ക് അനുവാദം കിട്ടിക്കഴിഞ്ഞു. ചെറുകിട വ്യവസായ രംഗത്ത് രജിസ്റ്റർ ചെയ്തിട്ടുള്ള യൂണിറ്റുകളുടെ എണ്ണം 2.75 ലക്ഷമാണ്. 4,031 കോടി രൂപയുടെ മുതൽമുടക്കിലാണ് 12.37 ലക്ഷം പേർക്ക് തൊഴിൽ നൽകുന്ന ചെറുകിട സ്ഥാപനങ്ങൾ കേരളത്തിൽ സ്ഥാപിച്ചിട്ടുള്ളത്. കെ.എസ്.ഐ.ഡി.സി. 16,958 ലക്ഷം രൂപയുടെ വായ്പ നൽകിയതുവഴി ചെറുകിട വ്യവസായ രംഗത്ത് ഇന്ന് ഈ കുതിച്ചുചാട്ടത്തിനുള്ള തയ്യാറെടുപ്പിലാണ്. ക്ലസ്റ്റർ ഡെവലപ്മെന്റിന്റെ അടിസ്ഥാനത്തിൽ കയർ, റബ്ബർ, പ്ലൈവുഡ്സ് മുതലായ വ്യവസായങ്ങൾ മെച്ചപ്പെട്ട പ്രവർത്തനങ്ങൾ കാഴ്ചവയ്ക്കുവാൻ ഒരുങ്ങുകയാണ്. അന്താരാഷ്ട്ര അടിസ്ഥാനത്തിൽ സിന്തറ്റിക് ഫൈബറുകൾ പുറത്തള്ളപ്പെടുന്നതു മൂലമുള്ള ഗ്യാപ്പ് നമുക്ക് ഫലപ്രദമായി ഉപയോഗിക്കാനും ആ കയറ്റത്തിലേക്ക് നടന്നുകയറാൻ കഴിഞ്ഞാൽ നമ്മുടെ കയർ മാർക്കറ്റിന് ശുക്രദശ തെളിയുമെന്ന കാര്യത്തിൽ സംശയമില്ല. നമ്മുടെ തനതായ പലഹാരങ്ങൾക്ക് മാർക്കറ്റ് കണ്ടെത്താൻ ശ്രമിക്കണം. അതുകൊണ്ട് എനിക്ക് പറയാനുള്ളത് നമ്മുടെ തട്ടയും, തേൻകുഴലും, ഉണ്ണിയപ്പവും, നെയ്യപ്പവും, അച്ചപ്പവും, കുഴലപ്പവും മലയാളികളുള്ള മറുനാട്ടിലേക്ക് കയറ്റിയയയ്ക്കാൻ ശ്രമം നടത്തണം. ടൂറിസം ഒരു വ്യവസായമായി വളർന്നിരിക്കുന്നു. പക്ഷേ ടൂറിസ്റ്റ് ടേസ്റ്റനുസരിച്ചുള്ള കുറഞ്ഞ വിലകൾക്കുള്ള കരകൗശലവസ്തുക്കൾ, നമ്മുടെ കസവുടയാടകൾ, വെങ്കല വസ്തുക്കൾ ഇവയെല്ലാം ഒരു കൂരയ്ക്ക് കീഴിൽ ഒരു വിനോദ സഞ്ചാരിക്ക് ലഭിക്കാൻവേണ്ടി ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ പെർമനന്റായിട്ടുള്ള എക്സിബിഷൻ സെന്ററുകൾ തുടങ്ങാനുള്ള ശ്രമങ്ങൾ ആരംഭിക്കേണ്ടിയിരിക്കുന്നു. ഇതെല്ലാമാണ് നമ്മുടെ വ്യവസായ രംഗത്തേക്കുള്ള കാര്യങ്ങളിൽ അടിയന്തിരമായി ചെയ്യേണ്ടത്. നമ്മുടെ വ്യവസായ വകുപ്പുമന്ത്രി ഒരു തൊഴിലാളിയായി ജീവിതം ആരംഭിച്ച

LIBRARY ARCHIVES Kerala Legislative Assembly

വ്യക്തിയാണ്. തൊഴിൽ രംഗത്ത് ഇത്രത്തോളം പ്രവർത്തന പരിചയവും, ട്രേഡ് യൂണിയൻ പ്രവർത്തനങ്ങളുമായിട്ടുള്ള എല്ലാ അതിന്റെ നന്മതിന്മകളും തിരിച്ചറിഞ്ഞിട്ടുള്ള വ്യക്തിയാണ് നമ്മുടെ ഇന്നത്തെ വ്യവസായ വകുപ്പുമന്ത്രി. അതുപോലെ നമ്മുടെ മുൻപത്തെ വ്യവസായ വകുപ്പുമന്ത്രിയായിരുന്ന ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി, അദ്ദേഹവും വളരെ കഴിവുള്ള, ഈ കാര്യത്തിൽ വളരെയധികം ഇനിഷ്യേയറ്റീവ് നൽകിയിട്ടുള്ള ഒരു വ്യക്തിയായിരുന്നു. ഈ രണ്ടു വ്യക്തികളേയും ഈ അവസരത്തിൽ ഞാൻ അഭിനന്ദിക്കുകയാണ്. ഇക്കാര്യത്തിൽ വ്യവസായരംഗങ്ങളിൽ ചലനങ്ങൾ സൃഷ്ടിച്ചതിൽ എന്തെല്ലാം അപവാദങ്ങളാണ് കേട്ടുകൊണ്ടിരിക്കുന്നത്. അതുപോലെതന്നെ കരിമണൽ ഖനനത്തിനുള്ള യാതൊരു അനുമതിയും ഒരു കാരണവശാലും നൽകാൻ പാടില്ല. സുനാമിയുടെ ഭീഷണി ഇന്നലെ രാത്രിയും വീണ്ടും അശരീരിനാദം പോലെ കേട്ടു. രാത്രിയിൽ ടി.വി. ന്യൂസ് കണ്ടുകൊണ്ടിരിക്കുമ്പോൾ ഫ്ളാഷ് ന്യൂസ് കാണിച്ചു. സുനാമി ഭീഷണി നമ്മുടെ തീരദേശങ്ങൾ ആകെ കടലും, നമ്മുടെ പ്രദേശവും തമ്മിലുള്ള വ്യത്യാസം 35 മുതൽ 65 കിലോമീറ്റർ മാത്രമുള്ള ചെറിയ സംസ്ഥാനത്ത്, എന്തിന്റെ പേരിലായാലും കരിമണൽ ഖനനത്തിനുവേണ്ടി ശ്രമങ്ങൾ നടത്തിയാൽ നമ്മൾ ജനസമൂഹത്തോടുകാണിക്കുന്ന വല്ലാത്ത ക്രൂരതയായിരിക്കും. അതുകൊണ്ട് അതിൽനിന്ന് പിൻതിരിയണം. സുനാമി ദുരന്ത മത്സ്യബന്ധനമേഖല ഒരു വ്യവസായ മേഖലയാണ്. സുനാമിദുരന്തത്തെത്തുടർന്ന് ആ മേഖലയിൽ പട്ടിണിയും പരിവട്ടവുമാണ്. അവർക്കൊന്നും പണിയില്ലാതായിട്ടുണ്ട്. ആ വ്യവസായവും മറ്റൊരു തകർച്ചയുടെ വക്കിലാണ്. അതുകൊണ്ട് എനിക്ക് പറയാനുള്ളത് മത്സ്യഫെഡിൽ അംഗത്വമുള്ള എല്ലാ മത്സ്യത്തൊഴിലാളികൾക്കും 10,000 രൂപ വരെ എങ്കിലും ധനസഹായം കൊടുത്തുകൊണ്ട് അവർക്ക് ഈ പ്രവർത്തനങ്ങൾ വീണ്ടും ആരംഭിക്കുന്നതിനുള്ള സഹായത്തിനുവേണ്ടിയുള്ള പദ്ധതികൂടി വ്യവസായ വകുപ്പ് ആവിഷ്ക്കരിക്കണം എന്നാണ് എനിക്കിതു സംബന്ധിച്ച് പറയാനുള്ളത്. ഞാൻ ഒരിക്കൽകൂടി ഈ ധനാഭ്യർത്ഥനകളെ പിൻതാങ്ങിക്കൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. ചെർക്കളം അബ്ദുള്ള: സർ, വ്യവസായ വകുപ്പിനുവേണ്ടിയുള്ള ധനാഭ്യർത്ഥനയെ ഞാൻ പരിപൂർണ്ണമായി പിൻതാങ്ങുകയാണ്. കഴിഞ്ഞ ഒരു മാസത്തോളമായി ഈ സഭയിൽ ധനാഭ്യർത്ഥനകളെ സംബന്ധിച്ചുള്ള ചർച്ചകൾ നടക്കുകയാണ്. മാർച്ച് മാസം രണ്ടാം തീയതിയാണ് ചർച്ച ആരംഭിച്ചത്. ഇന്ന് മാർച്ച് മാസം 29-ാം തീയതി ധനാഭ്യർത്ഥനകളുടെ ചർച്ച അവസാനിക്കുകയാണ്. അവസാനമായി വ്യവസായ വകുപ്പിന്റെ ചർച്ചയിൽ പങ്കെടുക്കുന്നതിൽ എനിക്ക്

LIBRARY ARCHIVES Kerala Legislative Assembly

സന്തോഷമേയുള്ളു. നിരവധി വ്യവസായങ്ങൾ, ഇൻഫർമേഷൻ ടെക്നോളജി, ബയോടെക്നോളജി രംഗത്തൊക്കെ വിപ്ലവകരമായ മാറ്റം വന്നിട്ടുള്ള സാഹചര്യത്തിൽ പതിനായിരക്കണക്കിന് അഭ്യസ്തവിദ്യരായ നമ്മുടെ സഹോദരീ സഹോദരന്മാർക്ക്, തൊഴിൽ നൽകിക്കൊണ്ടിരിക്കുന്ന ഒട്ടനേകം പ്രവർത്തനങ്ങൾ നമ്മുടെ സംസ്ഥാനത്ത് 4 വർഷം കൊണ്ട് നടന്നിരിക്കുകയാണ്. ശ്രീ. എ. കെ. ആന്റണിയുടെ നേതൃത്വത്തിലുള്ള ഗവണ്മെന്റും, ശ്രീ. ഉമ്മൻ ചാണ്ടിയുടെ നേതൃത്വത്തിലുള്ള ഗവണ്മെന്റും ഈ രംഗത്ത് ഒരു വലിയ മാറ്റത്തിന് തുടക്കം കുറിച്ചാണ് പ്രവർത്തനം ആരംഭിച്ചത്. ധനാഭ്യർത്ഥന ചർച്ചയിൽ പങ്കെടുത്തുകൊണ്ട് പ്രതിപക്ഷത്തുനിന്നാദ്യമായി സംസാരിച്ചത് എന്റെ ബഹുമാന്യനായ സുഹൃത്ത്, ഒരു വ്യവസായികൂടിയായ ശ്രീ. വി. കെ. സി. മമ്മത് കോയയായിരുന്നു. അദ്ദേഹം ആവർത്തിച്ചാവർത്തിച്ചു പറഞ്ഞു പല വ്യവസായങ്ങളും തകർന്നുകൊണ്ടിരിക്കുന്നുവെന്ന്. അദ്ദേഹത്തിന്റെ വ്യവസായം തകരാതെയിരിക്കട്ടെയെന്നാണ് പ്രാർത്ഥന. എല്ലാപേർക്കും വളരെ വ്യക്തമായിട്ടറിയാം അദ്ദേഹം അത്യാധുനിക വ്യവസായങ്ങൾ കൊണ്ടുവന്ന് ഒരുപാട് വിജയം കൈവരിച്ചുകൊണ്ടിരിക്കുന്നു എന്ന്. ആ നേട്ടങ്ങളുടെ ഭാഗമായാണ് നമുക്കെല്ലാം 2 ജോഡി ചെരുപ്പുകൾ സമ്മാനിച്ചിട്ടുള്ളത് എന്ന് ഞാൻ സാന്ദർഭികമായി സൂചിപ്പിക്കാനാഗ്രഹിക്കുന്നു. അദ്ദേഹത്തിന്റെ വ്യവസായം മാത്രമല്ല; കേരളത്തിന്റെ മൊത്തം വ്യവസായങ്ങളും വളരെ ശക്തമായ രീതിയിൽ മുന്നോട്ട് കൊണ്ടുപോകാൻ സാധിക്കട്ടെയെന്ന് ഞാൻ പ്രാർത്ഥിക്കുന്നു. ഇവിടെ പ്രസംഗിച്ചതുകേട്ടപ്പോൾ വളരെ വ്യക്തമായി തോന്നി 'ജിം' ഒക്കെ കൊണ്ടുവന്നത് തെറ്റായിപ്പോയോയെന്ന്. ജിം-ൽ 50,000 കോടിരൂപയുടെ വ്യവസായ ശാലകൾ തുടങ്ങാൻ ആവശ്യമായ നടപടികളുണ്ടാകുമെന്ന് പറഞ്ഞിട്ട് 26,000 കോടി രൂപയുടെ വ്യവസായങ്ങൾ കൊണ്ടുവരാൻ മാത്രമേ ഒരു ധാരണയുണ്ടായിട്ടുള്ളൂ എന്ന് സൂചിപ്പിച്ചത് ഞാൻ വളരെ ദുഃഖത്തോടെയാണ് കാണുന്നത്. 26,000 കോടി രൂപയുടെ വ്യവസായങ്ങളെങ്കിലും നമ്മുടെ സംസ്ഥാനത്ത് വരട്ടേയെന്ന് ആഗ്രഹിക്കുകയും അതിനുവേണ്ടി പ്രവർത്തിക്കുകയും ചെയ്യേണ്ട ഒരു കാലഘട്ടമാണ്. ലക്ഷക്കണക്കിന് തൊഴിലില്ലാത്ത, അഭ്യസ്തവിദ്യരായ, സാങ്കേതികജ്ഞാനം നേടിയിട്ടുള്ള നമ്മുടെ സംസ്ഥാനത്തെ സഹോദരീ സഹോദരന്മാർക്ക് തൊഴിൽ നൽകാൻ കഴിയുന്ന വ്യവസായശാലകൾ ഉണ്ടാകുകയെന്നുള്ളതാണ് നമ്മുടെയാവശ്യം. ഈ പറയുന്ന ആളുകൾ 26,000 കോടി രൂപ ജിം-ലൂടെ ഉണ്ടാക്കുവാൻ വേണ്ടി തീരുമാനിച്ചു. ആ സ്ഥാപനങ്ങളൊക്കെ വരുന്നതിന് എങ്ങനെ സാധിക്കും എന്നുള്ളത് സംബന്ധിച്ച്

LIBRARY ARCHIVES Kerala Legislative Assembly

മനസ്സിലാക്കിയിട്ടുണ്ടോ? സർ, ജിം-ന്റെ പരിപാടിയിൽ അന്ന് ബഹുമാന്യനായ പ്രതിപക്ഷനേതാവ് ശ്രീ. വി. എസ്. അച്ചുതാനന്ദനും പങ്കെടുത്തിരുന്നു. സർ, നിങ്ങളല്ലേ, അപ്പുറത്തിരിക്കുന്ന ആളുകളാണ് വ്യവസായ രംഗത്ത് വിപ്ലവകരമായ പുതിയ മാറ്റങ്ങൾ കൊണ്ടുവരുന്നതിനുവേണ്ടി ഞങ്ങൾ ശ്രമിച്ചപ്പോൾ അതിനെ തടയിടാനുള്ള വികസന വിരുദ്ധ അജണ്ടയുമായി മുന്നോട്ടു വന്നത് എന്നുള്ളത് നിങ്ങൾ മറക്കുന്നത് ശരിയല്ല എന്നാണ് എനിക്ക് ഈ സന്ദർഭത്തിൽ പറയാനുള്ളത്. ഇപ്പോൾ നിങ്ങൾ അതിൽനിന്നും മാറിയോ? വികസന വിരുദ്ധ അജണ്ട തന്നെയാണ് നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്. ഈ വികസന വിരുദ്ധ അജണ്ട എത്രമാത്രം നിങ്ങൾ പ്രാവർത്തികമാക്കാൻ തുനിയുന്നോ അത്രയും കാലം നമ്മുടെ സംസ്ഥാനത്ത് വ്യവസായങ്ങൾ വളർന്നുവരാനുള്ള സാഹചര്യം ഉണ്ടാകുകയില്ല എന്നുള്ളതാണ് സത്യം. നമ്മുടെ നാട്ടിനുവേണ്ടി, നമ്മുടെ നാട്ടിലെ സാധാരണക്കാർക്കുവേണ്ടി അഭ്യസ്തവിദ്യർക്കുവേണ്ടി, സാങ്കേതിക വിജ്ഞാനം നേടിയിട്ടുള്ള തൊഴിലില്ലാത്തവർക്കുവേണ്ടിയുള്ള പ്രവർത്തനം എന്നുള്ള നിലയിൽ വ്യവസായശാലകൾ കൊണ്ടുവരുന്നതിന് വേണ്ടിയുള്ള ശ്രമമാണ് നമ്മൾ നടത്തേണ്ടത്. അത് ഇല്ലാതാക്കുന്നതിന് വേണ്ടിയുള്ള ശ്രമമല്ലേ എന്നുള്ളത് ഞാൻ സാന്ദർഭികമായി സൂചിപ്പിക്കുവാൻ ആഗ്രഹിക്കുകയാണ്. മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടി, ഇടതുപക്ഷ ജനാധിപത്യമുന്നണി ഭരിക്കുന്ന ബംഗാളിൽ എത്രമാത്രം വ്യവസായങ്ങൾ നടപ്പിൽ വന്നിട്ടുണ്ട്? ഒരുപാട് വ്യവസായങ്ങൾ വന്നിട്ടുണ്ട്. പക്ഷേ കേരളത്തിൽനിന്നും വ്യത്യസ്തമായ വ്യവസായ സംവിധാനമാണ് അവിടെയുള്ളത് എന്നുള്ളത് അപ്പുറത്തുള്ളവർ മറക്കുന്നത് ശരിയല്ല. അന്ന് നിങ്ങളുടെ മുഖ്യമന്ത്രിയായിരുന്ന ശ്രീ. ജ്യോതിബസുവിന്റെ മകനാണ് ബംഗാളിലെ ഏറ്റവും വലിയ വ്യവസായി എന്നുള്ളതുകൊണ്ട് നിങ്ങൾ അതിനെ മൂടിവയ്ക്കുന്നു എന്നുള്ളത് മാത്രമാണ് സത്യം. വ്യവസായ രംഗത്ത് വരുന്ന ആളുകൾ നിങ്ങളെ അനുകൂലിക്കുന്നവർ, നിങ്ങളെ പ്രോൽസാഹിപ്പിക്കുന്നവരും നിങ്ങൾക്ക് താങ്ങും തണലുമായി നിൽക്കുന്നവർ മാത്രമാകണം എന്നു വിചാരിച്ചാൽ ഈ സംസ്ഥാനത്ത് വ്യവസായ വികസനം ഉണ്ടാകുകയില്ല എന്നുള്ളതാണ് സത്യം. ലാബ് വ്യവസായ രംഗത്തും, ഐ. ടി. രംഗത്തും ബയോടെക്നോളജി രംഗത്തുമൊക്കെ നമുക്ക് മാറ്റം വരുത്താൻ കഴിഞ്ഞിട്ടുള്ള ഒരുപാട് മേഖലകളെ സംബന്ധിച്ച് നമ്മൾ ഓരോരുത്തരും വ്യക്തമായി വിലയിരുത്തിയതിനുശേഷം പ്രസംഗിക്കുന്നതായിരിക്കും നല്ലത് എന്നാണ് എനിക്ക് തോന്നുന്നത്. കൊച്ചിയുടെ സ്ഥിതി എന്താണ്? ബാംഗ്ലൂരിനോടും അതുപോലെതന്നെ ഇന്ത്യയിലെ മറ്റ് വികസിത സംസ്ഥാനങ്ങളോടും കിടപിടിക്കുന്ന തരത്തിലേക്ക് കൊച്ചി മാത്രം

LIBRARY ARCHIVES Kerala Legislative Assembly

മാറിയിരിക്കുന്നു. കേരള സംസ്ഥാനം മൊത്തത്തിൽ മാറുകയും കൊച്ചി വികസന രംഗത്ത് വലിയൊരു മാറ്റമെന്നുള്ള നിലയ്ക്ക്, ഞങ്ങൾ വികസനത്തിൽ രാഷ്ട്രീയം കാണുന്നില്ല. അതാണ് കൊച്ചിക്ക് ഏറ്റവുമധികം പ്രാധാന്യം നൽകിയിരിക്കുന്നത്. കൊച്ചി കോർപ്പറേഷൻ ഭരിക്കുന്നത് ഇടതുപക്ഷ ജനാധിപത്യമുന്നണിയാണെന്നുള്ളത് ഞങ്ങൾക്കറിയാം. പക്ഷേ കൊച്ചിയിൽത്തന്നെ ഇത്തരത്തിലുള്ള വ്യവസായശാലകളൊക്കെ ആരംഭിക്കുന്നതിനുവേണ്ടി തീരുമാനിക്കുന്നതും കൊച്ചി വികസന രംഗത്ത് ഇന്ത്യയിലെ ഏറ്റവും വലിയ ഐ. ടി. രംഗത്തെ ഡെസ്റ്റിനേഷൻ പോയിന്റായി അംഗീകരിച്ചുകൊണ്ടിരിക്കുന്നതും അതുകൊണ്ടുതന്നെയാണ്. വികസനത്തിൽ രാഷ്ട്രീയം വേണ്ട എന്നുള്ള മുദ്രാവാക്യം പ്രാവർത്തികമാക്കിക്കൊണ്ടാണ് കേരളത്തിലെ ഐക്യജനാധിപത്യമുന്നണി ഗവണ്മെന്റ് അധികാരത്തിൽ വന്നത്. ആ അധികാരത്തിൽ വന്നതിനുശേഷമുണ്ടായ ഒരുപാട് നേട്ടങ്ങളെ മറച്ചുവച്ചതുകൊണ്ട് കാര്യമില്ല. ചെറുകിട വ്യവസായങ്ങൾക്ക് ആവശ്യമായ മൂലധന സബ്സിഡിയും മാർജിൻ മണിയും നൽകിക്കൊണ്ട് നിരവധി വ്യവസായങ്ങൾക്ക് തുടക്കം കുറിക്കാൻ പ്രോൽസാഹനം നൽകിക്കൊണ്ടിരിക്കുകയാണ്. യു.ഡി.എഫ്. ഗവണ്മെന്റ് അധികാരത്തിൽ വന്നതിനുശേഷം അയ്യായിരത്തി എഴുന്നൂറ്റി അൻപത്തിനാല് സ്മാൾ സ്കെയിൽ ഇൻഡസ്ട്രിയൽ യൂണിറ്റുകളാണ് കേരളത്തിൽ പ്രാവർത്തികമായിട്ടുള്ളത്. 72.22 കോടി രൂപ സർക്കാർ ഈ രംഗത്ത് ചെലവഴിച്ചിട്ടുണ്ടെന്നുള്ളത് വളരെ ഗൗരവമായി എടുക്കേണ്ടതാണ്. അതുപോലെതന്നെ മാർജിൻ മണിയായി 1500 യൂണിറ്റുകൾക്ക് 1880.95 ലക്ഷം രൂപ നൽകിയിട്ടുണ്ട്. സാധാരണക്കാരായ തൊഴിലില്ലാത്ത ചെറുപ്പക്കാരെ സംബന്ധിച്ചിടത്തോളം ഏറ്റവുമധികം മെച്ചപ്പെട്ട തൊഴിലവസരം ഉണ്ടാക്കിക്കൊടുത്ത ഒരു സന്ദർഭമാണിത്. 1993-94-ൽ ആരംഭിച്ച അഭ്യസ്തവിദ്യർക്കുവേണ്ടിയുള്ള സ്വയം തൊഴിൽ കണ്ടെത്തുന്നതിനുള്ള പരിപാടിയായ പി.എം.ആർ.വൈ. എത്ര പേർക്കാണ് ടാർജറ്റ്. കഴിഞ്ഞ 4 വർഷം 87100 പേർക്കാണ് തൊഴിൽ നൽകുന്നതിന് വേണ്ടിയുള്ള ടാർജറ്റുള്ളത്. 70428 പ്രൊപ്പോസലുകൾ അംഗീകരിച്ചു. 38,009 ലക്ഷം രൂപ അതിനുവേണ്ടി നൽകിയിട്ടുണ്ട്. 34326 പേർക്ക് ജോലി ലഭിക്കുവാൻ സാധ്യതയുള്ള ഒട്ടനേകം സ്വയം തൊഴിൽ കണ്ടെത്തുന്ന വ്യവസായങ്ങൾ സ്ഥാപിക്കുവാൻ കഴിഞ്ഞു എന്നുള്ളതാണ് സത്യം. ഈ രംഗത്ത് 462.9 ലക്ഷം രൂപ ബഡ്ജറ്റിലൂടെ നമ്മുടെ സംസ്ഥാനത്ത് ചെലവാക്കുവാൻ കഴിഞ്ഞിട്ടുണ്ട്. ഈ സംസ്ഥാനത്ത് കഴിഞ്ഞ മാർച്ച് 2-ാം തീയതി ആരംഭിച്ച നിയമസഭയിൽ, നിങ്ങളൊക്കെ അൽപ്പം നന്നായി വരുന്നു എന്നാണ് എനിക്ക് തോന്നുന്നത്. കഴിഞ്ഞ കാലത്തുള്ളത് പോലെ

LIBRARY ARCHIVES Kerala Legislative Assembly

നിങ്ങൾ എല്ലാ കാര്യത്തിലും, അഴിമതി ആരോപണം ഉന്നയിച്ചുകൊണ്ടാണ് തുടങ്ങിയത്. ഈ സംസ്ഥാനത്തിന്റെ പല കാര്യങ്ങളിലും നിങ്ങൾ താൽപ്പര്യം പ്രകടിപ്പിക്കാതിരിക്കുന്നത് എല്ലാ കാര്യത്തിലും അഴിമതി ആരോപിച്ചുകൊണ്ടാണ് ശ്രീ. മാങ്കോട് രാധാകൃഷ്ണൻ ഇവിടെ അഴിമതിയാരോപണം ഉന്നയിച്ചല്ലോ? എന്തിനെക്കുറിച്ചാണ് അദ്ദേഹം അഴിമതിയാരോപണം ഉന്നയിച്ചത് എന്നുള്ളത് അദ്ദേഹംതന്നെ മനസ്സിലാക്കിയിട്ടുണ്ടോ എന്നുള്ളത് എനിക്കറിയില്ല. അദ്ദേഹം ഈ കാര്യങ്ങൾ പറഞ്ഞപ്പോൾ തോന്നുന്നത് കേരളത്തിന്റെ ചരിത്രത്തിൽ ആദ്യമായാണ് ഒരു പൊതുമേഖലാസ്ഥാപനത്തിൽനിന്നും മറ്റൊരു പൊതുമേഖലാസ്ഥാപനത്തിലേക്ക് ഒരാൾ ഡെപ്യൂട്ടേഷനിൽ പോയാൽ അത് ഒബ്സർവ് ചെയ്യുന്ന സമ്പ്രദായവും രീതിയുമൊക്കെയുള്ളത്. അത് ശ്രീ. ഇബ്രാഹിംകുഞ്ഞ് വ്യവസായ വകുപ്പുമന്ത്രിയായതിനുശേഷം അല്ലെങ്കിൽ ശ്രീ. കുഞ്ഞാലിക്കുട്ടി സാഹിബ് നേരത്തെ വകുപ്പുമന്ത്രിയായതിനുശേഷമാണ് ആരംഭിച്ചത് എന്ന് തോന്നും. ഇവിടെ ഇടതുപക്ഷജനാധിപത്യമുന്നണി ഭരിക്കുന്ന കാലഘട്ടത്തിലൊക്കെ എത്രമാത്രം ഉദ്യോഗസ്ഥന്മാരെ ഡെപ്യൂട്ടേഷനിലെടുത്ത് ഒബ്സർവ് ചെയ്ത ചരിത്രമുണ്ടെന്നുള്ളത് മനസ്സിലാക്കണം.

ശ്രീ. മാങ്കോട് രാധാകൃഷ്ണൻ: ബഹുമാനപ്പെട്ട മെമ്പർ ഇവിടെ ഒരു സ്ഥാപനത്തിൽ നിന്ന് മറ്റൊരു സ്ഥാപനത്തിലേക്ക് deputation പോകുന്നത് സാധാരണമാണ്. പക്ഷേ deputation വരുന്ന ആളുകൾക്ക് ഒരു മാസം കഴിയുന്നതിനുമുൻപ് വന്ന സ്ഥാപനത്തിൽ സ്ഥിരം നിയമനം നടത്തുന്ന സംഭവം മുൻകാലങ്ങളിൽ ഉണ്ടായിട്ടില്ല.

ശ്രീ. ചെർക്കളം അബ്ദുള്ള: ഇത് എല്ലാ കാലഘട്ടങ്ങളിലും ഉണ്ടായിട്ടുണ്ട്. പൊതുമേഖലാസ്ഥാപനത്തിൽ deputation വരുന്നവരെ absorb ചെയ്യുന്നത് പുതിയ കാര്യമല്ല. പല സ്ഥാപനങ്ങളിലും മുൻ സർക്കാരുകളുടെ കാലത്ത് ഇത് നടന്നിട്ടുണ്ട്. മലബാർ സിമന്റ്സിൽ നാലുപേരെ deputation-ൽ നിയമിച്ചശേഷം regularise ചെയ്തിട്ടുണ്ട്. ശ്രീമതി രമാ തമ്പാട്ടി, ഫിനാൻസ് എക്സിക്യൂട്ടീവ്, ശ്രീ. കെ. ബാലചന്ദ്രൻ ഡെപ്യൂട്ടിമാനേജർ ഫിനാൻസ്, ശ്രീ. ജയപ്രകാശ്, ഡെപ്യൂട്ടിമാനേജർ, Trivandrum Spinning Mill-ൽ ആണ് മറ്റേത് Kerala Soaps and Oils (KSO)-ൽ നിന്നാണ്. ശ്രീ. അഷറഫ് ജൂനിയർ മാനേജർ, Handicraft Development Corporation ഇവരിൽ ശ്രീമതി രമാ തമ്പാട്ടി, Chartered Accountant ആണ് ശ്രീ. കെ. ബാലചന്ദ്രൻ, ICWA ആണ്, ശ്രീ. ജയപ്രകാശ് MSW ആണ്, ശ്രീ. അഷറഫ് MBA ആണ്. എല്ലാ വിധത്തിലുള്ള qualification-സും ഉള്ള ആളുകൾ എന്ന നിലയിൽ ആണ് അവരെ deputation-ൽ സ്വീകരിച്ചത്. മലബാർ

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

സിമന്റ്സിൽ തന്നെ ഡയറക്ടർ ബോർഡ് ശുപാർശ ചെയ്തതുപ്രകാരം Burcau of Public Enterprises അംഗീകരിച്ചു, ഫിനാൻസ് വകുപ്പ് അംഗീകരിച്ചു ബഹുമാനപ്പെട്ട മുഖ്യമന്ത്രി അംഗീകരിച്ചു. ഇവരുടെ എല്ലാവരുടെയും അംഗീകാരത്തോടുകൂടിയാണ് regularise ചെയ്തത്. അത് മറച്ചുവച്ചിട്ടുകാര്യമില്ല. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ഇങ്ങനെ നടന്നില്ലായെന്ന് ശ്രീ. മാങ്കോട് രാധാകൃഷ്ണൻ പറയുകയുണ്ടായി. എല്ലാകാലഘട്ടങ്ങളിലും ഇതുപോലെ പൊതുമേഖലാ സ്ഥാപനങ്ങളിലേക്ക് deputation വ്യവസ്ഥയിൽ നിയമിച്ചവരെ മറ്റു സ്ഥാപനങ്ങളിൽ സ്ഥിരപ്പെടുത്തിയിട്ടുണ്ട്. കെൽട്രോണിൽ നിന്ന് dcputation-ൽ ശ്രീ. ജയകുമാർ, ശ്രീ. ജെ. ബാലചന്ദ്രൻ, ER & DC-യിൽ വന്ന ശ്രീ. ചന്ദ്രശേഖരൻ എന്നിവരെയും ടെക്നോപാർക്കിൽ 1997-ൽ regularise ചെയ്തിട്ടുണ്ട്. ശ്രീ. മാങ്കോട് രാധാകൃഷ്ണൻ അത് മറച്ചുവച്ചതുകൊണ്ട് കാര്യമില്ല. മലബാർ സിമന്റ്സിൽ regularise ചെയ്തവരെല്ലാം തന്നെ തികഞ്ഞ വിദ്യാഭ്യാസ യോഗ്യതയുള്ളവരും അതാതുതലങ്ങളിൽ പരിചയസമ്പന്നരും ഈ രംഗത്ത് പ്രവർത്തിച്ച് വളരെയേറെ പാരമ്പര്യവുമുള്ളവരുമാണ് എന്നത് വസ്തുതാപരമായി അംഗീകരിച്ചു കൊണ്ടായിരിക്കണം ഒരുമന്ത്രിയുടെ പേരിലോ, മന്ത്രിയുടെ ഓഫിസിന്റെ പേരിലോ അഴിമതി ആരോപണം നടത്താൻ. അഴിമതി ആരോപണം നടത്തുന്നത് പ്രസംഗിക്കുന്നവരുടെ സാധാരണ ഒരു നടപടിക്രമം മാത്രമാണ്. നിങ്ങൾ തന്നെ എത്ര കോടി രൂപയുടെ അഴിമതി ആരോപണം സഭയിൽ ഉന്നയിച്ചു എന്ന് നിങ്ങൾക്ക് വല്ല നിശ്ചയവുമുണ്ടോ എന്ന് ചോദിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ഞങ്ങൾ അപ്പുറത്തായിരുന്നപ്പോൾ ഒരുപാട് അഴിമതി ആരോപണങ്ങൾ ബന്ധപ്പെട്ട രേഖകൾ ഉദ്ധരിച്ച് നിയമസഭയിൽ ഉന്നയിച്ചിട്ടുണ്ട്. അന്ന് മുഖ്യമന്ത്രിയും ബന്ധപ്പെട്ട മന്ത്രിമാരും ചോദിച്ചു നിങ്ങൾ പറഞ്ഞതിന് തെളിവുണ്ടോ, തെളിവുണ്ടെങ്കിൽ എന്തുകൊണ്ട് നിങ്ങൾ ലോകായുക്തയിൽ പോകുന്നില്ല? ഞാൻ ചോദിക്കുന്നു നിങ്ങളുടെ കൈയിൽ തെളിവുണ്ടെങ്കിൽ എന്തുകൊണ്ട് നിയമ നടപടി സ്വീകരിക്കാൻ നിങ്ങൾ തയ്യാറാകുന്നില്ല. വളരെ വ്യക്തമായി ആലോചിക്കേണ്ട കാര്യമാണ്. ഈ നിയമസഭയിൽ ഒരു പുകമറ സൃഷ്ടിച്ചുകൊണ്ട് രാഷ്ട്രീയത്തിന്റെ പേരിൽ എന്തും ആകാമെന്ന തെറ്റായ ധാരണ പുലർത്തുന്നതുകൊണ്ട് ജനങ്ങൾ നിങ്ങളെ സ്വീകരിക്കില്ല എന്ന് മനസ്സിലാക്കണം. നമ്മുടെ സംസ്ഥാനത്ത് വികസനരംഗത്ത് ഒരുപാടു മാറ്റങ്ങൾ ഇതിനോടകം വന്നുകഴിഞ്ഞിട്ടുണ്ട്. മറ്റെല്ലാരംഗത്തും ഉള്ളതുപോലെ വ്യവസായ രംഗത്തും ഒരുപാടു മാറ്റങ്ങൾ വരുത്തിയിട്ടുണ്ട്. KSIDC-ക്ക് ഒരുപാടു പ്രവർത്തന നേട്ടങ്ങൾ ഉണ്ടായിട്ടുണ്ട്. നേട്ടങ്ങൾ വിശദമായി സംസാരിക്കാൻ ഞാൻ ഉദ്ദേശിക്കുന്നില്ല. ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ അത്

സംബന്ധിച്ച് വളരെ വിശദമായി പറഞ്ഞിട്ടുള്ളതുകൊണ്ട് ഞാനത് പറയാൻ ഉദ്ദേശിക്കുന്നില്ല. നമ്മുടെ സംസ്ഥാനത്തെ അഭ്യസ്തവിദ്യരായ, സാങ്കേതിക വിദ്യാഭ്യാസം നേടിയിട്ടുള്ള ആളുകൾക്കുവേണ്ടി നമ്മൾ ഉണ്ടാക്കിയിട്ടുള്ള വിദ്യാഭ്യാസ രംഗത്തെ മാറ്റങ്ങൾ അത് ഉൾക്കൊള്ളാൻ നമ്മൾ തയ്യാറാവണം. അതുൾക്കൊണ്ടുള്ള പ്രവർത്തനങ്ങൾ ആണ് ഉണ്ടാവേണ്ടത് സാധാരണക്കാർക്കുവേണ്ടി, പാവപ്പെട്ടവർക്കുവേണ്ടി, പ്രവർത്തിക്കുന്നവരാണ് പൊതുപ്രവർത്തകർ. ആ നിലയിൽ അവരെ കൂടി കണക്കിലെടുത്തുകൊണ്ടാവണം നമ്മുടെ പ്രവർത്തനം എന്ന് ഓർമ്മിപ്പിക്കാൻ ഞാൻ ഈ അവസരം ഉപയോഗിക്കുകയാണ്. കാസർകോഡ് ജില്ല വ്യവസായ രംഗത്ത് വളരെ പിന്നോക്കമാണ്. കാസർകോഡ് ജില്ല ഒരു വ്യവസായമില്ലാ ജില്ലയാണ്. കാസർകോഡ് ഒറ്റ വ്യവസായം മാത്രമാണുള്ളത് KEL-ന്റെ ഒരു യൂണിറ്റ് മാത്രം. അതുകൊണ്ട് മഞ്ചേശ്വരം ഭാഗത്ത് ബോക്സൈറ്റ് അടിസ്ഥാനപ്പെടുത്തിയും ഫുഡ് പ്രോസസ്സിംഗ് അടിസ്ഥാനത്തിലുമുള്ള രണ്ടു വ്യവസായസ്ഥാപനങ്ങൾ തുടങ്ങുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് ഒരിക്കൽകൂടി ഞാൻ ഈ ധനാഭ്യർത്ഥനയെ പിൻതാങ്ങുന്നു.

(ചെയറിൽ മി. ഡെപ്യൂട്ടി സ്പീക്കർ)

ശ്രീ. വർക്കല കഹാർ : ഞാൻ ഈ ധനാഭ്യർത്ഥനയെ പിൻതാങ്ങുകയാണ്. ഇവിടെ ഇതിനെ എതിർത്തു സംസാരിച്ചവർക്ക് പറയാനുണ്ടായിരുന്ന കാര്യങ്ങളിൽ ഒന്ന് വി. ആർ. എസി.-ന്റെ കാര്യം; വേറൊന്ന് വ്യവസായങ്ങൾ വിറ്റുതുലയ്ക്കുന്ന കാര്യമാണ്. വികാരവായ്പോടുകൂടി പറഞ്ഞത് വ്യവസായങ്ങൾ പലതും പൂട്ടിക്കിടക്കുന്നു, തുറക്കുന്നില്ല എന്നായിരുന്നു. അതിനേക്കാൾ ഉപരിയായി പറഞ്ഞത് അഴിമതി ആരോപണങ്ങൾ ആയിരുന്നു. കേരളത്തിന്റെ ചരിത്രത്തിൽ വ്യവസായ രംഗത്ത് ഒരു ദിശാബോധം നൽകിയ ഒരു സർക്കാർ ആണ് കേരളത്തിലെ യു. ഡി. എഫ്. സർക്കാർ. സമർത്ഥനായ വ്യവസായ വകുപ്പുമന്ത്രി ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടിയെ പിൻതുടർന്ന് കേരളത്തിലെ ലക്ഷക്കണക്കിന് തൊഴിലില്ലാത്ത ആളുകളുടെ ഭാവിയെ മുന്നിൽ കണ്ടുകൊണ്ടുള്ള ഒരു വ്യാവസായിക മുന്നേറ്റം കേരളത്തിൽ ഉണ്ടാക്കാനുള്ള ശ്രമങ്ങളാണ് ഇവിടെ നടന്നുകൊണ്ടിരിക്കുന്നത്. നിശബ്ദമായും നിരാഡംബരമായും നടക്കുന്ന ശ്രമങ്ങളെ എങ്ങനെ അനുകൂലിക്കാതിരിക്കും? ചില ആളുകൾക്ക് GIM പൊളിഞ്ഞു എന്ന് പറയുന്നത് ആഹ്ലാദമാണ്. അഭ്യസ്തവിദ്യരും അനഭ്യസ്തവിദ്യരുമായ കേരളത്തിലെ ലക്ഷക്കണക്കിന് വരുന്ന ചെറുപ്പക്കാർക്ക് വേണ്ടി കേരളത്തിന്റെ ശോഭനമായ ഭാവിക്കുവേണ്ടി കണ്ടെത്തിയ GIM പൊളിഞ്ഞു. അല്ലെങ്കിൽ GIM-ന്

LIBRARY ARCHIVES Kerala Legislative Assembly

പ്രതികൂലമായിവന്നെങ്കിൽ നമുക്ക് വിഷമം അല്ലേ ഉണ്ടാകേണ്ടത്? ചിലർക്ക് സന്തോഷമാണ് തോന്നുന്നത്. ചിലർ ആഹ്ളാദിക്കുകയാണ്. ഗതികെട്ടവന് ഭാഗ്യക്കുറി അടിച്ചതുപോലെ ആഹ്ളാദിക്കുന്നതുകാണുമ്പോൾ സങ്കടം തോന്നുകയാണ്. കേരളത്തിൽ 1967-ൽ സപ്തകക്ഷി ഗവൺമെന്റിന്റെ നന്ദിപ്രമേയത്തിൽ പങ്കെടുത്തുകൊണ്ട് ടി. വി. തോമസ് പറഞ്ഞു, ഈ ലോകത്ത് എല്ലാം സഹിക്കാം, പക്ഷേ വിഡ്ഢിയുടെ വയർ വീർത്താലുള്ള ചിരി അത് സഹിക്കാൻ ബുദ്ധിമുട്ടാണ്. GIM തകർന്നുപോയി എന്നുപറഞ്ഞ് ആഹ്ളാദിക്കുന്നവരെ നോക്കി അതല്ലാതെ മറ്റെന്തുപറയാൻ? കേരളത്തിന്റെ ചരിത്രത്തിൽ ഏറ്റവും കൂടുതൽ നിക്ഷേപം! നിങ്ങൾ വിചാരിച്ചതുപോലെ കേരളം പൊളിയുന്നില്ല; കേരളം ഉണർന്ന് എഴുന്നേൽക്കുകയാണ്. വല്ലാർപാടത്തിന് 2118 കോടി രൂപ എൻ.ടി.പി.സി.-ക്ക് 6600 കോടി രൂപ. പെട്രോകെമിക്കൽസ്, International Bunkering Terminal, SPM, International Troy Terminal ഇങ്ങനെ എത്ര എത്ര നിക്ഷേപങ്ങൾ നമ്മുടെ രാജ്യത്ത് ഉണ്ടാകാൻ പോകുന്നു. നിങ്ങൾ എത്ര വ്യവസായങ്ങൾ പൂട്ടി എന്ന് ചോദിച്ചു. നിങ്ങളുടെ ഭരണ കാലത്ത് അടഞ്ഞുകിടന്നില്ലേ, കുന്നത്തൂർ ടെക്സ്റ്റയിൽസ്? നിങ്ങളുടെ ഭരണകാലത്ത് അടഞ്ഞുകിടന്നില്ലേ കോഴിക്കോട്ടെ സോപ്സ് ആന്റ് ഓയിൽസ്? ആ ഭരണകാലത്ത് അടഞ്ഞുകിടന്ന CAPEX, ബാലരാമപുരം സ്പിന്നിങ് മിൽ നിങ്ങൾ തുറന്നോ? നിങ്ങൾ എന്തു നടപടി എടുത്തു. നിങ്ങളല്ലേ കേരളത്തിൽ ആദ്യമായി വി. ആർ. എസ്. introduce ചെയ്തത്, കെൽട്രോണിൽ 2000-ൽ. എന്നിട്ട് നിങ്ങൾ ഉണ്ടാക്കിയ conditions അറിയുമോ? പ്രൊഡക്ഷൻ യൂണിറ്റുകൾ വിവിധ കമ്പനികൾ ആക്കണമെന്ന് തീരുമാനിച്ചു നിങ്ങൾ 643 തൊഴിലാളികളെ പിരിച്ചുവിട്ടു സബ്സിഡിയറി കമ്പനികൾ നിർത്തലാക്കാൻ നിങ്ങൾ തീരുമാനിച്ചു. തൊഴിലാളികളുടെ സേവന വേതന വ്യവസ്ഥകൾ നിങ്ങൾ മരവിപ്പിച്ചു. One time Settlement പ്രഖ്യാപിച്ചു എങ്കിലും നിങ്ങൾ നടപ്പാക്കിയില്ല. തൃശ്ശൂരിലുള്ള Keltron Power Devices, തിരുവനന്തപുരത്തെ Keltron Project, മഞ്ചേരിയിലെ സിൽക്ക് ആന്റ് ടെലിറിഷൻസ് എന്നിവ നിങ്ങൾ നിർത്തലാക്കി.

ശ്രീ. സാജുപോൾ: സർ, ഒരു പോയിന്റ് ഓഫ് ഓർഡറുണ്ട്, റൂൾ 303. ബഹുമാന്യനായ ശ്രീ. വർക്കല കഹാർ ഇവിടെ നിരവധി സ്ഥാപനങ്ങൾ പൂട്ടിച്ചു, അടപ്പിച്ചു, വി.ആർ.എസ്. നടപ്പാക്കി എന്നെല്ലാം പറഞ്ഞു. അത് 'നിങ്ങളുടെ കാലത്താ'ണെന്നാണ് പറഞ്ഞത്. അത് ബഹുമാനപ്പെട്ട ചെയറിനെ ഉദ്ദേശിച്ചാണ് പറഞ്ഞത്. അങ്ങയുടെ കാലത്ത് ഇതുമുഴുവൻ പൂട്ടിച്ചു എന്നാണ്

LIBRARY ARCHIVES Kerala Legislative Assembly

അദ്ദേഹം ഇവിടെ പ്രസംഗിച്ചിട്ടുള്ളത്. അത് രേഖയിൽനിന്നും നീക്കം ചെയ്യിക്കണം. അങ്ങേയ്ക്കെതിരായിട്ടാണ് ഈ ആരോപണങ്ങൾ മുഴുവൻ.

ശ്രീ. വർക്കല കഹാർ: ഞാൻ 'ഇടതുമുന്നണി'യെന്നു പറഞ്ഞിട്ടാണ് യഥാർത്ഥത്തിൽ തുടങ്ങിയത്. അങ്ങയുടേയോ പൗലോസ് ചേട്ടന്റെയൊ കാലത്തെന്ന് ഞാൻ പറഞ്ഞില്ല.

സർ, വി. ആർ. എസ്. തുകപോലും കൊടുത്തത് ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി കേരളത്തിന്റെ വ്യവസായ വകുപ്പു മന്ത്രിയായതിനു ശേഷമാണ്. ഇവിടെ അഴിമതി ആരോപണങ്ങൾ ഉന്നയിക്കുന്നതു കേട്ടു. അഴിമതി ആരോപണങ്ങൾ ഉന്നയിച്ചതിനെക്കുറിച്ച് ഞാൻ ഒന്നും പറയുന്നില്ല. ഏതു പ്രശ്നത്തിലാണ് ഇവിടെ അഴിമതി ആരോപണങ്ങൾ ഉന്നയിക്കാതിരുന്നത്? ഏതു വകുപ്പിനെക്കുറിച്ചുള്ള ചർച്ചയിലാണ് അതൊന്നും ഉന്നയിക്കാത്തത്? ഇത് പഴയ ചില ഓർമ്മകൾ അയവിറക്കുകയാണ്. തിരുവനന്തപുരത്തെ റിപ്രോഗ്രാഫിക് സെന്ററിൽ കള്ളുഷാപ്പിൽ ആളെ കയറ്റുന്നതുപോലെ ഇടതുപക്ഷ ഭരണകാലത്ത് കയറ്റി. അതുപോലെതന്നെ ടൈറ്റാനിയത്തിലും ഇടതുപക്ഷ ഭരണകാലത്ത് ആളെ കയറ്റി. പല നേതാക്കന്മാരുടേയും ഭാര്യമാർ അവിടെ കയറി. ഞാൻ പേരു പറയില്ല, നിർബന്ധിച്ചാലും പറയില്ല. പല നേതാക്കന്മാരുടേയും എസ്.എസ്.എൽ.സി. പാസ്സാകാത്ത ഭാര്യമാരും 8-ാം ക്ലാസ്സും 6-ാം ക്ലാസ്സുംപോലും പാസ്സാകാത്തവരും റിപ്രോഗ്രാപിക് സെന്ററിലും ടൈറ്റാനിയത്തിലും എൽ.ഡി.എഫ്. ഭരണകാലത്ത് കയറി. എസ്.എസ്.എൽ.സി. നാലാംതവണ പാസ്സായ ഒരാൾ എൽ.ഡി.എഫ്. ഭരണകാലത്ത് ഓഫീസറുമായി. ആ ഓർമ്മകളാണ് അഴിമതി ആരോപണങ്ങളായി ഇവിടെ ഉന്നയിക്കുന്നത്. കഴിഞ്ഞ നാലുവർഷക്കാലമായി ഒരുകാലത്തുമില്ലാത്ത രീതിയിൽ കേരളത്തിന്റെ വികസനം മുൻനിർത്തിക്കൊണ്ടുപോകുന്ന ഒരു ഭരണസംവിധാനമാണ് കേരളത്തിലുള്ളത്. നമ്മുടെ നാട് ഏതൊരു പ്രദേശമായാലും ശരി, വ്യവസായവൽക്കരണവും വ്യവസായ വികസനവും ഒരു നാടിന്റെ വികസനത്തിന്റെ നട്ടെല്ലാണ്. അതില്ലാതെ ഒരു നാടിന് രക്ഷപ്പെടാൻ കഴിയില്ല. ഇന്ത്യയ്ക്ക് സ്വാതന്ത്ര്യം കിട്ടിയതിനുശേഷം ഇക്കൊല്ലമത്രയും അത് നഷ്ടപ്പെട്ട ഒരു സംസ്ഥാനമാണ് കേരളം. കേരളത്തിലെ ഏറ്റവും വലിയൊരു വർത്തമാനപ്പത്രം എടുത്താൽ അതിലെ കണക്കനുസരിച്ച് വ്യവസായം തുടങ്ങുന്നതിന് അനുകൂലമായ സാഹചര്യമുള്ള പ്രവൃത്തി ദിവസങ്ങൾ, വ്യവസായം തുടങ്ങുന്നതിന് അനുകൂലമായ അന്തരീക്ഷം വേണമല്ലോ, അതിൽ കേരളത്തിന് 15-ാമത്തെ സ്ഥാനമാണ്. എങ്ങനെയാണ് ഇത് സംഭവിക്കുന്നത്? തിരിച്ചല്ലേ വരേണ്ടത്?

LIBRARY ARCHIVES Kerala Legislative Assembly

ഒന്നാമതോ രണ്ടാമതോ ആയിട്ടല്ലേ കേരളം വരേണ്ടത്? ഏറ്റവും വിദ്യാസമ്പന്നരായ ആളുകളുള്ള സ്ഥലം, highly skilled ആയ ആളുകളുള്ള സ്ഥലം, അതുമാത്രമാണോ, കേരളത്തിനുവെളിയിലും ഇന്ത്യയ്ക്കു വെളിയിലും ഏറ്റവും നല്ല ശാസ്ത്രജ്ഞരേയും സാങ്കേതിക വിദഗ്ദ്ധരേയും സംഭാവന ചെയ്ത കേരളം, ആ കേരളം ഒന്നാമതായിട്ടല്ലേ വരേണ്ടത്? കേരളത്തിന് 15-ാമത്തെ സ്ഥാനമാണ് വന്നത്. അതോടൊപ്പം തന്നെ സഹായകരമായ അന്തരീക്ഷം വേണം. എന്തുകൊണ്ട് ഇവിടെ വ്യവസായങ്ങളുണ്ടാകുന്നില്ല? അതിനും അനുകൂലമായ ഒരു political climate ഇവിടെയില്ലെന്നുള്ളതല്ലേ യാഥാർത്ഥ്യം? ഞാൻ ഒന്നുകൂടി ഉദ്ധരിച്ചുപറയുന്നു, കേരളത്തിലെ പ്രവൃത്തി ദിവസങ്ങൾ നഷ്ടപ്പെടുന്നതിനെക്കുറിച്ച് ഏറ്റവും വലിയ പത്രം നടത്തിയ ഒരു ലേഖനപരമ്പരയുണ്ടായിരുന്നു. അതിൽ പറയുന്നത് തൊഴിലാളികൾക്ക് കൊടുക്കേണ്ട statutory ആയിട്ടുള്ള holidays അതുപോലെ ഒഴിവുദിവസങ്ങൾ, അവധി ദിവസങ്ങൾ ഇവയൊഴിച്ച് ഒരു വർഷത്തിൽ 100 ദിവസത്തിൽക്കൂടുതൽ നഷ്ടപ്പെടുന്നു എന്നാണ്. അപ്പോൾ 365 ദിവസത്തിൽ statutory holidays പോകുന്നു, അതുപോയിട്ട് 100 ദിവസത്തിൽപ്പരം നഷ്ടപ്പെടുന്നു. അങ്ങനെവന്നാൽ വ്യവസായങ്ങൾ പലതും തുടങ്ങി, 500 കോടി രൂപയിൽ ആരംഭിച്ച വ്യവസായം ഈ പറഞ്ഞ രീതിയിൽ 100-ഉം, 120-ഉം പ്രവൃത്തിദിവസം നഷ്ടപ്പെടുന്ന ഒരു സാഹചര്യത്തിൽ അയാൾ എങ്ങനെയാണ് ബാങ്കിൽ പണമടയ്ക്കുന്നത്? അയാൾ എങ്ങനെ establishment equipments നോക്കും? തൊഴിലാളിക്ക് എങ്ങനെ വേതനം കൊടുക്കും? ആ സാഹചര്യത്തിൽ വ്യവസായം കൂമ്പടഞ്ഞുപോവുകയല്ലേയുള്ളൂ? അതുകൊണ്ട് കേരളത്തിൽ ഭരണകക്ഷിയും പ്രതിപക്ഷവുമെല്ലാംകൂടി യോജിച്ചുകൊണ്ട് വ്യവസായങ്ങൾ ആരംഭിക്കുന്നതിനുവേണ്ടിയുള്ള ഒരു ക്ലൈമറ്റ് ഇവിടെയുണ്ടാക്കണം. അത് ഉണ്ടാക്കിയില്ലെങ്കിൽ കോൺഗ്രസ് പാർട്ടി ഭരിച്ചാലും കമ്മ്യൂണിസ്റ്റ് പാർട്ടി ഭരിച്ചാലും ശരി അനുകൂലമായ സാഹചര്യം ഒരിക്കലുമുണ്ടാവുകയില്ല. അതല്ലേ ആവശ്യം? കേരളത്തിന്റെ ഭാവി നമുക്ക് നോക്കണ്ടേ? ലക്ഷക്കണക്കിനുവരുന്ന കേരളത്തിലെ ചെറുപ്പക്കാരെ നോക്കണ്ടേ? ഭാവി കേരളത്തെ നോക്കണ്ടേ? അങ്ങനെ കേരളം അനുകൂലമായ ഒരു ക്ലൈമറ്റുള്ള ഒരു സംസ്ഥാനമാക്കി മാറ്റണം. അതുപോലെ മറ്റൊരുകാര്യംകൂടി ഞാൻ ചോദിക്കട്ടേ, പ്രൊഡക്ടിവിറ്റിയുടെ കാര്യത്തിൽ കേരളം എവിടെ നിൽക്കുകയാണ്? നമ്മൾ ഒന്നാമത് നിൽക്കേണ്ടതല്ലേ? ഏറ്റവും കൂടുതൽ പ്രൊഡക്ടിവിറ്റിയുള്ള സംസ്ഥാനം കേരളമാണെന്നു തോന്നിയാൽ നിക്ഷേപകർ കേരളത്തിലേക്കു വരില്ലേ? എന്തുകൊണ്ടാണ് നമ്മുടെ കശുവണ്ടി വ്യവസായം തമിഴ്നാട്ടിലേക്കുപോയത്? ഇവിടെ കശുവണ്ടിയെക്കുറിച്ച്

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ. എ. അസീസ് വിലപിക്കുന്നതു കേട്ടു. എന്തുകൊണ്ടാണ് പോയത്? നമ്മുടെ പ്രൊഡക്ടിവിറ്റി ഒരു പ്രധാന കാര്യമല്ലേ? നമ്മൾ മൂന്നുകിലോ പ്രോസസ് ചെയ്യുമ്പോൾ തമിഴ്നാട്ടുകാരൻ 5 കിലോ പ്രോസസ് ചെയ്യാൻ തയ്യാറാകുമ്പോൾ അങ്ങോട്ടല്ലേ വ്യവസായം പോകൂ? അവരുമായി എങ്ങനെയാണ് നമ്മൾ മത്സരിക്കുന്നത്? അതുമാത്രമല്ല, കശുവണ്ടി മിക്കവാറും പോയി, കയർ വ്യവസായവും പോയിക്കൊണ്ടിരിക്കുന്നു. എന്താണ് പോകുന്നത്? നമുക്കാവശ്യമുള്ള ചകിരി വരുന്നത് തമിഴ്നാട്ടിൽ നിന്നുമല്ലേ? പ്രകൃതി നമുക്കു നൽകിയ ഏറ്റവും വലിയ അനുഗ്രഹമല്ലേ കേരം? ആ തൊണ്ട് എന്തുകൊണ്ട് നമുക്ക് സംഭരിക്കാൻ കഴിയുന്നില്ല? അവിടെ സംഭരിച്ച് ആവശ്യമുള്ളത് ഇവിടെ വരുന്നു. എന്താണ് അതിന്റെ അർത്ഥം? മറ്റൊന്നുമല്ല, കൂലിച്ചെലവിലും മറ്റു കാര്യങ്ങളിലും തമിഴ്നാടുമായി നമുക്ക് കംപീറ്റ് ചെയ്യാൻ പറ്റുന്നില്ല. നമുക്ക് കുത്തകയായിരുന്ന വ്യവസായങ്ങൾ പോലും ഇങ്ങനെ പോവുകയാണ്. അതുകൊണ്ട് നമ്മുടെ സർക്കാരും തൊഴിലാളി സംഘടനകളും എംപ്ലോയീസ് ഓർഗനൈസേഷനുമെല്ലാം കൂടി ഒരുമിച്ച് പ്രൊഡക്ടിവിറ്റി എങ്ങനെ വർദ്ധിപ്പിക്കാമെന്ന് നോക്കണം. വ്യവസായങ്ങൾ കേരളത്തിൽ വരികയാണ്. ഐ.ടി. യും വ്യവസായങ്ങളുമൊക്കെ സംസ്ഥാനത്ത് ആവശ്യമാണ്. അതോടൊപ്പം ചെറുകിട വ്യവസായങ്ങൾ പ്രോത്സാഹിപ്പിക്കപ്പെടണം. നമ്മുടെ ഗ്രാമീണമേഖലയിലെ തൊഴിലില്ലായ്മയ്ക്ക് പരിഹാരം കണ്ടെത്താൻ അതുമാത്രംകൊണ്ടേ കഴിയൂ. 1920-ൽ ഗാന്ധിജി ദക്ഷിണാഫ്രിക്കയിൽ നിന്നും ഇന്ത്യയിലേയ്ക്കുവന്നു. ഇന്ത്യയുടെ സ്വാതന്ത്ര്യസമര പ്രസ്ഥാനത്തെ മുന്നോട്ടു നയിക്കുന്നതിനുമുൻപ് ആദ്യമായി അദ്ദേഹം ചെയ്തത് ഇന്ത്യയിലെ ജനങ്ങളെ പഠിക്കാനും മനസ്സിലാക്കാനുമായിരുന്നു. ജനങ്ങളുടെ ജീവിതരീതി, അവരുടെ തൊഴിൽ, അവരുടെ പട്ടിണി, ബുദ്ധിമുട്ട് എന്നിവ മനസ്സിലാക്കാൻ രണ്ടുവർഷക്കാലം വടക്കേ ഇന്ത്യയിലെ കുഗ്രാമങ്ങളിലേക്കു അദ്ദേഹം നീങ്ങി. അതിനുശേഷം ഗാന്ധിജി പറഞ്ഞത് ഇന്ത്യാരാജ്യത്തെ പാവപ്പെട്ടവരുടെ തൊഴിലില്ലായ്മ പരിഹരിക്കാൻ രണ്ടു മാർഗ്ഗങ്ങളേയുള്ളൂ, ഖാദിയും അതുപോലെതന്നെ ഗ്രാമവ്യവസായങ്ങളും. അതുകൊണ്ട് നമ്മുടെ നാട്ടിൽ ഗ്രാമ വ്യവസായം പരിപോഷിപ്പിക്കുന്നതിനുവേണ്ടിയുള്ള, ചെറുകിട വ്യവസായങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടികളുണ്ടാകണം. അതോടൊപ്പം തന്നെ നമ്മുടെ പരമ്പരാഗത വ്യവസായങ്ങൾ.....

ശ്രീ. സാജു പോൾ: സർ, ബഹുമാന്യനായ വർക്കല കഹാർ ഇവിടെ ഗാന്ധിജിയുടെ കാര്യമൊക്കെ പറഞ്ഞു. ആ ഗാന്ധിജിയെ വധിച്ച,

LIBRARY ARCHIVES Kerala Legislative Assembly

ഗാന്ധിഘാതകരുടെ വോട്ടുതേടി ഒരു എ.ഐ.സി.സി. ജനറൽ സെക്രട്ടറി ശ്രീ. വയലാർരവി പോയതുസംബന്ധിച്ച് ആർ.എസ്.എസ്.-ന്റെ എറ്റവും ഉന്നതനായ നേതാവ് ശ്രീ. സുദർശൻ നടത്തിയ വെളിപ്പെടുത്തലിനെക്കുറിച്ച് എന്തെങ്കിലും പറയാനുണ്ടോ? അതുപോലെതന്നെ അതിവേഗം, ബഹുദൂരം എന്നൊക്കെ പറയുമ്പോൾ ഈ ഗ്രൂപ്പ് റാലി സംഘടിപ്പിക്കാനുള്ള വേഗതയല്ലാതെ മറ്റ് എന്തിനെങ്കിലും, വ്യവസായ വകുപ്പിനെ ശക്തിപ്പെടുത്താനുള്ള വേഗത നിങ്ങൾക്കുണ്ടോ?

ഇവിടെ പറഞ്ഞ കാര്യങ്ങൾ മഹാത്മാഗാന്ധിയേയും ആർ.എസ്.എസ്.-നേയും ബന്ധപ്പെടുത്തുന്നതാണ്. ശ്രീ. വയലാർ രവി പരസ്യമായി അക്കാര്യം നിഷേധിച്ചിട്ടുണ്ട്, നാഗ്പൂരിലെ ആർ.എസ്.എസ്.-ന്റെ ആസ്ഥാനം പോലും അദ്ദേഹം കണ്ടിട്ടില്ല എന്ന്. കോൺഗ്രസ്സിനു ആർ.എസ്.എസു.-മായി ധാരണയുണ്ടാക്കേണ്ട ഗതികേടൊന്നുമില്ല. ആദ്യമായി ബി.ജെ.പി.യുമായി ഔദ്യോഗികമായ ഐക്യം കേരളത്തിൽ ഉണ്ടാക്കിയത് മാർക്സിസ്റ്റു പാർട്ടിയായിരുന്നു. മാരാർക്കുവേണ്ടി വോട്ടു പിടിച്ച ആളുകളാണ് അപ്പുറത്തിരിക്കുന്ന പലരും.

ശ്രീ. കളത്തിൽ അബ്ദുള്ള: 1967-ൽ ബീഹാറിൽ സി.പി.ഐ. ഭാരതീയ ജനസംഘവുമായി കൂട്ടുപിടിച്ചു. "1977-ൽ നന്ദിനി പോയി നാറിപ്പോയി, ബഹുഗുണ പോയി ഗുണവും പോയി, ജഗജീവൻ പോയി ജീവൻ പോയി" എന്ന മുദ്രാവാക്യം വിളിച്ച ജനസംഘത്തെ, ഈ രാജ്യത്തെ വലിയ ശക്തിയാക്കി ആർ.എസ്.എസ്.-നെ വളർത്തുന്നതിൽ മുഖ്യപങ്കു വഹിച്ചത് സി.പി.എം. ആണെന്നുള്ള കാര്യം അങ്ങേയ്ക്കറിയാമോ?

ശ്രീ. വർക്കല കഹാർ: സി.പിഎം. എല്ലാ കാലത്തും ഇതൊക്കെ ചെയ്തിട്ടുണ്ട്. വർഗ്ഗീയതയെ സൗകര്യപൂർവ്വം ഉപയോഗിച്ചിട്ടുണ്ട്. മാരാർക്കുവേണ്ടി വോട്ടു പിടിച്ചിട്ടുണ്ട്. ബംഗാളിൽ സ്റ്റേജു പങ്കിട്ടു. അങ്ങനെ ഈ രാജ്യത്ത് വർഗ്ഗീയതയെ പ്രോൽസാഹിപ്പിക്കുകയും അതിലൂടെ വോട്ടു തട്ടിയെടുക്കുകയും ചെയ്ത ഒരു പാർട്ടിയാണ്. അവരെക്കുറിച്ച് പ്രത്യേകം പറയേണ്ടതില്ല. അവർ എന്തുവേണമെങ്കിലും ചെയ്തു കൊള്ളട്ടെ. പക്ഷേ കേരളത്തിന്റെ വ്യവസായ വികസനത്തിന് ഇവർ തടസ്സമായി നിൽക്കുന്നു. ബംഗാളിൽ ഒരു നയം, ഇവിടെ വേറൊരു നയം. ചിലപ്പോഴൊക്കെ അവർ ചെയ്തതിനെക്കുറിച്ചു പറയുമ്പോൾ പറയും, അവിടെ ഉല്പാദന ഉപകരണങ്ങളും മറ്റും സർക്കാരിന്റെ അധീനതയിലാണ്. അതുകൊണ്ട് അവിടേയും ഇവിടേയും തമ്മിൽ താരതമ്യം

LIBRARY ARCHIVES Kerala Legislative Assembly

ചെയ്യണ്ട എന്ന്. എന്റെ കയ്യിലിരിക്കുന്നത് ഇന്ത്യൻ എക്സ്പ്രസ്സ് പത്രമാണ്. 2005, ജനുവരി മാസം 14-ാം തീയതി ബുദ്ധദേവ് ഭട്ടാചാര്യ 'West Bengal is open to all investments' പശ്ചിമബംഗാളിന്റെ മുഖ്യമന്ത്രി, മാന്യനാണ്, ഇവരെപ്പോലെയല്ല. West Bengal Chief Minister Budhadev Bhattacharya on Thursday said that the Marxists were changing and his Government was open to all kinds of investments to develop its infrastructure. ആരാണ് പറയുന്നത്? ബുദ്ധദേവ് ഭട്ടാചാര്യ. ഒന്നു കൂടി അവർ പറയുന്നു. We are Marxists, but we are not fools, ഈ നയം വ്യത്യാസമല്ലേ? എന്നിട്ടും അയാൾ തുടർന്നു പറയുകയാണ്. We are Marxists, but we are not fools. We'll not pursue obsolete ideas. Here (in West Bengal) Left is right എന്നാണ് പറയുന്നത്. ഇത് എവിടെയാണ് പറഞ്ഞത്? Bhattacharya said at a special plenary session on West Bengal at the 11th Parliamentary Summit organised by the confederation of Indian Industry (CII). അതുകൊണ്ട് നമ്മളും മാറണം. വ്യവസായ രംഗത്ത് ഇന്നു നിലവിലില്ലാത്ത വരട്ടു തത്വശാസ്ത്രവുമായി മുന്നോട്ടുപോയി ഈ വ്യവസായങ്ങളെ തകർക്കാൻ ശ്രമിക്കാതെ, പരമ്പരാഗത വ്യവസായങ്ങളെ രക്ഷിക്കുന്നതിനു വേണ്ടിയുള്ള നടപടികൾ ഉണ്ടാകണം. യു.പി.എ. ഗവൺമെന്റിന്റെ മിനിമം പ്രോഗ്രാമിൽ ഒരു കാര്യം പറഞ്ഞു. എന്താണ് പറഞ്ഞത്? പരമ്പരാഗത വ്യവസായങ്ങളെ രക്ഷിക്കുന്നതിനുവേണ്ടി ഒരു പാക്കേജുണ്ടാക്കും. ഈ അവസരം നമുക്ക് ശരിക്കും വീണു കിട്ടിയതാണ്. ഇതു നമ്മൾ ഉപയോഗിക്കണം. എങ്ങനെ? ഈ പരമ്പരാഗത വ്യവസായങ്ങളെ റീ സ്ട്രക്ചർ ചെയ്ത്, മോഡണൈസ് ചെയ്തുകൊണ്ടുള്ള പ്രോജക്ടുകൾ നമ്മൾ അവർക്ക് സമർപ്പിക്കണം. അതിനെ കൂടുതൽ നമ്മൾ ഉപയോഗിക്കണം. സംസ്ഥാനത്തെ 18 ടെക്സ്റ്റയിൽ മില്ലുകളിൽ നാലെണ്ണം ഒഴിച്ച് മിക്കതും അടഞ്ഞു കിടക്കുകയാണ്. ഈ വ്യവസായ ശാലകളിലെ മാനേജുമെന്റിനേയും തൊഴിലാളികളേയും ബഹുമാന്യനായ മുഖ്യമന്ത്രി ഒരു മീറ്റിംഗിനു വിളിച്ചിരുന്നു. എങ്ങനെ ആ വ്യവസായത്തെ പുനരുജ്ജീവിപ്പിക്കാൻ കഴിയും? ആവറേജ് വിലയ്ക്ക് വൈദ്യുതി കൊടുക്കാൻ നമ്മൾ തയ്യാറാകണം. ഇല്ലെങ്കിൽ അതു നിലനിർത്താൻ പറ്റുകയില്ല. അതുപോലെ എന്റെ മറ്റൊരു നിർദ്ദേശം ബഹുമാനപ്പെട്ട മന്ത്രി ശ്രദ്ധിക്കണം. ഈ പരമ്പരാഗത വ്യവസായങ്ങൾക്കു വേണ്ടി ഒരു ഡയറക്ടറേറ്റ് വേണം. ഇപ്പോൾ കയറിനും ഹാൻഡ്ലൂമിനും ഡയറക്ടറേറ്റുകൾ ഉണ്ട്. കാര്യമായി ഒരു പണിയും അവിടത്തെ ഉദ്യോഗസ്ഥന്മാർ എടുക്കുന്നില്ല. ഇതിനെയെല്ലാം കൂടി യോജിപ്പിച്ചുകൊണ്ട് ഇൻഡസ്ട്രീസിന്റെ കീഴിൽ 'Directorate of Traditional Industries' എന്നു പറഞ്ഞുകൊണ്ട് ഒരു സംവിധാനമുണ്ടാക്കണം. കമ്പ്യൂട്ടർ പ്രശ്നം കൈകാര്യം ചെയ്യാൻ പോകുന്നവൻ

LIBRARY ARCHIVES Kerala Legislative Assembly

എന്തിനാണ് തഴപ്പായും കയറും വിൽക്കാൻ നടക്കുന്നത്? ഇതു രണ്ടും രണ്ടാകണം. ഇതാണ് എന്റെ നിർദ്ദേശം. മറ്റൊരു കാര്യം കൂടി എനിക്ക് മന്ത്രിയോട് ആവശ്യപ്പെടാനുണ്ട്. പത്തു പതിനഞ്ചു വർഷമായി പ്രവർത്തനം നിലച്ചു കിടക്കുന്ന ചില കമ്പനികൾ കേരളത്തിലുണ്ട്. അവരുടെ ശമ്പളം പുതുക്കുകയോ വർദ്ധിപ്പിക്കുകയോ ചെയ്തിട്ടില്ല. ആനുകൂല്യം വർദ്ധിപ്പിച്ചിട്ടില്ല. വി.ആർ.എസ്. വരുമ്പോൾ അവർക്ക് ഒന്നും കിട്ടില്ല. അതുകൊണ്ട് അവർക്ക് വി.ആർ.എസ്. നൽകണം. ഞാൻ ആ സ്ഥാപനങ്ങളുടെ പേരു പറയാം. ആസ്പിരിൻ പ്ലാന്റ് തിരുവനന്തപുരം, സോപ്സ് ആന്റ് ഓയിൽസ്, കോഴിക്കോട്. നമ്മുടെ മാർക്സിസ്റ്റ് സഖാക്കൾ പണ്ടു പ്രഖ്യാപിച്ച വി.ആർ.എസ്. ഇവിടേയും വന്നാൽ ഒന്നും കിട്ടില്ല. അതുകൊണ്ട് ആദ്യം ചെയ്യേണ്ടത് അവരുടെ ശമ്പളം വർദ്ധിപ്പിക്കുകയാണ്. അങ്ങനെയൊരു തീരുമാനമെടുത്തതിനുശേഷം വി.ആർ.എസ്. കൊടുക്കുന്ന കാര്യത്തിൽ ഒരു തീരുമാനമെടുക്കണമെന്നാണ് എനിക്കു പറയാനുള്ളത്. മറ്റൊരു കാര്യം പറയാനുള്ളത് ഗ്രോത്ത് സെന്ററുകളെക്കുറിച്ചാണ്. ഒരു ഗ്രോത്ത് സെൻററിന് ഏക്കറു കണക്കിന് സ്ഥലം വേണം. ചവറയിൽ പലയിടത്തും സ്ഥലമെടുത്തു. ഒന്നും ഉപയോഗമില്ലാതെ കിടക്കുകയാണ്. കോടിക്കണക്കിനു രൂപ സംസ്ഥാന ഗവൺമെന്റിന്റേതും വെളിയിലുള്ള പണവും ചെലവഴിച്ച ഈ ഗ്രോത്ത് സെന്ററുകൾ എങ്ങനെ ഉപയോഗപ്പെടുത്താമെന്നതിനെ സംബന്ധിച്ച് ബഹുമാനപ്പെട്ട മന്ത്രി ശ്രദ്ധിക്കണം. കഴിഞ്ഞ നാലു വർഷക്കാലമായി കർമ്മനിരതമായ ഒരു വ്യവസായ വകുപ്പ്, കർമ്മനിരതമായ ഈ ഗവൺമെന്റിന്റെ കീഴിൽ, എത്ര കാര്യങ്ങളാണ് ചെയ്തത്. വാചകമടിയല്ലാതെ വേറെ എന്തെങ്കിലും ഉണ്ടായിരുന്നോ ഇവരുടെ ഭരണകാലത്ത്? കർമ്മധീരതയുടെ ഇതിഹാസം രചിക്കുന്ന ഈ സർക്കാരിനെ, അതിന്റെ വ്യവസായ വകുപ്പിനെ ഞാൻ സർവ്വാത്മനാ പിന്താങ്ങുന്നു. ഞാൻ നിർത്തുന്നു.

ശ്രീ. കെ. കെ. ജയചന്ദ്രൻ: സർ ഈ ധനാഭ്യർത്ഥനയെ ഞാൻ എതിർക്കുന്നു. കേരളത്തെ സംബന്ധിച്ചിടത്തോളം കഴിഞ്ഞ നാലു വർഷം കൊണ്ട് വ്യവസായങ്ങളുടെ ചുടലക്കളം തീർത്ത് അവിടെ ചുടലനൃത്തം നടത്തിയ ചുടല ഭദ്രകാളിയുടെ രൂപത്തിലാണ് ഇപ്പോൾ ഗവൺമെന്റിന്റെ പ്രതിനിധികൾ നിൽക്കുന്നത്. നിങ്ങളെ സംബന്ധിച്ചിടത്തോളം കഴിഞ്ഞ നാലു വർഷക്കാലത്തിനിടയിൽ വന്ന മാറ്റം, കേന്ദ്രത്തിൽ യു.പി.എ. ഗവൺമെന്റ് വരികയും കമ്മ്യൂണിസ്റ്റ് മാർക്സിസ്റ്റു പാർട്ടി അടക്കമുള്ള ഇടതുപക്ഷങ്ങളുടെ പിന്തുണയോടുകൂടി നയപരമായ ചില മാറ്റങ്ങൾ വരുത്തിയതിന്റെ ഭാഗമായി പൊതുമേഖലയും പരമ്പരാഗത മേഖലയും സംരക്ഷിക്കുന്ന ഒരു പുതിയ സമീപനം എടുത്തിട്ടുണ്ട്. ഇങ്ങേയറ്റം മുതൽ അങ്ങേയറ്റം വരെയുള്ള മെമ്പർമാർ മൽസരിച്ച്

LIBRARY ARCHIVES Kerala Legislative Assembly

പരമ്പരാഗത മേഖലയെ സംരക്ഷിക്കാൻ അപ്പീൽ കൊടുത്തുകൊണ്ടിരിക്കുകയാണ്. നിങ്ങളുടെ സ്ഥിതി എത്ര ദയനീയമാണ്, കഷ്ടമാണ്. ഇതു പറയാതിരിക്കാൻ കഴിയാത്തതുകൊണ്ടാണ് ഞാൻ ഇതു സൂചിപ്പിച്ചത്. നിങ്ങളുടെ നയപരമായ കാര്യങ്ങളിൽ ചിലതു പരിശോധിക്കുമ്പോൾ, സംസ്ഥാനത്തെ ഏറ്റവും വലിയ തൊഴിൽ ദാതാവ് എന്നു പറയുന്നത് പൊതുമേഖലാ സ്ഥാപനങ്ങളാണ്. എൽ. ഡി. എഫ്. ഇറങ്ങുന്ന സമയത്ത് 1,24,661 ജീവനക്കാർ പൊതുമേഖലയിൽ ഉണ്ടായിരുന്നു. എന്നാൽ ഇന്ന് അത് 1,15,697 ആയി കുറഞ്ഞു. 8,964 പേരുടെ ജോലിയാണ് നിങ്ങൾ കളഞ്ഞത്. എന്നു പറഞ്ഞാൽ പൊതുമേഖലയെ സംരക്ഷിക്കുന്നതിനുള്ള ഈ ഗവൺമെന്റിന്റെ സമീപനമെന്നു പറയുന്നത് അങ്ങേയറ്റം നിഷേധാത്മകമാണ്, എന്നു മാത്രമല്ല പൊതുമേഖലയിൽ 2002-03 വരെയുള്ള മുതൽമുടക്കു പരിശോധിച്ചാൽ, അതു 19,653 കോടി രൂപയാണ്. ഇതിൽ സർക്കാർ നിക്ഷേപം എന്നു പറയുന്നത് 7,304 കോടി രൂപയാണ്. കടം വാങ്ങി മുടക്കിയതെന്നു പറയുന്നത് 2,698 കോടി രൂപയാണ്. ബാക്കി 9,251 കോടി രൂപ എന്നു പറയുന്നത് പൊതുമേഖലയുടെ പൊതുസമ്പാദ്യമാണ്. ഈ സ്ഥാപനങ്ങളുടെ ആയിരക്കണക്കിനു ഏക്കർ ഭൂമി, കെട്ടിടങ്ങൾ, ഉപകരണങ്ങൾ, എന്നിവയുടെ ഇപ്പോഴത്തെ വില പരിശോധിച്ചാൽ നേരത്തെയുള്ള മുടക്കു മുതലിന്റെ പത്തിരട്ടിയിൽ കൂടുതൽ വരും.

2003 സെപ്റ്റംബർ വരെയുള്ള കണക്കനുസരിച്ച് 91 പൊതുമേഖലാ സ്ഥാപനങ്ങളിലായി 2,93,511 കോടി രൂപയുടെ ആസ്തിയുണ്ട്. 2003-2004-വർഷങ്ങളിലെ കണക്ക് പരിശോധിക്കുമ്പോൾ ആദായം 12.2 ശതമാനമുണ്ടായിരുന്നത് 10 ശതമാനമായി കുറഞ്ഞു. അതുപോലെതന്നെയാണ് സ്റ്റാറ്റ്യൂട്ടറി കോർപ്പറേഷനുകളുടേയും സ്ഥിതി. 7.2 ശതമാനമുണ്ടായിരുന്നത് 2003-ൽ 6.2 ശതമാനമാണ്. ഇങ്ങനെ കുറയാൻ ഇടയായതെന്താണെന്ന് പരിശോധിക്കുമ്പോഴാണ് നിങ്ങളുടെ യഥാർത്ഥ കള്ളി പുറത്തുവരുന്നത്. എ.ഡി.ബി.-യിൽ നിന്ന് വായ്പ ലഭിക്കുന്നതിനുവേണ്ടി ബാങ്ക് നിർദ്ദേശിച്ച എല്ലാ ദ്രോഹനയങ്ങളും അംഗീകരിക്കുകയാണ് നിങ്ങൾ ചെയ്തത്. അതിന്റെ ഫലമായി പൊതുമേഖലാ സ്ഥാപനങ്ങൾ അടച്ചുപൂട്ടുകയോ സ്വകാര്യവൽക്കരിക്കുകയോ ചെയ്യുന്ന നിലപാട് നിങ്ങൾ അംഗീകരിച്ചു. എ.ഡി.ബി.-യുടെ നിർദ്ദേശങ്ങൾക്ക് വിധേയമായാണ് ഭരണ നവീകരണ പദ്ധതി (എം.ജി.പി). അതിനുവേണ്ടി രൂപം നൽകിയതാണ് ആർ.സി. ചൗധരി കമ്മിറ്റി. ആ ചൗധരി കമ്മിറ്റിയുടെ ശുപാർശയുടെ ഫലമായി നിങ്ങൾ നടപ്പിലാക്കിയതാണ് ജീവനക്കാർക്ക് വി.ആർ.എസ്. നൽകുന്നത്. മാത്രമല്ല എംപ്ലോയീസ് ഡെവലപ്മെന്റ് സ്കീം ഇ.ഡി.എസ്. എന്നു പറയുന്ന പരിപാടി,

LIBRARY ARCHIVES Kerala Legislative Assembly

ഇവ രണ്ടും പിരിച്ചുവിടുന്നതിനാണ്. സോഷ്യൽ സെക്യൂരിറ്റി നെറ്റ് പ്രോഗ്രാം (എസ്.എസ്.എൻ.പി.) എന്ന നിർബന്ധിതമായ പിരിച്ചുവിടൽ പദ്ധതികൾ. നിങ്ങളുടെ ആഗ്രഹത്തിനനുസരിച്ച് സഹകാര്യവൽക്കരണവും അടച്ചുപൂട്ടലും നടക്കാതെപോയത് കേരളത്തിലെ പൊതുസമ്പത്തായ പൊതുമേഖലയെ സംരക്ഷിക്കാൻ കക്ഷിഭേദമില്ലാതെ അപ്പുറത്തിരിക്കുന്നവരടക്കം കേരളത്തിൽ നടത്തിയ അതിശക്തമായ പ്രക്ഷോഭത്തിന്റേയും ചെറുത്തുനിൽപ്പിന്റേയും ഫലമായിട്ടാണ്. ഇല്ലെങ്കിൽ ഇതെല്ലാം ദീവാളികുളിച്ച് തീർക്കുമായിരുന്നുവെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. പല പൊതുമേഖലാ സ്ഥാപനങ്ങളിലും ഇപ്പോൾ സാങ്കേതിക പരിജ്ഞാനമില്ലാത്തവരേയും സ്വന്തക്കാരും ബന്ധുക്കളായിട്ടുള്ളവരേയും എല്ലാ മാനദണ്ഡങ്ങളും മറികടന്ന് ചെയർമാൻ പോലുള്ള പോസ്റ്റുകളിൽ നിയമിച്ചുകൊണ്ടിരിക്കുകയാണ്. പല സ്ഥാപനങ്ങളിലും അഴിമതിയും ധൂർത്തും പകൽകൊള്ളയുമാണ് നടക്കുന്നത്. അങ്ങനെ സ്വാഭാവികമായും നഷ്ടത്തിലാക്കി അതിനെയൊക്കെ ഇല്ലായ്മ ചെയ്യുകയെന്ന നയമാണ് യു.ഡി.എഫ് തുടരുന്നത്. പഴയ മന്ത്രി മാറി പുതിയ മന്ത്രി വന്നു. അദ്ദേഹത്തിന്റെ സംസാരത്തിലും പെരുമാറ്റത്തിലുമൊക്കെ ചില മാറ്റങ്ങൾ വന്നുവെന്നതൊഴിച്ചാൽ നയപരമായ എന്തെങ്കിലും മാറ്റം വ്യവസായങ്ങളുടെ കാര്യത്തിൽ യു.ഡി.എഫ്. ഗവൺമെന്റിനുണ്ടോ? ഇല്ലല്ലോ. One time settlement-ന്റെ ഭാഗമായി വ്യവസായശാലകൾ തുറക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമെന്ന് പറഞ്ഞു. എന്നാൽ ഏതെങ്കിലുമൊരു വ്യവസായത്തിന് അഞ്ച് നയാപൈസ മാറ്റിവെച്ച് പ്രായോഗികമാക്കാൻ പുതിയ മന്ത്രിക്ക് കഴിഞ്ഞിട്ടുണ്ടോ? ഇല്ലല്ലോ. നിങ്ങൾ ഇവിടെ വേറെ എന്താണ് ചെയ്തത്? സിൽക്കിന്റെ ചരിത്രത്തിൽ ഇന്നേവരെ ടെക്നിക്കൽ ഹാന്റ്സിനെയല്ലാതെ വേറെയാരെയെങ്കിലും അവിടെ ചെയർമാൻഷിപ്പിൽ നിയമിച്ചിട്ടുണ്ടോ? മലബാർ സിമെന്റ്സിനെക്കുറിച്ച് ഇവിടെ ആക്ഷേപമുന്നയിക്കുകയുണ്ടായി. ഞാൻ അതിലേക്ക് കടക്കുന്നില്ല. എങ്കിലും ഞാൻ ഒരുകാര്യം ചോദിക്കട്ടെ; 1996 മുതൽ 2001 വരെ 80 കോടി 20 ലക്ഷം രൂപ ലാഭമുണ്ടാക്കിയ ഒരു കമ്പനിയാണ് മലബാർ സിമെന്റ്സ്. 8 കോടി 65 ലക്ഷം രൂപ ഗവൺമെന്റിന് ലാഭവിഹിതമായി നൽകിയതാണ്. ആ സ്ഥാപനത്തെ കഴിഞ്ഞ നാലുവർഷംകൊണ്ട് 15 കോടി രൂപ നഷ്ടത്തിലേയ്ക്കെത്തിക്കാൻ നിങ്ങൾ എന്ത് പരിശ്രമമാണ് നടത്തിയത്? നിങ്ങൾ ഇതിനേക്കാൾ കൂടുതൽ എന്ത് പരിശ്രമമാണ് നടത്തേണ്ടത്? ഇപ്പോൾ 58 കോടി രൂപ മുടക്കി പാലക്കാട്ട് ഗ്രൈൻഡിംഗ് യൂണിറ്റ് സ്ഥാപിക്കാൻ പോകുകയാണ്. 58 കോടി രൂപയുടെ സ്ഥാനത്ത് 32 കോടി രൂപയ്ക്ക് പൂർത്തീകരിച്ച യൂണിറ്റാണ് അത്. തത്തുല്യമായ യൂണിറ്റാണ്. ഇത്രയും വലിയ കൊള്ളയാണ് ഈ രംഗത്ത്

LIBRARY ARCHIVES Kerala Legislative Assembly

നടക്കുന്നത്. ഇത്തരം സ്ഥാപനങ്ങളെയൊക്കെ ഒരു കറവപ്പശുവാക്കി മാറ്റുകയും സ്വാഭാവിക മരണത്തിലേക്കും മാറ്റിക്കൊണ്ടിരിക്കുകയാണ്. ഈ സ്ഥാപനങ്ങളെയെല്ലാം സ്വകാര്യവൽക്കരിക്കുവാനും അതിലൂടെ കമ്മീഷൻ പറ്റുന്ന പണി മാത്രമാണ് നടത്തിക്കൊണ്ടിരിക്കുന്നത്. തിരുവല്ലയിലെ ഷുഗർ ഫാക്ടറിയുടെ കാര്യം പരിശോധിച്ചാലും 101 ഏക്കറിൽ 50 ഏക്കർ ഫ്രണ്ട്സ് ഓഫ് തിരുവല്ല എന്ന കമ്പനിക്ക് തീർ എഴുതിക്കൊടുക്കുന്നതിനുള്ള നടപടി സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്. തൊഴിൽ പ്രശ്നങ്ങൾ പരിഹരിക്കാമെന്നുള്ള നിലയിൽ അവിടെ യോഗം വിളിച്ചുകൂട്ടി തൊഴിലാളികളുടെ അംഗീകാരത്തോടുകൂടി തീരുമാനിക്കാൻ നടത്തിയ പരിശ്രമത്തെ തൊഴിലാളികൾ ശക്തമായി ചെറുത്തു പരാജയപ്പെടുത്തിയിരിക്കുകയാണ്. അവിടെ ചെറുകിട വ്യവസായത്തെ സംബന്ധിച്ച് വലിയ കുതിച്ചുചാട്ടമുണ്ടായിയെന്നാണ് അപ്പുറത്തിരിക്കുന്ന മെമ്പർമാർ പ്രസംഗിച്ചത്. യു.ഡി.എഫ്. ഗവൺമെന്റ് വന്നതിനുശേഷം 2600 ചെറുകിട വ്യവസായശാലകൾ അടച്ചുപൂട്ടിയിട്ടുണ്ട്. അവിടെ പണിയെടുത്തിരുന്ന 8861 പേർ ഈ കാലഘട്ടത്തിൽ തൊഴിൽരഹിതരായി മാറിയിട്ടുണ്ട്. ഈ രംഗത്ത് എന്ത് പുരോഗതിയാണ് നിങ്ങൾക്ക് നേടാൻ കഴിഞ്ഞിട്ടുള്ളത്. ഗവൺമെന്റിന്റെ പരിശ്രമത്തിന്റെ ഭാഗമായി 59 മേഖലകളിൽ cluster കൊണ്ടുവരുമെന്ന് പറഞ്ഞു. അതൊക്കെ കടലാസിൽ കിടക്കുകയാണ്. വലിയ വാചകമടിക്കാൻ ആർക്കാണ് വിഷമം. നിങ്ങൾ ഈ രംഗത്ത് എന്ത് നടപടി സ്വീകരിച്ചു എന്നുപറയാൻ കഴിയുമോ? അവിടേയും പ്രായോഗികമായ ഒരു നിലപാട് സ്വീകരിക്കാൻ നിങ്ങൾക്ക് കഴിഞ്ഞില്ല. കേരളത്തിൽ ചെറുകിട വ്യവസായങ്ങളുണ്ടാക്കുന്നതിന് രൂപം നൽകിയ സ്ഥാപനമാണ് സിഡ്കോ. ആദ്യത്തെ ബഡ്ജറ്റിൽ മന്ത്രി പറഞ്ഞത് ചെറുകിട വ്യവസായ ഉൽപ്പന്നങ്ങളും കുടുംബശ്രീയിലെ ഉൽപ്പന്നങ്ങളും സിഡ്കോയുടെ പേരിൽ common brand name നൽകി മാർക്കറ്റിലിറക്കാനുള്ള സമീപനമെടുക്കുമെന്നാണ്. ഇപ്പോൾ അതിനെ സ്വാഭാവികമായ മരണത്തിലേക്ക് നയിച്ചുകൊണ്ടിരിക്കുകയാണ്. സിഡ്കോയെ പുനരുദ്ധരിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കുമോ ഇല്ലയോയെന്ന് വ്യക്തമാക്കേണ്ടതുണ്ട്. 45 ലക്ഷം തൊഴിലാളികൾ പണിയെടുക്കുന്ന പരമ്പരാഗത മേഖലയെക്കുറിച്ച് അപ്പുറത്തിരിക്കുന്നവർക്കും ആക്ഷേപമില്ലല്ലോ. ആക്ഷേപമില്ലാത്തതുകൊണ്ട് ഞാൻ ചോദിക്കുകയാണ് പരമ്പരാഗത വ്യവസായ മേഖലയെ സംരക്ഷിക്കാൻ നിങ്ങൾ കൊണ്ടുവന്ന പാക്കേജിന്റെ ഭാഗമായി എന്തെങ്കിലും നടപടി സ്വീകരിച്ചെന്ന് നിങ്ങൾക്ക് പറയാൻ പറ്റുമോ? 2005 ഫെബ്രുവരി മാസത്തിൽ മുഖ്യമന്ത്രി ഇടപെട്ടുകൊണ്ട് 130 കയർ സഹകരണസംഘങ്ങളെ സഹായിക്കാൻ നാല് കോടി രൂപ കൊടുക്കുമെന്ന്

LIBRARY ARCHIVES Kerala Legislative Assembly

പറഞ്ഞിട്ട് അഞ്ച് നയാപൈസ ആ രംഗത്തേയ്ക്ക് കൈമാറിയോ? കൈമാറിയില്ലെന്ന് മാത്രമല്ല സെൻട്രൽ ഗവൺമെന്റ് അനുവദിച്ച സഹായധനമായ അഞ്ച് കോടി രൂപ വകമാറ്റി സ്വാശ്രയ സംഘങ്ങൾക്ക് നൽകി അതുവഴി തൊണ്ട് സംഭരിക്കുമെന്നാണ് പറഞ്ഞത്. ഇത് കയർ തൊഴിലാളികളെ സംരക്ഷിക്കാനല്ല ജെ.എസ്.എസ്-കാരെ സഹായിക്കാനായിരിക്കണം. ആ മേഖലയിൽ എന്ത് ഗുണമാണ് ചെയ്തത്? നിങ്ങൾ പറയുന്നു കയർ മേഖലയെ സഹായിക്കാനാണ് ചെയ്തതെന്ന്. കശുവണ്ടി മേഖലയിലെ കാര്യം പറയുമ്പോൾ അത് പണ്ടേ പൂട്ടിയെന്നാണ് പറയുന്നത്. ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് ഭരിച്ചിരുന്ന കാലയളവിൽ ഇരുന്നൂറിലധികം ദിവസം എല്ലാവർഷവും ജോലി കൊടുത്തിട്ടുള്ളതാണ്. ആ മേഖലയെ സ്വകാര്യ മേഖലയ്ക്ക് അടിയറവച്ച് തൊഴിലാളികളെ പട്ടിണിയിലും ദുരിതത്തിലും തള്ളിവിട്ട ഗവൺമെന്റ് അല്ലേ? നിങ്ങൾ കൈത്തറിയെ സംബന്ധിച്ച് പറയുന്നു. ഇപ്പോൾ വിഷു വരികയാണ്. കൈത്തറിക്ക് റിബേറ്റ് പ്രഖ്യാപിക്കേണ്ട കാലമായി. അഞ്ച് നയാപൈസ കൈത്തറിക്ക് റിബേറ്റ് കൊടുക്കാൻ എന്തുകൊണ്ടാണ് ഗവൺമെന്റ് തയ്യാറാകാതിരുന്നത്? നിങ്ങൾ വാതോരാതെ പ്രസംഗിക്കുന്നുണ്ടല്ലോ. ഞാൻ പ്രതീക്ഷിച്ചത് അപ്പുറത്തിരിക്കുന്ന മെമ്പർമാർ പറയുന്ന കൂട്ടത്തിൽ റിബേറ്റിന്റെ കാര്യം പറയുമെന്നാണ്. കേന്ദ്ര ഗവൺമെന്റ് ഒരു പ്രോജക്ട് തയ്യാറാക്കിയിട്ടുണ്ട്. ആ പ്രോജക്ട് കേരളത്തിൽ പ്രായോഗികമാക്കാൻ ആഗ്രഹിക്കുന്ന ഒരു ഗവൺമെന്റായിരുന്നുവെങ്കിൽ അതിനാവശ്യമായ പണം നീക്കിവയ്ക്കണ്ടേ? അങ്ങനെയൊരു നടപടി നിങ്ങൾ സ്വീകരിച്ചിട്ടുണ്ടോ? ഇപ്പോൾ എല്ലാപേരും ജിം-നെക്കുറിച്ചാണ് പറയുന്നത്. ജിം-നെക്കുറിച്ച് പറയുമ്പോൾ വികസനത്തിന്റെ അവസാന വണ്ടിയായ ജിം 50,000 കോടി രൂപ ലക്ഷ്യമിട്ടതാണ്. എന്നാൽ 11,119.45 കോടി രൂപയുടെ ധാരണാപത്രമാണ് ഒപ്പിട്ടത്. 4515 കോടി രൂപയുടെ പദ്ധതി കേന്ദ്ര പൊതുമേഖലയുമായി ബന്ധപ്പെട്ടതാണ്. കൊച്ചിൻ റിഫൈനറി 2600 കോടി രൂപ. നാഷണൽ ഡെവലപ്മെന്റ് കോർപ്പറേഷൻ 1650 കോടി രൂപ, കൊച്ചിൻ ഷിപ്പ്യാർഡ് 65 കോടി രൂപ, വ്യവസായ വികസന കോർപ്പറേഷൻ സ്വകാര്യ വ്യക്തിയും ചേർന്ന് 765 കോടി രൂപ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി ചേർന്ന് 237 കോടി രൂപ, ആരോഗ്യ രംഗത്ത് 1875 കോടി രൂപ, വിദ്യാഭ്യാസ രംഗത്ത് 590 കോടി രൂപ, തുറമുഖ രംഗത്ത് 174 കോടി രൂപ, പ്രവാസിക്ക് 12 കോടി രൂപ, കിൻഫ്ര 588.45 കോടി രൂപ. ഇതെല്ലാം കടലാസ്സിലല്ലാതെ ഏതെങ്കിലും പ്രായോഗികമായിയെന്നു പറയാൻ വ്യവസായ വകുപ്പിന് കഴിയുമോ? പിന്നെന്താണ് നിങ്ങൾ നേടിയെന്നു പറയുന്നത്. ഇവിടെ 13 പദ്ധതികൾ തുടങ്ങി അതിന്റെ പേരിൽ 1507 പേർക്ക് ജോലികിട്ടിയെന്ന്

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. നാരായണക്കുറുപ്പിന്റെ ചോദ്യത്തിന് മറുപടിയായി വ്യവസായ വകുപ്പുമന്ത്രിയുടെ മറുപടിയുണ്ട്. നിങ്ങൾ കൊണ്ടുവന്ന പ്രധാനപ്പെട്ട ഒരു കാര്യമായി പറയുന്നത് ഐ. ടി. യാണ്. അപ്പുറത്തിരിക്കുന്ന മെമ്പർമാരുടെ പ്രസംഗത്തിൽ ,ഒരു മാറ്റം കണ്ടു. നിങ്ങൾ ഓരോരുത്തരും കഴിഞ്ഞ നാലുവർഷക്കാലമായി ഈ സഭയിൽ പ്രസംഗിച്ചുകൊണ്ടിരുന്നത് കേരളത്തിന്റെ പുരോഗതിയെന്നുപറയുന്നത് ഐ.ടി.-യിൽ മാത്രമാണ്. സാങ്കേതിക വിദ്യാഭ്യാസം നൽകി ഇവിടെനിന്ന് പുറത്തോട്ട് ജോലിയും അതുപോലെ വലിയ വ്യവസായം കേരളത്തിലേക്ക് വരുമെന്ന് പറഞ്ഞവർ ഇപ്പോൾ കേരളത്തിലെ പരമ്പരാഗത വ്യവസായങ്ങളേയും കാർഷിക മേഖലയേയും പരിഗണിക്കണമെന്ന് പറഞ്ഞത് ഒരു വലിയ മാറ്റം തന്നെയാണ്.

നിങ്ങൾ അത് മനസ്സിലാക്കാൻ നാലു വർഷമെടുത്തു എന്നുള്ളതാണ്. നിങ്ങൾ പരമ്പാരാഗത വ്യവസായമേഖലയെ അവഗണിച്ചുകൊണ്ട് എന്തുചെയ്തു എന്ന് പരിശോധിച്ചാൽ ഒന്നുരണ്ടു വാക്കുകളിൽനിന്നും അത് മനസ്സിലാകും. ഇവിടെ നിങ്ങൾ ഇപ്പോൾ Dubai Internet City-യുമായി ബന്ധപ്പെട്ട് ഒരു Smart City സ്ഥാപിക്കാൻ പോവുകയാണ്. ലോകത്തിലെ ആദ്യത്തെ ഐ. ടി. സ്വതന്ത്ര വ്യാപാര മേഖലയാണ് ദുബായിൽ ഉള്ളത്. അവർക്ക് 100 ശതമാനം നികുതി സൗജന്യമാണ്. യാതൊരു കറൻസി നിയന്ത്രണങ്ങളും ഇല്ല. വ്യവസായ തൊഴിൽ നിയന്ത്രണങ്ങളും അവർക്ക് ബാധകമല്ല. ഫലത്തിൽ സംസ്ഥാനത്തിനകത്ത് ഒരു പ്രത്യേക സ്റ്റേറ്റ് രൂപീകരിക്കുകയാണ് ചെയ്യുന്നത്. സംസ്ഥാനത്തിനകത്ത് ഒരു പട്ടാള സ്റ്റേറ്റ് ആണ് രൂപീകരിക്കപ്പെടുന്നത്. നിങ്ങൾ ഇവിടെ ടെക്നോപാർക്ക് കൊണ്ടുവന്നിട്ട് അവിടെ എത്രപേർക്ക് ജോലി കൊടുത്തു? അവിടെ അടിമ ജോലിയാണ് നടന്നുകൊണ്ടിരിക്കുന്നത്. പല കമ്പനികളും ജോലി കൊടുക്കുമെന്ന് പറഞ്ഞിട്ട് രണ്ടുലക്ഷവും മൂന്നുലക്ഷവും വാങ്ങിച്ചിട്ട് മുങ്ങിക്കൊണ്ടിരിക്കുകയാണ്. നിങ്ങൾ സൗജന്യം അനുവദിച്ചതിന്റെ ഭാഗമായിട്ട് വൈദ്യുതിചാർജ് എത്ര കമ്പനിയിൽനിന്നാണ് കിട്ടാനുള്ളത്? അവിടെ നിങ്ങൾ വെള്ളം എത്തിച്ചതിന്റെ ഭാഗമായിട്ട് എത്രയാണ് കിട്ടാനുള്ളത്? അത് സംബന്ധിച്ച് എന്തെങ്കിലും പറയാനുണ്ടോ? ആ കമ്പനികളെല്ലാം ഇന്ന് പ്രവർത്തിക്കുന്നുണ്ടോ? വെറുതെ വാചകമടിച്ചിട്ട് കാര്യമില്ല. ചോദിക്കുന്നതിന് മാന്യമായിട്ട് ഉത്തരം പറയാൻ പഠിക്കണ്ടേ? അല്ലാതെ വെറുതെ ബഹളം വച്ചിട്ട് കാര്യമില്ല. Internet city-യുടെ ഭാഗമായി ആദ്യഘട്ടം 400 ഏക്കർ സ്ഥലമാണ് കൊടുക്കുന്നത്. 100 ഏക്കർ എന്ന് പറയുന്നത് സൗജന്യമാണ്. ഗവൺമെന്റിന് ഒരു ഐ.ടി. പോളിസിയുണ്ട്. ഒരു തൊഴിലിന് മൂന്ന് സെന്റ് സ്ഥലം കൊടുക്കാമെന്നാണ്. ഈ അടിസ്ഥാനത്തിൽ ഇപ്പോൾ കൊച്ചിയിൽ കൊടുക്കുന്ന

LIBRARY ARCHIVES Kerala Legislative Assembly

സ്ഥലത്തിന്റെ കാര്യവും മറ്റു സൗജന്യങ്ങളും കൂടി കൂട്ടിയാൽ ഒരു രൂപയ്ക്കാണ് ഒരു സെന്റ് സ്ഥലം കൊടുക്കുന്നത്. 20,000 രൂപ മുതൽ 30,000 രൂപ വരെ ചെലവഴിക്കുമ്പോൾ ഒരു ജോലി കിട്ടുമെന്നാണ് നിങ്ങൾ പറയുന്നത്. ഞാൻ അതിനെ എതിർക്കുന്നില്ല. പക്ഷേ ഞാൻ ചോദിക്കുന്നത് ഇങ്ങനെയാണെങ്കിൽ കേരളത്തിന് വരുമാനം ഉണ്ടാക്കുന്ന പൊതുമേഖലയേയും കേരളത്തിലെ മഹാഭൂരിപക്ഷം ആളുകളും ജീവിക്കുന്ന പരമ്പരാഗത മേഖലയേയും സംരക്ഷിക്കാൻ ഇതിന് കൊടുക്കുന്നതിന്റെ ഒരു പത്ത് ശതമാനം മാറ്റിവയ്ക്കുന്നതിനെ സംബന്ധിച്ച് എന്തുകൊണ്ടാണ് ഗവൺമെന്റ് ചിന്തിക്കാത്തത് എന്നാണ്. ഇത് മാത്രമല്ല, ഐ.ടി. രംഗത്ത് നിങ്ങൾക്ക് തികഞ്ഞ പരാജയമാണ് വന്നിരിക്കുന്നത്. ഐ.ടി. യുടെ ഭാഗമായിട്ട് ഒന്നും വന്നില്ല എന്നുള്ളതല്ല ഞാൻ പറയുന്നത്. കുറേ കാര്യങ്ങൾ വരുത്താൻവേണ്ടി ശ്രമിച്ചിട്ടുണ്ട്. അതോടൊപ്പം എന്തുകൊണ്ടാണ് നമ്മുടെ പ്രധാനപ്പെട്ട മേഖലയായ പരമ്പരാഗതമേഖലയെ പരിഗണിക്കാതിരുന്നത്? നിങ്ങളുടെ ഐ.ടി. പരാജയപ്പെട്ടതിന്റെ കാരണവും നിങ്ങളുടെ 'ജിം' പരാജയപ്പെടാൻ ഉണ്ടായതിന്റെ ഏറ്റവും പ്രധാനപ്പെട്ട കാരണവും എന്താണെന്ന് പരിശോധിക്കുമ്പോൾ പരമ്പരാഗത മേഖലയിൽ പണിയെടുക്കുന്ന മഹാഭൂരിപക്ഷം ആളുകളും അതിൽ പ്രത്യേകിച്ച് കശുവണ്ടി, കയർ, കൈത്തറി, അതുപോലെ ഈറ്റ, പനമ്പ്, കളിമൺ തുടങ്ങിയതായിട്ടുള്ള മേഖലയിൽ പണിയെടുക്കുന്ന മഹാഭൂരിപക്ഷം ആളുകളേയും അവഗണിച്ചുകൊണ്ട് കേരളത്തിൽ വ്യവസായവൽക്കരണം നടത്താമെന്ന് വിചാരിച്ചാൽ എങ്ങനെയാണ് അതിന് കഴിയുന്നത്? നിങ്ങൾ പറയുന്നത് അമേരിക്കയിലേയും ബ്രിട്ടനിലേയും സോവിയറ്റ് യൂണിയനിലേയും കൃഷിയുടെ കാര്യമാണ്. അവിടെ ഭൂമി കൂടുതലാണ്. മനുഷ്യർ കുറവാണ്. ഇവിടെ അതാണോ സ്ഥിതി? കേരളത്തിൽ ഈ ചെറിയ സംസ്ഥാനത്ത് മൂന്നേകാൽ കോടിയിൽ അധികമാണ് ജനസംഖ്യ. നമ്മൾ ഐ.ടി.യെല്ലാം കൊണ്ടുവരുന്ന സന്ദർഭത്തിൽ, വലിയ ആധുനിക വ്യവസായം കൊണ്ടുവരുന്ന സന്ദർഭത്തിൽ തന്നെ, എറണാകുളത്തുകൂടി വിമാനം പറന്നുപോയി എന്ന് പറയുന്ന ഈ സന്ദർഭത്തിൽ കേരളത്തിൽ സാധാരണ ജീവിതം നയിക്കുന്ന ആളുകളുണ്ട്. ഈ സാധാരണ ജീവിതം നയിക്കുന്ന ആളുകളുടെ ഭക്ഷണവും വസ്ത്രവും പാർപ്പിടവും അതോടൊപ്പം അവരെ സംബന്ധിച്ചിടത്തോളം ക്രിയാത്മകമായ നിർദ്ദേശംകൂടി ഉണ്ടെങ്കിലേ ഈ പറയുന്ന ഐ.ടി. വിജയിക്കാൻ പോകുന്നുള്ളൂ. അല്ലെങ്കിൽ ഐ.ടി. വിജയിക്കുകയില്ല. അത് മാത്രമല്ല, മറ്റൊരു പ്രധാനപ്പെട്ട കാര്യം എന്ന് പറയുന്നത് കേരളത്തിൽ ഏതാണ്ട് 90 ശതമാനം ആളുകളും നാണ്യവിളകളെ ആശ്രയിച്ചുള്ള കൃഷിയാണ് നടത്തുന്നത്. ആ കാർഷിക മേഖലയെ സംരക്ഷിക്കാതെ ആയിരക്കണക്കിന് കൃഷിക്കാരെ

LIBRARY ARCHIVES Kerala Legislative Assembly

പട്ടിണിയിലേക്ക് തള്ളി വിട്ടുകൊണ്ട് എങ്ങനെയാണ് ഈ വ്യവസായത്തിന് ആവശ്യമായ ഉൽപ്പന്നങ്ങൾ സംഘടിപ്പിക്കുന്നത്? കാർഷിക മേഖലയേയും പരമ്പരാഗത വ്യവസായ മേഖലയേയും സംരക്ഷിക്കാതെ, ഈ നയപരമായ കാര്യങ്ങൾ ഗൗരവമായി പരിശോധിക്കാതെ നീങ്ങിയതുകൊണ്ടാണ് കഴിഞ്ഞ നാലു വർഷങ്ങളിൽ തികഞ്ഞ പരാജയത്തിലേക്ക് ഈ ഗവൺമെന്റിന് പോകേണ്ടിവന്നത്. ഈ ഗവൺമെന്റ് തന്ന ലിസ്റ്റ് എല്ലാം പരിശോധിച്ചാൽ കാണാൻ കഴിയുന്ന പ്രധാനപ്പെട്ട കാര്യമെന്താണ്? എല്ലാം പ്രതീക്ഷിക്കുന്നത് അടുത്ത വർഷത്തേയ്ക്കാണ് എന്നാണ്. എന്നാൽ അടുത്ത വർഷം നിൽക്കില്ല. നിങ്ങളുടെ കാലം അവസാനിച്ചു. അങ്ങനെ അഞ്ചുവർഷം കേരളത്തിന് നഷ്ടപ്പെടുത്തിയ ഈ ഗവൺമെന്റിന്റെ നയത്തേയും അതിന്റെ ഭാഗമായ ഈ ധനാഭ്യർത്ഥനയേയും ഞാൻ ശക്തിയായി എതിർക്കുകയാണ്.

[ചെയറിൽ മി. സ്പീക്കർ]

കൃഷിയും കയറും വകുപ്പുമന്ത്രി *(ശ്രീമതി കെ. ആർ. ഗൗരിയമ്മ)* : സർ, കയറിനെ സംബന്ധിച്ച് ഇവിടെ വലിയ ആക്ഷേപങ്ങളും പരാമർശങ്ങളും ഉണ്ടായിട്ടുണ്ട്. എങ്കിലും ഈ വ്യവസായത്തിന് ചെയ്തതായിട്ടുള്ള കാര്യങ്ങളെ സംബന്ധിച്ച് ഞാൻ ഇവിടെ വിശദീകരിക്കാൻ ഉദ്ദേശിക്കുന്നില്ല. ഇക്കൊല്ലം ബഡ്ജറ്റിൽ 26.1 കോടി രൂപ വകകൊള്ളിച്ചിട്ടുണ്ട്. അതിൽ 1726 ലക്ഷം രൂപ സംസ്ഥാന വിഹിതവും 875 ലക്ഷം രൂപ കേന്ദ്രവിഹിതവുമായിട്ടാണ് ഈ വർഷം ബഡ്ജറ്റിൽ വകകൊള്ളിച്ചിരിക്കുന്നത്. ഇത് കയർ വ്യവസായം തുടങ്ങിയ കാലത്തും അത് കഴിഞ്ഞതിനുശേഷവും നമ്മൾ ഒരു പരിപാടി എന്ന നിലയിൽ കയർ തൊഴിലാളികളെ സംരക്ഷിക്കാനും കയർ വ്യവസായത്തിൽ ഏർപ്പെട്ടിരിക്കുന്ന തൊഴിലാളികൾക്ക് കൂലി കിട്ടാനും ഈ വ്യവസായം കോ-ഓപ്പറേറ്റീവ് അടിസ്ഥാനത്തിൽ സംഘടിപ്പിച്ചുകൊണ്ടുള്ള നടപടിക്രമമായിരുന്നു കഴിഞ്ഞ 9-ാം പഞ്ചവത്സര പദ്ധതിക്കാലത്ത് നടത്തിയത്. ഇന്നത്തെ നിലയിൽ നോക്കിയാൽ ഏകദേശം 3.75 ലക്ഷം തൊഴിലാളികൾ ഇതിൽ ജോലി ചെയ്തു ജീവിക്കുന്നു. അതിൽ 76 ശതമാനവും സ്ത്രീകളാണ്. ഈ സ്ത്രീ തൊഴിലാളികൾക്ക് ജോലി കിട്ടുന്നതിനും അതിന്റേതായിട്ടുള്ള നടത്തിപ്പിനും തന്നെയാണ് കയർ വ്യവസ്യായത്തിൽ സൊസൈറ്റികൾ സംഘടിപ്പിക്കപ്പെട്ടിരിക്കുന്നത്. 9-ാം പഞ്ചവത്സര പദ്ധതിയോടുകൂടി തന്നെ ഈ സൊസൈറ്റികളുടെ പ്രവർത്തനം മുടങ്ങി. അനേകം സൊസൈറ്റികൾ കടബാദ്ധ്യ തയുള്ളതായിമാറി. എണ്ണൂറ്റിചില്വാനം സൊസൈറ്റികൾ ഉണ്ടായിരുന്നതിൽ 362 പ്രാഥമിക കയർപിരി സംഘങ്ങളും 42 കയർമാറ്റിംഗ് സംഘങ്ങളും 16 ചെറുകിട

LIBRARY ARCHIVES Kerala Legislative Assembly

വ്യവസായ ഉൽപ്പന്ന നിർമ്മാണ സംഘങ്ങളും 31 ചകിരിപിരി സംഘങ്ങളും ഉൾപ്പെടെ ഇപ്പോൾ പ്രവർത്തിക്കുന്നത് എന്ന് പറയാൻ സാധിക്കുന്നത് 451 സൊസൈറ്റികളാണ്. ഈ സൊസൈറ്റികളിൽ ഏതാണ്ട് 167-ഓളം സൊസൈറ്റികൾ ഇന്ന് liquidation-ൽ ആണ്. മറ്റ് സൊസൈറ്റികളിൽ തന്നെ ജോലി ചെയ്യുന്നതായിട്ടുള്ള ആളുകൾക്ക് തൊഴിലില്ലാതെ വന്നിരിക്കുന്നു. ഈ തൊഴിൽ മേഖലയിൽ പ്രവർത്തിച്ചു കൊണ്ടിരുന്നതായിട്ടുള്ള സൊസൈറ്റികളിലെ പ്രവർത്തകർ അർപ്പണ ബോധത്തോടുകൂടി പ്രവർത്തിക്കാതെ വന്നതും വ്യവസായം ഇന്ന് നേരിടുന്നതായിട്ടുള്ള പ്രധാന പ്രശ്നങ്ങളിൽനിന്നും മുഖം തിരിഞ്ഞുനിന്നതിന്റേയും ഒക്കെ ഫലമായി സൊസൈറ്റികൾക്കും അതിൽ പ്രവർത്തിച്ചിരുന്ന തൊഴിലാളികൾക്കും തൊഴിൽ ഇല്ലാതായി. പുറത്തുനിന്നും ചകിരിവന്ന് കയർ പിരിച്ചെടുക്കുന്നതിനുവേണ്ടിയുള്ള മുതലാളിമാരുടെ കൈകളിലേക്ക് വീഴുന്ന സ്ഥിതിയാണ് ഉണ്ടായത്. ഇതിനെ നേരിടുന്നതിനുവേണ്ടി ഈ ഗവൺമെന്റ് വന്നതിനുശേഷം തൊഴിലാളികളെ സംഘടിപ്പിച്ചുകൊണ്ട് പുതിയതായിട്ടുള്ള സ്വയം സഹായ ഗ്രൂപ്പുകൾ ഉണ്ടാക്കി. അവർക്ക് ആവശ്യമായിട്ടുള്ള ട്രെയിനിംഗ് കൊടുത്ത് കയർ ബോർഡുമായിട്ട് യോജിച്ച് റാട്ടും അതുപോലെ അതിന് ആവശ്യമായിട്ടുള്ള ഫാക്ടറികളും training-ും working capital-ും ഇലക്ട്രിക് കണക്ഷനും കൊടുത്തുകൊണ്ട് അവരെ പുനരധിവസിപ്പിക്കുന്നതിനുവേണ്ടിയുള്ള നടപടികളായിട്ടുണ്ട്. ഇക്കൊല്ലം ആറായിരം പേരെ പുനരധിവസിപ്പിക്കണമെന്നായിരുന്നു ആഗ്രഹം. എതായാലും കയർ ബോർഡ് രണ്ടായിരത്തിൽപ്പരം ആളുകളെ ട്രെയിൻ ചെയ്തിട്ടുണ്ട്. അങ്ങനെ ട്രെയിൻ ചെയ്യിച്ചിട്ടുള്ളവർക്ക് രണ്ടായിരം റാട്ടും കൊടുത്തിട്ടുണ്ട്. ആ റാട്ടിൽ കയർ ബോർഡ് നാലിൽ മൂന്ന് വിഹിതവും സംസ്ഥാന ഗവൺമെന്റ് നാലിൽ ഒന്ന് വിഹിതവുമാണ് കൊടുത്തത്. ഇപ്പോൾ ആ യന്ത്രവൽകൃത റാട്ടിനു പകരം മോട്ടോർ ഘടിപ്പിച്ചിട്ടുള്ള റാട്ടുകൾ കൊടുത്തുകൊണ്ട് അവരെ പുനരധിവസിപ്പിക്കുന്നതിനുവേണ്ടിയുള്ള നടപടിയെടുത്തിട്ടുണ്ട്. വരുന്ന കൊല്ലം 30,000 പേരെ ഈ വിധത്തിൽ സംഘടിപ്പിച്ച് സ്വയം സഹായ സംഘകരണ സംഘങ്ങളുണ്ടാക്കി അവരുടേതായിട്ടുള്ള പ്രവർത്തനം നടത്തുന്നതിനാവശ്യമായിട്ടുള്ള നടപടികൾ എടുത്തിട്ടുണ്ട്. കയർ ബോർഡും ഗവൺമെന്റുമായിട്ട് അതിന് ഏതാണ്ട് എഗ്രിമെന്റായിട്ടുണ്ട്. ആ വിധത്തിൽ മോട്ടോർ ഘടിപ്പിക്കുന്നതിനായിട്ടുള്ള നടപടികളെടുത്തിട്ടുണ്ട്. ഇതിനുമുമ്പ് കയർ രംഗത്ത് സൊസൈറ്റികൾ കൊടുത്തിട്ടുള്ള മെഷീനുകൾ വേണ്ടത്ര ഗുണനിലവാരം ഇല്ലാത്തതിനാൽ അത് പലതും കേടുവന്നൊക്കെ പോയി. അത് എവിടെയൊക്കെയാണെന്ന് നോക്കി പുനരുദ്ധരിക്കുന്നതിനാവശ്യമായ നടപടികൾ എടുക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

അങ്ങനെ കയർ രംഗത്ത് പുഷണത്തിന് വിധേയരായിരുന്ന കയർ തൊഴിലാളികൾ സ്വയം സഹായ സംഘങ്ങൾ രൂപീകരിച്ച് അവർക്ക് റാട്ടും മോട്ടോറും ഫാക്ടറിയും അതുപോലെതന്നെ കയർഫെഡുമായിട്ടുള്ള ലിങ്കേജും മാർക്കറ്റിംഗ് സംവിധാനവും കൊടുത്തുകൊണ്ട് ആ രംഗത്ത് നടപടികൾ സ്വീകരിക്കുന്നതാണ്. ഇന്ന് കയർ രംഗത്ത് നോക്കിയാൽ ആളില്ലായ്മയില്ല. കഴിഞ്ഞ കൊല്ലം 407 കോടി രൂപയുടെ ഓർഡർ ഉണ്ടായിട്ടുണ്ട്. ഇപ്പോൾതന്നെ ജനുവരി മാസത്തോടുകൂടി 450 കോടിയോളം രൂപയുടെ ഫോറിൻ ഓർഡർ ഉണ്ടായിട്ടുണ്ട്. കയറിന് ഓർഡർ ഇല്ലായ്മയല്ല, ഓർഡർ ഉണ്ട്. അതിനാവശ്യമായിട്ടുള്ള സാധനങ്ങൾ മിക്കവാറും 90 ശതമാനവും കയറിന്റെ ഓർഡർ പുറം രാജ്യങ്ങളിലേക്ക് കയറ്റി അയയ്ക്കുന്ന ഓർഡർ നിറവേറ്റുന്നതും കേരളത്തിൽ നിന്നാണ്. അതിനുള്ള നടപടികൾ എടുക്കുന്നുമുണ്ട്. എന്നാൽ കയർ രംഗത്ത് ഓർഡറുകൾ നടപ്പിലാക്കുമ്പോൾ തന്നെ അതിനാവശ്യമായിട്ടുള്ള റാ മെറ്റീരിയൽസില്ല, ചകിരി ഇല്ല. ദീർഘകാലമായി ഇതിൽ പ്രവർത്തിച്ചു കൊണ്ടിരിക്കുന്ന ട്രേഡ് യൂണിയൻകാരും, നമ്മുടെ നാട്ടിലുള്ള രാഷ്ട്രീയ പാർട്ടിക്കാരും ഈ വ്യവസായത്തിൽ വരേണ്ടതായിട്ടുള്ള കാലാനുസൃതമായിട്ടുള്ള മാറ്റങ്ങൾ വരുത്തി മെക്കനൈസ് ചെയ്യാനുള്ള നടപടികൾ എടുക്കാതെ വന്നതിന്റെ ഫലമായി നമ്മുടെ ചകിരി തല്ലു വ്യവസായം അന്യ സംസ്ഥാനങ്ങളിലേക്ക് പോയി. അതാണ് ഇന്നുള്ളത്. ഇത് മാറ്റിത്തീർക്കാതെ, ചകിരി ലഭ്യമല്ലാതെ നമുക്ക് നടപടികൾ എടുക്കാൻ സാധിക്കാത്തതുകൊണ്ട് ചകിരി റാട്ടു മില്ലുകൾ ഇന്നിപ്പോൾ കോ-ഓപ്പറേറ്റീവ് സൊസൈറ്റികൾക്ക് കൊടുത്തിരുന്നു. അത് മലബാർ പ്രദേശത്താണ്. ആ മലബാർ പ്രദേശത്തുവരുന്ന കോ-ഓപ്പറേറ്റീവ് സൊസൈറ്റികളിൽ 57 സൊസൈറ്റികൾക്ക് കൊടുത്തതിൽ 8 സൊസൈറ്റികളാണ് ഇപ്പോൾ വർക്ക് ചെയ്തുകൊണ്ടിരിക്കുന്നത്. ആ സൊസൈറ്റികൾ പ്രവർത്തനക്ഷമ മാക്കുന്നതിനുവേണ്ടിയുള്ള നടപടികൾ തുടങ്ങിയിട്ടുണ്ട്. ഏതാണ്ട് 35-ഓളം സൊസൈറ്റികളെ നമുക്ക് ആ വിധത്തിൽ പുനരുദ്ധരിക്കാൻ കഴിഞ്ഞു. അതിനുപുറമേ കയർഫെഡ് മൂന്ന് ഡീഫൈബറിംഗ് സൊസൈറ്റികൾ സംഘടിപ്പിക്കാനുള്ള നടപടികൾ എടുക്കുകയും കഴിഞ്ഞ കൊല്ലം ചകിരിയുടെ ക്ഷാമം തീർക്കുന്നതിനുവേണ്ടി കയർഫെഡ് ഏതാണ്ട് 4349 കിന്റൽ ചകിരി കർണ്ണാടകയിൽ നിന്ന് വരുത്തി ഈ കയർ സംഘങ്ങൾക്ക് വിതരണം ചെയ്തിട്ടുമുണ്ട്. അതിനുപുറമേ കയർ കോർപ്പറേഷൻ 781.20 കിന്റൽ കയർ ലക്ഷദ്വീപിൽ നിന്ന് വരുത്തിയിട്ടുണ്ട്. എന്നാൽ ഇപ്പോൾ ലക്ഷദ്വീപിൽ ആഡിറ്റർ ജനറലിന്റെ ഒബ്ജക്ഷൻ വന്നതിനുശേഷം അത് ലേലംചെയ്ത് കൊടുക്കണമെന്നുള്ള വ്യവസ്ഥ വന്നു. അങ്ങനെ വന്നിട്ടുള്ള ആളുകൾ ഹയർ

LIBRARY ARCHIVES Kerala Legislative Assembly

റേറ്റിൽ ലേലത്തിൽ പങ്കെടുത്തതുകൊണ്ടാണ് നമുക്ക് കിട്ടാതെ പോയത്. അത് അങ്ങനെ ഇരിക്കുകയാണ്. കർണ്ണാടകത്തിൽ നിന്നും ഇന്നത്തെ പരിതഃസ്ഥിതിയിൽ വളരെ കൂടുതൽ കിട്ടാതെ വന്നതിന്റെ ഫലമായി നമ്മൾ ശ്രീലങ്കൻ ഗവൺമെന്റുമായിട്ട് ചകിരി ഇറക്കുമതി ചെയ്യുന്നതിനായി നടപടിയെടുത്തിട്ടുണ്ട്. പക്ഷെ സാങ്കേതികമായിട്ടുള്ള ചില കാരണങ്ങൾ കൊണ്ട് അതൽപ്പം നീണ്ടുപോകും. അതുപോലെ പ്രൈവറ്റ് വ്യക്തികൾ ഉൾപ്പെടെ ഡീഫൈബറിംഗ് യൂണിറ്റുകൾ നടത്തുന്നതിനുവേണ്ടിയിട്ടുള്ള നടപടിയും എടുക്കുന്നുണ്ട്. 50 ശതമാനം വച്ചുകൊണ്ട് 10 ലക്ഷം രൂപയിൽ കവിയാതെയുള്ള ധനസഹായം കൊടുത്തുകൊണ്ട് ചകിരി ഉൽപ്പാദന രംഗത്ത് നമ്മൾ ആവശ്യമായിട്ടുള്ള നടപടികൾ എടുക്കുന്നുണ്ട്. അതിനിടയിൽ രാഷ്ട്രീയ പാർട്ടികളും ട്രേഡ് യൂണിയൻ നേതാക്കളും ആവശ്യപ്പെട്ടിട്ട് തൊണ്ട് സംഭരണം കുടുംബശ്രീക്ക് വിട്ടുകൊടുത്തിട്ടുണ്ട്. അതിന് മേൽനോട്ടം വഹിക്കുന്നതിനായി കമ്മിറ്റിയും സംഘടിപ്പിച്ചിട്ടുണ്ട്. ഇങ്ങനെ ചകിരിയുടേതായിട്ടുള്ള രംഗത്ത് ഇന്ന് അനുഭവപ്പെടുന്ന കുറവ് പരിഹരിക്കുന്നതിന് ആവശ്യമായിട്ടുള്ള നടപടികൾ എടുത്തിട്ടുണ്ട്. മറുവശത്ത് ചകിരി തൊഴിലാളികൾക്ക് തൊഴിലും കൂലിയും ഉറപ്പാക്കാൻ സ്വയം സഹായ സംഘങ്ങൾ വഴി തൊഴിലാളികളെ പുനരുദ്ധരിച്ച് അവർക്കാവശ്യമായിട്ടുള്ള കൂലി കിട്ടുന്നതിനും വേണ്ടിയിട്ടുള്ള നടപടികൾ എടുത്തുവരികയാണ്. ചകിരി രംഗത്ത് ആവശ്യമായിട്ടുള്ള നടപടികൾ എടുക്കുന്നതിന് നീക്കങ്ങൾ നടത്തിവരികയാണ്. ഈ രംഗത്ത് ഡീഫൈബറിംഗ് യൂണിറ്റുകൾ കൊടുക്കുന്നതിനുള്ള .നടപടികളും എടുത്തിട്ടുണ്ട്. ഇതിനും പുറമേ ഇത്രകാലമായി കയർ വ്യവസായത്തിൽ യാതൊരു റിസർച്ചും നടന്നിരുന്നില്ല. ഒരു മെഷീൻ വന്നാൽ തല്ലിപ്പൊട്ടിക്കത്തക്ക മനഃസ്ഥിതിയുണ്ടായ ഈ നാട്ടിൽ ഒരു മെഷീനോ അതിനാവശ്യമായിട്ടുള്ള റിസർച്ചോ നടത്താൻ കഴിയാതെ വന്നതിന്റെ ഫലമായി നമ്മുടെ ഇന്നത്തെ ഡബ്ലിയു.ടി.ഒ. കാലത്ത് ഓരോരുത്തരുടെ ഇംഗിതവും അവരുടേതായിട്ടുള്ള താൽപ്പര്യവും അവർക്കാവശ്യമുള്ള സാധനങ്ങൾ ഉൽപ്പാദിപ്പിക്കത്തക്ക വിധത്തിലുള്ള ഒരു സംവിധാനം നമുക്കില്ലാത്ത നിലയ്ക്ക് സംസ്ഥാന ഗവൺമെന്റ് കേന്ദ്രത്തിൽ നമ്മൾ അപേക്ഷ കൊടുത്തിരിക്കുകയാണ്. കയർ ചാക്കിനെ സംബന്ധിച്ച്, ജൂട്ടിനെ സംബന്ധിച്ച് ഐ.സി.എ.ആർ.-നെക്കൊണ്ടുള്ള പരീക്ഷണങ്ങളൊക്കെ നടത്തി ജൂട്ടിന്റേതായിട്ടുള്ള എല്ലാവിധ മേൻമയും വരത്തക്കവിധത്തിലുള്ള നടപടികൾ വന്നതിന്റെ ഫലമായി ചകിരിയും ഐ.സി.എ.ആർ. എടുക്കണമെന്ന് നമ്മൾ ആവശ്യപ്പെട്ടു നോക്കി. പക്ഷെ കയർ ഇൻഡസ്ട്രിയാണെന്നുപറഞ്ഞ് അവർ തള്ളുകയാണുണ്ടായത്. അതുകൊണ്ട് കയറിനെ സംബന്ധിച്ച് ഗവൺമെന്റ് ഒരു റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് ഉണ്ടാക്കുന്നതിനു

LIBRARY ARCHIVES Kerala Legislative Assembly

വേണ്ടിയിട്ടുള്ള നടപടികൾ എടുത്തുകൊണ്ട് ഇതിന് കല്ലിട്ടിരിക്കുന്നു. അതിനാവശ്യമായിട്ടുള്ള പ്രോജക്ട് റ്റാറ്റാ കൺസൾട്ടൻസിയെക്കൊണ്ട് ഉണ്ടാക്കി അതിനുള്ള നടപടികളും എടുത്തു തുടങ്ങിയിരിക്കുന്നു. റിസർച്ചിന് ആവശ്യമായിട്ടുള്ള നടപടികൾ എടുക്കുന്ന ആളുകൾക്ക് സഹായ സഹകരണങ്ങൾ കൊടുക്കുന്നതിനുവേണ്ടിയുള്ള നടപടികൾ എടുത്തിരിക്കുകയാണ്. കയർ രംഗത്തുള്ള തൊഴിലാളികളും ചെറുകിടക്കാരും ചൂഷണത്തിന് വിധേയമാകുന്നുണ്ട്. ഈ ഗവൺമെന്റ് വന്നതിനുശേഷം 8 കോടി രൂപ സ്ഥിരം ഡിസ്ട്രസ് പർച്ചേസിന് മാറ്റിവച്ചിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ കയർഫെഡിന് 2 കോടി രൂപ അഡ്വാൻസ് കൊടുത്തു. കയർ ഫെഡും കയർ കോർപ്പറേഷനും ചകിരിയും കയർ ഉൽപ്പന്നങ്ങളും, കയറും എവിടെയെല്ലാം വിൽക്കാൻ ബുദ്ധിമുട്ട് ഉണ്ടാകുന്നുവോ ആ സാധനങ്ങൾ മാർക്കറ്റബിളാണെങ്കിൽ മാർക്കറ്റ് വില വച്ച് മുമ്പ് distress purchase ചെയ്യുന്നത് വാങ്ങാനാളില്ലാത്തത് മാർക്കറ്റ് വിലയല്ല. മാർക്കറ്റ് വിലയേക്കാൾ 25 ശതമാനം കൂടുതൽ വച്ചും, വിൽക്കുമ്പോൾ 25 ശതമാനം കുറച്ചും അങ്ങനെ വാങ്ങുന്ന സാധനത്തിന് 50 ശതമാനം ഇല്ലാതെ കൊടുക്കുന്ന ആ തുക മുഴുവൻ തീർന്നുപോകുന്ന ആ സമ്പ്രദായം മാറ്റി മാർക്കറ്റ് റേറ്റിൽ ചൂഷണമില്ലാതെ മാർക്കറ്റ് റേറ്റിൽ വാങ്ങാനും ബാക്കിയുള്ള നടപടികളും വന്നതുകൊണ്ട് സ്ഥിരമായി നിൽക്കുകയാണ്. ഇന്നത്തെ നിലയിൽ ഒരൊറ്റ സ്ഥലത്തും സാധനങ്ങൾ വാങ്ങാതെ കെട്ടിക്കിടക്കുന്നില്ല. ഒരു കയർ ഉല്പാദകനും, അതുപോലെതന്നെ കയർ ഫാക്ടറി ഉടമകളും സാധനങ്ങൾ വിൽക്കാതെ വന്നതിന്റെ ഫലമായി വിഷമിക്കുന്നതായിട്ടുള്ള സ്ഥിതിവിശേഷം ഇന്ന് ഇല്ല. ആ വിധത്തിൽ ഇന്നും സ്ഥിരം സംവിധാനം എന്നുള്ള നിലയിൽ 8 കോടി രൂപ ഈ നിലയിൽ distress purchase-ന്റെ പണമായിട്ടുള്ള വിധത്തിൽ ഉൾക്കൊള്ളിച്ചിരിക്കുകയാണ്. ഇതിനും പുറമേ ആരോ പറഞ്ഞു എത്രയോ കോടി രൂപ സെൻട്രൽ ഗവൺമെന്റ് തരുന്നു എന്ന്. സെൻട്രൽ ഗവൺമെന്റിൽ നിന്ന് 56 കോടി രൂപ കയർ വ്യവസായത്തിന്റെ എക്സ്പോർട്ടിനും അതിനാവശ്യമായിട്ടുള്ള വികസനത്തിനും വേണ്ടി അതിന്റെ ഇൻഫ്രാസ്ട്രക്ച്ചർ അപ്ഗ്രഡേഷനും വേണ്ടി നമുക്ക് കിട്ടിയിട്ടുണ്ട്. അൻപത്തിയാറു കോടി രൂപ കോമൺ ഫെസിലിറ്റി സെന്റേഴ്സ് ഉണ്ടാക്കാൻ, അതിനാവശ്യമായിട്ടുള്ള ഉൽപ്പന്നങ്ങളുടെ മേൻമ നിലനിർത്താൻ, അതുപോലെതന്നെ മറ്റുള്ള വിധത്തിൽ ഇൻഫ്രാസ്ട്രക്ച്ചർ അപ്ഗ്രഡേഷൻ എങ്ങനെ നന്നാക്കി, ഈ നാട്ടിൽ നിന്ന് WTO-യുടെ കാലഘട്ടത്തിൽ, വാങ്ങുന്നവരുടെ അഭിരുചിക്ക് അനുസരിച്ചുള്ള ഉൽപ്പന്നങ്ങൾ വാങ്ങുന്നതിനുവേണ്ടിയും കയറിന്റേതായിട്ടുള്ള മേൻമ നിലനിർത്താനും ഈ വ്യവസായം കേരളത്തിന്റേതാണ്, കേരളത്തിൽത്തന്നെ അത് ഉറപ്പിച്ചുനിറുത്തി

LIBRARY ARCHIVES Kerala Legislative Assembly

മേൻമയോടുകൂടി കൊണ്ടുപോകുന്നതിനുംവേണ്ടി ഈ തുക ഉപയോഗപ്പെടുത്തുന്നതിനുവേണ്ടിയുള്ള കമ്മിറ്റിയുണ്ടാക്കിക്കഴിഞ്ഞു. അതിന്റെ നടത്തിപ്പിന് അഡ്വാൻസായി 14 കോടി രൂപ ഇപ്പോൾത്തന്നെ കിട്ടിക്കഴിഞ്ഞു. അതനുസരിച്ച് ആവശ്യമായിട്ടുള്ള വിധത്തിൽ നടപടിയെടുക്കുകയാണ്. ഈ രംഗത്ത് ചകിരിയുടെ ദൗർലഭ്യം ഉണ്ടായിരിക്കുകയാണ്. തൊഴിലാളികൾക്ക് കൂലി കുറവുണ്ടായിരുന്നത് പരിഹരിക്കാനും അതുപോലെ നമ്മൾതന്നെ ഇന്നത്തെ ടെക്നോളജി അപ്ഗ്രഡേഷന് കൂടുതൽ മാർക്കറ്റുണ്ടാക്കാൻ ആ വിധത്തിലുള്ള സംവിധാനം ചെയ്തുകൊണ്ട് കയർ വ്യവസായത്തിന്റെ അഭിവൃദ്ധിക്ക് ഈ ഗവൺമെന്റ് നടത്തിയ വാഗ്ദാനങ്ങൾ പാലിക്കാൻ നടപടികൾ എടുക്കുന്നുണ്ട്. അതുകൊണ്ട് കയർ വ്യവസായത്തിനുള്ള ബഡ്ജറ്റ് തുക പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി *(ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്)*: സർ, ഇവിടെ വ്യവസായ വകുപ്പിലേക്ക് അവതരിപ്പിച്ച ഈ ധനാഭ്യർത്ഥന ചർച്ചയിൽ പങ്കെടുത്ത് ഭരണപക്ഷത്തുനിന്നും പ്രതിപക്ഷത്തുനിന്നുമുള്ള അംഗങ്ങൾ ഉന്നയിച്ച പല നിർദ്ദേശങ്ങളുമുണ്ട്. അതെല്ലാം ഞാൻ സ്വാഗതം ചെയ്യുന്നു. അതിൽ സ്വാഭാവികമായും പല നിർദ്ദേശങ്ങളും ഫിനാൻഷ്യൽ കമ്മിറ്റ്മെന്റ് വരുന്ന നിർദ്ദേശങ്ങളാണ്. സാമ്പത്തികമായ പരിധിക്കുള്ളിൽ നിന്നുകൊണ്ട് അതെല്ലാം പ്രാവർത്തികമാക്കാനുള്ള നടപടികൾ ഞാൻ സ്വീകരിക്കുമെന്ന് ഉറപ്പുനൽകാൻ ആഗ്രഹിക്കുകയാണ്. ഈ ഗവൺമെന്റിനെ സംബന്ധിച്ച് പ്രത്യേകിച്ചു പറയുകയാണെങ്കിൽ ബഹുമാന്യനായ ശ്രീ. എ. കെ. ആന്റണിയും അതുപോലെ ശ്രീ. വി. കെ. കുഞ്ഞാവിക്കുട്ടിയും വ്യാവസായികമായ ഒരു പ്രത്യേകമായ നയം രൂപീകരിക്കുകയുണ്ടായി. വ്യവസായ നയം ഈ സംസ്ഥാനത്ത് ആദ്യമായി ഉണ്ടാക്കിയത് അവരാണ്. ആ വ്യവസായ നയത്തിന്റെ ഭാഗമായിട്ടാണ് 'ജിം' ഉൾപ്പെടെയുള്ള പല പദ്ധതികളും നമ്മുടെ സംസ്ഥാനത്ത് വന്നത്. ജിമ്മിനെ സംബന്ധിച്ചു പറയുകയാണെങ്കിൽ നമ്മൾ ഉദ്ദേശിച്ചത്രയും കാര്യങ്ങൾ നടന്നില്ലായെങ്കിലും ജിമ്മിൽ ഒരുപിടി കാര്യങ്ങൾ നടക്കുകയുണ്ടായി. അതു ഞാൻ ചെറുതായി വിശദീകരിക്കാം. ഈ ഗവൺമെന്റിനെ സംബന്ധിച്ച ഒരു പ്രത്യേകത, ഈ ഗവൺമെന്റ് പൊതുമേഖലയെ നശിപ്പിക്കുന്നു; അതിനെ കൊലചെയ്യുന്നു എന്നുള്ളതാണ് എന്ന് പ്രതിപക്ഷത്തുനിന്നുള്ള പ്രധാനപ്പെട്ട ആരോപണമായി ഇവിടെ പറഞ്ഞത്. പൊതുമേഖലാസ്ഥാപനങ്ങളുടെ പുനരുദ്ധാരണത്തിനായി ഈ ഗവൺമെന്റ് ഇ.ആർ.സി. രൂപീകരിച്ചിരിക്കുന്നു. ഇ.ആർ.സി.-യെ സംബന്ധിച്ച് പല വിമർശനങ്ങളും

LIBRARY ARCHIVES Kerala Legislative Assembly

ഉണ്ടായിരുന്നു. ഇ.ആർ.സി. വാസ്തവത്തിൽ ഒരു ഫാക്ട് ഫൈന്റിംഗ് കമ്മിറ്റിയാണ്. ഞങ്ങളെ സംബന്ധിച്ചിടത്തോളം ഇ.ആർ.സി യുടെ നിർദ്ദേശങ്ങൾ അതെങ്ങനെ നടപ്പിലാക്കണമെന്ന് തീരുമാനിക്കേണ്ടത് ഗവൺമെന്റാണ്. ഗവൺമെന്റ് ഏതായാലും ഈ ഇ.ആർ.സി.-യെ ഒഴിവാക്കി;' ഇ.ആർ.സി 45 പബ്ലിക് സെക്ടർ കമ്പനികളെപ്പറ്റി പഠിച്ച് 30 പബ്ലിക് സെക്ടറുകളുടെ കാര്യം ക്യാബിനറ്റിൽ അവതരിപ്പിച്ച് ജി.ഒ. പുറപ്പെടുവിപ്പിക്കുകയും ചെയ്തു. ഈ ഗവൺമെന്റ് ഓർഡർ നമ്മൾ റിവ്യൂ ചെയ്യാനുള്ള തീരുമാനമെടുക്കുകയും ഇ.ആർ.സി.-യെ ഒഴിവാക്കുകയും ചെയ്തിരിക്കുകയാണ്. മാത്രമല്ല ബഹുമാനപ്പെട്ട മുഖ്യമന്ത്രി അതിനെ സംബന്ധിച്ച് വളരെ അസന്നിഗ്ദ്ധമായി പ്രഖ്യാപിച്ചിട്ടുണ്ട്. വൺ ടൈം സെറ്റിൽമെന്റ് നൽകിയാൽ രക്ഷപ്പെടുന്ന എല്ലാ വ്യവസായങ്ങളും—പൂട്ടിക്കിടക്കുന്നതും നഷ്ടത്തിൽ ഓടുന്നതുമായ എല്ലാ വ്യവസായങ്ങളും—വൺ ടൈം സെറ്റിൽമെന്റ് കൊടുത്താൽ, ഒരു അസിസ്റ്റൻസ് കൊണ്ട് രക്ഷപ്പെടുമെങ്കിൽ അത് രക്ഷപ്പെടുത്തുമെന്ന് പ്രഖ്യാപിച്ചിരിക്കുകയാണ്. അത് നയപരമായ വലിയൊരു മാറ്റമെന്ന് പലരും വിശേഷിപ്പിക്കുന്ന സംഗതിയാണ്. അതുപോലെതന്നെ ഇതിനെ സംബന്ധിച്ച് ഒരു കാബിനറ്റ് സബ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. ആ ക്യാബിനറ്റ് സബ് കമ്മിറ്റി ഒരു തവണകൂടി വിശദമായി ചർച്ചകൾ നടത്തിയിട്ടുണ്ട്. കോഴിക്കോടിനെ സംബന്ധിച്ച് പറയുകയാണെങ്കിൽ അവിടത്തെ വ്യവസായങ്ങളെല്ലാം, അവിടം ഒരു സീറോ ഈൻഡസ്ട്രിയൽ ഏരിയ എന്നുവേണമെങ്കിൽ വിശേഷിപ്പിക്കാം. ഇവിടെ സൂചിപ്പിച്ചതുപോലെ ഗ്വാളിയർ റയോൺസിന്റെ പതനത്തോടുകൂടി കോഴിക്കോട്ട് വ്യവസായങ്ങൾ ഇല്ലാത്ത ഒരു ചുറ്റുപാടുണ്ട്. ഉള്ള വ്യവസായങ്ങൾതന്നെ പൂട്ടിക്കിടക്കുന്ന മറ്റൊരു സ്ഥിതിയുണ്ട്. മലബാർ സ്പിന്നിംഗ് ആന്റ് വീവിംഗ് മിൽ തുറന്നു പ്രവർത്തിപ്പിക്കാനായി മാനേജുമെന്റ് തയ്യാറാക്കിയ പുതുക്കിയ ഒരു പ്രോജക്ട് റിപ്പോർട്ട് ഉണ്ട്. അത് കാബിനറ്റ് സബ് കമ്മിറ്റി പരിശോധിക്കുകയും ഏതാണ്ട് അനുകൂലമായ തീരുമാനമെടുക്കുകയും ചെയ്തിട്ടുണ്ട്. അത് തുറന്നു പ്രവർത്തിപ്പിക്കുമെന്ന് ഉറപ്പുനൽകാൻ ഞാൻ ആഗ്രഹിക്കുകയാണ്. അതോടൊപ്പംതന്നെ ശ്രീ. കഹാർ ഇവിടെ സൂചിപ്പിച്ച, പ്രവർത്തനം നിലച്ച കമ്പനികളിലെ ജീവനക്കാരുടെ വേതനനിരക്ക് പരിഷ്ക്കരിച്ച് വി.ആർ.എസ്. നടപ്പിലാക്കാൻ കഴിയുമോയെന്ന് പരിശോധിച്ച് നടപടി സ്വീകരിക്കും. വളരെ തുച്ഛമായ വേതനനിരക്കാണ് അവർക്കുള്ളത്. കഴിഞ്ഞ 10 വർഷമായി സേവനവേതന വ്യവസ്ഥകൾ പരിഷ്ക്കരിക്കാത്ത ഒരു അവസ്ഥ നമ്മുടെ സംസ്ഥാനത്തുണ്ട്. പുതുതായി വനിതാ വ്യവസായികളെ പ്രോൽസാഹിപ്പിക്കാൻ ഇറിടെ ബഹുമാന്യനായ ശ്രീ. ഇസ്ഹാക്ക് കുരിക്കൾ വനിതാ

LIBRARY ARCHIVES Kerala Legislative Assembly

വ്യവസായികൾക്കുവേണ്ടി ഒരു പ്രത്യേക ഫങ്ഷണൽ എസ്റ്റേറ്റ് തന്നെ രൂപീകരിക്കണമെന്ന് ആവശ്യപ്പെടുകയുണ്ടായി. വനിതാ വ്യവസായങ്ങൾക്ക് പ്രത്യേകിച്ച്, എസ്റ്റേറ്റുള്ളത് നമ്മുടെ രാജ്യത്ത് ആകെ ഹൈദ്രാബാദിൽ മാത്രമാണ്. അവിടെ ആവശ്യത്തിന് വനിതാ വ്യവസായികളെ കിട്ടാത്ത പ്രശ്നമുണ്ട്. എന്നാലും വനിതാ വ്യവസായികളെ കൂടുതൽ ആകർഷിക്കുന്നതിനുവേണ്ടി ഒരു പുതിയ പദ്ധതി ഈ ഗവൺമെന്റ് നടപ്പിലാക്കാൻ ആഗ്രഹിക്കുകയാണ്. ഈ വർഷം വനിതാ വ്യവസായ സംരംഭകരെ സഹായിക്കാനായി വിമൺ ഇൻഡസ്ട്രിയൽ അസിസ്റ്റൻസ് പ്രോഗ്രാം എന്ന പുതിയ പദ്ധതി ആവിഷ്ക്കരിച്ച് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. ടെക്നോളജി അപ്ഗ്രഡേഷൻ, സ്കിൽ അപ്ഗ്രഡേഷൻ, മാർക്കറ്റിംഗ് ത്വരിതപ്പെടുത്തൽ എന്നീ മേഖലകളിൽ ഊന്നൽ നൽകിയായിരിക്കും ഈ പദ്ധതി നടപ്പിലാക്കുക. 2005-2006 വർഷത്തിൽ ഈ പദ്ധതി നടപ്പിലാക്കുന്നതിനായി അൻപത് ലക്ഷം രൂപ വ്യവസായ വകുപ്പ് കണ്ടെത്തുന്നതാണ്. അതോടൊപ്പംതന്നെ ശ്രീ. ഇസഹാക്ക് കുരിക്കൾ സൂചിപ്പിച്ച പദ്ധതി-കാക്കഞ്ചേരി ഭക്ഷ്യ സംസ്കരണ പാർക്കിൽ ഇൻകുബേഷൻ സെന്റർ ഉടൻ പ്രവർത്തനം ആരംഭിക്കും. അവിടെ കുറച്ച് ഭാഗം വനിതാ വ്യവസായികൾക്ക് മാത്രമായി മാറ്റിവയ്ക്കുകയും അവർക്ക് പ്രത്യേകമായി ട്രെയിനിംഗ് കൊടുക്കുകയും ചെയ്യാൻ ഗവൺമെന്റ് ഉദ്ദേശിക്കുകയാണ്. കിൻഫ്രായുടെ കാക്കനാട്ടുള്ള എക്സ്പോർട്ട് പ്രൊമോഷൻ പാർക്കിന്റെ വികസനത്തിനുവേണ്ടി 104 ഏക്കർ സ്ഥലം കൂടി ഉടനെ ഗവൺമെന്റ് ഏറ്റെടുക്കുന്നതാണ്. വ്യവസായ വകുപ്പിന്റെ കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ ഉപയോഗിക്കാതെ കിടക്കുന്ന സ്ഥലം വ്യാവസായിക ആവശ്യത്തിനുവേണ്ടി കിൻഫ്രായ്ക്കു കൈമാറി ഉപയോഗിക്കാൻ കഴിയുമോയെന്ന് പരിശോധിക്കാൻ നിർദ്ദേശം നൽകുന്നതാണ്. ഇതിനോടനുബന്ധിച്ച് ഒരു ചോദ്യം ചോദിച്ചിരുന്നു. തിരുവല്ലാ ഷുഗേഴ്സിന്റെ സ്ഥലം ഏതെങ്കിലും ഒരു സ്വകാര്യ ഏജൻസിക്ക് കൊടുക്കാൻ ഗവൺമെന്റ് തീരുമാനിച്ചിട്ടില്ല. ഗവൺമെന്റ് ഏജൻസിയായ കിൻഫ്രായെക്കൊണ്ട് ആ സ്ഥലം ഡെവലപ് ചെയ്ത് അവിടെ വ്യവസായങ്ങൾ കൊണ്ടുവരാൻ സാധിക്കുമോയെന്നുള്ള കാര്യമാണ് ആലോചിച്ചുകൊണ്ടിരിക്കുന്നത്. അതിനെ സംബന്ധിച്ച് ആർക്കും തർക്കമുണ്ടാകുമെന്ന് ഞാൻ വിശ്വസിക്കുന്നില്ല. കേന്ദ്ര സഹായത്തോടുകൂടിയുള്ള ഏറ്റവും വലിയ വർക്കിംഗ് വിമൻസ് ഹോസ്റ്റൽ കിൻഫ്രയുടെ ആഭിമുഖ്യത്തിലുള്ളതാണ്. ഇന്ന് കഴക്കൂട്ടത്ത് മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്യുകയാണ്. നമ്മെ സംബന്ധിച്ചിടത്തോളം അത് കിൻഫ്രയുടെ വ്യവസായ വികസന രംഗത്തുള്ള ഒരു പ്രത്യേക കാൽവയ്പ്പാണ്. വനിതാ

LIBRARY ARCHIVES Kerala Legislative Assembly

ജീവനക്കാർക്കും തൊഴിലാളികൾക്കും ഏറ്റവും വലിയ പ്രയോജനം കിട്ടുന്ന ഒന്നാണ്. തൃശ്ശൂരിലെ പുഴയ്ക്കൽപ്പാടത്ത് വ്യവസായ വകുപ്പിന്റെ കൈവശമുള്ള 50 ഏക്കർ സ്ഥലം കിൻഫ്ര ഏറ്റെടുത്ത് ഗോൾഡ് ആന്റ് അപ്പാരൽ പാർക്കിനുള്ള സൗകര്യങ്ങൾ വികസിപ്പിക്കാൻ തീരുമാനമെടുത്തു. ഇതിനാവശ്യമായ പ്രോജക്ട് റിപ്പോർട്ട് ടൈം ബൗണ്ട് ആയി സമർപ്പിക്കാൻ കിൻഫ്രയോട് ആവശ്യപ്പെട്ടിട്ടുണ്ട്. കേന്ദ്ര ബയോടെക്നോളജി വകുപ്പിന്റെ ധനസഹായത്തോടുകൂടി കിൻഫ്ര കളമശ്ശേരിയിൽ ഒരു പാർക്ക് സ്ഥാപിക്കാനുള്ള നടപടികൾ സ്വീകരിക്കും. ഈ സാമ്പത്തികവർഷം കേന്ദ്ര സഹായമായിട്ട് അതിന് പതിനൊന്ന് കോടി രൂപ ലഭിക്കുന്നതാണ്. ഭക്ഷ്യ സംസ്കരണ വികസനത്തിനായി 90 പദ്ധതികൾ കേന്ദ്ര സർക്കാരിന് നമ്മൾ സമർപ്പിച്ചിട്ടുണ്ട്. ഇതിൽ 16 പദ്ധതികൾക്ക് അംഗീകാരം ലഭിക്കുകയും അഞ്ചു കോടി രൂപ കേന്ദ്രത്തിൽ നിന്ന് സഹായം ലഭിക്കുകയും ചെയ്തിട്ടുണ്ട്. കഴക്കൂട്ടത്തുള്ള ഫിലം വീഡിയോ പാർക്കിൽ ഒരു അന്താരാഷ്ട്ര അനിമേഷൻ സെന്ററും അനിമേഷൻ സ്കൂളും സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു. അപ്പാരൽ എക്സ്പോർട്ട് പ്രൊമോഷൻ കൗൺസിലിന്റെ കീഴിൽ അപ്പാരൽ ട്രെയിനിംഗ് ആന്റ് ഡിസൈനിംഗ് സെന്റർ തിരുവനന്തപുരത്ത് മേനംകുളത്ത് കിൻഫ്രയുടെ ഇന്റർനാഷനൽ പാർക്കിൽ ആരംഭിച്ചു കഴിഞ്ഞു. ഇത് കേരളത്തിലെ ആദ്യത്തെ സെന്ററാണ്. ശ്രീ. വി. കെ. സി. മമ്മത്കോയ ചെറുകിട വ്യവസായികൾ ഉൽപ്പാദിപ്പിക്കുന്ന ഉൽപ്പന്നങ്ങൾ വിറ്റഴിക്കുന്നതിനും അവരെ പ്രോൽസാഹിപ്പിക്കുന്നതിനും ഗവൺമെന്റ് എന്ത് നടപടിയാണ് സ്വീകരിച്ചതെന്ന് ചോദിച്ചു. അത് കണക്കിലെടുത്ത് സെപ്തംബർ 6, 7, 8 തീയതികളിൽ കൊച്ചിയിൽ ബിസിനസ്സ് ടു ബിസിനസ്സ് മീറ്റ് നടത്താൻ തീരുമാനിച്ചു. അതിൽ ഈ പറഞ്ഞ എല്ലാ കാര്യങ്ങളും ഉൾപ്പെടും. Buyers and sellers-നെ കണ്ടുപിടിക്കുക എന്ന ഉദ്ദേശ്യമാണതിലുള്ളത്. അത് മൂന്നു ദിവസം നീണ്ടുനിൽക്കുന്നതാണ്. ഇന്റർനാഷണൽ സ്റ്റൈലിലാണ് സംഘടിപ്പിച്ചിരിക്കുന്നത്. സഹകരണ മേഖലയിലുള്ള സ്പിന്നിംഗ് മില്ലുകളെ ആധുനിക വൽക്കരിക്കുന്നതിനും പ്രവർത്തനശേഷി കൂട്ടുന്നതിനും എൻ.സി.ഡി.സി.-യിൽനിന്നും സഹായം ലഭ്യമാക്കാനുമുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. കണ്ണൂരിൽ Textile Centre for Infrastructure Development Scheme-ന്റെ (ടി.സി.ഐ.ഡി.എസ്.) നിർമ്മാണ പ്രവർത്തനങ്ങൾ ഏപ്രിൽ മാസത്തിൽ ആരംഭിക്കും. ശിലാസ്ഥാപനം കഴിഞ്ഞ ആഴ്ച നടത്തേണ്ടതായിരുന്നു. എം.എൽ.എ.മാർക്കും എം.പി.മാർക്കും സൗകര്യം ഇല്ലാത്തതുകൊണ്ടാണ്. പാർട്ടി സമ്മേളനം എന്നു പറഞ്ഞതുകൊണ്ട് അത് മാറ്റിവച്ചിരിക്കുകയാണ്. സ്വർണ്ണജയന്തി ഗ്രാമ സ്വറോസ്ഗാർ യോജന പ്രകാരം കണ്ണൂർ ജില്ലയിൽ 11.08 കോടി രൂപയുടെ കൃദിക പദ്ധതിക്കും തിരുവനന്തപുരത്ത് 14.6 കോടി രൂപയുടെ തനിമ പദ്ധതിക്കും കേന്ദ്ര ഗവണ്മെന്റിന്റെ

LIBRARY ARCHIVES Kerala Legislative Assembly

അംഗീകാരം ലഭിച്ചിട്ടുണ്ട്. അടുത്ത മാസം അത് ആരംഭിക്കും. ഈ പദ്ധതിപ്രകാരം ഏഴായിരത്തോളം കൈത്തറി തൊഴിലാളികൾക്ക് പ്രയോജനം ലഭിക്കും. സർക്കാർ സാമ്പത്തിക സഹായം നൽകിയതിനെത്തുടർന്ന് കാഷ്യൂ കോർപ്പറേഷന്റേയും അതുപോലെ കാപ്പക്സിന്റേയും കീഴിലുള്ള കശുവണ്ടി ഫാക്ടറികൾ മുഴുവൻ തുറന്ന് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ചരിത്രത്തിൽ ആദ്യമായിട്ടാണ് ഇത്രയുംമധികം ദിവസം കശുവണ്ടി മേഖലയിൽ ജോലി കിട്ടിയിട്ടുള്ളത്. ശ്രീ. മാങ്കോട് രാധാകൃഷ്ണൻ ഉന്നയിച്ച ചില ആരോപണങ്ങളുണ്ട്. അത് എല്ലാക്കാലത്തും ഉണ്ടായിട്ടുള്ള പ്രക്രിയയാണ്. പൊതുമേഖലാ സ്ഥാപനങ്ങളിൽ ഡെപ്യൂട്ടേഷനിൽ വരുന്നവരെ കുറച്ചുനാൾ കഴിഞ്ഞ് സ്ഥിരപ്പെടുത്തുന്നത് പതിവ് കാര്യമാണ്. ഗവണ്മെന്റ് ഇനിഷ്യേറ്റീവ് എടുക്കാതെ ബോർഡിൽനിന്നും പാസ്സാക്കി അതിനുശേഷം പബ്ളിക് എന്റർപ്രൈസസിൽവന്ന്, ഫിനാൻസ് കണ്ട്, ഇൻഡസ്ട്രീസ് കണ്ട്, മുഖ്യമന്ത്രി കണ്ട് അങ്ങനെ റുട്ടീനായിട്ട് നടക്കുന്ന പ്രക്രിയയാണ്. അതിൽ പ്രത്യേകം ആരോപണം ഉന്നയിക്കേണ്ട ആവശ്യമുണ്ടെന്ന് തോന്നുന്നില്ല. അദ്ദേഹം അങ്ങനെ സീരിയസായി ഉന്നയിച്ചതാണെന്ന് ഞാൻ വിശ്വസിക്കുന്നില്ല.

ശ്രീ. മാങ്കോട് രാധാകൃഷ്ണൻ: ഞാൻ ഉന്നയിച്ച ആരോപണം സംബന്ധിച്ച് സാധാരണഗതിയിൽ നടക്കുന്നതാണെന്ന ഒഴുക്കൻ മട്ടിലുള്ള മറുപടിയാണ് പറഞ്ഞത്. ഞാൻ വളരെ വ്യക്തമായി, ആളുകൾ ആരൊക്കെയാണെന്നും എവിടെ നിന്നും വന്നതാണെന്നും അവരുടെ ശമ്പളം എത്രയാണെന്നതും ഉൾപ്പെടെയുള്ള കാര്യങ്ങളാണ് ആരോപണമായി ഉന്നയിച്ചത്. തിരുവനന്തപുരത്ത് അഞ്ചു വർഷ കാലമായി അടഞ്ഞുകിടക്കുന്ന യാതൊരു പ്രവർത്തനവുമില്ലാത്ത, തൊഴിലാളികളാരും പോകാത്ത തിരുവനന്തപുരം സ്പിന്നിംഗ് മില്ലിലെ ബാലചന്ദ്രനെ ഇപ്പോൾ അങ്ങോട്ട് മാറ്റിയിരിക്കുകയാണ്.

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്: ബാലചന്ദ്രന്റെ റിക്കോർഡ്സ് പരിശോധിച്ചു. എക്സ്പീരിയൻസ്ഡാണ്. ഐ.സി.ഡബ്ല്യൂ.എ.യാണ് യോഗ്യത. അത് പാസ്സായ ഒരാളെ കമ്പനി പൂട്ടിയോ ഇല്ലയോ എന്ന് നോക്കേണ്ട കാര്യമില്ല. അവർക്കെവിടെയും ജോലി കിട്ടും. അവർ ജോലി കിട്ടാൻ ബുദ്ധിമുട്ടുള്ള ആളുകളല്ല. അതിനോടനുബന്ധിച്ചുള്ള ആരോപണങ്ങളെല്ലാം നിഷേധിക്കുകയാണ്. കിൻഫ്ര പാർക്കുകളെ സംബന്ധിച്ച് ഉന്നയിച്ച പ്രശ്നങ്ങളുണ്ട്. ഏറ്റവും കൂടുതൽ ജോലി നൽകാൻ സാധിച്ചത് കിൻഫ്ര പാർക്കുകളിലാണ്. 2500 പ്രിയപ്പെട്ട സഹോദരി മാർക്ക് കിൻഫ്ര പാർക്കുകളിൽ ജോലി നൽകാൻ സാധിച്ചിട്ടുണ്ട്. ആ പദ്ധതി പൂർത്തിയായാൽ 4500 പേർക്കുകൂടി തൊഴിൽ കൊടുക്കാൻ സാധിക്കും. ഈ

LIBRARY ARCHIVES Kerala Legislative Assembly

ഗവണ്മെന്റ് അധികാരത്തിൽ വന്നതിനുശേഷം കെ.എസ്.ഐ.ഡി.സി. നോഡൽ ഏജന്റായി നിന്ന് 66 പ്രോജക്ടുകൾ ഇംപ്ലിമെന്റ് ചെയ്തിട്ടുണ്ട്. 306 കോടി രൂപ അതിൽ മുതൽ മുടക്കി. 4356 പേർക്ക് കെ.എസ്.ഐ.ഡി.സി.യുടേയോ നോഡൽ ഏജൻസിയായ സ്ഥാപനങ്ങളിലോ ജോലി കൊടുക്കാൻ സാധിച്ചിട്ടുണ്ട്. ആർക്കും ജോലി കൊടുക്കാൻ സാധിച്ചിട്ടില്ല എന്നുള്ള ഒരു ധാരണയാണുള്ളത്. 'ജിം'-ൽ 216 കോടി രൂപയുടെ പ്രോജക്ട് ഇംപ്ലിമെന്റ് ചെയ്യാൻ സാധിച്ചു. അതോടൊപ്പം തന്നെ 196 കോടി രൂപ ജിം പ്രോജക്ടുകൾക്കുശേഷം അനുബന്ധമായി വ്യവസായങ്ങൾ വന്നു. ആകെ 412 കോടി രൂപയുടെ വ്യവസായങ്ങൾ വന്നു. കണക്കനുസരിച്ച് 1777 പേർക്ക് ജോലി കൊടുക്കാൻ സാധിച്ചിട്ടുണ്ട്. ഇവിടെ ഉന്നയിച്ച എല്ലാ നിർദ്ദേശങ്ങളും പരിഗണിച്ച് അതിന്റെ മെറിറ്റനുസരിച്ച് പ്രാവർത്തികമാക്കും എന്ന് ഉറപ്പു നൽകിക്കൊണ്ട് ഈ ധനാഭ്യർത്ഥനകൾ പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

ശ്രീ. മഞ്ഞളാംകുഴി അലി, ശ്രീ. എ. എ. അസീസ്, ശ്രീ. കോടിയേരി ബാലകൃഷ്ണൻ, ശ്രീ. എ. കെ. ബാലൻ, ശ്രീ. ടി. കെ. ബാലൻ, ശ്രീ. ബിനോയ് വിശ്വം, ശ്രീ. വി. കെ. ചന്ദ്രൻ, ശ്രീ. വി. ചെന്താമരാക്ഷൻ, ശ്രീ. ടി. കെ. ദേവകുമാർ, ശ്രീമതി ഗിരിജാ സുരേന്ദ്രൻ, ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ, ശ്രീ. കെ. കെ. ജയചന്ദ്രൻ, ശ്രീ. എം. വി. ജയരാജൻ, ഡോക്ടർ കെ. സി. ജോസഫ്, ശ്രീ. എം. കുമാരൻ, ശ്രീ. കെ. വി. കുഞ്ഞിരാമൻ, ശ്രീ. കോവൂർ കുഞ്ഞുമോൻ, ശ്രീ. വി. കെ. സി. മമ്മത്കോയ, ശ്രീ. മത്തായി ചാക്കോ, ശ്രീ. കെ. പി. മോഹനൻ, ശ്രീ. എ. സി. മൊയ്തീൻ, ശ്രീ. പിരപ്പൻകോട് മുരളി, ശ്രീ. സി. കെ. നാണു, ശ്രീ. പി. നാരായണൻ, ഡോക്ടർ എ. നീലലോഹിതദാസൻ നാടാർ, ശ്രീ. കെ. രാധാകൃഷ്ണൻ, ശ്രീ. മാങ്കോട് രാധാകൃഷ്ണൻ, ശ്രീ. എൻ. രാജൻ, ശ്രീ. കെ. പി. രാജേന്ദ്രൻ, ശ്രീ. രാജു എബ്രഹാം, ശ്രീ. ടി. പി. രാമകൃഷ്ണൻ, ശ്രീ. സാജു പോൾ, ശ്രീ. കെ. പി. സതീശ് ചന്ദ്രൻ, ശ്രീ. എ. സി. ഷൺമുഖദാസ്, ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ, ശ്രീ. പി. എസ്. സുപാൽ, ഡോക്ടർ തോമസ് ഐസക് എന്നീ അംഗങ്ങൾ അവതരിപ്പിച്ച കട്ട് മോഷനുകൾ സഭ നിരാകരിച്ചു.

മി. സ്പീക്കർ: വ്യവസായങ്ങൾ എന്ന് XXXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കുനേരെ അഞ്ചാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2005-2006 സാമ്പത്തിക

LIBRARY ARCHIVES Kerala Legislative Assembly

വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.....

ശ്രീ. കെ. പി. രാജേന്ദ്രൻ: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി)

അനുകൂലിക്കുന്നവർ—61

1.	ശ്രീ.	ചെർക്കളം അബ്ദുള്ള
2.	,,	കളത്തിൽ അബ്ദുള്ള
3.	,,	പി. കെ. അബ്ദുറബ്ബ്
4.	,,	കെ. അച്ചുതൻ
5.	,,	സി. ടി. അഹമ്മദ് അലി
6.	,,	എൻ. ഡി. അപ്പച്ചൻ
7.	,,	കെ. ബാബു
8.	,,	ബാബു ദിവാകരൻ
9.	,,	പി. കെ. കെ. ബാവ
10.	,,	ടി. വി. ചന്ദ്രമോഹൻ
11.	,,	എം. എ. ചന്ദ്രശേഖരൻ
12.	,,	എം. പി. ഗംഗാധരൻ
13.	,,	പി. പി. ജോർജ്
14.	,,	ജോർജ് ജെ. മാത്യു
15.	ശ്രീമതി	കെ. ആർ. ഗൗരിയമ്മ
16.	ശ്രീ.	വി. കെ. ഇബ്രാഹിം കുഞ്ഞ്
17.	ശ്രീമതി	എലിസബത്ത് മാമ്മൻ മത്തായി
18.	ശ്രീ.	ഇസ്ഹാക് കുരിക്കൾ
19.	,,	കെ. സി. ജോസഫ്
20.	,,	ജോസഫ് എം. പുതുശ്ശേരി
21.	,,	പി. ജെ. ജോയി
22.	ശ്രീ.	വർക്കല കഹാർ
23.	,,	ജി. കാർത്തികേയൻ

GPM. 2/256/2012—42

LIBRARY ARCHIVES Kerala Legislative Assembly

24. ശ്രീ. കെ. കെ. നായർ
25. ,, പി. കെ. കുഞ്ഞാലിക്കുട്ടി
26. ഡോ. എം. എ. കുട്ടപ്പൻ
27. ശ്രീ. ലൂഡി ലൂയിസ്
28. ,, സി. മമ്മൂട്ടി
29 ,, കെ. എം. മാണി
30. ,, കെ. മുഹമ്മദാലി
31. ,, ഇ. ടി. മുഹമ്മദ് ബഷീർ
32. ,, എ. കെ. മണി
33. ,, ടി. എച്ച്. മുസ്തഫ
34. ,, എഴുകോൺ നാരായണൻ
35. ,, കെ. കെ. ഷാജു
36. ,, കടവൂർ ശിവദാസൻ
37. ,, സ്റ്റീഫൻ ജോർജ്
38. ,, കെ സുധാകരൻ
39. ,, ഡി. സുഗതൻ
40. ,, ഉമ്മൻ ചാണ്ടി
41. ,, എം. കെ. പോൾസൺ മാസ്റ്റർ
42. ,, വി. ജെ. പൗലോസ്
43. ,, ജി. പ്രതാപവർമ്മ തമ്പാൻ
44. ,, വക്കം ബി. പുരുഷോത്തമൻ
45. ,, തിരുവഞ്ചൂർ രാധാകൃഷ്ണൻ
46. ശ്രീമതി രാധാ രാഘവൻ
47. ശ്രീ. എം. വി. രാഘവൻ
48 ,, കെ. കെ. രാമചന്ദ്രൻ മാസ്റ്റർ
49. ,, തമ്പാനൂർ രവി
50. ,, റോഷി അഗസ്റ്റിൻ
51. ,, ടി. പി. എം. സാഹിർ
52. ശ്രീമതി മാലേത്ത് സരളാദേവി
53. ശ്രീ. വി. ഡി. സതീശൻ

LIBRARY ARCHIVES Kerala Legislative Assembly

54. പ്രൊഫ. സാവിത്രി ലക്ഷ്മണൻ
55. ശ്രീ. എൻ. സുന്ദരൻ നാടാർ
56. പ്രൊഫ. കെ. വി. തോമസ്
57. ശ്രീ. പി. ടി. തോമസ്
58. ,, തോമസ് ചാഴികാടൻ
59. ,, തോമസ് ഉണ്ണിയാടൻ
60. ,, എം. എ. വാഹീദ്
61. ,, കെ. സി. വേണുഗോപാൽ

പ്രതികൂലിക്കുന്നവർ -28

1. ശ്രീ. മഞ്ഞളാംകുഴി അലി
2. ,, എ. എ. അസീസ്
3. ,, കോടിയേരി ബാലകൃഷ്ണൻ
4. ,, ടി. കെ. ബാലൻ
5. ,, വി. കെ. ചന്ദ്രൻ
6. ,, വി. ചെന്താമരാക്ഷൻ
7. ,, പി. സി. ജോർജ്
8. ശ്രീമതി ഗിരിജാ സുരേന്ദ്രൻ
9. ശ്രീ. കെ. കെ. ജയചന്ദ്രൻ
10. ,, എം. വി. ജയരാജൻ
11. ഡോ. കെ. സി. ജോസഫ്
12. ശ്രീ. എം. കുമാരൻ
13. ,, കോവൂർ കുഞ്ഞുമോൻ
14. ,, വി. കെ. സി. മമ്മത്കോയ
15. ,, മത്തായി ചാക്കോ
16. ,, കെ. പി. മോഹനൻ
17. ,, എ. സി. മൊയ്തീൻ
18. ,, പി. നാരായണൻ
19. ,, കെ. രാധാകൃഷ്ണൻ
20. ,, മാങ്കോട് രാധാകൃഷ്ണൻ
21. ,, എൻ. രാജൻ

LIBRARY ARCHIVES Kerala Legislative Assembly

22. ശ്രീ. കെ. പി. രാജേന്ദ്രൻ
23. „ രാജു എബ്രഹാം
24. „ ടി. പി. രാമകൃഷ്ണൻ
25. „ സാജു പോൾ
26. „ കെ. പി. സതീശ് ചന്ദ്രൻ
27. „ എ. സി. ഷൺമുഖദാസ്
28. „ പി. എസ്. സുപാൽ

നിഷ്പക്ഷത പാലിക്കുന്നവർ—ആരുമില്ല.

മി. സ്പീക്കർ:

അനുകൂലിക്കുന്നവർ—61

പ്രതികൂലിക്കുന്നവർ—28

നിഷ്പക്ഷത പാലിക്കുന്നവർ—ആരുമില്ല.

പ്രമേയം പാസ്സായിരിക്കുന്നു.

ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

ചർച്ച കൂടാതെ പാസ്സാക്കാവുന്ന ധനാഭ്യർത്ഥനകൾ

മി. സ്പീക്കർ: സംസ്ഥാന നിയമസഭ എന്ന I-ാം നമ്പർ ധനാഭ്യർത്ഥന യുടേയും തെരഞ്ഞെടുപ്പുകൾ എന്ന IV-ാം നമ്പർ ധനാഭ്യർത്ഥനയുടേയും മുദ്രപ്പത്രങ്ങളും രജിസ്ട്രേഷനും എന്ന VII-ാം നമ്പർ ധനാഭ്യർത്ഥനയുടേയും ട്രഷറികളും അക്കൗണ്ടുകളും എന്ന X-ാം നമ്പർ ധനാഭ്യർത്ഥനയുടേയും പെൻഷനും പലവകയും എന്ന XVI-ാം നമ്പർ ധനാഭ്യർത്ഥനയുടേയും വാർത്താ വിതരണവും പ്രചരണവും എന്ന XXIII-ാം നമ്പർ ധനാഭ്യർത്ഥനയുടേയും പലവക സാമ്പത്തിക സർവ്വീസുകൾ എന്ന XXVIII-ാം നമ്പർ ധനാഭ്യർത്ഥനയുടേയും പലവക വായ്പകളും മുൻകൂറുകളും എന്ന XLV-ാം നമ്പർ ധനാഭ്യർത്ഥ നയുടേയും പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയുടെ നേരെ അഞ്ചാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2005-2006 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണ മെന്ന പ്രശ്നത്തെ

ധനാഭ്യർത്ഥനകൾ പാസ്സാക്കിയിരിക്കുന്നു.

ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly